# മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

# സമഗ്രവികസനരേഖ

അധികാരം ജനങ്ങളിലേക്ക്



# ജനകീയ ആസൂത്രണ പദ്ധതി

## മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

# വികസനരേഖ

**1996**

# മാങ്ങാട്ടിടം പഞ്ചായത്ത്

## ഭരണസമിതി അംഗങ്ങൾ

പ്രസിഡന്റിന്റെ പേര് : **ശ്രീ. ടി. ബാലൻ** (വാർഡ് 1)

വൈ. പ്രസിഡന്റിന്റെ പേര് : **ശ്രീ. എം. കെ. സുധീർ കുമാർ** (വാർഡ് 10)

**മറ്റങ്ങളുടെ പേരും അവരുടെ വാർഡും**

| | |
|---|---|
| ശ്രീ. സി. ഗംഗാധരൻ വാർഡ് | 2 |
| ശ്രീ. ആർ. രവീന്ദ്രൻ വാർഡ് | 3 |
| ശ്രീമതി. എൻ. പി. പ്രേമലത | 4 |
| ശ്രീമതി. സി. ശാരദ | 5 |
| ശ്രീ. എൻ. ശ്രീധരൻ | 6 |
| ശ്രീമതി. എം. വി. സുവർണ്ണിന | 7 |
| ശ്രീ. എ. ടി. ബാലൻ | 8 |
| ശ്രീ. കെ. പി. അബൂട്ടി | 9 |
| ശ്രീ. വി. വേലായുധൻ | 11 |
| ശ്രീമതി. സി. കെ. വിമല | 12 |


വേങ്ങര പഞ്ചായത്ത്
1
2
3
4
5
6
7
8
9
10
11
12
കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി
മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

# വിഷയ വിവരം


ആമുഖം

ചരിത്രം

ഭൂപ്രകൃതി

## സാമൂഹ്യ സാമ്പത്തിക മേഖലകൾ

1 കൃഷി – ജലസേചനം

2 മൃഗസംരക്ഷണം

3 വ്യവസായം

4 വിദ്യാഭ്യാസം

5 കുടിവെള്ളം, പൊതുജനാരോഗ്യം

6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

7 പാർപ്പിടം, സാമൂഹ്യക്ഷേമം

8 സംസ്കാരം

9 വനിത

10 സഹകരണം

11 പട്ടികജാതി പട്ടികവർഗ്ഗം

12 വിഭവസമാഹരണം

# ആമുഖം

സാമ്പത്തിക വളർച്ചയിലൂടെ ഭൂരിപക്ഷം ജനങ്ങളുടെയും ഭൗതിക ജീവിത നിലവാരം ഉയർത്തുക എന്നതാണ് വികസനം കൊണ്ട് ലക്ഷ്യമാക്കപ്പെടുന്നത്. നാം നേടിയെടുക്കുന്ന വികസനം എന്നെന്നും നിലനിൽക്കുന്നതുമായിരിക്കണം.

സ്വതന്ത്ര ഇന്ത്യയുടെ വികസനത്തിന്റെ വ്യാകരണം പഞ്ചവത്സര പദ്ധതികളിൽ അധിഷ്ഠിതമാണ്. ഓരോ പഞ്ചവത്സര പദ്ധതിയിലും വിവിധ മേഖലകൾക്ക് ഊന്നൽ കൊടുത്തിരുന്നുവല്ലോ! നമ്മുടെ പദ്ധതികൾ അതിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിൽ വിജയിച്ചിട്ടില്ലെന്നത് അവിതർക്കിതമാണ്. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളും രൂപകൽപ്പന ചെയ്യപ്പെട്ടതും അവയുടെ നിർവ്വഹണം നിവർത്തിച്ചതും കേന്ദ്രീകൃതമായ ആസൂത്രണത്തിലൂടെയാണ്. കേരളത്തിന്റെ ഉൾനാടൻ ഗ്രാമങ്ങളുടെ വികസനത്തിന്റെ ഊടും പാവും നെയ്തുണ്ടാക്കിയത് കേന്ദ്ര സിക്രട്ടറിയേറ്റിനുള്ളിലാണ്. ഗ്രാമീണ ജനതയുടെ ആവശ്യങ്ങളിൽ ഉണ്ടാകുന്ന പ്രാദേശി വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും ഉൾക്കൊള്ളാനും പഠിക്കാനും അവസരം കിട്ടിയിട്ടില്ലാത്ത ഉദ്യോഗസ്ഥ നേതൃത്വമാണ് ഗ്രാമങ്ങൾക്കു വേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്തത്. ഇന്ത്യയുടെ വടക്കുകിഴക്കൻ ഗ്രാമങ്ങളിൽ കൊടും തണുപ്പുമായി മല്ലിടുന്ന ഗ്രാമീണർക്ക് ആയിത്തറ കുന്നിന്റെ നെറുകയിൽ പൊരിവെയിലത്ത് ജീവിക്കുന്ന നമ്മുടെ ഗ്രാമീണർക്കും ഒരുപോലെയുള്ള പാർപ്പിട മാതൃകകൾ നിർദ്ദേശിക്കുന്നിടത്താണ് ആസൂത്രണത്തിന്റെ അശാസ്ത്രീയത. ജനങ്ങൾക്ക് വേണ്ടി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികൾ ജനങ്ങൾക്ക് അന്യമായിരുന്നു. ഗ്രാമങ്ങളിൽ നടക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പൊരുളെന്തെന്നു ഒരിക്കലും ജനം അറിഞ്ഞിരുന്നില്ല. കഴിഞ്ഞ പഞ്ചവത്സരപദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണമായും സഫലീകൃതമാകാതെ പോയത് പ്രധാനമായും അവയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായിരുന്ന കേന്ദ്രീകൃത സ്വഭാവമായിരുന്നു എന്ന് പരക്കെ അംഗീകരിക്കപ്പെടുന്നു.

ആസൂത്രണം വികേന്ദ്രീകൃതമാവുകയെന്നാൽ പദ്ധതികൾ ആർക്കുവേണ്ടി രൂപകൽപന ചെയ്യപ്പെടുന്നുവോ അവർകൂടി അവയുടെ ആസുത്രണത്തിൽ പങ്കാളികളാവുകയെന്നർത്ഥം. ആസൂത്രണത്തിൽ മാത്രം പോര വികേന്ദ്രീകരണം; അവയുടെ നിർവഹണണവും ജനപങ്കാളിത്തത്തോടെ നടക്കുമ്പോഴാണ് വികേന്ദ്രീകരണം എന്ന ആശയം അർത്ഥ പൂർണ്ണത നേടുന്നത്. ആസൂത്രണത്തിലെ വികേന്ദ്രീകരണം സഫലമാകണമെങ്കിൽ അധികാരത്തിന്റെ ഹിമാലയങ്ങളുരുകി ഗ്രാമങ്ങളിൽ എത്തണമെന്ന നമ്മുടെ തിരിച്ചറിവ് പുതിയ നിയമ നിർമ്മാണത്തിനു വഴിയൊരുക്കി. ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം ഭരണഘടനയുടെ നാലാം അദ്ധ്യായത്തിലെ നിർദ്ദേശക തത്വങ്ങൾ എന്ന അലങ്കാരത്തിൽ നിന്നും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ ബാധ്യതയാക്കി മാറ്റിയ 73, 74 ഭരണഘടനാ ഭേദഗതികൾ മേൽപറഞ്ഞ തിരിച്ചറിവിന്റെ സന്തതിയാണ്. ഗ്രാമപഞ്ചായത്തുകൾ പ്രാദേശിക ഗവർമ്മെണ്ടുകളാണെന്ന ഭരണഘടനാ സങ്കൽപ്പം താത്വികമായെങ്കിലും അംഗീകരിക്കപ്പെട്ടിരിക്കുന്നു. അധികാരം ഗ്രാമപഞ്ചായത്തുകളിലൂടെ പ്രാദേശിക ജനപ്രതിനിധികളിലേക്കും ഗ്രാമസഭകളിലൂടെ ജനങ്ങളിലേക്കും കൈമാറ്റ

പ്പെട്ടിരിക്കുന്ന യാഥാർത്ഥ്യം നാം ആഹ്ലാദത്തോടെ അനുഭവിച്ചറിയുന്നു. വികേന്ദ്രീകൃതമായ അധികാരം നാട്ടിന്റെ വികസനത്തിന് പ്രയോജനപ്പെടുന്ന പ്രക്രിയയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യപ്പെടുമ്പോൾ നമ്മുടെ നാടിന്റെ വികസനത്തിന്റെ ദിശ നിർണ്ണയിക്കുന്നതിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകുന്നു.

ഇതുവരെയില്ലാത്ത ആവേശത്തോടെയാണ് മാങ്ങാട്ടിടം പഞ്ചായത്ത് ജനകീയാസൂത്രണ പ്രസ്ഥാനത്തെ നെഞ്ചിലേറ്റിയത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ട പ്രവർത്തമെന്ന നിലയിൽ 1996 സപ്തംബർ 15 മുതൽ ഒക്ടോബർ 2 വരെ നീണ്ടുനിന്ന ഗ്രാമസഭകൾ പഞ്ചായത്തിലാകമാനം ഉത്സവച്ഛായ പരത്തി. ഗ്രാമസഭകളിൽ കണ്ട വർദ്ധിച്ച ജനപങ്കാളിത്തവും ആവേശവും ജനകീയാസൂത്രണപ്രസ്ഥാനത്തെ ജനങ്ങൾ കൈമെയ്യ് മറന്ന് സ്വീകരിച്ചു എന്നതിന്റെ പ്രകടനമാണ്. പഞ്ചായത്തിലെ ജനപ്രതിനിധികളുടെയും സന്നദ്ധ പ്രവർത്തകരുടെയും കന്മഷമില്ലാത്ത കൂട്ടായ്മയാണ് ഗ്രാമസഭകളെ വിജയിപ്പിച്ചത്. 12 വാർഡുകളിലായി 571 സ്ത്രീകളടക്കം 2225 പേർ ഗ്രാമസഭകളിലെ ചർച്ചകളിൽ പങ്കെടുത്തു. എല്ലാ വിഷയങ്ങളിലും സജീവമായ ചർച്ച നടക്കുകയും സമൂർത്തങ്ങളായ നിർദ്ദേശങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. വസ്തുതകളെ അപഗ്രഥിക്കാനും പ്രശ്നങ്ങളെ തിരിച്ചറിയാനും സ്ത്രീപുരുഷ ഭേദമില്ലാതെ ജനങ്ങൾ പ്രകടിപ്പിച്ച ആവേശവും ആർജ്ജവും ജനകീയാസൂത്രണത്തിന്റെയും അതു വഴി അധികാര വികേന്ദ്രീകരണത്തിന്റെയും പ്രസ്കതിയെ വിളിച്ചോതുന്നു. ഗ്രാമസഭകളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വന്ന വിവരങ്ങളുടെയും ദ്വതീയ വിവര ശേഖരണത്തിലൂടെയും പഠനപര്യടനത്തിലൂടെയും കാരണവർ ചർച്ചകളിലൂടെയും മറ്റും ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടാണ് വികസന സെമിനാറിന് മുന്നിൽ വിനയപൂർവ്വം സമർപ്പിക്കുന്നത്.

### ഭരണപരമായ ചരിത്രം.

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കോട്ടയം താലൂക്കിലെ പടുവിലായി വില്ലേജിൽ പെട്ട ഒരു പ്രദേശം മാത്രമായിരുന്നു മാങ്ങാട്ടിടം 1930ലെ റിസർവ്വെയോടുകൂടി മാങ്ങാട്ടിടം വില്ലേജ് രൂപീകൃതമായി. ഇന്നത്തെ മാങ്ങാട്ടിടം വില്ലേജും കണ്ടംകുന്നു വില്ലേജും ആദ്യകാലത്തു സ്വതന്ത്ര പഞ്ചായത്തുകളായിരുന്നു. 1963ലെ പഞ്ചായത്തു തെരഞ്ഞെടുപ്പോടുകൂടി മാങ്ങാട്ടിടം പഞ്ചായത്തും കണ്ടംകുന്നു പഞ്ചായത്തും കൂട്ടി യോജിപ്പിച്ചു ഇന്നു കാണുന്ന മാങ്ങാട്ടിടം പഞ്ചയാത്തിനു രൂപം കൊടുത്തു.

### പഞ്ചായത്തിന്റെ അതിർത്തി

| | |
|---|---|
| കിഴക്ക് | മാലൂർ പഞ്ചായത്തിന്റെയും ചിറ്റാരിപ്പറമ്പ് പഞ്ചായത്തിന്റെയും കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെയും ഭാഗങ്ങൾ. |
| വടക്ക് | മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെയും മാലൂർ, വേങ്ങാട് പഞ്ചായത്തുകളുടെയും ഭാഗങ്ങളും |
| പടിഞ്ഞാറ് | വേങ്ങാട് പഞ്ചായത്ത് |
| തെക്ക് | കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയും കോട്ടയം ചിറ്റാരിപ്പറമ്പ് പഞ്ചായത്തുകളും. |

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഗ്രാമപഞ്ചായത്തോഫീസിനു പുറമെ ഒരു കൃഷിഭവനും 2 വില്ലേജ് ഓഫീസുകളും ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും അനുബന്ധമായി 5 കുടുംബക്ഷേമ കേന്ദ്രങ്ങളും ആയുർവ്വേദ ഡിസ്പെൻസറിയും ഒരു ഊർജ്ജിത കന്നുകാലി വികസന കേന്ദ്രവും 4 ബ്രാഞ്ച് പോസ്റ്റാഫീസുകളും പ്രവർത്തിച്ചു വരുന്നു. 16 സ്ക്കൂളുകളുള്ളതിൽ ഒരു ഹൈസ്ക്കൂളും ഒരു എൽ.പി. സ്ക്കൂളും ഗവ: ഉടമസ്ഥതയിലാണ്. മറ്റു 14 സ്ക്കൂളുകളും സ്വകാര്യ വ്യക്തികൾ നടത്തുന്ന എയിഡഡ് വിദ്യാലയങ്ങളാണ്. കൂടാതെ സ്വകാര്യ മേഖലയിൽ ഒരു കോളേജും ഒരു സാങ്കേതിക വിദ്യാകേന്ദ്രവുമുണ്ട്.

## ഭരണപരമായ ചരിത്രം

1954 രണ്ടു വില്ലേജ് പഞ്ചായത്തുകൾ

1. കണ്ടംകുന്ന്

2. മാങ്ങാട്ടിടം.

| | |
|---|---|
| കണ്ടംകുന്ന് പ്രസിഡന്റ് | ശ്രീ. കെ.എൻ.കൃഷ്ണൻ നമ്പ്യാർ. |
| വൈസ് പ്രസിഡന്റ് | ശ്രീ. കെ.കുമാരൻ. |
| മാങ്ങാട്ടിടം പ്രസിഡന്റ് | ശ്രീ. പി. സി. കുഞ്ഞിരാമൻ നമ്പ്യാർ. |
| വൈസ് പ്രസിഡന്റ് | ശ്രീ. കൂർമ്മഗോവിന്ദൻ. |

1963ൽ കണ്ടംകുന്ന്, മാങ്ങാട്ടിടം വില്ലേജ് പഞ്ചായത്തുകളൾ കൂടിച്ചേർന്ന് മാങ്ങാട്ടിടം പഞ്ചായത്ത് നിലവിൽ വന്നു.

1963-79

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. പി.സി.കുഞ്ഞിരാമൻ നമ്പ്യാർ. |
| വൈസ് പ്രസിഡന്റ് | ശ്രീ. യു.കെ.ഗോപാലൻ. |

1979-84

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. കോടങ്കിഅച്ച്യുതൻ. |
| വൈസ് പ്രസിഡന്റ് | ശ്രീ. ചൊവ്വകൃഷ്ണൻ മാസ്റ്റർ. |

1984-88 ഉദ്യോഗസ്ഥഭരണം.

1988-95

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. ടി.ബാലൻ. |
| വൈസ് പ്രസിഡന്റ് | ശ്രീ. പി.ബാലൻ നമ്പ്യാർ. |

1995 ഒക്ടോ.2

പ്രസിഡന്റ് ശ്രീ. ടി.ബാലൻ.

വൈസ് പ്രസിഡന്റ് ശ്രീ. എം.കെ.സുധീർ കുമാർ.

## സാമൂഹ്യ സാംസ്ക്കാരിക ചരിത്രം.

സമൂഹത്തിന്റെ സാസ്ക്കാരിക-സാമ്പത്തിക വളർച്ചക്ക് നിദാനമായ സംഭവ പരമ്പരകളുടെയും അതിന് നേതൃത്വം കൊടുക്കുകയും പിൻബലമായി പ്രവർത്തിക്കുകയും ചെയ്ത വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും കഥ വസ്തുനിഷ്ഠമായും സത്യസന്ധമായും അന്നു നിലനിന്നിരുന്ന സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെടുമ്പോൾ നാം അതിനെ ചരിത്രം എന്നു പറയുന്നു. എന്തുകൊണ്ട് "ഇന്ന്" ഇങ്ങിനെയായി എന്നറിയാൻ ഇന്നലെയുടെ കഥ നാമറിയണം. അഥവാ ഇന്നിന്റെ പ്രസക്തി ഇന്നലെകളുടെ താളുകളിൽ ഒളിഞ്ഞുകിടക്കുന്നു. ഇന്നലെകളുടെ പശ്ചാത്തലത്തിലാണ് ഇന്നിൽ നിന്ന് നാളെയുടെ പ്രഭാതങ്ങളിലേക്ക് നാം നടന്നു കയറേണ്ടത്. നാടിന്റെ നാളെയെക്കുറിച്ച് സ്വപ്നങ്ങൾ നെയ്യുന്നവർക്ക് ചരിത്രത്തിന്റെ കെടാവിളക്ക് ദിശാബോധം പകർന്നു നൽകും.

കേരളം പിറക്കുന്നതിനു മുമ്പ് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമെന്ന നിലയിൽ മലബാറിന്റെ മാറിലൂടെ സായിപ്പ് തേരോട്ടം നടത്തിയ കാലങ്ങളിൽ കോട്ടയംരാജവംശത്തിന്റെ അധീനതയിലുള്ള നാട്ടുരാജ്യത്തിനകത്തെ ഒരുൾനാടൻ ഗ്രാമമായിരുന്നു മാങ്ങാട്ടിടം. ബ്രിട്ടീഷ്കാരോട് പടപൊരുതി വീരചരമം പ്രാപിച്ച കേരളവർമ്മ പഴശ്ശിരാജ ഇന്നും ഈ ഗ്രാമത്തിന്റെ രോമാഞ്ചമാണ്. കോട്ടംവിട്ട കോട്ടയം കഥകളുടെ ഉപജ്ഞാതാവ് കോട്ടയത്ത് തമ്പുരാനാണ്. ആട്ടക്കഥ സാഹിത്യചരിത്രത്തിന്റെതെന്ന പോലെ ഈ നാടിന്റെ ചരിത്രത്തിന്റെ ഒളിമങ്ങാത്ത് ഒരേടാണ്. പഴശ്ശിരാജാവിന്റെ കാലശേഷം കോട്ടയം പൂർണ്ണമായും ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി. മാങ്ങാട്ടിടം മുമ്പ് കാലത്ത് പടുവിലായി അംശ(വില്ലേജ്)ത്തിന്റെ ഒരു ഭാഗമായിരുന്നു. 1930ൽ റീസർവ്വേ നടന്നപ്പോഴാണ് മാങ്ങാട്ടിടം ഒരു സ്വതന്ത്ര വില്ലേജായി മാറിയത്. മാങ്ങാട്ടിടം വില്ലേജും കണ്ടംകുന്നു വില്ലേജും കൂടിച്ചേർന്ന പ്രദേശമാണ് മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്. പഞ്ചായത്ത് നിലവിൽ വന്ന നാൾ മുതൽ ഇന്നു കാണുന്ന വിസ്തൃതിയോടെ മാങ്ങാട്ടിടം പഞ്ചായത്ത് തുടർന്നു വരുന്നു.

ഈ പഞ്ചായത്തിലെ ഭൂമി മുമ്പ് കാലത്ത് നിങ്കിലേരി തറവാട്, രണ്ടുപുര തറവാട്, ആയിത്തറ തങ്ങൾ, പടുവിലാൻ ചന്ത്രോത്ത് തുടങ്ങിയ ഏതാനും ജന്മിതറവാടുകൾക്ക് അധീനപ്പെട്ടിരുന്നു. ഭൂമിമുഴുവൻ കുടിയാന്മാർക്ക് ചാർത്തിക്കൊടുത്ത് അവരെ കൊണ്ട് അഭിവൃദ്ധിപ്പെടുത്തുകയും കുടിയാനിൽ നിന്ന് വാരവും പുറപ്പാടും വാങ്ങി സമ്പന്നതയുടെ ആലസ്യത്തിൽ കഴിഞ്ഞു കൂടിയിരുന്നു ജന്മിമാർ. ഒഴിപ്പിക്കലൽ ഭീഷണിയുടെ മുൾമുനയിൽ നിർത്തിക്കൊണ്ടാണ് ജന്മിമാർ കുടിയാന്മാരുടെ വിധേയത്വം കാത്തുസൂക്ഷിച്ചിരുന്നത്.

ജാതിസമ്പ്രദായം മറ്റെവിടെയുമെന്ന പോലെ നമ്മുടെ പഞ്ചായത്തിൽ പെട്ട പ്രദേശത്തും അതിന്റെ മുഴുവൻ കരാളതയോടും കൂടി നിലനിന്നിരുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും സംബന്ധിച്ചുള്ള ഓർമ്മകൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ വൃദ്ധമനസ്സുകളിൽ തെളിമയോടെ തന്നെ അവശേഷിക്കുന്നു. സ്ത്രീകൾക്ക് മാറു മറക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല.

1892ൽ സ്ഥാപിതമായ മാങ്ങാട്ടിടം എൽ.പി.സ്ക്കൂളാണ് വിദ്യാഭ്യാസ രംഗത്ത് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സംരംഭം. മാങ്ങാട്ടിടം എലിമെന്ററി സ്ക്കൂൾ എന്നായിരുന്നു ഇതിന്റെ ആദ്യത്തെ പേര്.

നാടാകെ ദേശീയപ്രസ്ഥാനത്തിന്റെ പേരിൽ ഉരുകിത്തിളച്ചപ്പോൾ അതിന്റെ ചൂടും ലാവയും നമ്മുടെ പഞ്ചായത്തിലും കടന്നെത്തി. സ്വാതന്ത്ര്യ സമരപ്രവർത്തനങ്ങളിൽ പങ്കെടുത്തവർ നമ്മുടെ പഞ്ചായത്തിൽ അനവധിയാണ്. വി.എം.കുഞ്ഞിരാമൻ നമ്പ്യാർ, വയലാളി കുഞ്ഞിരാമൻ, സി.കെ.മമ്മദ്, കല്ലായി കുമാരൻ എന്നിവർ സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങിയിരുന്ന സ്വാതന്ത്ര്യ സമര സേനാനികളായിരുന്നു. 1940 കളുടെ ആദ്യ നാളുകളിൽ സഖാവ് എ.കെ.ഗോപാലൻ ആണ് മാങ്ങാട്ടിടം പ്രദേശത്ത് ജനങ്ങളിൽ രാഷ്ട്രീയബോധത്തിന്റെ വെളിച്ചം വീശിക്കൊണ്ട് കടന്നു വന്ന് പ്രവർത്തനമാരംഭിച്ചത്.

സുഭാഷ് ചന്ദ്രബോസിനോടൊപ്പം ഐ. എൻ. എ. സേനയിൽ സേവനമനുഷ്ഠിച്ച കേപ്ടൻ. നെല്ലിക്ക അച്ചുതനു ഈ അവസരം വിനയപൂർവ്വം ആദരാജ്ഞലികൾ അർപ്പിക്കുന്നു. കൂടാതെ സ്വാതന്ത്ര്യ സമര പോരാളികളായ ഒ. കരുണാകരൻ നമ്പ്യാർ, കമ്മാരൻ നമ്പ്യാർ എന്നിവരുടെയും സ്മരണ പുതുക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

**സ്ഥലനാമങ്ങൾ** :

പഞ്ചായത്തിലെ പല സ്ഥലനാമങ്ങളുടെയും ഉൽപത്തി ഗതകാല സ്മരണകളിൽ ഒളിഞ്ഞിരിക്കുന്നു. 'ശങ്കരനെല്ലൂർ' എന്ന സ്ഥലത്തിന് ആ പേർ ലഭിച്ചത് ശങ്കരന്റെ നല്ല ഊര് (ശിവക്ഷേത്രങ്ങളുള്ള നല്ല സ്ഥലം) ആയതിനാലാണത്രെ. ഇവിടെ ഇപ്പോഴും രണ്ട് ശിവക്ഷേത്രങ്ങളുണ്ട്.

അമ്പലങ്ങളുടെ നാട് ആയിരിക്കാം ആമ്പിലാട് ആയത്. കുഞ്ഞല്ലൂർ അമ്പലം, കണ്ണഞ്ചാൽ അമ്പലം, മുല്ലപ്പള്ളി അമ്പലം, അമ്പലപ്പറമ്പ് എന്നിവയുടെ സാന്നിധ്യം മേൽപ്പറഞ്ഞ വാദത്തെ സാധൂകരിക്കുന്നു. ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് ഈ അമ്പലങ്ങൾ നശിപ്പിക്കപ്പെട്ടതായും പൂജാദികർമ്മങ്ങൾ നടത്തിയിരുന്ന നമ്പൂതിരിമാർ തിരുവിതാംകൂറിലേക്ക് പാലായനം ചെയ്തതായും പഴമക്കാർ പറയുന്നു. പുനത്തിൽ ഇല്ലം, ഏറോത്തില്ലം, കല്ലറ ഇല്ല, മൊടത്തേടത്തില്ലം മുതലായ ഇല്ലപ്പേരുകൾ ഇവിടെ ഇപ്പോഴുമുണ്ട്. കൃഷ്ണഗാഥാ കർത്താവായ ചെറുശ്ശേരിയുമായി ബന്ധപ്പെടുത്തി പറഞ്ഞു കേൾക്കുന്ന പുനത്തിൽ ഇല്ലം ഇവിടെ പരാമർശിക്കപ്പെട്ട പുനത്തിൽ ഇല്ലം തന്നെയാണെന്ന് കരുതുന്നവരുണ്ട്.

കഷണം കഷണമായി കുന്നുകൾ കാണുന്ന സ്ഥലമായതുകൊണ്ടാണ് കണ്ടം കുന്നിന് ആ പേർ ലഭിച്ചത്. (കണ്ടം എന്നാൽ കഷ്ണം) ചുറ്റുപാടും താണ സ്ഥലങ്ങളും മധ്യത്തിൽ വട്ടികമഴ്ത്തിയതുപോലെ ഉയർന്നുനിൽക്കുന്നതുമായ സ്ഥലമെന്ന നിലയ്ക്കാണ് വട്ടിപ്രം (വട്ടിപ്പുറം) എന്ന സ്ഥലപ്പേര് ഉണ്ടായത് എന്നു വിശ്വസിക്കപ്പെടുന്നു.

ജാതിവ്യവസ്ഥയും അയിത്തവും ഒക്കെയുണ്ടായിരുന്നെങ്കിലും വളർച്ചയുടെ നാളുകളിൽ വിവിധ ജാതിമതസ്ഥരായ ആളുകൾ തമ്മിൽ സാഹോദര്യത്തോടെ കഴിഞ്ഞുവന്നു. മതമൈത്രി എന്നും നിലനിന്നു. എങ്കിലും 1970 കാലത്ത് തലശ്ശേരി കേന്ദ്രമായി പൊട്ടിപ്പുറപ്പെട്ട വർഗീയലഹളയിൽസമാധാനം സ്ഥാപിക്കാനുള്ള ശ്രമത്തിനിടയിൽ ശ്രീ. യു.കെ. കുഞ്ഞിരാമന് ജീവത്യാഗം ചെയ്യേണ്ടി വന്നത് ഒരു ദുസ്വപ്നം പോലെ നമ്മുടെ പഞ്ചായത്ത് ഇന്നും ഓർമ്മിക്കുന്നു.

# മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്
## പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| പഞ്ചായത്തിന്റെ പേര് | | : | മാങ്ങാട്ടിടം |
| റവന്യൂ വില്ലേജുകൾ | | : | 1. മാങ്ങാട്ടിടം, 2. കണ്ടം കുന്ന് |
| ബ്ലോക്ക് പഞ്ചായത്ത് | | : | കൂത്തുപറമ്പ |
| താലൂക്ക് | | : | തലശ്ശേരി |
| ജില്ല | | : | കണ്ണൂർ |
| അസംബ്ലി മണ്ഡലം | | : | കൂത്തുപറമ്പ |
| വിസ്തീർണ്ണം | 1. മാങ്ങാട്ടിടം | : | 1637.88 ഹെക്ടർ |
| | 2. കണ്ടംകുന്ന് | : | 1693.04 ഹെക്ടർ |
| | ആകെ | : | 33. 3092 സ്കയർ കീലോമീറ്റർ |
| ജനസംഖ്യ | സ്ത്രീ | : | 15274 |
| | പുരുഷൻ | : | 14492 } നിദാനം 1991ലെ കാനേഷുമാരി |
| | ആകെ | : | 29766 |
| വാർഡുകളുടെ എണ്ണം | | : | 12 |
| പ്രസിഡന്റിന്റെ പേര് | | : | **ശ്രീ. ടി. ബാലൻ** (വാർഡ് 1) |
| വൈ. പ്രസിഡന്റിന്റെ പേര് | | : | **ശ്രീ. എം. കെ. സുധീർ കുമാർ** (വാർഡ് 10) |

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി :

കേരളത്തിന്റെ തീരദേശത്തിനും മലയോര മേഖലകൾക്കും ഇടയിൽ മാങ്ങാട്ടിടം പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി അഞ്ചരക്കണ്ടി പുഴ കിഴക്ക്പടിഞ്ഞാറ് ദിശയിലേക്ക് ഒഴുകുന്നു. തെക്കുഭാഗം മൊത്തത്തിൽ ഉയർന്ന ഭാഗമാണ്. അവയ്ക്കിടയിൽ കുന്നുകളും കുന്നിൻ ചെരുവുകളും വയലേലകളും ഇടകലർന്നുനിൽക്കുന്നു. വയലേലകളിൽ നിന്നും ചെറിയ തോടുകൾ തെക്കുവടക്കുദിശയിൽ ഒഴുകി അഞ്ചരക്കണ്ടി പുഴക്ക് ഏകദേശം സമാന്തരമായി പോകുന്ന പഞ്ചായത്തിലെ രണ്ട് പ്രധാന തോടുകളായ "അയ്യപ്പൻ തോടിനോടു" കൈതേരി തോടിനോടും ചേരാതെ ഈ രണ്ടു തോടുകളും വിത്യസ്ത സ്ഥലങ്ങളിൽവച്ചു അഞ്ചരക്കണ്ടി പുഴയിൽ ലയിക്കുന്നു. അയിമ്പത് മീറ്റർ മുതൽ എഴുപത്തഞ്ച് മീറ്റർവരെ ഉയരമുള്ള കുന്നുകൾ ഇവിടെ ധാരാളമുണ്ട്. ഈ പഞ്ചായത്തിൽ രണ്ടു റവന്യൂവില്ലേജാണുള്ളത്. കണ്ടംകുന്നും, മങ്ങാട്ടിടവും. ചെറിയ ചെറിയ കുന്നുകൾ ഉള്ളത്കൊണ്ടാണ് ഈ വിഭാഗത്തിന് കണ്ടാംകുന്ന് (കഷ്ണം കഷ്ണം കുന്ന് എന്നർത്ഥത്തിൽ) എന്ന പേർ തന്നെ ഉണ്ടായത്. ഈ പഞ്ചായത്തിലെ പ്രധാന കുന്നുകൾ ചോറ്റ്യാട്ട് മൊട്ടയും ആയിത്തരകുന്നും കണ്ടാംകുന്നുമാണ്. ആയിത്തര കുന്നിന്റെ മുകൾപ്പരപ്പ് വിശാല തട്ടിൻപുറമാണ്.

### കാലാവസ്ഥ

കേരളത്തെ പതിമൂന്ന് കാർഷിക മേഖലകളായി തരംതിരിച്ചതിൽ മാങ്ങാട്ടിടം പഞ്ചായത്ത് മേഖലയാണ് ഉൾപ്പെടുന്നത്. പ്രധാനമായി തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ നിന്നും വടക്കുകിഴക്കൻ കാലവർഷത്തിൽ നിന്നുമാണ് മഴലഭിക്കുന്നത്. ജനുവരി, ഫിബ്രവരി, മാർച്ച് മാസങ്ങളിലൊഴികെ മിക്കവാറും എല്ലാ മാസങ്ങളിലും മഴലഭിക്കാറുണ്ട്. 1990 മുതൽ 1996 സെപ്റ്റമ്പർ വരെ ഈ പഞ്ചായത്തിൽ ലഭിച്ച മഴയുടെ അളവ് താഴെ കൊടുക്കുന്നു.

| മാസം | 1990 | | 1991 | | 1992 | | 1993 | | 1994 | | 1995 | | 1996 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ജനുവരി | 2.67 | 1 | " " | | " " | | " " | | " " | | " " | | " " | |
| ഫിബ്രവരി | " " | | " " | | " " | | " " | | " " | | " " | | " " | |
| മാർച്ച് | 2. 70 | 1 | " " | | " " | | " " | | 5. 20 | 2 | | | 19. 00 | 2 |
| ഏപ്രീൽ | " " | | 11.19 | 3 | 12.00 | 1 | " " | | 110.20 | 7 | 21.10 | 6 | 42.30 | 2 |
| മെയ് | 458.8 | 19 | 128.03 | 12 | 108.5 | 4 | 64.17 | 7 | 38.40 | 6 | 237.00 | 17 | 812.90 | 23 |
| ജൂൺ | 635.4 | 29 | 720.90 | 29 | 964.20 | 23 | 480.60 | 23 | 594.50 | 27 | 428.40 | 15 | 820.30 | 26 |
| ജൂലായ് | 688.51 | 29 | 1031.06 | 31 | 794.84 | 29 | 856.22 | 28 | 1057.90 | 29 | 784.95 | 31 | 429.40 | 24 |
| ആഗസ്റ്റ് | 409.51 | 27 | 499.76 | 26 | 630.85 | 28 | 297.05 | 28 | 484.30 | 28 | 317.30 | 19 | 286.00 | 16 |
| സപ്തമ്പർ | 9450 | 6 | 30.30 | 5 | 291.00 | 23 | 192.41 | 12 | 171.90 | 10 | 116.20 | 13 | | |
| ഒക്ടോബർ | 233.74 | 14 | 68.57 | 7 | 148.99 | 10 | 328.40 | 22 | 286.40 | 18 | 116.70 | 13 | | |
| നവമ്പർ | 70.20 | 8 | 59.10 | 5 | 289.56 | 15 | 20.60 | 4 | 25.80 | 2 | 96.00 | 4 | | |
| ഡിസംമ്പർ | | | | | | | 163.10 | 3 | | | | | | |
| ആകെ | 2596.03 | | 2548.85 | | 3240.24 | | 2402.55 | | 2773.99 | | 216765 | | | |
| ആകെ | | 134 | | 118 | | 133 | | 127 | | 129 | | 118 | | |

അവലംബം.... വേങ്ങാട് വിത്തുല്പാദന കേന്ദ്രത്തിൽ നിന്നു ശേഖരിച്ചത്

ഇതിൽ നിന്നും വർഷത്തിൽ ശരാശരി 126ദി വസം മഴലഭിക്കുന്നുവെന്നും ശരാശരി 2621 മില്ലീ മീറ്ററാണെന്നും കണക്കാക്കാം. കേരളത്തിൽ ഒരു വർഷം ശരാശരി ലഭിക്കുന്ന മഴയായ 3000 മില്ലീ മീറ്ററിനേക്കാൾ കുറവാണിത്. എന്നു പ്രത്യേകം പ്രസ്താവ്യമാണ്. കൂടുതൽ മഴ ജൂൺ, ജൂലായ് മാസത്തിലാണ് ആ മാസങ്ങളിൽ പുഴകളും തോടുകളും കരകവിഞ്ഞ് ഒഴുകുകയും നീർക്കെട്ടുന്നതിന് കാരണമാവുകയും ചെയ്യുന്നു.

| മെറ്റിരീയോളിക്കൽ വിവരണം. | |
|---|---|
| വേനൽ മഴ | ഏപ്രിൽ / മെയ് |
| തെക്കുപടിഞ്ഞാറൻ കാലവർഷം | ജൂൺ/സെപ്റ്റമ്പർ |
| വടക്കു കിഴക്കൻ കാലവർഷം | ഒക്ടോബർ / നവമ്പർ |
| മഞ്ഞുകാലം | ഡിസമ്പർ/ഫെബ്രുവരി |
| വേനൽക്കാലം | മാർച്ച് / മെയ് |

പഞ്ചായത്തിലെ ശരാശരി താപനില 27ഡിഗ്രി സെൽഷ്യസാണ്. റിലേറ്റീവ് ഈർപ്പം മഴക്കാലങ്ങളിൽ 85 ഡിഗ്രിമുതൽ 90 ഡിഗ്രിയും വേനൽകാലങ്ങളിൽ 70 ഡിഗ്രിയുമാണ്.

**മൺതരം**

പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്ന മണ്ണ് ലേറ്റൈറ്റ്. (ചെങ്കല്ല്) വിഭാഗത്തിൽപ്പെട്ടതാണ്. കൂടാതെ ചില ഭാഗങ്ങളിൽ ഗ്രാനൈറ്റ് (കരിങ്കല്ലും) മറ്റു സ്ഥലങ്ങളിൽ മണൽകലർന്ന ലാറ്റൈറ്റും കണ്ടുവരുന്നു. തുടർച്ചയായ ഉപയോഗത്താൽ ജൈവാംശം നഷ്ടപ്പെട്ട മണ്ണാണ് അധികവും. മിക്കസ്ഥലത്തും മണ്ണ്നീർ വാർച്ചയുള്ളതും ജൈവപദാർത്ഥം കുറച്ചുമാത്രം അടങ്ങിയതും അമ്ലത്വമുള്ളതും (PH. 5.5 –6.5) ഈർപ്പം നിലനിർത്താൻ കഴിവുകുറഞ്ഞതുമാണ്. വെള്ളം കെട്ടിനിൽക്കുന്ന പ്രദേശം മൊത്തത്തിൽ കുറവാണ്. മണ്ണിൽ ഫോസ്ഫറസിന്റെ അംശം കുറച്ചുണ്ടെങ്കിലും നൈട്രജനും പൊട്ടാഷ്യം താരതമ്യേന കുറവാണ്. സുശിരമായ ലേറ്റൈറ്റ് മണ്ണിനു വെള്ളവും വളവും തങ്ങി നിർത്താനുള്ള ശേഷി നന്നേകുറവാണ്. അതുകൊണ്ട്തന്നെ ഫലപുഷ്ടികുറഞ്ഞ മണ്ണാണെങ്കിലും കൃഷിരീതികൾക്കു ഏറ്റവും അനുയോജ്യമായ മണ്ണുകൂടിയാണിത്.

**ഭൂവിനിയോഗം.**

ഈ പഞ്ചായത്തിലെ പ്രധാനവിള തെങ്ങാണ്. ഇടവിളകളായി തെങ്ങിൻ തോപ്പുകളിൽ മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, കുരുമുമുളക് ഇവക്കെല്ലാം ഇടയിൽ പയറും കൃഷിചെയ്യുന്നു. പഞ്ചായത്തിലെ വിള ചേരുവ താഴെ പട്ടികയിൽകൊടുക്കുന്നു.

| വിള | ഹ്രസ്വകാലവിള | വാർഷികവിള | ചിരകാല വിള |
|---|---|---|---|
| നെല്ല് ഒന്നാം വിള | 90 ഹെക്ടർ | ..... | ..... |
| നെല്ല് രണ്ടാം വിള | 80 " " | ..... | ..... |
| പയർ... | 52 " " | ..... | ..... |
| എള്ള്... | 7 " " | ..... | ..... |
| പച്ചക്കറി... | 78 | ..... | ..... |
| തെങ്ങ്... | ..... | ..... | 2667 ഹെക്ടർ |
| വാഴ.. | ..... | 105 ഹെക്ടർ | .... |

| വിള | ഹ്രസ്വകാലവിള | വാർഷികവിള | ചിരകാല വിള |
|---|---|---|---|
| മരച്ചീനി | ..... | 30 ഹെക്ടർ | ..... |
| കുരുമുളക് | ..... | ..... | 51 ഹെക്ടർ |
| പ്ലാവ് | ..... | ..... | 5 ഹെക്ടർ |
| കശുമാവ് | ..... | ..... | 406 ഹെക്ടർ |
| മാവ് | ..... | ..... | 75 ഹെക്ടർ |
| റബ്ബർ | ..... | ..... | 22 ഹെക്ടർ |
| കവുങ്ങ് | ..... | 1 ഹെക്ടർ | 43 ഹെക്ടർ |
| ഇഞ്ചി | ..... | 5 ഹെക്ടർ | 43 ഹെക്ടർ |
| മഞ്ഞൾ | ..... | 10 ഹെക്ടർ | |
| കൈതച്ചക്ക | 307 | 151 | |
| **ആകെ** | | | 3269 |

പഞ്ചായത്തിലെവിടെ നോക്കിയാലും ദീർഘകാല വിളവുകളും ഒരേഭൂമിയിൽ ഹ്രസ്വകാല വിളവുകളും കൃഷിചെയ്യുന്നത് കാണാം. ഒരു ചെറിയവീടും തൊടിയും അതിൽ ഇടകലർന്ന തെങ്ങും, കഴുങ്ങും, വാഴയും ഒന്നോ രണ്ടോ മാവും, പ്ലാവും കശുമാവും ഇവയ്ക്കെല്ലാം ഇടയിൽ പയറും, പച്ചക്കറിയും, ഇഞ്ചിയും, മഞ്ഞളും, കൈതച്ചക്കയും. ഇതാണ് ഒരു ശരാശരി കിടപ്പാടത്തിന്റെ ഇന്നത്തെ മാതൃക.

പഞ്ചായത്തിന്റെ ഉല്പാദനക്ഷമത സംബന്ധിച്ച കണക്കുകൾ താഴെകൊടുക്കുന്നു.

| | വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉല്പാദനം | പഞ്ചായത്തിൽ ഉല്പാദനക്ഷമത ഹെക്ടറിൽ | കണ്ണൂർ ജില്ല (ഹെക്ടറിൽ) | സംസ്ഥാനം (ഹെക്ടറിൽ) |
|---|---|---|---|---|---|---|
| 1. | നെല്ല് ഒന്നാം വിള | 90. 00 | 102000 കിലോ | 1133 കിലോ | 1650 കിലോ | 2590 കിലോ |
| 2. | നെല്ല് രണ്ടാം വിള | 80. 00 | 89400 കിലോ | 1118 " | 1535 " | 1948 " |
| 3. | നെല്ല് മൂന്നാം വിള | .... | ..... | .... | .... | .... |
| 4. | പയർ | 52. 00 | 23400 | 450 " | 797 " | 734 " |
| 5. | എള്ള് | 7. 00 | 1400 | 200 " | 524 " | 259 " |
| 6. | പച്ചക്കറികൾ | 78. 00 | 1, 56, 000 " | 2000 " | .... | .... |
| 7. | തെങ്ങ് | 2667. 00 | 1,49,35,200 എണ്ണം | 5600 എണ്ണം | 5964 എണ്ണം | 5890 എണ്ണം |
| 8. | വാഴ | 105. 00 | 13020000 " | 12400 കിലോ | 13770 കിലോ | 14555 കിലോ |
| 9. | മരച്ചീനി | 30. 00 | 450000 കിലോ | 15000 കിലോ | 23114 കിലോ | 19864 കിലോ |
| 10. | കുരുമുളക് | 57. 00 | 10710 " | 210 " | 236 " | 270 " |
| 11. | പ്ലാവ് | 5. 00 | 9600 " | 1920 " | .. .. | .. .. |

പഞ്ചായത്തിന്റെ ഉല്പാദനക്ഷമത സംബന്ധിച്ച കണക്കുകൾ താഴെകൊടുക്കുന്നു.

| | വിള | വിസ്തീർണ്ണം ഹെ | മൊത്തം ഉല്പാദനം | പഞ്ചായത്തിൽ ഉല്പാദനക്ഷമത ഹെക്ടറിൽ | കണ്ണൂർ ജില്ല (ഹെക്ടറിൽ) | സംസ്ഥാനം (ഹെക്ടറിൽ) |
|---|---|---|---|---|---|---|
| 12. | കശുമാവ് | 406 | 2, 07900 എണ്ണം | 512 " | 1471 കിലോ | 819 കിലോ |
| 13 | മാവ് | 75 | 4, 35, 000 എണ്ണം | 5800 " | 4033 കിലോ | 3577 കിലോ |
| 14. | റബ്ബർ | 22. 00 | 10, 400 എണ്ണം | 472 | - | - |
| 15. | കവുങ്ങ് | 43. 00 | 6665000 എണ്ണം | 155000 എണ്ണം | - | - |
| 16. | ഇഞ്ചി | 1. 00 | 1600 കിലോ | 1600 കിലോ | 3285 കിലോ | 3860 കിലോ |
| 17. | മഞ്ഞൾ | 5. 00 | 9000 കിലോ | 1800 കിലോ | 2471 കിലോ | 1937 കിലോ |
| 18. | കൈതച്ചക്ക | 10. 00 | 124000 കിലോ | 12400 കിലോ | 9854 കിലോ | 9455 കിലോ |

അവലംബം - സെക്കന്ററി ഡേറ്റ. കൃഷിഭവൻ



# കൃഷിയും ജലസേചനവും.

മാനവരാശിയുടെ വളർച്ചയിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് കൃഷി. ഇന്ത്യൻ ജനതയുടെ ഉപജീവന മാർഗ്ഗം അടിസ്ഥാനപരമായി കൃഷിയാണല്ലോ? മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിലെ പരമ്പരാഗത തൊഴിലും ഉപജീവന മാർഗ്ഗവും കൃഷിയായിരുന്നു. ഇന്നും ആ നില മാറി എന്ന് പറയാറായിട്ടില്ല.

ഭൂമി മുഴുവൻ ജന്മി കുടുംബങ്ങളുടെ സ്വന്തമായിരുന്നു. കുടിയാൻമാർ അവരുടെ അദ്ധ്വാനം കൊടുത്ത് ഭൂമിയും കൃഷിയും അഭിവൃദ്ധിപ്പെടുത്തി. മണ്ണിൽ അധ്വാനിച്ചിരുന്ന കർഷകനു ഭൂമിയിൽ അവകാശം ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യാനന്തര നാളുകളിൽ കേരളത്തിൽ ശക്തി പ്രാപിച്ചുവന്ന പുരോഗമന പ്രസ്ഥാനങ്ങളുടെയും ജനമുന്നേറ്റത്തിന്റെയും വിജയത്തിന്റെ കൊടിക്കൂറയാണ് കർഷകബന്ധ ബില്ല്. അതിനു ശേഷം കേരള ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടുകൂടി കേരളത്തിലെ ഭൂഉടമ ബന്ധത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചു. ഇതു നമ്മുടെ കാർഷിക സംസ്കാരത്തിലും പ്രതിഫലിച്ചു. കൃഷിഭൂമി കർഷകന്റെ കൈകളിൽ എത്തിക്കുക എന്ന ആശയം സഫലമായെങ്കിലും, അത് കേരളത്തിലെ കാർഷിക മേഖലയിൽ അനുകൂലമായ പരിണാമങ്ങൾ വരുത്തിയോ എന്ന് പരിശോധിക്കേണ്ടതാണ്.

മാങ്ങാട്ടിടം പഞ്ചായത്തിലെ ഭൂമി മുഴുവൻ വിരലിൽ എണ്ണാവുന്ന ജന്മി കുടുംബങ്ങളിൽ നിന്നും കുടിയാൻമാരുടെ കൈകളിൽ എത്തിച്ചേർന്നപ്പോൾ നമ്മുടെ നാട്ടിലെ കാർഷിക പാരമ്പര്യത്തിലും മാറ്റം വന്നു. ഏറ്റവും ഒടുവിലത്തെ ഔദ്യോഗിക കണക്ക് പ്രകാരം ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷിഭൂമി കൈവശം വെക്കുന്ന ഏകദേശം 7098 നാമമാത്ര കർഷകരും ഒരു ഹെക്ടറിന്നും രണ്ടു ഹെക്ടറിന്നും ഇടയിൽ കൈവശം വെക്കുന്ന 524 ചെറുകിട കർഷകരും രണ്ടു ഹെക്ടറിന്നു മേൽ ഭൂമി സ്വന്തമായുള്ള 125 വൻകിട കർഷകരുമാണ് പഞ്ചായത്തിലുള്ളത്.

കാർഷിക മേഖല ഇന്നത്തെപ്പോലെ പരിഷ്കൃതമാകുന്നതിന്നു മുമ്പു നമ്മുടെ പാടങ്ങളിൽ നിറഞ്ഞു നിന്നിരുന്ന സംഗീത സാന്ദ്രമായ കൃഷി രീ

തികൾ അന്യം നിന്നുപോയിരിക്കുന്നു. കലപ്പയേന്തി പാടത്തിലേക്കു പോകുന്ന കർഷകൻ പാഠപുസ്തകങ്ങളിലെ ചിത്രങ്ങളായി മാറിയിരിക്കുന്നു. മുട്ടോളം ചെളിയിൽ ഇറങ്ങിനിന്നു കൂട്ടമായി പാട്ടുപാടി ഞാറിനടുന്ന പെണ്ണുങ്ങൾ നമ്മുക്കിന്ന് വെറും ഓർമ്മകളാണ്. വയലേലകളിൽ നിന്നുയരുന്ന നാട്ടിപ്പാട്ടിന്റെ-തച്ചോളിപ്പാട്ടിന്റെ-ഈണവും വരികളും നമ്മുക്ക് നഷ്ടമായിരിക്കുന്നു. വർഷകാലങ്ങളിൽ പിരിയോലയും തൊപ്പികുടയും പാളത്തൊപ്പിയും കൊണ്ട് നിറഞ്ഞിരുന്ന നമ്മുടെ നെൽപ്പാടങ്ങൾ ഇന്ന് പറമ്പുകളായികഴിഞ്ഞിരിക്കുന്നു. ഇന്ന് മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ നാമമാത്രമായ കാളകളും 35 നാടൻ കലപ്പകളുമാണ് ഉള്ളത്.

കലപ്പകൾ ഉപയോഗിച്ച് നാലോ അഞ്ചോ ചാൽ ഉഴുത്തുമറിച്ച് മരമടിച്ച് നിലം നിരപ്പാക്കി വിത്തിറക്കിയിരുന്ന കൃഷിരീതി ഇന്നില്ല. 1965 ആയപ്പോഴേക്കും നാടൻ കലപ്പകളുടെ സ്ഥാനം " ബോസ് കലപ്പകൾ" എറ്റെടുത്തുതുടങ്ങി. വിവിധയിനം വിത്തുകൾ നമ്മുക്ക് സ്വന്തമായുണ്ടായിരുന്നു. ഉദാ:- തവളക്കണ്ണൻ, കഴമ, വടക്കൻ ചിറ്റേനി, തെക്കൻ ചിറ്റേനി, മുണ്ടോൻ, രാജകഴമ, തൊണ്ണൂറാൻ, നവര, ജീരകശാല മുതലായവ.

എന്നാലിന്ന് ഒന്നോ രണ്ടോ ഇനങ്ങൾ ഒഴിച്ച് മറ്റുള്ളവയെല്ലാം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു. ആ കാലങ്ങളിൽ കന്നുകാലി സമ്പത്ത് സമ്പന്നമായിരുന്നതിനാൽ ജൈവവളത്തിന്റെ ലഭ്യത ഒരു പ്രശ്നമായിരുന്നില്ല. 1950 ന് മുമ്പെ, കൃത്രിമവളത്തെപ്പറ്റി(രാസവളം) ഈ നാട്ടിലെ കർഷകർ കേട്ടിരുന്നുപോലുമില്ല. ആലവളം പൂർമായും ഉപയോഗിച്ചിരുന്നത് നെൽപ്പാടങ്ങളിൽ മാത്രമായിരുന്നു. ഇന്നത് ഏതാണ്ട് മുഴുവനായി ഉപയോഗിക്കുന്നത് തെങ്ങുകൃഷിക്കാണ്. പച്ചിലകൾക്കുവേണ്ടി സൂക്ഷിച്ചിരുന്ന വളർത്തുകാടുകൾ പൂർണമായി അസ്തമിച്ചുപോയി ഇന്ന് കലപ്പകൾ ഉപയോഗിച്ച് നിലം ഉഴുതുമറിക്കുന്നത് ഈ പഞ്ചായത്തിൽ ഒരപ്പൂർവ്വകാഴ്ചയാണ്. നെൽപ്പാടങ്ങളുടെ 90% വും തൂമ്പ(കൈക്കോട്ട്) ഉപയോഗിച്ച് കിളച്ച്മറിക്കപ്പെടുന്നു. പക്ഷെ തൂമ്പ കൊണ്ട് കിളക്കുമ്പോൾ മണ്ണ് വേണ്ടവിധത്തിൽ മറിക്കപ്പെടാത്തത് നെല്ലിന്റെ ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. മുമ്പുകാലങ്ങളിൽ നെല്ലും വിത്തും സൂക്ഷിക്കുവാനായി മിക്ക കാർഷികഭവനങ്ങളിലും മരത്തിന്റെ പത്തായവും അറയും സാധാരണയായിരുന്നു. നെല്ല് വൈക്കോൽ കൊണ്ട് പൊതികെട്ടി സൂക്ഷിക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു.

വിളവെടുപ്പിന് മുമ്പെ 'ഇല്ലം പറ' എന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു.

രണ്ടാം വിളയ്ക്കശേഷം പാടത്ത് പയർ, മമ്പയർ, മുതിര, പച്ചക്കറി, വെള്ളരി, ചക്കരക്കിഴങ്ങ്, മുളക് മുതലായ ഇടക്കാലകൃഷികൊണ്ട് നിറഞ്ഞിരിക്കും. വെള്ളരി കായ്ക്കുമ്പോൾ നെൽപാടങ്ങളിൽ കൂണുപോലെ പന്തലുകളുയരും. രാത്രിയുടെ അന്ത്യയാമങ്ങളിൽ വരെ ഈ പന്തലിൽ നിന്ന് ഉയരുന്ന ആരവങ്ങളും പാട്ടും കൊണ്ട് വയലുകൾ ഉണർന്നിരിക്കും. വെള്ളരി വിളപ്പോടുകൂടി "വെള്ളരി നാടകങ്ങളും" അരങ്ങേറും. കരഷകർക്ക് അവരുടെ കലാവാസനകളെ പ്രകടിപ്പിക്കാനുള്ള ഒരു വേദിയായിരുന്നു ഇത്. ഇതേ സമയത്തു തന്നെ നാടിന്റെ പല ഭാഗങ്ങളിലുമായി നാടൻ കോൽക്കളിയും അരങ്ങേറും. നമ്മുടെ പാടശേഖരങ്ങളിൽ തെങ്ങും കവുങ്ങും വളർന്നു വന്നപ്പോൾ വെള്ളരിപ്പന്തലുകളും വെള്ളരിനാടകങ്ങളും ഓർമ്മകളുടെ ചെപ്പിലേക്ക് ഒതുങ്ങി.

കൂട്ടുകുടുംബം അണുകുടുംബത്തിനു വഴിമാറിക്കൊടുത്തപ്പോൾ പാടങ്ങൾ നികത്തി വീടുവെക്കാനുള്ള പ്രവണത വർദ്ധിക്കുകയും അത് ഈ നാട്ടിലെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. മേച്ചിൽ സ്ഥലങ്ങൾ പൂർണ്ണമായും ഇല്ലാതാവുകയും അതോടുകൂടി കാലിവളർത്തൽ അനാദായകരമായി മാറുകയും ചെയ്തു. ഇന്ന് വീരാജ്പേട്ടയിൽ നിന്നു കൊണ്ടു വരുന്ന വൈക്കോലിനെ ആശ്രയിച്ചാണ് മിക്ക വീടുകളിലും പശുക്കളെ പോറ്റുന്നത്. കഴിഞ്ഞ 40 വർഷത്തിനുള്ളിൽ ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയരുകയും അവർ മറ്റു ജോലികൾ തേടുകയും ചെയ്തു തുടങ്ങിയ

പ്പോൾ കൃഷിപ്പണി ഒരു പാർട്ട്ടൈം ജോലിയായി മാറുകയും ചെയ്തു.

ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ തെങ്ങ്, കശുമാവ്, നെല്ല്, വാഴ, പയർ, മരച്ചീനി, കവുങ്ങ്, കുരുമുളക് മുതലായവയാണെന്ന് കാണാം. തെങ്ങ്, വാഴ എന്നിവയുടെ കാര്യത്തിൽ പഞ്ചായത്തിന്റെ ഉൽപ്പാദനക്ഷക്മത സംസ്ഥാനതല ഉൽപ്പാദനക്ഷമതയെക്കാളും മെച്ചമാണെങ്കിലും മറ്റു മിക്ക കൃഷികളിലും സംസ്ഥാനതല ഉൽപ്പാദനക്ഷമതയെക്കാളും കുറവാണ്.

## നെല്ല്

ഇവിടെ നെൽകൃഷിയ്ക്ക് പ്രധാനമായും രണ്ട് കാലങ്ങളാണുള്ളത്. ഒന്നാം വിളയുടെ ഉൽപ്പാദനക്ഷമത രണ്ടാം വിളയെക്കാൾ മെച്ചമാണ്. അതുപോലെ അത്യൽപ്പാദനശേഷിയുള്ള നെല്ലിനങ്ങൾ അധികവും കൃഷി ചെയ്യുന്നത് രണ്ടാം വിളയെ അപേക്ഷിച്ച് ഒന്നാം വിളക്കാണ്. ഇതിനു പ്രധാന കാരണം രണ്ടാം വിളക്കുണ്ടാകുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും വർദ്ധനവും ജലദൗർലഭ്യവുമാണ്.

ആധുനികകൃഷി രീതികളുപയോഗിച്ചും ഉൽപ്പാദനക്ഷമത വേണ്ടത്ര വർദ്ധിക്കാത്തതിനു കാരണം അവ ശാസ്ത്രീയ രീതിയിലല്ല പ്രയോഗിക്കപ്പെടുന്നത് എന്നത് കൊണ്ടാണ്. ഏകീകൃതവും പൂർണ്ണവും നിയന്ത്രിതവുമായ കാർഷിക പ്രവർത്തനങ്ങൾ നടത്തുവാനുള്ള പ്രയാസമാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും തടസ്സം നിൽക്കുന്നത്. ശാസ്ത്രീയകൃഷി സമ്പ്രദായത്തെക്കുറിച്ച് വേണ്ടത്ര അറിവ് കർഷകർക്കില്ലാത്തതും ഉൽപ്പാദനക്ഷമത കുറയുവാനുള്ള പ്രധാന കാരണമാണ്.

കഴിഞ്ഞ 30 വർഷക്കാലത്തിനുള്ളിൽ ഉൽപ്പാദനച്ചിലവിലുണ്ടായ ഭീമമായ വർദ്ധനയ്ക്കനുപാതമായി നെല്ലിന് വില വർദ്ധിക്കാത്തത് പല കർഷകരെയും നെൽകൃഷിയിൽ നിന്ന് പിൻമാറാനോ അല്ലെങ്കിൽ പേരിനു മാത്രമോ കൃഷി ചെയ്യുവാനോ നിർബന്ധിതരാക്കി. ഉദാഹരണമായി ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ നിന്നും രണ്ടു കിലോമീറ്റർ അകലെയുള്ള വേങ്ങോട്ടുള്ള ഗവ: വിത്തുൽപ്പാദന കേന്ദ്രത്തിൽ 1946ൽ പുരുഷന്മാരുടെ കൂലി 1ക. 50പൈസയും സ്ത്രീകളുടെ കൂലി 0.75പൈസയും ആയിരുന്നപ്പോൾ ഒരു കിലോ അരിയുടെ വില 1ക. 50 പൈസയും ആയിരുന്നു. എന്നാൽ അതേ വിത്തുൽപ്പാദന കേന്ദ്രത്തിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും കൂലി 103രൂപയായി വർദ്ധിച്ചപ്പോൾ അരിയുടെ വില ഇന്ന് കിലോവിന് 10ക. മാത്രമാണ്. അതായത് കൂലിയിൽ 68 ഇരട്ടി വർദ്ധനവുണ്ടായപ്പോൾ ഉൽപ്പാദനത്തിന്റെ വിലയിലുണ്ടായ വർദ്ധനവ് വെറും 6 ഇരട്ടി മാത്രമാണ്.

## തെങ്ങ്

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യേതര വിളയാണിത്. ഇവിടുത്തെ തെങ്ങിൻ തോപ്പുകളധികവും പരമ്പരാഗതമായ രീതിയിൽ വളർത്തപ്പെടുന്നവയാണ്.

കർഷകത്തൊഴിലാളികളുടെ കൂലിവർദ്ധനവും ജൈവ- രാസവളങ്ങളിലുണ്ടായ വില വർദ്ധനും, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതും, ഒരു നല്ല ശതമാനം കർഷകരേയും തെങ്ങിന് എല്ലാ വർഷവും വളം ചെയ്യുന്നത് രണ്ടു വർഷത്തിലൊരിക്കൽ എന്നാക്കി ചുരുക്കുവാൻ നിർബന്ധിതരാക്കി. ഇത് ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ രണ്ട് തെങ്ങുകൾക്ക് അടുത്ത കാലത്തായി, വളരെ മാരകമായും വ്യാപകമായും കണ്ടുവരുന്ന ചെന്നീരൊലിപ്പും കൂമ്പുചീയലും തേങ്ങയുൽപ്പാദനത്തെ വളരെ ബാധിച്ചിട്ടുണ്ട്.

നിരവധി നെൽപ്പാടങ്ങൾ തെങ്ങ്കൃഷിക്കായി ഉപയോഗിച്ചെങ്കിലും അവ ശരിയായ രീതിയിൽ സംരക്ഷിക്കാൻ ചെറുകിട കർഷകർക്ക് സാമ്പത്തിക വിഷമം മൂലം സാധിക്കാത്തതിനാൽ, പാടത്ത് വെച്ച തെങ്ങുകൾക്ക് ഉൽപ്പാദനക്ഷമത കുറഞ്ഞ് വരുകയാണ്. ചുരുക്കത്തിൽ തേങ്ങയുമില്ല നെല്ലുമില്ല എന്ന അവസ്ഥയിലാണ് ഇത് എത്തിച്ചിട്ടുള്ളത്. ഒരു വലിയ പാടശേഖരത്തിന്റെ നടുക്കോ അല്ലെങ്കിൽ

ഏതെങ്കിലും ഒരു ഭാഗത്തോ ഒരു കൃഷക്കാരൻ തെങ്ങ് വെച്ചു പിടിപ്പിച്ചാൽ ആ തെങ്ങുകളുടെ നിഴലിൽ വളരുന്ന തന്റെ നെൽകൃഷി കൊണ്ടു പ്രയോജനമില്ല എന്നു കണക്കാക്കിയ അടുത്ത കർഷകനും പാടത്ത് തെങ്ങ് തന്നെ വെച്ച് പിടിപ്പിക്കുന്നു. ചുരുക്കത്തിൽ പാടശേഖരങ്ങളുടെ 75%ഉം തെങ്ങായി മാറിയിരിക്കുന്നു. തെങ്ങും ഇടയിൽ കവുങ്ങും എന്ന തെറ്റായ കൃഷിരീതിയും വളരെ വ്യാപകമാണ് ഈ പഞ്ചായത്തിൽ. ജലസേചനത്തിന്റെ അഭാവവും ഉൽപ്പാദനത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഭൂമിയുടെ കിടപ്പും ഘടനയും മനസ്സിലാക്കാതെ കശുമാവിൻകൃഷിക്ക് അനുയോജ്യമായ കുന്നിൻ പ്രദേശങ്ങളിൽ തെങ്ങ് കൃഷി ചെയ്തു വരുന്നതും ഉൽപ്പാദനക്കുറവിന് ഒരു പ്രധാന കാരണം തന്നെയാണ്. പഞ്ചായത്തിലെ 2667 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നുണ്ടെങ്കിലും 5% കൃഷി സ്ഥലങ്ങളിൽ പോലും ജലസേചനസൗകര്യങ്ങളില്ല.

## കശുമാവ്

നല്ലയിനം കശുമാവിനങ്ങളുടെ-ഒട്ടുതൈകളുടെ ദൗർലഭ്യം നിമിത്തം ഇന്നും പരമ്പരാഗതമായ പഴയ രീതി തന്നെയാണ് മിക്ക കർഷകരും ഉപയോഗിക്കുന്നത്. ശാസ്ത്രീയമായ കശുമാവ് കൃഷിയെപ്പറ്റി ഈ നാട്ടിലെ മിക്ക കശുമാവ് കർഷകരും ബോധവാന്മാരല്ല. കശുമാവിനു വളം ചെയ്യുക എന്ന സമ്പ്രദായമേ ഈ നാട്ടിലില്ല. തേയിലകൊതുകിന് പ്രതിരോധമായി ചുരുക്കം ചില കർഷകർ മരുന്നു തളിക്കാറുണ്ട്. എന്നാൽ തൊട്ടടുത്തുള്ള മിക്ക തോട്ടങ്ങളിലും മരുന്നു തളിക്കാത്തതു കാരണം ഈ മരുന്നു തളികൊണ്ടുള്ള പ്രയോജനം നഷ്ടപ്പെടുന്നു. തണ്ടുതുരപ്പൻ പുഴുവിന്റെ ആക്രമണമാണ് കശുമാവിനുള്ള ഒരു പ്രധാന ഭീഷണി.

## മരച്ചീനി

മരച്ചിനിയുടെ ഉൽപ്പാദക്ഷമത വേണ്ടത്ര പുരോഗമിച്ചിട്ടില്ല. M4 (വെള്ളരൊട്ടി ) ആണ് പ്രധാനയിനം. കർഷകർ വളരെയധികം രാസവളമുപയോഗിക്കുന്നു ഈ കൃഷിക്കു വേണ്ടി. അടുത്തകാലത്തായി "ഫുറഡാൻ" എന്ന മാരകമായ കീടനാശിനി കർഷകർ ഈ കൃഷിരീതിക്കുപയോഗിച്ചു വരുന്നു. മരച്ചീനി കൃഷിക്കാർ നേരിടുന്ന ഒരു പ്രധാന പ്രശ്നം ഇടത്തട്ടുകാരുടെ കബളിപ്പിക്കലാണ്.

## വാഴ

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കൃഷിയാണിത്. മരച്ചീനിയുടെ കാര്യത്തിലെന്ന പോലെ വളരെയധികം രാസവളങ്ങളുപയോഗിക്കുന്നു. കൂടാതെ "ഫുറഡാൻ" എന്ന കീടനാശിനി കൃഷിവകുപ്പ് ശുപാർശ ചെയ്യുന്നതിൽ നിന്നും വളരെയധികം ഉപയോഗിക്കുന്ന ഒരു പ്രവണതയും കർഷകരിൽ കണ്ടുവരുന്നു. സ്വന്തമായി കൃഷി ചെയ്യുവാൻ സ്ഥലമില്ലാത്തവർ പാട്ടത്തിന്നു സ്ഥലം വാങ്ങി കൃഷി ചെയ്യുന്നു. കൊക്കാൻ രോഗവും, അടുത്ത കാലത്തായി വ്യാപകമായി കണ്ടുവരാത്ത തണ്ടുതുരപ്പൻ വണ്ടും, കുറുനാമ്പ് രോഗവും ആണ് ഈ കൃഷിയുടെ പ്രധാന ശത്രുക്കൾ. കാലവർഷക്കെടുതികളിൽ ആയിരക്കണക്കിനു വാഴകൾ നശിച്ചുപോകുന്നതും ഈ പഞ്ചായത്തിൽ സാധാരണമാണ്. നേന്ത്രവാഴയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. തെങ്ങിൻ തോപ്പുകൾക്കിടയിൽ പടുവാഴയും കൃഷി ചെയതു വരുന്നു. ജലദൗർലഭ്യം വാഴകൃഷിക്കാർ നേരിടുന്ന ഒരു പ്രശ്നമാണ്.

## കവുങ്ങ്

തെങ്ങിൻതോപ്പിൽ ഇടവിളയായും നെൽപ്പാടങ്ങലുമാണ് ഈ കൃഷി പ്രധാനമായും കണ്ടു വരുന്നത്. ഒരിക്കലും തെങ്ങിൻതോപ്പിൽ ഇടവിളയായി കൃഷിചെയ്യുവാൻ പറ്റിയ ഒരു കൃഷിയല്ല കവുങ്ങ് എന്നുള്ളതു കൊണ്ടുതന്നെ, ഈ പ്രവണത തോങ്ങയുടെയും അടക്കയുടെയും ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. നാടൻ ഇനങ്ങളാണ് പ്രധാനമായും കൃഷിചെയ്തു വരുന്നത്. അടുത്ത കാലത്തായി "മംഗള" ഇനവും "കാസർകോടൻ" ഇനവും പ്രചാരത്തിൽ വന്നു കൊണ്ടിരിക്കുന്നു. പക്ഷെ നാടൻ ഇനങ്ങളോടാണ് കർഷകർക്കു പ്രതിപത്തി. മഹാളി രോഗം അടയ്ക്കായുൽപ്പാദനത്തെ

സാരമായി ബാധിക്കുന്നുണ്ട്.

## കുരുമുളക്

കുരുമുളക് കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. പന്നിയൂർ 1, കരിമുണ്ട, അറക്കളം മുണ്ട, കല്ലുവള്ളി എന്നീ ഇനങ്ങളാണ് ഇന്ന് പ്രധാനമായും ഇവിടെ കണ്ടുവരുന്നത്. കുരുമുളക് ഒരു തനികൃഷിയായി ഇവിടെ ചെയ്തു വരുന്നില്ല. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായും കവുങ്ങിൻമേലും പിന്നെയെന്തൊക്കെ മരങ്ങളുണ്ടോ അതിന്മേലൊക്കെ കുരുമുളക് വള്ളി പടർത്തുന്ന പ്രവണതയാണ് ഇന്നുള്ളത്. വണ്ടുകളെ കൊണ്ടും പൂപ്പൽ കൊണ്ടും ഉണ്ടാകുന്ന പൊള്ളുരോഗവും ഫൂട്ട്റൂട്ടുമാണ് ഈ കൃഷിയുടെ പ്രധാന ശത്രുക്കൾ.

## പച്ചക്കറികൃഷികളും പയർകൃഷിയും

രണ്ടാംവിളക്കു ശേഷം വ്യാപകമായ തോതിൽ പച്ചക്കറിയും പയർകൃഷിയും നെൽപ്പാടങ്ങളിൽ ചെയ്തു വരുന്നു. ചീര, വെണ്ട, പാവൽ പടവലം, കുമ്പളം, വെള്ളരി, മത്തൻ, പയർ മുതലായവയാണ് പ്രധാന കൃഷികൾ. കൂടാതെ ചേന, ചേമ്പ് മുതലായവയും തെങ്ങിൻ തോപ്പുകളിൽ കൃഷി ചെയ്തു വരുന്നു. ജല ദൗർലഭ്യവും രോഗങ്ങളും, കീടങ്ങളുടെ ആക്രമണവുമാണ് ഈ കൃഷികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

## മറ്റു വിളകൾ

മിക്കവാറും എല്ലാ വീട്ടു വളപ്പിലും മാവ് പ്ലാവ് മുതലായ ഫലവൃക്ഷങ്ങൾ കൃഷി ചെയ്തു വരുന്നു. എന്നാൽ അതിൽ നാടൻ മാത്രമെത്ര ഒട്ടുമാവെത്ര എന്ന കണക്കുകൾ ലഭ്യമല്ല.

## ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

കാർഷിക മേഖലക്കു മുൻതൂക്കമുള്ള ഈ പഞ്ചായത്തിലെ കാർഷികോൽപന്നങ്ങളുടെ വില നിർണ്ണയിക്കുന്ന കാര്യത്തിൽ ഉൽപ്പാദകർക്ക് യാതൊരു പങ്കുമില്ല. മാർക്കറ്റിലെ അതാതവസരത്തെ വിലനിലവാരത്തിനു വിധേയമാകുന്ന ഒരു കർഷക സമൂഹമാണ് ഈ പഞ്ചായത്തിലുള്ളത്. മധ്യവർത്തികൾ നിശ്ചയിക്കുന്ന വിലയ്കു തന്റെ ഉൽപ്പന്നങ്ങൾ വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നു. ഉദാഹരണത്തിന്നു 1000 നാളീകേരത്തിന് ഒരു ദിവസം 3,500 രൂപയാണെങ്കിൽ അടുത്ത ദിവസം 2,500 രൂപയായി കുറയുന്നതു കാണാം. സ്വന്തം ഉപയോഗത്തിന്നു പോലും തികയാത്ത അവസ്ഥയാണ് നെല്ലുൽപാദനക്കാര്യത്തിലുള്ളത്. അതുകൊണ്ടുതന്നെ നെല്ലു മാർക്കറ്റിൽ വിൽപനക്കെത്താറില്ല. പ്രധാനമായും വിറ്റഴിക്കുന്ന ഉൽപന്നങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഉല്പന്നം | കൃഷിചെയ്യുന്ന സ്ഥലം, വിസ്തീർണ്ണം | ഉല്പാദന ക്ഷമത | മൊത്തം ഉല്പാദനം | വില. (ശരാശരി) രൂപയിൽ |
|---|---|---|---|---|---|
| 1 | തേങ്ങ | 2667 ഹെക്ടർ | 4800 Nos. | 12801600 Nos. | 2800 / 1000 |
| 2 | അടക്ക | 45 ഹെക്ടർ | 160043 Nos. | 6881849 Nos. | 60 Kg. |
| 3 | കുരുമുളക് | 51 ഹെക്ടർ | 227 Kg. | 14127 Kg. | 55 Kg. |
| 4 | കശുവണ്ടി | 406 ഹെക്ടർ | 889 Kg. | 360934 Kg. | 25 Kg. |
| 5 | വാഴ (നേന്ത്രവാഴ) | 105 ഹെക്ടർ | 7483 Kg. | 785515 Kg. | 8 Kg. |
| 6 | മരച്ചീനി | 30 ഹെക്ടർ | 19134 Kg. | 574020 Kg. | 3.5 Kg. |

*അവലംബം : സെക്കന്റിഡേറ്റ കൃഷിഭവൻ*

പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷിക കോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണന സൗകര്യങ്ങളില്ലാത്തതിനാൽ അടുത്ത മാർക്കറ്റായ കൂത്തുപറമ്പിനെ ആശ്രയിക്കുന്നു. കൂടാതെ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനവും ഇവിടെയില്ല. ഇതിന്റെ ഫലമായി കർഷകർക്ക് സാമ്പത്തിക നഷ്ടവും അനുഭവപ്പെടുന്നു. പ്രധാനമായും വാഴ കൃഷിക്കാരും നാളീകേര കൃഷിക്കാരുമാണ് ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയമാകുന്നത്.

## കാർഷിക ബന്ധങ്ങൾ

പഞ്ചായത്തിലെ കൃഷിഭൂമി സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 33. 31 | 33. 31 |
| 2 | നിലം | -- -- | 90. 02 ഹെക്ടർ |
| 3 | പുരയിടം | -- -- | 2843.08 ഹെക്ടർ |
| 4 | പുറമ്പോക്ക് | -- -- | 1. 20 ഹെക്ടർ |
| 5 | തരിശ് കൃഷി യോഗ്യം | -- -- | 1. 20 ഹെക്ടർ |
| 6 | തരിശ് കൃഷി യോഗ്യമല്ലാത്ത | -- -- | -- -- |
| | **ആകെ** | | **3331.00.** |

*അവലംബം : സെക്കന്ററിഡേറ്റ കൃഷിഭവൻ*

കാർഷികബന്ധ നിയമ പ്രകാരം പ്രാബല്യത്തിൽ വന്നതോടുകൂടി ജന്മികുടിയാൻ ബന്ധത്തിൽ മാറ്റം വരുകയും ഭൂരഹിതകർഷകർ ഭൂവുടമകളായിത്തീരുകയും ചെയ്തു. വൻകിട കർഷകരുടെ എണ്ണം കുറഞ്ഞു വന്നു. കുടുംബബന്ധങ്ങളിലെ മാറ്റം കൃഷിഭൂമി തുണ്ടം തുണ്ടമായി ഭാഗിക്കുന്നതിലേക്ക് നയിച്ചു. തങ്ങളുടെ ഭൂമിയിൽ അധ്വാനിക്കുന്ന കർഷകരുടെ എണ്ണം നാൾക്കു നാൾ കുറഞ്ഞുവരികയാണ്. ഭൂമി തുണ്ടവൽക്കരിക്കപ്പെട്ടതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| **കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം** | **മൊത്തം ഉല്പാദനം** |
|---|---|
| 1 സെന്റിന്നും 10 സെന്റിന്നും ഇടക്ക് | 876 |
| 10 സെന്റിന്നും 25 സെന്റിന്നും ഇടക്ക് | 1763 |
| 25 സെന്റിന്നും 50 സെന്റിന്നും ഇടക്ക് | 1757 |
| 50 സെന്റിന്നും 100 സെന്റിന്നും ഇടക്ക് | 1559 |
| 1 ഏക്കറിന്നും 2 ഏക്കറിനും ഇടക്ക് | 1143 |
| 2 ഏക്കറിന്നും 5 ഏക്കറിനും ഇടക്ക് | 524 |
| 5 ഏക്കറിന്നും മേൽ | 125 |
| **മൊത്തം** | **7747** |

*അവലംബം : സെക്കന്ററിഡേറ്റ കൃഷിഭവൻ*

## കൂലിവേതന വ്യവസ്ഥകൾ :

പഞ്ചായത്തിലെ കാർഷിക മേഖലയിലെ വേതനനിരക്കു താഴെ കൊടുക്കുന്നു.

| | ഇനം | 1 ദിവസത്തെ വേതനം | | | |
|---|---|---|---|---|---|
| | | പുരുഷൻ | | സ്ത്രീ | |
| 1 | കിളക്കൽ | 100 | 00 | -- | |
| 2 | ഉഴുവ് | 150 | 00 | -- | |
| 3 | ഞാറുനടൽ | | | 35 | 00 |
| 4 | കളപറിക്കൽ | | | 35 | 00 |
| 5 | കൊയ്തുമെതി | | | 13 ഇടങ്ങഴി | |
| 6 | തേങ്ങ ഇടൽ | 125 | 00 | -- | |
| 7 | കീടനാശിനി തളിക്കൽ | 100 | 00 | -- | |

*അവലംബം : പഠന പര്യടനം ട്രാൻസെറ്റ്‌വോക്ക്*

കർഷകത്തൊഴിലാളികളുടെ വേതനത്തിൽ പലമേഖലകളിലും പല പ്രദേശങ്ങളിലും ഏറ്റക്കുറച്ചിലുകൾ കണ്ടുവരുന്നു. ഒരു ഏകീകൃത വേതന നിരക്ക് ഇവിടെ പ്രായോഗിക തലത്തിലില്ല. മാത്രമല്ല സ്ത്രീ- പുരുഷ തൊഴിലാളികളുടെ ഇടയിൽ ഒരേ ജോലിക്കു തന്നെ വ്യത്യസ്ത കൂലിനിരക്കാണ് നിലവിലുള്ളത്. മിക്ക കർഷകതൊഴിലാളികൾക്കും വർഷത്തിൽ ഏതാനും മാസമേ ജോലി ലഭിക്കുന്നുള്ളൂ. മുൻകാലങ്ങളിൽ വർഷത്തിൽ രണ്ടുതവണ തെങ്ങിൻ തോപ്പുകൾ കിളപ്പിക്കുന്ന പല കർഷകരും അതൊരുതവണ മാത്രമായി ചുരുക്കിയിരിക്കുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ കൊട്ടവെക്കൽ എന്നീ ജോലികൾ ഇപ്പോൾ പല കർഷകരും ചെയ്യുന്നില്ല. കാർഷികവൃത്തി എന്നത് അഭിമാനത്തിന് ഭൂഷണമല്ല എന്ന ചിന്താഗതി യുവജനങ്ങളുടെ ഇടയിൽ വളർന്നു വന്നിട്ടുണ്ട്.

### വളം ഉപയോഗം

കഴിഞ്ഞ മൂന്ന് വർഷമായി നമ്മുടെ പഞ്ചായത്തിൽ വിപണനം നടത്തിയ രാസവളത്തിന്റെയും കീടനാശിനിയുടെയും കണക്ക് താഴെ കൊടുക്കുന്നു.

| | 1993 - 94 | | | 1994 - 95 | | | 1995 - 96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം കിലോ | കീടനാശിനി | | രാസവളം കിലോ | കീടനാശിനി | | രാസവളം കിലോ | കീടനാശിനി | |
| | | ദ്രവ്യം | ഖരം | | ദ്രവ്യം | ഖരം | | ദ്രവ്യം | ഖരം |
| N | 109000 | | | 150000 | | | 175000 | | |
| P | 71000 | | | 100000 | | | 125000 | | |
| K | 110000 | 400 Litre | 1800 Kg. | 160000 | 410 Litre | 1500 Kg. | 175000 | | |
| **ആകെ** | **290000** | **400** | **1800** | **410000** | **410** | **1500** | **475000** | - | - |

*അവലംബം : സെക്കന്ററി ഡേറ്റ കൃഷിഭവൻ*

പഞ്ചായത്തിൽ രണ്ടു വളം ഡിപ്പോകൾ ഉള്ളതിൽ ഒന്ന് സഹകരണ മേഖലയിലും മറ്റൊന്ന് പ്രൈവറ്റ് മേഖലയിലുമാണ്. ഇപ്പോൾ പ്രൈവറ്റ് മേഖലയിൽ ഉള്ളത് മാത്രമേ കാര്യമായി പ്രവർത്തിക്കുന്നുള്ളൂ. കർഷകർ അധികവും അടുത്ത കൂത്തുപറമ്പു മാർക്കറ്റിനെയാണ് വളത്തിന് ആശ്രയിക്കുന്നത്. ജൈവവളത്തിന്റെയും ജൈവകീടനാശിനികളുടെയും പ്രാധാന്യം കർഷകരിൽ എത്തിക്കുവാനായി പഞ്ചായത്തിൽ സെമിനാറുകൾ സംഘടിപ്പിക്കണം. "ട്രോപ്ബാക്ട്രിൻ" എന്ന ജീവാണുവളത്തെക്കുറിച്ചും ചെലവു കുറഞ്ഞ രീതിയിൽ ഇത് എങ്ങിനെ ഉപയോഗിക്കാമെന്നും കർഷകർക്കു പ്രദർശനത്തോട്ടങ്ങൾ വഴി തന്നെ മനസ്സിലാക്കിക്കൊടുക്കന്നതു നന്നായിരിക്കും. കരിങ്കല്ലു വേലികൾക്കും മതിലുകൾക്കും പകരം ജൈവവേലികൾ കെട്ടേണ്ടുന്ന ആവശ്യവും കരർഷകരെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. കമ്പോസ്റ്റ് കുഴികൾക്ക് പ്രോത്സാഹനം നൽകി നമ്മുടെ ജൈവസമ്പത്തിന് പരമാവധി പ്രയോജനപ്പെടുത്താൻ കൃഷിഭവൻ മുൻകൈ എടുക്കേണ്ടതാണ്. ആവശ്യം കഴിഞ്ഞ് ഉപേക്ഷിക്കുന്ന ബീഡിയിലയുടെ അവശിഷ്ടം കമ്പോസ്റ്റായി രൂപപ്പെടുത്താവുന്നതാണ്.

**കർഷകസംരംഭങ്ങൾ**

ഈ പഞ്ചായത്തിൽ 6 നെൽകർഷക സമിതികളും ഒരു കേരസംരക്ഷണ സമിതിയും ആണുള്ളത്. എന്നാൽ വട്ടിപ്രം കിരാച്ചി ഗ്രൂപ്പ് സമിതികളൊഴിച്ച് മറ്റൊന്നും കാര്യക്ഷമമല്ല. കൂടുതൽ ജനപങ്കാളിത്തത്തോടെ അവയെ പുനരുദ്ധരിക്കുകയും മറ്റ് സ്ഥലങ്ങളിൽ പുതിയ സമിതികൾക്കു രൂപം കൊടുക്കയും വേണം.

**നീർമറി പദ്ധതികൾ**

പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ഒന്നോ രണ്ടോ നീർമറി പദ്ധതികൾ തുടങ്ങുകയും മണ്ണു സംരക്ഷണവും ജലസംരക്ഷണവും നടപ്പിലാക്കുകയും വേണം. പഞ്ചായത്തിലെ മിക്ക കുന്നുകളിന്മേലും കാണുന്ന ഉൽപ്പാദനം കുറഞ്ഞ തെങ്ങുകൾ. മുറിച്ചുമാറ്റി അവിടെ കശുമാവുകൃഷി ചെയ്യാനുള്ള വായ്പ്പകൾ നൽകി പ്രോത്സാഹിപ്പിക്കണം.

**പഴശ്ശിജലസേചന പദ്ധതി**

പഴശ്ശി ജലസേചനപദ്ധതിയുടെ കനാലുകൾ ഈ പഞ്ചായത്തിലെ മാങ്ങാട്ടിടം വില്ലേജിന്റെ വിവിധ ഭാഗങ്ങളിലൂടെ കടന്നു പോകുന്നുണ്ട്. ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞുവെങ്കിലും ആസൂത്രിതമായ രീതിയിൽ ഈ കനാലിൽകൂടി കൃഷിക്കു വെള്ളം തുറന്നു കൊടുത്തിട്ടില്ല. അനവസരങ്ങളിൽ കനാലിൽകൂടി വെള്ളം തുറന്നു വിടുന്നത് പയർ പച്ചക്കറി കൃഷികളെ പ്രതികൂലമായി ബാധിക്കാറുണ്ട്. ആസൂത്രിതമായ രീതികളിൽ മാഹി ബ്രാഞ്ച് കനാലിൽകൂടി വെള്ളം തുറന്നു വിടുകയാണെങ്കിൽ മാങ്ങാട്ടിടം വില്ലേജിലെ 365 ഏക്കർ സ്ഥലം കൃഷിയോഗ്യമാക്കാൻ കഴിയും താഴെ പറയുന്ന പട്ടിക നോക്കുക.

| ക്രമ നമ്പർ | കനാലിന്റെ പേര് | ജലസേചനം നടത്താവുന്ന സ്ഥലം ഹെക്ടറിൽ |
|---|---|---|
| 1 | കുറുമ്പക്കൽ ഫീൽഡ് ബോത്തി | 19. 292 |
| 2 | മാങ്ങാട്ടിടം ഫീൽഡ് ബോത്തി | 43. 257 |
| 3 | ശങ്കരനെല്ലൂർ ഫീഡ് ബോത്തി | 22. 200 |
| 4 | പാതിരിയാട് ഡിസ്ട്രി ബ്യൂട്ടറി കനാലിന്റെ | |
| | ഡയരക്ട് Sluice ഡി കിരാച്ചി | 24. 686 |
| 5 | കോയിലോട് | 38. 350 |

*അവലംബം : പഴശ്ശി ഇറിഗേഷൻ എൻജിനീയറിംഗ് ഓഫീസിലെ കണക്ക്* **147. 785 അഥവാ 365 ഏക്കർ**

മേൽസൂചിപ്പിച്ച കനാലിൽ കൂടി ജലം തുറന്ന് വിടകയാണെങ്കിൽ മാങ്ങാട്ടിടം വില്ലേജിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

**മാങ്ങാട്ടിടം കൃഷിഭവൻ മുഖാന്തിരം പഞ്ചായത്തിൽ 1995-96 വർഷം നടപ്പിലാക്കിയ പദ്ധതികൾ.**

| ക്രമ നമ്പർ | പദ്ധതിയുടെ പേർ | ലക്ഷ്യം | | പൂർത്തീകരിച്ചത് | | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|
| | | എണ്ണം | തുക (രൂപ) | എണ്ണം | തുക (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | നെൽകൃഷിക്കുള്ള ഉല്പാദന ബോണസ് (1, 2, 3 വിളകൾക്കു) | 155 ഹെക്ടർ | 38750 | 155 ഹെക്ടർ | 38750 | 913 |
| 2 | സമഗ്ര നാളികേര വികസനം<br>കിണർ<br>പമ്പ് സെറ്റ്<br>കിണർ (എസ്. സി) | <br>40<br>35<br>1 | <br>100000<br>87500<br>10000 | <br>40<br>35<br>1 | <br>100000<br>87500<br>10000 | <br>40<br>35<br>1 |
| 3 | സ്പെഷൽ കംപോണന്റ് പ്ലാൻ<br>രാസവളം<br>പമ്പ് സെറ്റ് | 16. 134<br>3 Nos. | 15.000<br>29700 | 16.134<br>3 | 14973<br>28500 | 77<br>3 |
| 4 | കശുമാവ് വികസനം<br>മരുന്നു തളി<br>ഊർജ്ജിത കശുമാവ് വികസനം<br>1ാം വർഷം<br>2ാം വർഷം<br>3ാം വർഷം | <br>90 Hect<br><br>5<br>5<br>1. 25 | <br>27000<br><br>7500<br>7500<br>1062 | <br>90 Hect<br><br>5<br>5<br>1.25 | <br>27000<br><br>7500<br>7500<br>1062 | <br>105<br><br>21<br>19<br>16 |
| 5 | ജൈവ വള വികസനം<br>കമ്പോസ്റ്റ് കുഴിക്കൽ<br>ട്രെയിനിംഗ്<br>ബയോഫർടിലൈസർ | <br>100Nos.<br>5<br>1 | <br>2500<br>1000<br>500 | <br>100 Nos.<br>5 Nos.<br>1 | <br>2500<br>1000<br>500 | <br>100<br>236<br>1 |
| 6 | മഹാളിക്കെതിരെ മരുന്നു തളി | 10 Hect | 4000 | 8.48 Hec | 3933 | 49 |
| 7 | പ്രകൃതിക്ഷോഭം<br>വിള ഇൻഷൂറൻസിന്റെ ആനുകൂല്യം അയച്ചത് | | | | 16150 | |
| 8 | മിനി കിറ്റ് വിതരണം കിഴങ്ങു വർഗ്ഗം | 5 Nos | 1000 | 5 No. | 1000 | 5 |

**മാങ്ങാട്ടിടം കൃഷിഭവൻ മുഖാന്തിരം പഞ്ചായത്തിൽ 1995-96 വർഷം നടപ്പിലാക്കിയ പദ്ധതികൾ.**

| ക്രമ നമ്പർ | പദ്ധതിയുടെ പേർ | ലക്ഷ്യം | | പൂർത്തീകരിച്ചത് | | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|
| | | എണ്ണം | തുക (രൂപ) | എണ്ണം | തുക (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 9 | റജിസ്റ്റേർഡ് സീഡ് ഗ്രോ വേർസ് പ്രോഗ്രാം | 0.5 Healt ഹെക്ടർ | 275 | 0.5 Hect | 275 | 1 |
| 10 | കുളം നിർമ്മാണവും പമ്പ്സെറ്റ് സ്ഥാപിക്കലും | 1 | 262000 | 1 | 162000 | |
| 11 | യൂത്ത് പ്രോഗ്രാം | | | | | |
| | പച്ചക്കറി | 1 | 5000 | 1 | 5000 | 1 |
| | മരുന്നടിയന്ത്രം | 1 | 3500 | 1 | 3500 | 1 |
| | ഫുഡ് പ്രോസസ്സിംഗ് | 2 | 8000 | 2 | 8000 | 2 |
| | പരിശീലനം | 111 | 2775 | 111 | 2775 | 111 |
| | യൂത്ത് പ്രോഗ്രാം. (എസ്. സി) | 4 | 4000 | 4 | 4000 | 4 |

കൃഷിഭവൻ നടപ്പാക്കുന്ന പദ്ധതികളെകുറിച്ച് പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും കർഷകർക്കു യഥാസമയം വിവരങ്ങൾ ലഭിക്കുന്നില്ല എന്നത് എല്ലാ ഗ്രാമസഭകളിലും നടന്ന ഗ്രൂപ്പപു ചർച്ചകളിൽ ഉന്നയിച്ച ഒരു പ്രശ്നമാണ്. ഓരോ നടപ്പു വർഷവും ഓരോ വാർഡിലേയും കർഷകരെ വിളിച്ചു ചേർത്തു ആ വർഷം ഈ പഞ്ചായത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെകുറിച്ചുള്ള വിശദവിവരങ്ങൾ കർഷകർക്കു പകർന്നു കൊടുക്കാനുള്ള പദ്ധതികൾ കൃഷിഭവൻ ആവിഷ്ക്കരിക്കുന്നത് നന്നായിരിക്കും. അടുത്തകാലത്തായി ഈ പഞ്ചായത്തിൽ തെങ്ങുകൾക്കു മാരകമായി കണ്ടു വരുന്ന ചെന്നീരൊലിപ്പും "ഡയാ കലണ്ടറാ" എന്ന കീടത്തിന്റെ ഉപദ്രവവും നിയന്ത്രിക്കാനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

### ആധുനിക കൃഷികൾ

ഓർക്കിഡ്, ആന്തൂറിയം, എന്നീ ഉദ്യാനകൃഷികളിലും കൂൺകൃഷി, ഔഷധകൃഷി മുതലായ ആധുനിക കൃഷികളിലും ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു. പ്രദർശനത്തോട്ടങ്ങൾ ഉണ്ടാക്കുന്നതും നല്ലതാണ്.

### പ്രശ്നങ്ങൾ

പഞ്ചായത്തിലെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. വെള്ളക്കെട്ടുമൂലം കൃഷി നശിക്കുന്നു.

2. നെല്ല്, വാഴ, പച്ചക്കറി മുതലായ കൃഷി നേരിടുന്ന ജലദൗർലഭ്യം.

3. മണ്ണൊലിപ്പു മൂലം ഫല ഭൂയിഷ്ടമായ മേൽമണ്ണ് ഒഴുകിപ്പോകൽ.

4. നെൽപ്പാടങ്ങൾ നികത്തപ്പെടുന്നു.

5. കൃഷിഭൂമിയുടെ P.H. ഘടനയെ കുറിച്ചും മണ്ണിലടങ്ങിയിട്ടുള്ള പോഷ.കങ്ങളെക്കുറിച്ചുമുള്ള അറിവില്ലായ്മ.

6. അത്യുൽപ്പാദനക്ഷമതയുള്ള വിത്തുകളു

ടെയും നടീൽ വസ്തുക്കളുടെയും അഭാവവും അവിശ്വാസവും.

7. ഏകീകൃത കൃഷിസമ്പ്രദായത്തിന്റെ അഭാവം.

8. രോഗബാധയും കീടബാധയും.

9. ഉൽപ്പാദനക്ഷമത കുറഞ്ഞുവരുന്നു.

10. ജൈവവളക്ഷാമം.

11. കാർഷിക യന്ത്രോപകരണങ്ങൾ കിട്ടാനില്ല.

12. ഉൽപ്പന്നങ്ങൾക്കുള്ള വിലക്കുറവ്.

13. ഉൽപ്പാദനച്ചിലവ് കൂടുന്നു. വിദഗ്ദതൊഴിലാളികളുടെ അഭാവം.

14. കൃഷിഭവന്റെ ആവശ്യമായ സഹായം ലഭിക്കുന്നില്ല.

15. നിലവിലുള്ള ജലസേചന പദ്ധതികൾ പ്രവർത്തിക്കുന്നില്ല.

16. മഴക്കാലങ്ങളിൽ നല്ല കൊപ്രഉണ്ടാക്കാൻ പറ്റുന്നില്ല.

17. വായ്പ്പാ സൗകര്യങ്ങൾ ലഭ്യമല്ല.

18. അമിതമായ കീടനാശിനി പ്രയോഗം.

19. പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കാനുള്ള ഊർജ്ജത്തിന്റെ അഭാവം.

20. നൂതനകൃഷിയെ സംബന്ധിച്ചുള്ള അറിവില്ലായ്മ.

**സാധ്യതകൾ**

1. നിലവിലുള്ള തോടുകൾ ആഴം കൂട്ടി വശങ്ങളൾ കെട്ടിയാൽ നീർക്കെട്ടു പ്രശ്നം പരിഹരിക്കാം. കൂടാതെ ജലനിർഗ്ഗമനച്ചാലുകളും നിർമ്മിക്കണം.

2. നിലവിലുള്ള നിരവധി കുളങ്ങൾ നന്നാക്കുക. പുതിയ കുളങ്ങൾ നിർമ്മിക്കുക. ജലസേചനചാലുകൾ നിർമ്മിക്കുക. നിലവിലുള്ള തോടുകളിലും പുഴകളിലും തടയണ നിർമ്മിക്കുക. V.C-.B. സംരക്ഷിക്കുക.

3. നീർമറി പ്രദേശമായി മാറ്റിക്കൊണ്ട് ജനപങ്കാളിത്തത്തോടെ മണ്ണ്-ജല സംരക്ഷണ പരിപാടികൾ നടപ്പിലാക്കുക.

4. കാർഷിക ബോധവൽക്കരണം. 5. മണ്ണു പരിശോധന.

6. അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളും നടീൽവസ്തുക്കളും ലഭ്യമാക്കുക. പഞ്ചായത്തിൽ നഴ്സറി തുടങ്ങുക.

7. ഗ്രൂപ്പുഫാമിംഗും കർഷകബോധവൽക്കരണവും.

8. ആവശ്യമായ സ്പ്രെയറും, മരുന്നും യന്ത്രോപകരണങ്ങളും ലഭ്യമാക്കുക.

9. ശാസ്ത്രീയ കൃഷിരീതികളെ കുറിച്ചുള്ള ബോധവൽക്കരണം.

10. കമ്പോസ്റ്റുനിർമ്മാണം, ജൈവവളച്ചെടികൾ വെച്ചുപിടിപ്പിക്കൽ.

11. ആഗ്രോ ക്ലീനിക്ക് സ്ഥാപിക്കുക.

12.പർച്ചേസിങ്ങ് സെന്ററുകൾ തുടങ്ങുക, പൊതുമാർക്കറ്റുകൾ ആരംഭിക്കുക.

13. ട്രില്ലറുകളും മറ്റാധുനിക സൗകര്യങ്ങളും ലഭ്യമാക്കുക.

14. കൃഷിയുദ്യോഗസ്ഥന്മാർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും വാർഡ് സന്ദർശിക്കുക.

15. വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യിക്കുക.

16. കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുക.

17. വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുക.

18. വൈദ്യുതിയും ഇന്ധനങ്ങളും ലഭ്യമാക്കുക.

19. സെറികൾച്ചർ രീതി പ്രചരിപ്പിക്കുക.

20. പ്രദർശനത്തോട്ടം നടപ്പിലാക്കുക.

21. ഉദ്യാനകൃഷി പരിപോഷിപ്പിക്കുക.

22. വ്യാപകമായി പച്ചക്കറികൃഷി നടപ്പിലാക്കുക.

23. കൂൺകൃഷി, ഉദ്യാനകൃഷി, ഔഷധകൃഷി എന്നിവ പ്രോത്സാഹിപ്രിക്കുക.

# മൃഗസംരക്ഷണം

മൂന്ന് ദശകങ്ങൾക്കു പിന്നിലുള്ള അറിവും അനുഭവങ്ങളും വിലയിരുത്തിയാൽ ഇന്നത്തെ തല മുറയ്ക്ക് അത്ഭുതമുളവാക്കത്തക്ക ചില വിവരങ്ങൾ കണ്ടെത്താൻ കഴിയും. നമ്മുടെ ഗ്രാമങ്ങളിലെ പ്രധാന സമ്പത്ത് കന്നുകാലികളായിരുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. ജനങ്ങളേ താണ്ട് എല്ലാവരും തന്നെ കർഷകരായിരുന്നതിനാൽ വീടുകളിൽ കന്നുകാലികൾ സാധാരണയായിരുന്നു. ഇവയ്ക്കുള്ള മേച്ചിൽ സ്ഥലങ്ങളായി ധാരാളം വ ളിംപറമ്പുകളും കുറ്റിക്കാടുകളും ലഭ്യമായിരുന്നു. ഇവയെ തീറ്റാനായി കാലിമേക്കുന്നവരും ധാരാളം നമ്മുടെ നാട്ടിലുണ്ടായിരുന്നു. കന്നുകാലികൾക്കു വെള്ളം കുടിക്കുന്നതിനായി വഴിയോരങ്ങളിൽ " ധർമ്മക്കിണറി"(പൊതുകിണർ)ന്നടുത്തായി കൊ ട്ടത്തളങ്ങളും ഇറങ്ങിച്ചെന്നു വെള്ളം കുടിക്കാൻ പാ കത്തിൽ "വാലൻകുള "ങ്ങളും ഉണ്ടായിരുന്നതിന്റെ അവശിഷ്ടങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഇന്നും കാണാനുണ്ട്. പശുവും കാളയും ഒരുമിച്ച് മേഞ്ഞുനടക്കുന്നതുകൊണ്ട് വംശവർദ്ധനവിന്റെ കാ ര്യത്തിൽ പോലും ഉടമസ്ഥർ ശ്രദ്ധിക്കേണ്ടി വന്നിരു ന്നില്ല.

അക്കാലത്തു കന്നുകാലികളെ "പോറ്റാൻ കൊ ടുക്കുക" എന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. പശു വിന്റെ കറവ തീരുന്ന മുറയ്ക്കു പശുക്കുട്ടിയെ വളർത്താനായി അയൽവക്കത്തുള്ളവർക്കോ മറ്റു വി ശ്വസ്ഥർക്കോ കൊടുക്കുന്നു. മിക്കവാറും ഒരു വയസ്സു മാത്രം പ്രായം കാണുന്ന കുട്ടിയെ രണ്ടോ മൂന്നോ വർഷം വളർത്തി ഇണചേർത്ത് പ്രസവിച്ചാൽ ആ കറവും പശുക്കുട്ടിയും പോറ്റിയ ആൾക്കും പിന്നീട് ഇണചേർത്ത് പ്രസവിച്ച് കഴിഞ്ഞാൽ പശുവിനേയും കിടാവിനെയും യഥാർത്ഥ ഉടമസ്ഥനു പ്രതിഫലമി ല്ലാതെ തിരച്ചേൽപ്പിക്കുകയും ചെയ്യുക എന്നതായി രുന്നു സമ്പ്രദായം. വളർത്തുന്നവന് ഒരു കറവയും ആ കറവയിലുണ്ടാകുന്ന കന്നുകിടാവുനെയും ലഭി ക്കുന്നു. കിടാരിയാണെങ്കിൽ വംശവർദ്ധനവും നടക്കും. കന്നു കുട്ടി നഷ്ടപ്പെട്ടു പോയാലോ കറവ ലഭിക്കാതെ പോയാലോ ഉടമസ്ഥന് അതിനെ അടുത്ത പ്രസവത്തോടുകൂടി മാത്രമേ തിരിച്ചേൽപ്പി ക്കേണ്ടതുള്ളൂ. പലരും ഈ കരാറുകൾ ലംഘിക്കു കയും പ്രതിഫലം ആവശ്യപ്പെടാനും തുടങ്ങിയതോ ടെയാവാം ഈ സമ്പ്രദായം നിൽക്കാൻ കാരണം.

വളർത്തു മൃഗങ്ങൾക്കു അസുഖം പിടിപെട്ടാൽ ചികിത്സക്കായി നമ്മുടെ ഗ്രാമങ്ങളിൽ "മൂരിദർസർ" എന്ന അറിയപ്പെടുന്ന മൃഗചികിത്സകൻ ഉണ്ടായി രുന്നു. ഉദാഹരണം : കന്നുകാലികൾ മരച്ചീനിയില തിന്നുപോയാൽ പേരയുടെ ഇല പിഴിഞ്ഞ് നീരെ ടുത്ത് കൊടുക്കാറാണ് പതിവ്. അതുപോലെ തന്നെ വയറിളക്കത്തിനു കായൽച്ചെടിയുടെ ഇലയും കുള മ്പുദീനത്തിനു തേക്കിൻകാതൽ കത്തിച്ചുണ്ടാക്കുന്ന ജാതിയെണ്ണയും ഉപയോഗപ്പെടുത്തിയിരുന്നു. പ്രസ വത്തിനു ശേഷം മറുപിള്ള വീഴാൻ താമസം നേരി ട്ടാൽ നന്നായി പുഴുങ്ങിയ നെല്ലും തീറ്റിയതായി കാ ണാറുണ്ട്. മറുപിള്ളയെടുക്കാൻ നാടൻ പേറ്റിച്ചിമാ രുടെ സഹായവും ഉപയോഗപ്പെടുത്താറുണ്ട്. വർഷ കാലങ്ങളിൽ കണ്ടുവരാറുള്ള പനി പോലുള്ള അസു ഖങ്ങൾക്ക് കുറേ ഔഷധച്ചെടികളുടെ ഇലകൾ കഷായം വെച്ചു കുടിപ്പിക്കുമായിരുന്നത്രേ.

സല്പമെങ്കിലും കൃഷിയുണ്ടായിരുന്ന കർഷകന്റെ വീട്ടിൽ ഒരു ജോഡി കാളയെങ്കിലുമുണ്ടായിരുന്നു. ഇവയെ മാത്രമാണ് കർകർ പ്രത്യേക പരിചരണം നൽകി സംരക്ഷിച്ചിരുന്നത്. ഗ്രാമങ്ങളിലും പട്ടണങ്ങളിലും കാർഷികോൽപ്പന്നങ്ങൾ കൊണ്ടുപോകുന്നതിനും മറ്റുമായി ധാരാളം കാളവണ്ടികളും ഉണ്ടായിരുന്നു. മിക്ക വീടുകളിലും പ്രത്യേകിച്ച് മുസ്ലിം സമുദായത്തിൽ പെട്ടവരുടെ വീടുകളിൽ ആടുവളർത്തലും കോഴിവളർത്തലും ഉണ്ടായിരുന്നു.

ഇത്രയൊക്കെ ആയിരുന്നെങ്കിലും വിപണനത്തിനായി പാൽ ഉൽപ്പാദിപ്പിക്കുന്ന സമ്പ്രദായം അന്നു വിരളമായിരുന്നു. ഉൽപ്പാദിപ്പിക്കുന്ന പാൽ സ്വന്തം ആവശ്യത്തിനും ആശ്രിതർക്കും മാത്രം വിതരണം ചെയ്യും. ആവശ്യമുള്ളത്ര മാത്രം കറന്നെടുക്കുകയായിരുന്നു പതിവ്. മിക്ക വീടുകളിലും കറവയുള്ളതിനാൽ വിപണനം ഒരു ആവശ്യമായിരുന്നില്ല.

എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ മുൻ പറഞ്ഞ രീതിയിലുള്ള കാലിവളർത്തൽ നമുക്ക് സ്വപ്നം കാണാൻ പോലും സാധ്യമല്ല. വർദ്ധിച്ചു വന്ന ജനപ്പെരുപ്പവും മാറി വരുന്ന കൃഷിമുറകളും മറ്റും ഇതിന്നു ഒരു കാരണമാണ്. ഇന്നു ആധുനിക രീതിയിലുള്ള കാലിവളർത്തൽ രീതി നാം അവലംബിച്ചേ മതിയാവൂ. നാടൻ ജനുസ്സുകളിൽപ്പെട്ട കന്നുകാലികൾ ധാരാളമുണ്ടായിരുന്നെങ്കിലും പാൽ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കമായിരുന്നു.

## പഞ്ചായത്തിലെ കറവപ്പശുക്കൾ

| വർഷം | നാടൻഇനം | സങ്കരഇനം | ആകെ | സങ്കര ഇനം ശതമാനം |
|---|---|---|---|---|
| 1987 | 1176 | 603 | 1779 | 33.8% |
| 1995 | 74 | 1641 | 1815 | 90. 42& |

*അവലംബം–1987, 1995 കന്നുകാലി സെൻസസ്.*
*N-.B. ഇതിൽ തന്നെ 259 നാടൻ പശുക്കളും 2384 സങ്കര ഇനം പശുക്കളും (കറവയില്ലാത്തവയടക്കം) മൃഗസംരക്ഷണ വകുപ്പിൽ നിന്നും ശേഖരിച്ച കണക്കുകളിൽ പറയുന്നുണ്ട്.*

മേൽപറഞ്ഞ കണക്കനുസരിച്ച് പഞ്ചായത്തിലെ ഇപ്പോഴത്തെ പാലുൽപ്പാദനം നാടൻ പശുവിൽ നിന്ന് ഏകദേശം 2 ലിറ്റർ വച്ച് കണക്കാക്കിയാൽ 348 ലിറ്റർ പാലും സങ്കര ഇനത്തിൽ നിന്ന് 5 ലിറ്റർ വച്ച് കണക്കാക്കിയാൽ 8205 ലിറ്ററും കൂടി 8553 ലിറ്റർ ആണെന്നു കണക്കാക്കാം.

ഈ പഞ്ചായത്തിൽ മൃഗസംരക്ഷണരംഗത്ത് കർഷകരെ സഹായിക്കാനായി 1990ൽ സ്ഥാപിക്കപ്പെട്ട I.C-.D-.P. സ്ഥാപനമല്ലാതെ മറ്റു സ്ഥാപനങ്ങളൊന്നും തന്നെ ഇല്ല. ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ സംഭരിച്ച് വിതരണം നടത്താനുള്ള ക്ഷീരസംഘങ്ങളോ ചികിത്സാരംഗത്തോ മറ്റു പരിശീലന രംഗത്തോ ഒരു മൃഗചികിത്സകന്റെ സേവനമോ ലഭ്യമല്ല. 30–3–90ൽ ഒരു I.C-.D-.P. സെന്റർ മുന്നാം പീടികയിലുള്ള ഒരു വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭൗതിക സാഹചര്യത്തിന്റെ കാര്യത്തിൽ വളരെയേറെ പരിമിതികൾ ഇതിനുണ്ട്. ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടമുണ്ടാകേണ്ടത് ഒഴിച്ചു കൂടാനാവാത്തതാണ്.

പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തുള്ളവർക്കും ഈ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലെങ്കിലും താഴെ കാണുന്ന രീതിയിലുള്ള വർദ്ധനവ് അഭിമാനകരമാണ്. 1990 മാർച്ച മാസം ഈ സ്ഥാപനം ആരംഭിച്ചതു മുതൽ 1994 മാർച്ച് അവസാനം വരെ ഈ സ്ഥാപനത്തിൽ നിന്ന് മാത്രം കൃത്രിമ ബീജസങ്കലനം നടത്തിയ കണക്കുകൾ താഴെകൊടുക്കുന്നു.




*അവലംബം സെന്റിഡേറ്റ*

മേൽപറഞ്ഞ കണക്കുകൾ സൂചിപ്പിക്കുന്നത് എണ്ണത്തിലുള്ള വർദ്ധനവിന് പുറമെ കർഷകർക്കു സങ്കരയിനങ്ങളോടുള്ള താൽപര്യം കൂടുന്നു എന്നാണ്. കൂടാതെ വേങ്ങാട്, കൂത്തുപറമ്പ് മൃഗാശുപത്രിയും ബീജസങ്കലനത്തിനും ചികിത്സയ്ക്കും ഉപയോഗപ്പെടുത്താറുണ്ട് നമ്മുടെ ക്ഷീരകർഷകർ എന്ന വസ്തുതയും കണക്കിലെടുക്കേണ്ടതാണ്.

മാങ്ങാട്ടിടം I.C-.D-.P. മുഖാന്തിരം താഴെ പറയുന്ന പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയതായി ഓഫീസ് രേഖകളിൽ കാണുന്നു.

1. ഗോരക്ഷാ ക്യാമ്പുകളിലായി 110 മൃഗങ്ങളെ ചികിത്സിച്ചു.

2. മാതൃകാ ആലയും പശുവും പദ്ധതി പ്രകാരം 2 കുടുംബങ്ങൾക്കു വായ്പയും സഹായധനവും നൽകി.

3. കന്നുകുട്ടന്മാരെ പുഷ്ടിപ്പെടുത്തുന്ന പദ്ധതിപ്രകാരം 12 ഗുണഭോക്താക്കൾക്ക് സഹായമെത്തിച്ചു.

4. മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 100 കുടുംബങ്ങൾക്ക് 2 മാസം പ്രായമായ 5 കുഞ്ഞുങ്ങളെ വീതം 55 പേർക്കും നൽകി. 3 കുഞ്ഞുങ്ങൾ വീതം 45 പേർക്കും വിതരണം ചെയ്തു.

5. പ്രത്യേക ഘടക പദ്ധതി പ്രകാരം (പട്ടികജാതി/പട്ടികവർഗ്ഗം) 8 കുടുംബങ്ങൾക്ക് ആടുകളെ സൗജന്യമായി വിതരണം ചെയ്തു.

6. വംശവർദ്ധനവിനായി മുട്ടനാടുകളെ വളർത്തുന്ന 3 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായമെത്തിച്ചു.

7. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണത്തിനു പാകമാകുന്നതു വരെ വളർത്താനുള്ള 3 എഗ്ഗ് നർസറി നമ്മുടെ പഞ്ചായത്തിൽ ബ്ലോക്കിന്റെ സഹായത്തോടെ 2000ക. ഗ്രാന്റ് നൽകി നടപ്പിലാക്കി.

8. ആയിത്തറ മമ്പറം ഹൈസ്ക്കൂളിലെ പോൾട്രി ക്ലബ്ബംഗങ്ങൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

ഈ പഞ്ചായത്തിൽ ഒരു ക്ഷീരസഹകരണ സംഘം പോലുമില്ലാത്തതുകൊണ്ട് ക്ഷീരവകുപ്പിന്റെ സേവനം ലഭിക്കുന്നേയില്ല. നമ്മുടെ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നിന്നും പാട്യം ക്ഷീരവ്യവസായ സഹകരണസംഘവും ഉരുവച്ചാൽ ക്ഷീരവ്യവസായ സഹകരണ സംഘവും ചെറിയ അളവിൽ പാൽ ശേഖരിക്കുന്നതായും വിതരണം ചെയ്യുന്നതായും കണക്കുകൾ കാണിക്കുന്നു.

| സംഘത്തിന്റെ പേര് | പാൽകൊടുക്കുന്ന ആളുടെ എണ്ണം | അളവ് ലിറ്ററിൽ |
|---|---|---|
| 1. ഉരുവച്ചാൽ ക്ഷീരസംഘം | 17 | 38.5 |
| 2. പാട്യം ക്ഷീര സംഘം | 113 | 260.0. |

*മേൽ പറഞ്ഞ കണക്കുകൾ മാറിക്കൊണ്ടിരിക്കും.*

സൊസൈറ്റികൾ മുഖാന്തിരം കറവക്കാർക്കു വേണ്ടി നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഗുണഫലം നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. പ്രകൃതിക്ഷോഭം കൊണ്ട് തൊഴുത്തിനും പശുക്കൾക്കും നാശമുണ്ടായാൽ സാമ്പത്തികസഹായം ലഭിക്കാനുള്ള പദ്ധതി കൃഷിക്കാർ അറിയാത്തതു കൊണ്ട് നഷ്ടപ്പെട്ടു പോകുന്നുണ്ട്. കാലികൾ പ്രസവിക്കുന്നത് 40-50%ത്തോളം കാളക്കുട്ടന്മാരായിരിക്കും. പശുക്കുട്ടികളെ കറവക്കാലത്തിനു ശേഷവും നല്ല നിലയിൽ സംരക്ഷിക്കുകയും കാളക്കുട്ടന്മാരെ കറവ സമയത്തുപോലും ആവശ്യമായ പാൽ കൊടുക്കാതെയും, വിരബാധപോലുള്ളവ പിടിപെട്ടാൽ ശ്രദ്ധിക്കാതെയും, മിക്കവാറും കറവ തീരുന്നതിനു മുമ്പ് ചത്തുപോകുന്ന അവസ്ഥയുണ്ട്. നല്ല നിലയിൽ വളർത്തിയാൽ കറവകഴിഞ്ഞ പശുക്കുട്ടിയെക്കാളും ആരോഗ്യവും തൂക്കവും കാളക്കുട്ടന്മാർക്കായിരിക്കും എന്ന കാര്യം കർഷകർ മറന്നുപോകുന്നു. ഇതിനു പ്രധാന കാരണം മാംസത്തിനു മാത്രമായി വളർത്തുന്ന കാളക്കുട്ടന്മാരുടെ വിപണന സൗകര്യങ്ങളുടെ അഭാവമാണ്. ഇതിനായി നമ്മുടെ പഞ്ചായത്തിൽ തന്നെ സഹകരണ മേഖലയിൽ അറവുശാലയും ശീതീകരിച്ച് വിപണനം നടത്താനുള്ള സൗകര്യമുണ്ടാക്കുന്നതും വളരെ പ്രയോജനമായിരിക്കും. ഇതിന്റെ വിപണനത്തിനായി ആളുകളെ പരിശീലിപ്പിച്ചാൽ കുറേ പേർക്ക് തൊഴിൽ സാധ്യതയുമുണ്ടാകും. പാലും പാലുൽപ്പന്നങ്ങളും കോഴിമുട്ടയും കോഴിയിറച്ചിയും ഇതോടൊപ്പം വിപണനം നടത്താം.

ക്ഷീരവ്യവസായ മേഖലയിലെ ഒരു പ്രധാന പ്രശ്നം തീറ്റയുടെ വിലയും ഉൽപ്പന്നത്തിന്റെ വിലയും തമ്മിലുള്ള അന്തരമാണ്. ഒരു ക്ഷീരസഹകരണ സംഘത്തിൽ നിന്നും ശേഖരിച്ച സ്ഥിതി വിവരക്കണക്കു താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | 96 ഫിബ്രവരി മാസത്തെ വില | 96 ഒക്ടോബർ മാസത്തെ വില |
|---|---|---|---|
| 1 | കടല പിണ്ണാക്ക് | 7.00 /കിലോ | 11. 50 /കിലോ |
| 2 | കാലിത്തീറ്റ | 4. 50/കിലോ | 6. 50/കിലോ |
| 3 | വൈക്കോൽ (ഒരു കറ്റ) | 4. 00 /1കറ്റ | 6. 00 /കിലോ |
| 4 | പാൽ | 9. 00 / 1ലിറ്റർ | 9. 00 / 1ലിറ്റർ |

**കോഴിവളർത്തൽ**

ഒരു ഉപതൊഴിലെന്ന നിലയ്ക്ക് ഇറച്ചിക്കോഴികളെ വളർത്തുന്ന 11 യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കുഞ്ഞുങ്ങളുടെയും തീറ്റയുടെയും ലഭ്യതയിലും മാംസവിതരണത്തിന്റെ കാര്യത്തിലും വളരെയധികം പ്രയാസങ്ങൾ നേരിടുന്നുണ്ട്.

മുട്ടക്കോഴിവളർത്തൽ ഒരു തൊഴിലെന്ന രീതിയിൽ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നാണ് അറിയുന്നത്. എന്നാൽ മുട്ടയുടെ ഉപഭോഗം നല്ലനിലയിലുണ്ടെന്ന് കടകളിൽ നിന്നുള്ള വിൽപ്പനയിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. ശരിയായ ബോധവൽക്കരണമില്ലാത്തതാണ് ഈ രംഗത്ത് നിന്ന് കർഷകരെ മാറ്റി നിർത്തുന്നതെന്ന് തോന്നുന്നു. സ്ത്രീകൾക്കു ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ള ഒരു മേഖലയാണിത്. കോഴിത്തീറ്റയുടെ വർദ്ധിച്ച വിലയാണ് മുട്ടക്കോഴി വളർത്തലിൽ നിന്നും സാധാരണക്കാരെ പിന്തിരിപ്പിക്കുന്നത്.

ലോകത്തിലേക്ക് നല്ല ജനുസ്സുകളിൽ പെട്ട മലബാറി ആടുകളുള്ള സംസ്ഥാനമാണ് നമ്മുടേത്. ഇതുകൊണ്ടു തന്നെ മറ്റൊരു സങ്കരയിനത്തിന്റെ ആവശ്യകതയും നമുക്കില്ല. എന്നാൽ പ്രകൃതിദത്ത തീറ്റകളുടെ ലഭ്യതക്കുറവു കൊണ്ട് ആടുവളർത്തൽ ഇവിടെ കുറ്റിയറ്റുകൊണ്ടിരിക്കുന്നു. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വഴിയോരങ്ങളിലും കനാലിന്റെ ഇരുകരകളിലും സുബാബ്യൂൾ വെച്ചുപിടിപ്പിച്ചാൽ ആടുകൾക്കുള്ള തീറ്റ ലഭ്യമാക്കാവുന്നതാണ്. ഈ രംഗത്തും വനിതകൾക്കു തൊഴിൽ സാ

ധ്യതകളേറെയാണ്.

ശുദ്ധജല മത്സ്യകൃഷി രംഗത്ത് വട്ടിപ്രം ആമ്പിലാട് പ്രദേശങ്ങളിൽ കല്ലെടുത്തു കഴിഞ്ഞ ശേഷം ഉപേക്ഷിക്കുന്ന വെള്ളം വറ്റാത്ത കരിങ്കൽ ക്വാറികളും ഗ്രാമപ്രദേശത്തെ കുളങ്ങളും മത്സ്യകൃഷി വികസന ഏജൻസിയുടെ സഹായത്തോടെ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ നാട്ടിലെ തോടുകളും ചെറുകുളങ്ങളും ഉപയോഗപ്പെടുത്തി താറാവു വളർത്തലും നടപ്പിലാക്കാവുന്നതാണ്.

പന്നിവളർത്തൽ രംഗത്തു ശങ്കരനെല്ലൂർ ഭാഗത്തു 2 യൂണിറ്റ് പ്രവർത്തക്കുന്നുണ്ട്. ആവശ്യമായ പരിശീലനം നേടിയാൽ കൂറേ യൂണിറ്റുകൾ ആരംഭിക്കാൻ കഴിയും.

### പ്രശ്നങ്ങൾ

1. നല്ല വർഗ്ഗഗുണമുള്ള സങ്കര ജനുസ്സുകളുടെ ദൗർലഭ്യം.

2. തീറ്റപ്പുല്ലും മറ്റു സന്തുലിത ആഹാരവും കിട്ടാൻ വിഷമമുണ്ട്.

3. ഉൽപന്നങ്ങളുടെ വിപണനസൗകര്യം പോര.

4. ഉൽപന്നങ്ങൾക്കു ന്യായമായ വില ലഭ്യമല്ല.

5. ശാസ്ത്രീയമായ മൃഗസംരക്ഷണത്തെക്കുറിച്ചുള്ള അറിവില്ലായ്മ.

6. ബാങ്കുകളിൽ നിന്ന് വായ്പ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം.

7. ബീജസങ്കലന കേന്ദ്രത്തിൽ എത്തിച്ചേരുന്നതിനുള്ള വർദ്ധിച്ച ദൂരം.

8. മൃഗാശുപത്രിയുടെ അഭാവം

9. കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധന.

10. മാർക്കറ്റിൽ നിന്നു ലഭിക്കുന്ന കാലിത്തീറ്റകളുടെ ഗുണക്കുറവ്.

### സാധ്യതകൾ

1. മൃഗസംരക്ഷണത്തെക്കുറിച്ചു വിപുലമായ ബോധവൽക്കരണവും പരിശീലന ക്ലാസ്സും സംഘടിപ്പിക്കുക.

2. സഹകരണ ദേശസാൽകൃത ബാങ്കുകൾ വഴി കറവ മാടുകളെയും മറ്റും വാങ്ങിക്കാനുള്ള വായ്പ്പാ പദ്ധതികൾക്ക് മുൻഗണന

3. കൂടുതൽ സ്ഥലങ്ങളിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ ആരംഭിക്കുക.

4. പഞ്ചായത്തിലെ വില്ലേജ് കേന്ദ്രീകരിച്ച് മൃഗാശുപത്രികൾ സ്ഥാപിക്കുക.

5. പുൽകൃഷി വികസന നടപടികൾ സ്വീകരിക്കുക.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ക്ഷീര വികസനം കൂടി ഉൾപ്പെടുത്തുക.

7. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ വായ്പ്പാ സൗകര്യങ്ങൾ ലഘൂകരിക്കുക. ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

8. കന്നുകാലി ഇൻഷുറൻസ് പദ്ധതി നിർബന്ധമാക്കുക. വ്യവസ്ഥകൾ ഉദാരമാക്കുക.

9. കാലിത്തീറ്റകളും വൈറ്റമിൻ ധാതു മിശ്രിതങ്ങളും യഥേഷ്ടം ലഭ്യമാക്കുക.

10. മാർക്കറ്റിൽ നിന്ന് ലഭിക്കുന്ന തീറ്റകൾ ഗുണനിലവാര പരിശോധനയ്ക്കു വിധേയമാക്കിയ ശേഷം വിതരണം ചെയ്യുക.

11. ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാനുള്ള അനുമതി ലഭ്യമാക്കുക.

12. ആട്, മുട്ടക്കോഴി, ഇറച്ചിക്കോഴി, പന്നി, മുയൽ എന്നിവ വളർത്തുവാൻ പരിശീലനവും സാമ്പത്തിക സഹായവും നൽകി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

13. ബീജസങ്കലനത്തിന് പരിശീലനം ലഭിച്ചതും കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നതുമായ ആളുകളെ ലഭ്യമാക്കുക.



# വ്യവസായം

ഇന്ത്യയുടെ മൗലിക ഭാവം കാർഷികമാണെങ്കിലും വളർച്ചയുടെ പുതിയ പാന്ഥാവിലെത്തുമ്പോൾ വ്യാവസായിക വികസനം രാജ്യത്തിന്റെ പുരോഗതിയുടെ ചുക്കാൻ പിടിക്കുന്നതായി നാം തിരിച്ചറിയുന്നു. അതായത് കാർഷികവും വ്യാവസായികവുമായ പുരോഗതി രാജ്യത്തിന്റെ വികസനത്തിൽ അനുപൂരക ഘടകങ്ങളാകുന്നു.

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് പരമ്പരാഗത മായി ഒരു കാർഷിക മേഖലയാണ്. കടന്നുപോയ ഫ്യൂഡൽ സമ്പ്രദായത്തിന്റെ അംശങ്ങളായി ചില സാമുദായിക - കുലത്തൊഴിലുകൾ ഈ പഞ്ചായത്തിൽ ചില കോണുകളിൽ കാണാനുണ്ടായിരുന്നു എന്ന വസ്തുത വിസ്മരിക്കുന്നില്ല. കള്ളുചെത്തും, ശർക്കര നിർമ്മാണവും മേൽപറഞ്ഞ കുലത്തൊഴിലുകളിൽ പ്രധാനപ്പെട്ടവയാണ്. പുരുഷന്മാർ കള്ളുചെത്തുന്നതിലും സ്ത്രീകൾ ശർക്കര നിർമ്മാണത്തിലും വ്യാപൃതരായിരുന്നു. പ്രാദേശികമായി തേങ്ങ സംഭരിച്ചുണക്കി കൊപ്രയാക്കി എണ്ണയാട്ടുന്ന തൊഴിലും ഇവിടെ നിലനിന്നിരുന്നു. ഉൽപ്പന്നങ്ങൾ തലച്ചുമടായി കൂത്തുപറമ്പിലും തലശ്ശേരിയിലും എത്തിച്ചായിരുന്നു വിപണനം നടത്തിയിരുന്നത്. ആ തൊഴിലിന്റെ ഓർമ്മയായി മരച്ചക്കുകൾ ഗ്രാമത്തിന്റെ പലഭാഗത്തും ഏറെ കാലം കാണാനുണ്ടായിരുന്നു. വൈദ്യുതിയുടെയും യന്ത്രച്ചക്കുകളുടെയും ആവിർഭാവത്തോടെ മരച്ചക്കുകൾ പൂർണ്ണമായും അപ്രത്യക്ഷമായി.

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ വ്യാവസായിക മേഖല മൊത്തത്തിൽ ഇന്നു ആശാവഹമല്ല. പൊതുമേഖലാ സ്ഥാപനങ്ങളോ വൻകിട വ്യവസായങ്ങളോ ഈ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ കൈത്തറി വ്യവസായത്തിനു മുമ്പു നമ്മുടെ പഞ്ചായത്തിനു ഉന്നതമായ ഒരു സ്ഥാനമാണ് ഉണ്ടായിരുന്നത്. അക്കാലത്ത് ജില്ലയിൽ ഏറ്റവും കൂടുതൽ "തറി" വെച്ച് കൈത്തറിത്തുണികൾ ഉൽപ്പാദിപ്പിച്ചിരുന്നത് നമ്മുടെ പഞ്ചായത്തിലെ ശങ്കരനെല്ലൂരിലായിരുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്നു വർദ്ധമാനമായ തോതിൽ ക്രൈപ്പ് തുണിത്തരങ്ങൾ ഇവിടെ നിന്നും കയറ്റിയയച്ചിരുന്നു. കൈത്തറിരംഗത്ത് ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധി കാരണം കമ്പനിയുടമകൾ മറ്റു

മേഖലകളിലേക്ക് മാറിയതുകൊണ്ടാണ് ഈ കമ്പനികളുടെ പ്രവർത്തനം നിലച്ചുപോയത്.

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം 1981 ജൂൺ മുതൽ 1995 വരെയുള്ള കാലയളവിൽ പഞ്ചായത്തിനുള്ളിൽ 53 ചെറുകിട വ്യവസായ യൂണിറ്റുകൾ ജന്മം കൊണ്ടെങ്കിലും 1995-96 കാലത്ത് നിലനിൽക്കുന്നത് 19 എണ്ണം മാത്രമാണ്.

പഞ്ചായത്തിലെ മൊത്തം തൊഴിലെടുക്കുന്ന 8037 പേരിൽ 1994 പേർ സ്ത്രീകളാണ്. പഞ്ചായത്തിലെ വിവിധഭാഗങ്ങളിലുള്ള കരിങ്കൽ ക്വാറികളിൽ പാറപൊട്ടിക്കൽ, ജെല്ലിയുടക്കൽ തുടങ്ങിയ പണികളിൽ ഏർപ്പെട്ടിരിക്കുന്ന 384 പുരുഷന്മാരും 285 സ്ത്രീകളും ഉണ്ട്. വ്യത്യസ്ത കുടിൽ വ്യവസായങ്ങളിലേർപ്പെട്ട 59 പുരുഷന്മാരും 41 സ്ത്രീകളുമുണ്ട്. മറ്റു വ്യവസായത്തൊഴിലാളികളായുള്ള 1071 പേരിൽ 326 പേർ സ്ത്രീകളാണ്. 405 പുരുഷന്മാരും 45 സ്ത്രീകളും റോഡ്, കെട്ടിട നിർമ്മാണമേഖലയിൽ തൊഴിലെടുക്കുന്നു. കച്ചവടം തൊഴിലാക്കിയ 1228 പേരും പഞ്ചായത്തിലുണ്ട്.

വ്യവസായ മേഖലയിൽ ഇന്ന് വസ്ത്ര നിർമ്മാണ മേഖലയ്ക്കാണ് പ്രാമുഖ്യം. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള 5 ഹോയിസറി സ്ഥാപനങ്ങളിൽ ഒന്ന് തുണി ഉൽപാദിപ്പിക്കുന്നതും 4എണ്ണം വസ്ത്ര നിർമ്മാണ സ്ഥാപനങ്ങളുമാണ്. ദിവസക്കൂലി നിരക്കിൽ 50 പേർ പണിയെടുക്കുന്ന ഇവിടെ അസംസ്കൃത വസ്തുക്കളായ ബനിയൻ തുണിയും നൂലും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുത്തുന്നു.

ഗാർമെന്റ് മേക്കിംഗ് മേഖലയിൽ 10 സ്വകാര്യ സ്ഥാപനങ്ങളും ഒരു സഹകരണസംഘവും പ്രവർത്തിക്കുന്നു. സ്ത്രീകളാണ് ഭൂരിഭാഗം തൊഴിലാളികളും. കൂലിക്കുറവാണ് തൊഴിലാളികളുടെ പ്രധാന പ്രശ്നം.

നെയ്ത്ത് മേഖലയിൽ ഒരു കുതിച്ചുകയറ്റമുണ്ടായെങ്കിലും അത് നിലനിർത്താൻ സംരഭകർക്ക് സാധിച്ചില്ല. 82-85 കാലഘട്ടത്തിൽ ശങ്കരനെല്ലൂർ കേന്ദ്രീകരിച്ച് 11 വീവിങ്ങ് ആന്റ് സ്പിന്നിംഗ് മില്ലുകൾ രൂപം കൊണ്ടെങ്കിലും 95-96ൽ നിലനിലൽക്കുന്നത് 3 എണ്ണം മാത്രമാണ്. 110 കൈത്തറിയുണിറ്റികളും 24 യന്ത്രത്തറിയുണിറ്റുകളുമാണ് ഈ മേഖലിയൽ പ്രവർത്തിക്കുന്നത്. അസംസ്കൃതവസ്തുക്കളായ നൂല്, Dies & Chemicals എന്നിവ ഇടത്തട്ടുകാരിൽ നിന്നും വാങ്ങി ഉൽപ്പന്നം ഇടത്തട്ടുകാർക്കു തന്നെ വിൽക്കേണ്ടി വരുന്നു. നേരിട്ടുള്ള കയറ്റുമതിയോ, വിൽപ്പനയോ സാധ്യമല്ലാത്തതിനാൽ സുരക്ഷിതമായ രീതിയിൽ സ്ഥാപനം നടത്തിക്കൊണ്ടു പോകാൻ സംരംഭകർക്ക് കഴിയുന്നില്ല. വിപണന മേഖലയിലെ മത്സരവും നൂലിന്റെ പെട്ടെന്നുള്ള വിലക്കയറ്റവും സാമ്പത്തിക ഭദ്രതയില്ലാത്തതും ആണ് ഈ മേഖലയിലെ തകർച്ചക്കുള്ള പ്രത്യക്ഷ കാരണങ്ങൾ. മാത്രമല്ല ഇവിടെ നിലവിലുള്ള ഒരു കൈത്തറി സഹകരണ സംഘം 8 വർഷത്തോളമായി പ്രവർത്തനരഹിതമാണ്. നെയ്തു പണി ചെയ്യുന്ന എൺപതോളം പരമ്പരാഗത തൊഴിലാളികളിവിടെയുണ്ട്. തയ്യൽ യന്ത്രം സ്വന്തമായുള്ള തയ്യൽ വൈദഗ്ദ്യമുള്ള സ്ത്രീകളുമുണ്ട്.

44 സ്ത്രീകളും 48 പുരുഷന്മാരും പണിയെടുക്കുന്ന കേരള ദിനേശ് ബീഡിയുടെ ഒരു ബ്രാഞ്ച് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ബീഡി കമ്പനികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന നൂറോളം പേരുണ്ട്. വീടുകളിൽ വെച്ചുതന്നെ ബീഡി തെറുക്കുന്ന ഇവരിൽ അധികവും സ്ത്രീകളാണ്.

7 ഈർച്ചമില്ലുകളും 14 ഫർണ്ണിച്ചർ കടകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈർച്ച മില്ലുകളിൽ 50 ഓളം പുരുഷന്മാർ പണിയെടുക്കുന്നു. ഇവരിൽ 25 പേർ വിദഗ്ദ തൊഴിലാളികളാണ്. ഇന്നു ഈർച്ചമില്ലുകളിൽ നിന്നുള്ള ഉപയോഗ്യമല്ലാത്ത തടിക്കഷ്ണങ്ങളും ഈർച്ചപ്പൊടിയും ഇന്ധനമായി മാത്രം ഉപയോഗിക്കുന്നു.

കരിങ്കൽ ചെങ്കൽ മേഖലയാണ് മറ്റൊരു പ്രധാന വ്യവസായ രംഗം. 200 തൊഴിലാളികൾ നേരിട്ടു തൊഴിലെടുക്കുന്ന 19 കരിങ്കൽ ക്വാറികൾ ഈ പഞ്ചായത്തിലുണ്ട്. പ്രതിദിനം 5 ലോഡ് കരിങ്കല്ല് വീതം ഓരോ ക്വാറിയിൽ നിന്നും പൊട്ടിച്ചെടുക്കുന്നു. ക്വാറിയൽ നിന്നുള്ള പാറ ശേഖരിച്ച് കുടിൽ വ്യവസായമായി ജെല്ലിയുടച്ച് ഉപജീവനം കഴിക്കുന്ന 200ഓളം കുടുംബങ്ങൾ ഉണ്ട്. D.W-.C-.R.A യുടെ 3 യൂണിറ്റികളുമുണ്ട്. കരിങ്കൽ മേഖല പോലെ തന്നെ ഒട്ടനവധി പേർ ചെങ്കൽ മേഖലയിലും പണിയെടുക്കുന്നു. കരിങ്കൽ ചെങ്കൽ വ്യവസായത്തോടനുബന്ധിച്ച 48 ലോറിയുടമകൾക്കായി 65 ലോറികളുമുണ്ട്. പാട്യം കരിങ്കൽ സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് ശങ്കരനെല്ലൂരിലുണ്ട്.

സിമെന്റ്, നേർത്ത കരിങ്കൽജെല്ലി, മണൽ എന്നിവ ഉപയോഗിച്ച് സിമെന്റ് കട്ടകൾ നിർമ്മിക്കുന്ന (ഹോളോബ്രിക്സ്) ഒരു ഫാക്ടറിയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കരിങ്കൽ ഈ പഞ്ചായത്തിൽ സുലഭമാണെങ്കിലും നേർത്ത കരിങ്കൽ ജെല്ലി ലഭ്യമാക്കാനുള്ള സംവിധാനം ഇവിടെയില്ല. ദിവസക്കൂലിയിനത്തിൽ 5 തൊഴിലാളികളുള്ള ഈ ഫാക്ടറിയിൽ അസംസ്കൃത വസ്തുവായ നേർത്ത കരിങ്കൽ ജെല്ലിയുടെ ദൗർലഭ്യം രൂക്ഷമാണ്.

ഒട്ടു പാലിൽ നിന്നു ടയർ റീസോളിങ്ങിനാവശ്യമായ ക്രേപ്പ് റബ്ബർ നിർമ്മിക്കുന്ന ഒരു റബ്ബർ ഫാക്ടറി ഇവിടെ പ്രവർത്തിക്കുന്നു. റബ്ബർഫോം (Rubber foam) കിടക്കൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ നിർമ്മിക്കുന്ന മറ്റൊരു ഫാക്ടറിയും ഇവിടെയുണ്ട്. ബലൂൺ നിർമ്മാണത്തിനു ആവശ്യമായ റബ്ബർ കെമിക്കൽസ് ഇവിടെ നിന്നു ഉൽപ്പാദിപ്പിക്കുന്നുണ്ട്. പക്ഷെ ബലൂൺ നിർമ്മിക്കുന്നതിന് ഒരു ബലൂൺ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

പ്ലാസ്റ്റിക്ക് വെയിസ്റ്റിൽ നിന്നും (LD Materials & HD Materials) വയറിംഗിന് ആവശ്യമായ ജംഗ്ഷൻ (Junction) ബോക്സുകളും പ്ലാസ്റ്റിക്ക് പൈപ്പുകളും നിർമ്മിക്കുന്ന ഒരു പ്ലാസ്റ്റിക്ക് കമ്പനി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവിടുത്തെ തൊഴിലാളികളും മുതലാളിയും ഒരു കുടുംബമാണ്. വായ്പ്പാ സൗകര്യങ്ങൾ ലഭിക്കാത്തത്, വോൾട്ടേജ് ക്ഷാമം, വിപണന രംഗത്തെ മത്സരം ഇതൊക്കെയാണ് ഇവരുടെ പ്രധാന പ്രശ്നങ്ങൾ.

1984-94 കാലയളവിൽ 11 വെളിച്ചെണ്ണ മില്ലുകൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നത് 5 എണ്ണം മാത്രമാണ്. ദിവസകൂലി നിരക്കിൽ 20ഓളം പേർ മില്ലുകളിൽ പണിയെടുക്കുന്നു. പാചകയെണ്ണയാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. കേരകർഷകർ കൊപ്ര കൂത്തുപറമ്പ് മാർക്കറ്റിലാണ് വിറ്റഴിക്കുന്നത്. അതുകൊണ്ട് പഞ്ചായത്തിലെ കൊപ്രമില്ലുകൾക്ക് കൊപ്രയുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. പ്രാദേശികമായി തേങ്ങ സംഭരണവും സംസ്ക്കരണ സൗകര്യവും വ്യാപകമെങ്കിലും വ്യവസായികൾക്ക് കൊപ്രക്കായി മാർക്കറ്റിനെ ആശ്രയിക്കേണ്ടി വരുന്നു. മാർക്കറ്റിലെ മത്സരമാണ് മറ്റൊരു പ്രധാന പ്രശ്നം.

ധാന്യങ്ങൾ പൊടിക്കുന്ന ആറ് മില്ലുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ 2 ഖാദി യൂണിറ്റും 2 തീപ്പെട്ടി വ്യവസായ യൂനിറ്റും ഇവിടെയുണ്ട്.

1982ൽ കൈതച്ചക്ക സംസ്ക്കരണ ഫാക്ടറി സ്ഥാപിക്കപ്പെട്ടെങ്കിലും ശരിയായ മാനേജ്മെന്റിന്റെ അഭാവം കാരണം കമ്പനി അടച്ചു പൂട്ടേണ്ടി വന്നു. അതുപോലെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഹോയിസറി കമ്പനി ആയിരുന്നു മെരുവമ്പായിലെ ഡീലക്സ് ഫാക്ടറി. ബെയ്ക്കറി, കൊല്ലന്റെ കൊട്ടിൽ, വെൽഡിംഗ് യൂണിറ്റ് എന്നിങ്ങിനെ 18 ചെറുകിട സ്ഥാപനങ്ങളു ണ്ട്. 2 കുമ്മായ ചൂളകൾ ഭാഗികമായി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം പരിസരമലിനീകരണത്തിനു കാരണമാകും. 116 പലചരക്കു

## പഞ്ചായത്തിലെ കാർഷിക ഉല്പാദനത്തിന്റെ കണക്ക്.

| ക്രമ നമ്പർ | ഉല്പന്നം | ഉല്പന്നം |
|---|---|---|
| 1 | തേങ്ങ | 15 ദശലക്ഷം എണ്ണം |
| 2 | മരച്ചീനി | 450 ടൺ |
| 3 | വാഴക്കുല | 750 ടൺ |
| 4 | കശുഅണ്ടി | 210 ടൺ |
| 5 | കൈതച്ചക്ക | 30 ടൺ |
| 6 | ചക്ക | 9.6 ടൺ |
| 7 | റബ്ബർ | 16.5 ടൺ |

കടകളും 48 ചായകടകളും 20 സ്റ്റേഷനറി കടകളും 10 ഹോട്ടലുകളും ഇവിടെ പ്രവർത്തിക്കുന്നു.

പക്ഷെ കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായങ്ങളൊന്നും പ്രവർത്തിക്കുന്നില്ല.

### പ്രശ്നങ്ങൾ

1. നൂലിന്റെ വിലക്കയറ്റവും വിപണനവുമാണ് കൈത്തറി രംഗത്തെ പ്രധാന പ്രശ്നം. വിദഗ്ദ തൊഴിലാളികളുടെ ലഭ്യത കുറഞ്ഞു വരികയാണ്. ചെറുപ്പക്കാർക്കും സ്ത്രീകൾക്കും തൊഴിൽ പഠിക്കാനും പരിശീലനം നേടാനുമുള്ള സംവിധാനമില്ല.

2. മരവ്യവസായരംഗത്ത് മരത്തടിയുടെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. അതായത് അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടത്ര ലഭ്യമല്ല.

3. പുതിയ വ്യവസായ സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

a) വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥല (തരിശായ സ്ഥലം) ത്തിനു പോലുംഉള്ള വിലകൂടുതൽ.

b) ലൈസൻസുകളും വ്യവസായ സബ്സിഡികളും ലഭിക്കാനുമുള്ള കാലതാമസം.

c) വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം.

d) വ്യവസായസംരംഭകത്വ പരിശീലനത്തിന്റെ അഭാവം.

### സാധ്യതകൾ

1. കൈത്തറി : ഇപ്പോൾ നിലവിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് തൊഴിൽ പരിശീനത്തിനും വിപണനത്തിനും സൗകര്യങ്ങൾ സൃഷ്ടിക്കുന്നതായാൽ തൊഴിലവസരങ്ങൾ വർദ്ധിക്കും.

2. തുന്നൽരംഗത്ത്- (ഗാർമെന്റ് നിർമ്മാണം) വൈദഗ്ദ്യവും താൽപര്യവുമുള്ള സ്ത്രീകളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. ആഭ്യന്തര വിപണിയിലേക്കും, കയറ്റുമതിക്കും അനുയോജ്യമായ വസ്ത്രങ്ങൾ നിർമ്മിച്ചാൽ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതാണ്.

3. മരവ്യവസായം-ഈർച്ചപ്പൊടിയും ഉപയോഗ്യ ശൂന്യമായ മരക്ഷ്ണങ്ങളും ഉപയോഗിച്ച് ഹാർഡ്ബോർഡ് പോലുള്ളവ ഉൽപ്പാദിപ്പിക്കാവുന്നതാണ്. ഉപ്പില, മുരിക്ക്, റബ്ബർ പോലുള്ള സോഫ്റ്റ് വുഡ്സ് മരങ്ങൾ ശാസ്ത്രീയമായി ട്രീറ്റ് ചെയ്ത് ഉപ

യോഗിക്കാവുന്നതാണ്.

4. കരിങ്കൽ-Flooringനു ഉപയോഗിക്കാൻ കഴിയുമാറ് കരിങ്കൽ ഷീറ്റുകൾ മുറിച്ചെടുക്കാൻ കഴിയുന്ന സാങ്കേതിക വിദ്യ ലഭ്യമാക്കിയാൽ അതിന്റെ സാധ്യത അപാരമാണ്.

5. നേരിയ കരിങ്കൽ ജില്ലി ഉപയോഗിച്ച് കട്ട (Hollo bricks), കട്ടിള(Door frame), ജനൽ മുതലായവ നിർമ്മിച്ചു വിപണനത്തിന് എത്തിക്കാവുന്നതാണ്.

6. ജില്ലി അടിക്കുന്ന തൊഴിലാളികളെ സഹകരണ സംഘത്തിന്റെ കീഴിൽ കൊണ്ടുവന്നാൽ അവരനുഭവിക്കുന്ന ചൂഷണം ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്.

7. കൊപ്ര വ്യവസായവും അനുബന്ധ വ്യവസായവും ഏറെ സാധ്യതയുള്ള ഒന്നാണ്.

8. മരച്ചീനി, നേന്ത്രക്കായ, ചക്ക എന്നിവയുടെ ചിപ്സ് നിർമ്മാണം കുടിൽ വ്യവസായ രംഗത്ത് ഏറെ പ്രതീക്ഷക്ക് വകനൽകുന്നു.

9. പഴസംസ്കരണം ശ്രദ്ധയർഹിക്കുന്ന മേഖല തന്നെയാണ്.

10. പുതിയ വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ വേണ്ടി പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഒരു വ്യവസായ സെൽ രൂപീകരിക്കുക. ഈ വ്യവസായ സെല്ലിന്റെ ആഭിമുഖ്യത്തിൽ സംരംഭകത്വ പരിശീലനം ഏർപ്പെടുത്തുക.

11. വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക - അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

12. വ്യവസായ സെൽ നേരിട്ട് ഇടപെട്ട് ലൈസൻസ്, വ്യവസായ സബ്സിഡി എന്നിവ ലഭ്യമാക്കികൊടുക്കുക.

13. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ സംരഭങ്ങളിൽ മുതൽമുടക്കാൻ പ്രേരിപ്പിക്കുക.

# വിദ്യാഭ്യാസം

ഐക്യകേരളത്തിന്റെയും മദിരാശി സംസ്ഥാനത്തിലെ മലബാറിന്റെയും അതിരുകൾ തെളിയുന്നതിനു മുമ്പ് കേരളവർമ്മ പഴശ്ശിരാജയുടെ നാട്ടുരാജ്യത്തിനകത്തെ ഒരു ഗ്രാമമായിരുന്നു മാങ്ങാട്ടിടം. "കോട്ടംവിട്ട കോട്ടയം കഥകൾ"ക്കു ജന്മം നൽകിയ ഈ പ്രദേശത്തിന് സാമ്രാജ്യത്ത്വ വിരുദ്ധ സമരചരിത്രത്തിന്നപ്പുറം വിദ്യാഭ്യാസപരവും കലാപരവുമായ ഒരു പശ്ചാത്തലം കൂടിയുണ്ട്.

പൂരക്കളിയുടെ ചുവടുവെയ്പും കോൽക്കളിപ്പാട്ടിന്റെ താളവുമോർത്ത് നെടുവീർപ്പിടുന്ന ഈ ഗ്രാമത്തിൽ തെയ്യക്കോലങ്ങൾ കെട്ടിയാടുന്ന "കാവുകൾ" നശിക്കാതെ ഇന്നും നിലനിൽക്കുന്നു. ആചാരാനുഷ്ഠാനങ്ങളിലൂടെയും നാടൻ കലകളിലൂടെയും ഒരു ജനതയെ വിദ്യാഭ്യാസം ചെയ്യിച്ച അനൗപചാരിക വിദ്യാഭ്യാസവും ഗുരുകുല രീതിയിലുള്ള ഔപചാരിക വിദ്യാഭ്യാസവും ഒരു പഴങ്കഥയായിത്തീർന്നിരിക്കുന്നു ഇന്ന്.

1498ൽ കോഴിക്കോട്ടെ കാപ്പാട് കടപ്പുറത്ത് വാസ്കോഡിഗാമ കപ്പലിറങ്ങിയതോടെ പാരമ്പര്യരീതിയും തനിമയും വിട്ട് നാട് മാറാൻ തുടങ്ങി. ക്രമത്തിൽ ബ്രിട്ടന്റെ കോളനിയായി രാജ്യം മാറിയപ്പോൾ നമ്മുടെ സംസ്ക്കാരവും വിദ്യാഭ്യാസവും വിദേശിക്ക് അടിയറ വെക്കുകയായിരുന്നു. 1835ലെ ലോർഡ് മെക്കോളയുടെ മിനുട്ട്, പുതിയ വിദ്യാഭ്യാസരീതിക്ക് തുടക്കം കുറിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് വ്യവസ്ഥയിൽ 1892ൽ നമ്മുടെ ഗ്രാമത്തിൽ ഒരു സ്ക്കൂൾ തുടങ്ങി. അതാണിന്നത്തെ മാങ്ങാട്ടിടം യു.പി. സ്ക്കൂൾ. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ഈ സ്ക്കൂളിന്റെ സ്ഥാപകൻ പണ്ഡിതനും പൗരപ്രധാനിയുമായ ശ്രീ. കെ.കണാരൻ എന്ന ഒണക്കൻ ഗുരുക്കളായിരുന്നു. മാങ്ങാട്ടിടം എലിമെന്റ്റി സ്ക്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം അറിയപ്പെട്ടിരുന്നത്. ഇന്നത്തെ വിദ്യാലയത്തിൽ നിന്നും അര കിലോമീറ്റർ അകലെയുള്ള ചെറിയവളപ്പ് എന്ന പറമ്പിലായിരുന്നു ആദ്യ വിദ്യാലയം. ജാതിവ്യവസ്ഥ നിലനിന്ന പഴയകാലത്ത് ഉയർന്ന ജാതിക്കാരും താഴ്ന്ന ജാതിക്കാരും വിദ്യയ്ക്കു വേണ്ടി ഈ സ്ഥാപനത്തിലെത്തിയിരുന്നു. ഒരു നൂറ്റാണ്ടിനിടയിൽ സമൂഹത്തിന്റെ നാനാതുറകളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പേരെ ഈ വിദ്യാലയം വളർത്തിയെടുത്തിട്ടുണ്ട്. മഹാകവി വി.വി.കെ.യും, സ്റ്റേറ്റ്ബാങ്ക് ചെയർമാനായിരുന്ന പി.സി.ഡി. നമ്പ്യാരും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു. (അവലംബം- മാങ്ങാട്ടിടം യു.പി.സ്ക്കൂൾ ശതാബ്ദി സ്മരണിക.)

ഇന്നത്തെ മാങ്ങാട്ടിടം സർവ്വീസ് കോ-ഓപ്പ റേറ്റീവ് ബാങ്ക്, ഐക്യനാണയസംഘമായി 1922ൽ ജനിച്ചതും പിച്ച വെച്ചതും ഈ വിദ്യാലയ മുറ്റത്തായിരുന്നു. ദേശീയ പ്രസ്ഥാനം നാട്ടിലാഞ്ഞടിച്ചപ്പോൾ 1937ൽ ജനിച്ച മാങ്ങാട്ടിടം ദേശബന്ധു വായനശാലക്ക് ഈറ്റില്ലമായതും ഈ വിദ്യാലയം തന്നെ. ഗ്രാമത്തിന്റെ സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ പരിവർത്തനത്തിന്റെ ശംഖനാദം മുഴക്കാൻ ഈ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്.

ഇന്ന് പഞ്ചായത്തിൽ 16 സ്ക്കൂളുകളും ഒരു കോളേജും ഒരു ടെക്നിക്കൽ ഇൻസ്റ്റിട്ട്യൂട്ടും ഉണ്ട്.

## പട്ടിക II

## 1996-97 വർഷത്തെ വിദ്യാർത്ഥികളുടെ വിദ്യാലയാടിസ്ഥാനത്തിലുള്ള എണ്ണം

| S.No | സ്കൂളിന്റെ പേര് | I | | | II | | | III | | | IV | | | V | | | VI | | | VII | | | VIII | | | IX | | | X | | | XI | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 1 | ഗവ:ഹൈസ്കൂൾ മമ്പറം. | 14 | 18 | 32 | 21 | 22 | 43 | 29 | 24 | 53 | 19 | 18 | 37 | 56 | 51 | 107 | 62 | 64 | 126 | 78 | 70 | 148 | 79 | 84 | 163 | 95 | 59 | 154 | 51 | 69 | 120 | 504 | 479 | 983 |
| 2 | മാങ്ങാട്ടിടം യു. പി. സ്കൂൾ. | 25 | 28 | 53 | 19 | 34 | 53 | 28 | 29 | 57 | 33 | 32 | 65 | 40 | 32 | 72 | 55 | 46 | 101 | 66 | 49 | 115 | -- | -- | -- | -- | -- | -- | -- | -- | -- | 266 | 250 | 516 |
| 3 | വട്ടിപ്രം യു. പി. സ്കൂൾ | 26 | 27 | 53 | 58 | 44 | 102 | 31 | 23 | 54 | 23 | 35 | 58 | 52 | 46 | 98 | 78 | 66 | 144 | 94 | 66 | 160 | -- | -- | -- | -- | -- | -- | -- | -- | -- | 362 | 307 | 669 |
| 4 | മെരുമ്പായി മാപ്പിള യു. പി. സ്കൂൾ | 39 | 27 | 66 | 40 | 31 | 71 | 38 | 40 | 78 | 29 | 35 | 64 | 57 | 55 | 112 | 80 | 67 | 147 | 86 | 81 | 167 | -- | -- | -- | -- | -- | -- | -- | -- | -- | 369 | 336 | 705 |
| 5 | നീർവേലി യു. പി. സ്കൂൾ | 22 | 30 | 52 | 32 | 28 | 60 | 27 | 31 | 38 | 38 | 36 | 74 | 56 | 42 | 98 | 46 | 54 | 100 | 53 | 53 | 106 | -- | -- | -- | -- | -- | -- | -- | -- | -- | 274 | 274 | 548 |
| 6 | ആമ്പിലാട്ട് സൗത്ത് എൽ. പി. സ്കൂൾ | 16 | 10 | 26 | 13 | 13 | 26 | 20 | 6 | 26 | 18 | 7 | 25 | 12 | 16 | 20 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 79 | 52 | 131 |
| 7 | ശങ്കരനെല്ലൂർ എൽ. പി. സ്കൂൾ | 12 | 14 | 26 | 31 | 23 | 54 | 10 | 13 | 23 | 31 | 22 | 53 | 16 | 10 | 26 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 100 | 82 | 182 |
| 8 | കുറുമ്പുക്കൽ എൽ. പി. സ്കൂൾ | 19 | 13 | 32 | 16 | 13 | 29 | 16 | 8 | 24 | 7 | 14 | 21 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 58 | 48 | 106 |
| 9 | കുറുമ്പക്കൽ എൽ. പി. സ്കൂൾ | 12 | 14 | 26 | 31 | 26 | 57 | 23 | 11 | 34 | 36 | 27 | 63 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 102 | 78 | 180 |
| 10 | രാമപുരം എൽ. പി. സ്കൂൾ | 15 | 14 | 29 | 12 | 6 | 18 | 22 | 30 | 52 | 19 | 9 | 28 | 23 | 20 | 43 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 91 | 79 | 170 |
| 11 | ഗവ : എൽ. പി. സ്കൂൾ. കുണ്ടംകുന്ന് | 2 | 3 | 5 | 7 | 4 | 11 | 5 | 8 | 13 | 7 | 5 | 12 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 21 | 20 | 41 |
| 12 | നീർവേലി എൽ. പി. സ്കൂൾ | 8 | 5 | 13 | 8 | 8 | 16 | 4 | 4 | 8 | 9 | 6 | 15 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 29 | 23 | 52 |
| 13 | ആയിത്തര നോർത്ത് എൽ. പി. സ്കൂൾ | 8 | 4 | 12 | 5 | 10 | 15 | 7 | 6 | 13 | 7 | 5 | 12 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 27 | 25 | 52 |
| 14 | ആയിത്തര എൽ. പി. സ്കൂൾ | 8 | 5 | 13 | 14 | 8 | 22 | 5 | 13 | 18 | 8 | 9 | 17 | 14 | 12 | 26 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 46 | 50 | 96 |
| 15 | കൈതേരി എ. എൽ. പി. സ്കൂൾ | 12 | 10 | 22 | 12 | 12 | 24 | 23 | 17 | 40 | 16 | 14 | 30 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 63 | 53 | 116 |
| 16 | കൈതേരി വെസ്റ്റ് എൽ. പി. സ്കൂൾ | 20 | 22 | 42 | 16 | 15 | 31 | 27 | 30 | 57 | 28 | 26 | 54 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | 91 | 93 | 184 |
| | **ആകെ.** | 258 | 244 | 502 | 335 | 297 | 632 | 315 | 293 | 608 | 328 | 300 | 628 | 326 | 284 | 610 | 321 | 297 | 618 | 377 | 319 | 696 | 79 | 84 | 163 | 95 | 59 | 154 | 51 | 69 | 120 | 2482 | 2249 | 4731 |

*അവലംബം - സെക്കന്ററി ഡാറ്റാ*

16 സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും 4 യു. പി.സ്ക്കൂളും 11എൽ.പി.സ്ക്കൂളുകളും പെടുന്നു. ഇവയിലാകെ 4731 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 2482 ആൺകുട്ടികളും 2249 പെൺകുട്ടികളുമാണ്. ഇതിൽ 62 കുട്ടികൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. 32 ആൺകുട്ടികളും 30 പെൺകുട്ടികളുമാണവർ. പഞ്ചായത്തിലെ ജനസംഖ്യയുടെ 15.8% വിദ്യാർത്ഥികളാണ്. ഇവരെ പഠിപ്പിക്കാൻ 196 അദ്ധ്യാപകരുണ്ട്. ഇതിൽ 88 പുരുഷന്മാരും 108 സ്ത്രീകളുമാണ്. വിശദവിവരം പട്ടിക 1 ൽ കാണുക.

## പട്ടിക 1

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | അധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | ഗവ:ഹൈസ്കൂൾ മമ്പറം. | സർക്കാർ | 504 | 479 | 983 | 34 |
| 2 | മാങ്ങാട്ടിടം യു. പി. സ്കൂൾ. | എയിഡഡ് | 266 | 250 | 516 | 20 |
| 3 | വട്ടിപ്രം യു. പി. സ്കൂൾ | എയിഡഡ് | 362 | 307 | 669 | 28 |
| 4 | മെരുമ്പായി മാപ്പിള യു. പി. സ്കൂൾ | എയിഡഡ് | 369 | 336 | 705 | 27 |
| 5 | നീർവേലി യു. പി. സ്കൂൾ | എയിഡഡ് | 274 | 274 | 548 | 24 |
| 6 | ആമ്പിലാട്ട് സൗത്ത് എൽ. പി. സ്കൂൾ | എയിഡഡ് | 79 | 52 | 131 | 6 |
| 7 | ശങ്കരനെല്ലൂർ എൽ. പി. സ്കൂൾ | എയിഡഡ് | 100 | 82 | 182 | 9 |
| 8 | കുറുമ്പുക്കൽ എൽ. പി. സ്കൂൾ | എയിഡഡ് | 58 | 48 | 106 | 4 |
| 9 | കുറുമ്പക്കൽ എം. എൽ. പി. സ്കൂൾ | എയിഡഡ് | 102 | 78 | 180 | 8 |
| 10 | രാമപുരം എൽ. പി. സ്കൂൾ | എയിഡഡ് | 91 | 79 | 170 | 7 |
| 11 | ഗവ : എൽ. പി. സ്കൂൾ. കണ്ടംകുന്ന് | സർക്കാർ | 21 | 20 | 41 | 4 |
| 12 | നീർവേലി എൽ. പി. സ്കൂൾ | എയിഡഡ് | 29 | 23 | 52 | 4 |
| 13 | ആയിത്തര നോർത്ത് എൽ. പി. സ്കൂൾ | എയിഡഡ് | 27 | 25 | 52 | 4 |
| 14 | ആയിത്തര എൽ. പി. സ്കൂൾ | എയിഡഡ് | 46 | 50 | 96 | 5 |
| 15 | കൈതേരി എ. എൽ. പി. സ്കൂൾ | എയിഡഡ് | 63 | 53 | 116 | 5 |
| 16 | കൈതേരി വെസ്റ്റ് എൽ. പി. സ്കൂൾ | എയിഡഡ് | 91 | 93 | 184 | 7 |
| | | | **2482 + 2249 = 4731** | | | **196** |

അവലംബം :- സെക്കന്ററി ഡേറ്റ

പഞ്ചായത്തിലെ ഏക ഉന്നതവിദ്യാഭ്യാസ സ്ഥാപനമാണ് നിർമ്മലഗിരി കോളേജ്. ഉയർന്ന വിജയ ശതമാനം പുലർത്തിപ്പോരുന്ന ഈ സ്ഥാപനം 1965ൽ ഒരു ജൂനിയർ കോളേജായാണ് സ്ഥാപിതമായത്. തലശ്ശേരി രൂപതയുടെ കീഴിലുള്ള ഒരു സ്വകാര്യ മേഖലാ സ്ഥാപനമാണിത്. ഈ വർഷം മുതൽ ഇവിടെ ധനശാസ്ത്ര ബിരുദാനന്തര കോഴ്സിന് പഠന സൗകര്യമുണ്ട്.

1954ൽ സ്ഥാപിച്ച കണ്ടംകുന്ന് ഗവർമ്മെണ്ട് എൽ.പി. സ്ക്കൂളാണ് പഞ്ചായത്തിൽ സ്ഥാപിച്ച ഒടുവിലത്തെ സ്ക്കൂൾ. ഒന്ന് മുതൽ നാലു വരെ ക്ലാസ്സുകളുള്ള ഈ സ്ക്കൂളിൽ 41 കുട്ടികളാണ് പഠി

ക്കുന്നത്. ഇതിൽ 21 ആൺകുട്ടികളും 20 പെൺകു ട്ടികളുമാണ്. ഇവരെ പഠിപ്പിക്കാൻ 4 അദ്ധ്യാപകരുണ്ട്. ഈ വിദ്യാലയത്തെ സർക്കാർ അൺ എക്കണോമിക്ക് പട്ടികയിൽ പെടുത്തിയിട്ടുണ്ട്. ഈ വിദ്യാലയത്തിൽ നിന്നും തൊട്ടടുത്ത വിദ്യാലയത്തിലേക്ക് 2 കി.മീ. ദൂരമുണ്ട്.

നീർവേലി എൽ.പി. സ്ക്കൂളിലും ആയിത്തറ നോർത്ത് എൽ.പി. സ്ക്കൂളിലും കുട്ടികളുടെ എണ്ണം കുറവാണ്. ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളുള്ള ഈ സ്ക്കൂളുകളിൽ 52 വീതം കുട്ടികളാണ് പഠിക്കുന്നത്.

കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത് സ്ക്കൂളുകൾ നേരിടുന്ന വലിയ ഭീഷണിയാണ്. 502 കുട്ടികളാണ് ഈ വർഷം ഒന്നാം ക്ലാസ്സിലെത്തിയത്. കഴിഞ്ഞ വർഷം ഇത് 632 ആയിരുന്നു. കഴിഞ്ഞ വർഷത്തെക്കാൾ 130 കുട്ടികൾ കുറവാണ് ഈ വർഷം. മുസ്ലിം ജനസംഖ്യ കൂടുതലുള്ള മെരുവമ്പായി മാപ്പിള യു.പി. സ്ക്കൂളിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ. 66 എണ്ണം പട്ടിക II കാണുക.

സ്ക്കൂളിൽ കുട്ടികൾ കുറയാൻ ജനനനിയന്ത്രണം ഒരു പ്രധാന കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ച ജനന രജിസ്റ്ററിൽ കഴിഞ്ഞ വർഷം 8 ജനനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പട്ടിക III കാണുക.

ജനനം അധികവും സമീപത്തുള്ള നഗരത്തിലെ ആശുപത്രികളിൽ വെച്ചു നടക്കുന്നതിനാൽ പഞ്ചായത്തിൽ രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിലെ 14 അംഗൻവാടികളിൽ സൂക്ഷിച്ച കുട്ടികളുടെ കണക്ക് പരിശോധിച്ചാൽ കഴിഞ്ഞ വർഷത്തെ ജനനം 459 ആണെന്ന് കാണാം. പട്ടിക IV കാണുക. Table

## ജനനം : പഞ്ചായത്ത് രജിസ്റ്റർ പ്രകാരം. പട്ടിക III

| വർഷം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1991 | 8 | 10 | 18 |
| 1992 | 10 | 4 | 14 |
| 1993 | 8 | 5 | 13 |
| 1994 | 9 | 10 | 19 |
| 1995 | 5 | 3 | 8 |

## ജനനം : അംഗൻവാടി രജിസ്റ്റർ പ്രകാരം പട്ടിക IV
## (സെന്റർ നമ്പർ 78മുതൽ 90വരെയും നമ്പർ 1150-)

| | | |
|---|---|---|
| 6മാസംവരെ പ്രായമുള്ളവർ | 179 | |
| 6 മാസം മുതൽ 1 വർഷം വരെ പ്രായമുള്ളവർ | 280 | 459 |
| 1വർഷം മുതൽ 3വർഷം വരെ പ്രായം | 828 | |
| 3 വർഷം മുതൽ 6 വർഷം വരെ പ്രായം | 1005 | |

കുട്ടികളുടെ എണ്ണക്കുറവിന് മറ്റൊരു കാരണം വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കാണ്. വിദ്യാലയത്തിലെത്തിയവർ വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഇടയ്ക്കു വച്ച് പഠനം നിർത്തുന്നു. പട്ടിക V കാണുക.

## 1995–96 വർഷം പഠനം നിർത്തിയവർ. പട്ടിക V

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | I Std. B G | II Std. B G | III Std. B G | IV Std. B G | V Std. B G | VI Std. B G | VII Std B G | VIII Std B G | IX Std B G | X Std B G |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ:ഹൈസ്കൂൾ മമ്പറം. | -- | -- | -- | -- | 1- | -2 | 31 | 10 6 | 13 4 | -1 |
| 2 | മാങ്ങാട്ടിടം യു. പി. സ്കൂൾ. | -- | -1 | -1 | -- | --- | 2- | 42 | -- | -- | -- |
| 3 | വട്ടിപ്രം യു. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 4 | മെരുമ്പായി മാപ്പിള യു. പി. സ്കൂൾ | -- | -- | -- | -- | -- | 21 | 52 | -- | -- | -- |
| 5 | നീർവേലി യു. പി. സ്കൂൾ | -- | -- | -- | -- | 1- | -- | 3- | -- | -- | -- |
| 6 | ആമ്പിലാട്ട് സൗത്ത് എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 7 | ശങ്കരനെല്ലൂർ എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 8 | കുറുമ്പുക്കൽ എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 9 | കുറുമ്പക്കൽ എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 10 | രാമപുരം എൽ. പി. സ്കൂൾ | -- | -- | -- | -- | -2 | -- | -- | -- | -- | -- |
| 11 | ഗവ : എൽ. പി. സ്കൂൾ. കുണ്ടംകുന്ന് | 24 | 14 | -- | 11 | -- | -- | -- | -- | -- | -- |
| 12 | നീർവേലി എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 13 | ആയിത്തര നോർത്ത് എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 14 | ആയിത്തര എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 15 | കൈതേരി എ. എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| 16 | കൈതേരി വെസ്റ്റ് എൽ. പി. സ്കൂൾ | -- | -- | -- | -- | -- | -- | -- | -- | -- | -- |
| **ആകെ.** | | **24** | **15** | **1** | **11** | **22** | **43** | **155** | **106** | **134** | **1** |

G. Total = 80

മെച്ചപ്പെട്ട വിജയശതമാനമുള്ളതും പഠനദിവസം നഷ്ടപ്പെടാത്തതുമായ സ്ക്കൂളുകളിലേക്ക് കുട്ടികളെ അയച്ച് പഠിപ്പിക്കാൻ രക്ഷിതാക്കൾ താൽപര്യം കാണിച്ചു തുടങ്ങിയിട്ടുണ്ട്.

എൽ.പി., യു.പി. സ്ക്കൂളുകളിൽ പഠനദിവസം നഷ്ടപ്പെടുന്നില്ലെങ്കിലും ഹൈസ്കൂളിൽ വിദ്യാർത്ഥി സമരം കാരണം പഠനദിവസം നഷ്ടപ്പെടുന്നുണ്ട്. കഴിഞ്ഞ വർഷം പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ മമ്പറം ഗവ: ഹൈസ്ക്കൂളിൽ 12 പ്രവർത്തിദിവസം നഷ്ടപ്പെട്ടിട്ടുണ്ട്. പട്ടിക V കാണുക.

*പ്രമറി സ്കൂളിലെ പഠന നിലവാരം* പട്ടിക VIII

| ക്ലാസ്സ് | ആകെ കുട്ടികൾ | 30%നു താഴെ മാർക്കുലഭിച്ചവർ | 30%മുതൽ 40% താഴെ മാർക്കുലഭിച്ചവർ | 40% മുതൽ 50% വരെ മാർക്കുലഭിച്ചവർ | 50% മുതൽ 60% വരെ മാർക്കുലഭിച്ചവർ | 60%നു മുകളിൽ മാർക്കുലഭിച്ചവർ |
|---|---|---|---|---|---|---|
| III | 609 | 74 | 147 | 123 | 125 | 139 |
| IV | 628 | 90 | 129 | 125 | 135 | 149 |
| V | 610 | 96 | 155 | 135 | 106 | 118 |
| VI | 618 | 165 | 124 | 195 | 70 | 64 |
| VII | 697 | 208 | 217 | 98 | 89 | 85 |

പഞ്ചായത്തിലെ സ്ക്കൂളുകളിലെ ഭൗതിക സൗകര്യം പരിശോധിച്ചാൽ ഏറെ പിറകിൽ നിൽക്കുന്നത് എൽ.പി. സ്ക്കൂളുകളാണെന്ന് കാണാം. കുടിവെള്ളസൗകര്യം, കളിസ്ഥലം, മൂത്രപ്പുര, കക്കൂസ് ഇവയില്ലാത്ത സ്ക്കൂളുകളുമുണ്ട്. കുട്ടികളെ മാനസികമായും ശാരീരികമായും വളർത്താൻ-ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കാൻ-പ്രൈമറി സ്ക്കൂളുകൾ പര്യാപ്തമാവേണ്ടതാണ്.

## സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | പാചകമുറി | സ്റ്റാഫ് റൂം |
|---|---|---|---|---|---|---|---|---|---|
| 1 | ഗവ:ഹൈസ്കൂൾ മമ്പറം. | 975 | 34 | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2 | മാങ്ങാട്ടിടം യു. പി. സ്കൂൾ. | 516 | 20 | ✓ | ✓ | ✓ | X | ✓ | ✓ |
| 3 | വട്ടിപ്രം യു. പി. സ്കൂൾ | 669 | 28 | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4 | മെരുമ്പായി മാപ്പിള യു. പി. സ്കൂൾ | 705 | 27 | ✓ | X | ✓ | ✓ | ✓ | ✓ |
| 5 | നീർവേലി യു. പി. സ്കൂൾ | 548 | 24 | ✓ | ✓ | ✓ | ✓ | X | ✓ |
| 6 | ആമ്പിലാട്ട് സൗത്ത് എൽ. പി. സ്കൂൾ | 131 | 6 | X | X | X | X | X | X |
| 7 | ശങ്കരനെല്ലൂർ എൽ. പി. സ്കൂൾ | 182 | 9 | ✓ | X | ✓ | X | ✓ | X |
| 8 | കുറുമ്പുക്കൽ എൽ. പി. സ്കൂൾ | 106 | 4 | ✓ | X | ✓ | X | ✓ | X |
| 9 | കുറുമ്പുക്കൽ മാപ്പിള എൽ. പി. സ്കൂൾ | 180 | 8 | ✓ | ✓ | ✓ | ✓ | X | ✓ |
| 10 | ഗവ : എൽ. പി. സ്കൂൾ. കുണ്ടംകുന്ന് | 41 | 4 | ✓ | ✓ | ✓ | X | ✓ | X |
| 11 | രാമപുരം എൽ. പി. സ്കൂൾ | 170 | 7 | ✓ | X | ✓ | ✓ | X | X |
| 12 | നീർവേലി എൽ. പി. സ്കൂൾ | 52 | 4 | ✓ | X | X | X | X | X |
| 13 | ആയിത്തര നോർത്ത് എൽ. പി. സ്കൂൾ | 52 | 4 | ✓ | X | X | X | ✓ | X |
| 14 | ആയിത്തര എൽ. പി. സ്കൂൾ | 96 | 5 | ✓ | X | ✓ | X | X | X |
| 15 | കൈതേരി എ. എൽ. പി. സ്കൂൾ | 116 | 5 | X | X | ✓ | X | ✓ | X |
| 16 | കൈതേരി വെസ്റ്റ് എൽ. പി. സ്കൂൾ | 184 | 7 | X | X | X | X | X | X |

പട്ടിക VI

| | |
|---|---|
| ജൂൺ | 3 |
| ജൂലായ് | 3 |
| ആഗസ്ത് | 2 |
| സപ്തമ്പർ | 2 |
| ഒക്ടോബർ | - |
| നവമ്പർ | - |
| ഡിസമ്പർ | - |
| ജനുവരി | - |
| ഫിബ്രവരി | - |
| മാർച്ച് | 2 |
| **ആകെ** | 12 ദിവസം |

വിദ്യാഭ്യാസത്തിൽ കൂടുതൽ താൽപര്യമുള്ള രക്ഷിതാക്കളുടെ കുട്ടികളും മിടുക്കന്മാരായ കുട്ടികളും പ്രത്യേക സ്ക്കൂളിൽ എത്തിച്ചേരുകയും ആ സ്ക്കൂളിൽ മെച്ചപ്പെട്ട വിജയശതമാനം ഉണ്ടാവുകയും ചെയ്യുന്നു. താരതമ്യേന പഠനശേഷിയും താൽപര്യവും കുറഞ്ഞ കുട്ടികൾ അവശേഷിക്കുന്ന സ്ക്കൂളിലെ വിജയശതമാനം കൂടുതൽ മോശമാവുകയും ചെയ്യുന്നു. സ്ക്കൂളിന്റെ വിജയശതമാനം ഉയർത്താൻ ശ്രമിക്കുന്നവർക്ക് നല്ല കുട്ടികളെ കിട്ടുന്നില്ല എന്നതും ഒരു പ്രശ്നമായി തീരുന്നു.

മമ്പറം ഗവ: ഹൈസ്ക്കൂളിലെ വിജയശതമാനം തൃപ്തികരമായി കാണുന്നില്ല. ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളുള്ള ഈ സ്ക്കൂളിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ 437 കുട്ടികൾ പഠിക്കുന്നുണ്ട്. കഴിഞ്ഞ തവണത്തെ എസ്.എസ്. എൽ.സി. വിജയം 55%മാണ്. പട്ടിക VII കാണുക.

*ഗവ:ഹൈസ്കൂൾ മമ്പറം എസ്. എസ്. എൽ. സി. വിജയ ശതമാനം പട്ടിക 7*

പട്ടിക VII

| വർഷം | പരീക്ഷ എഴുതിയവർ | വിജയ ശതമാനം |
|---|---|---|
| 1992-93 | 105 | 65% |
| 1993-94 | 124 | 46% |
| 1994-95 | 123 | 45% |
| 1995-96 | 134 | 55% |

പ്രൈമറി സ്ക്കൂളിലെ പഠനനിലവാരം വിലയിരുത്താൻ ഒരു പൊതു മാനദണ്ഡം ഇല്ലാത്തതു കൊണ്ട് ഓരോ സ്ക്കൂളിലും വ്യത്യസ്ത ചോദ്യക്കടലാസ്സ് ഉപയോഗിച്ച് വ്യത്യസ്ത പരിശോധനാരീതിയിൽ തിട്ടപ്പെടുത്തിയ മാർക്കിനെ ആശ്രയിക്കേണ്ടി വരും. അതുരപ്രകാരം 3 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന 3160 കുട്ടികളിൽ 60%ന് മുകളിൽ മാർക്ക് വാങ്ങുന്നവർ 17.5% മാത്രമേയുള്ളൂ. മറ്റുള്ളവരിൽ തന്നെ 30%ൽ താഴെ മാർക്ക് വാങ്ങുന്നവർ 20% വരും. പട്ടിക VIII കാണുക.

യു.പി സ്ക്കൂളുകളിലെ ഭൗതികസൗകര്യവും മെച്ചപ്പെട്ടതല്ല. കുടിവെള്ളത്തിനുള്ള സംവിധാനം, മൂത്രപ്പുര, കളിസ്ഥലം ഇവയടങ്ങിയ ഭൗതികസൗകര്യം തൃപ്തികരമായ വിധത്തിൽ കാണുന്നത് വട്ടിപ്രം യു.പി. സ്ക്കുളിലാണ്.

എല്ലാ സ്ക്കൂളിലും P.T-.A. (അദ്ധ്യാപകരക്ഷാകർതൃ സമിതി) ഉണ്ടെങ്കിലും പല സ്ക്കൂളിലും ഈ സമിതിയുടെ സജീവ പ്രവർത്തനം നടക്കുന്നില്ല. സമൂഹത്തിന്റെ ഗുണപരമായ ഇടപെടൽ കൊണ്ടുമാത്രമേ നമ്മുടെ സ്ക്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ. ആ നിലയിൽ P.T-.A-.യുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

നമ്മുടെ ജില്ലയിൽ പരീക്ഷിക്കുന്ന "ഗുരുകുലം" പദ്ധതി വിഭാവനം ചെയ്യുന്ന അയൽക്കൂട്ടത്തിന്റെ പ്രവർത്തനം ഒരു വിദ്യാലയത്തെ കേന്ദ്രീകരിച്ചും നടന്നിട്ടില്ലെന്നു തന്നെ പറയാം.

ശിശുവിദ്യാഭ്യാസ മേഖല-പ്രീപ്രൈമറി മേഖല-നമ്മുടെ പഞ്ചായത്തിന് ഒരു ബാലികേറാമല ആയിട്ടാണിരിക്കുന്നത്. ഒരൊറ്റ പ്രീപ്രൈമറി വിദ്യാലയവും ഈ പഞ്ചായത്തിലില്ല.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 14 അംഗൻവാടികൾ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവയിലൊന്നും കുട്ടികളുടെ വളർച്ചയ്ക്കാവശ്യമായ കളിക്കോപ്പുകളും മറ്റു സൗകര്യങ്ങളുമില്ല.

പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ മേഖലയെക്കാളും മെച്ചപ്പെട്ടതല്ല അനൗപചാരിക വിദ്യാഭ്യാസ മേഖല. അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ കൊടുങ്കാറ്റുയർത്തിയ 1990ലെ സാക്ഷരതാ പ്രസ്ഥാനമാണ് ഈ മേഖലയിൽ പഞ്ചായത്തിൽ നടന്ന സജീവമായ പ്രവർത്തനം. 2772 നിരക്ഷരരിൽ 1600 പേരെ സാക്ഷരതാ ക്ലാസ്സുകളിൽ എത്തിച്ചിട്ടുണ്ട്. അതിൽ 1030 പേർ 70% മാർക്ക് നേടി നവസാക്ഷരരുടെ പട്ടികയിൽ ഉയരുകയുണ്ടായി. എന്നാൽ തുടർ വിദ്യാഭ്യാസ സൗകര്യം ലഭിക്കാത്തതുകൊണ്ട് ഇവരിൽ പലരും നിരക്ഷരതയിലേക്ക് തന്നെ വഴുതി വീണിട്ടുണ്ടാവണം. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം ഏറ്റെടുക്കാൻ പറ്റുന്ന 37 വായനശാലകൾ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവയിൽ പലതിന്റെയും പ്രവർത്തനം തൃപ്തികരമല്ല. പത്രമാസികകൾ വരുത്താൻ പോലും സാമ്പത്തികമായി ബുദ്ധിമുട്ടുന്ന വായനശാലകളും കൂട്ടത്തിലുണ്ട്. ഈ വായനശാലകളിൽ പത്രമാസികകളും, പുസ്തകങ്ങളും, ടെലിവിഷൻ സെറ്റ്, റേഡിയോ ഇവയും ലഭ്യമാക്കിയാൽ കാലത്തിനനുസരിച്ച് നമ്മുടെ ജനതയെ ഉയർത്തിക്കൊണ്ടു വരാൻ നമുക്ക് കഴിയും.

വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ മുഖ്യമായും നമ്മുടെ മുമ്പിലെത്തുന്ന ഒരു പ്രശ്നം അഭ്യസ്തവിദ്യരിൽ കാണുന്ന ജീവിതവീക്ഷണത്തിലെ വൈകല്യമാണ്. ഇവർ കൃഷിയോടും കാർഷിക വൃത്തിയോടും വിമുഖത കാട്ടുന്നവരാകുന്നു. സർക്കാർ ജോലിക്കു വേണ്ടി കാത്തിരിക്കുക മാത്രമാണ് ഇവരുടെ ലക്ഷ്യം.

സമൂഹത്തിനാവശ്യമായ തൊഴിലുകൾ പരിശീലിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ രീതി വളർന്നു വരണം. അതിന് വിദ്യാഭ്യാസം സാമൂഹ്യപ്രകിയയായി നിലനിൽക്കുകയും തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസം നിലനിൽക്കുകയും വേണം. സിലബസും മൂല്യനിർണ്ണയരീതിയും ഉടച്ചുവാർത്തുകൊണ്ട് ജീവിത ഗന്ധിയും കാലോചിതവുമായ ഒരു വിദ്യാഭ്യാസ പദ്ധതിയ്ക്കു വേണ്ടി കാത്തിരിക്കുന്നതോടൊപ്പം നിലവിലുള്ള വിദ്യാഭ്യാസ രംഗത്തെ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുകയാണ്.

**പ്രശ്നങ്ങൾ:-**

1. പഞ്ചായത്തിലെ സ്ക്കൂളുകളിലെ പഠനനിലവാരം തൃപ്തികരമല്ല.
2. S.S-.L-.C. വിജയശതമാനം കുറഞ്ഞുവരുന്നു.
3. പ്രൈമറി രംഗത്തെ പഠനനിലവാരവും തൃപ്തികരമല്ല.
4. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനു സൗകര്യമില്ല.
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനമില്ല.
6. സ്കൂളുകളുടെ ഭൗതികസൗകര്യം തൃപ്തികരമല്ല.
7. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
8. പല സ്കൂളുകളും "അൺ എക്കണോമിക്ക്" ആവുകയാണ്.

9.പഞ്ചായത്തിലെ കുട്ടികൾ അൺഎയ്ഡഡ് -ഇംഗ്ളീഷ് മീഡിയം സ്കൂളുകളിൽ ആകർഷിക്കപ്പെടുന്നു.

10.ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് മറ്റു പഞ്ചായത്തുകളിലെ ഹൈസ്കൂളുകളെ വർദ്ധിച്ച തോതിൽ ആശ്രയിക്കേണ്ടിവരുന്നു.

11.പഠനനിലവാരമുള്ള സ്കൂളുകൾ തേടി കുട്ടികൾ പോകുന്നു.

12.വിദ്യാലയങ്ങളുടെ നിലവാരം മെച്ചപ്പെടുത്താനുദ്ദേശിക്കുന്ന "ഗുരികുലം" പദ്ധതി അദ്ധ്യാപകരെ ബോധവൽകരിക്കാത്തതുകൊണ്ട് നിറം കെട്ടുപോകുന്നു.

13.സ്കൂളിൽ കലാകായിക പരിശീലനത്തിന് സൗകര്യമില്ല.

14.അദ്ധ്യാപകരക്ഷാകർതൃസമിതി (P-.T-.A) തൃപ്തികരമായി പ്രവർത്തിക്കുന്നില്ല.

15.വിദ്യാലയങ്ങളിലെ കുട്ടികൾ കൊഴിഞ്ഞു പോകുന്നു.

**സാധ്യതകൾ:-**

1. അക്കാഡമിക്ക് നിലവാരം മെച്ചപ്പെടുത്താൻ അദ്ധ്യാപകർക്ക് പുനഃപരിശീലനം നൽകണം.

2. ബോധനസഹായികളും പഠനസഹായികളും നൽകണം.

3. വിദ്യാഭ്യാസമേഖലയിൽ ഗുരുകുലം പോലുള്ള പരീക്ഷണങ്ങൾ നടത്തുമ്പോൾ അദ്ധ്യാപകരെ ബോധവൽക്കരിക്കണം.

4. അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും അവരുടെ സാമൂഹ്യ പദവി ഉയർത്തുകയും വേണം.

5. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം മെച്ചപ്പെടുത്തണം.

7. പ്രൈമറി സ്കൂൾ ആവശ്യമായിടത്ത് തുടങ്ങണം.

8. പഞ്ചായത്തിലെ ഒരു യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാവുന്നതാണ്.

9. സ്കൂളുകളുടെ പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നടപടിവേണം.

10. പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കണം. അംഗൻവാടികളെ ശിശുവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധിപ്പിക്കാവുന്നതാണ്.

11. മിടുക്കരായ കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം.

12. വിദ്യാഭ്യാസം തൊഴിലുമായി ബന്ധപ്പെടുത്തണം.

13. സ്കൂളിന്റെ നടത്തിപ്പിൽ P.T-.A-.യും മദർ P.T-.A-.യും ശക്തമായി ഇടപപെടണം.

14. അയൽപക്ക വിദ്യാലയ സമ്പ്രദായത്തിനു വേണ്ടി രക്ഷിതാക്കളെ ബോധവൽക്കരിക്കണം.

15. ജനിക്കുന്ന മുഴുവൻ കുട്ടികളെയും സ്ക്കൂളുകളിലെത്തിക്കാനും അവരെ കൊഴിഞ്ഞു പോകാതെ നിലനിർത്താനും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകി വളർത്തിയെടുക്കാനും, ആവശ്യമായ തൊഴിലുകൾ പരിശീലിപ്പിച്ച് സമൂഹത്തിന്റെ ശക്തിമായ കണ്ണിയാക്കി മാറ്റിയെടുക്കാനും കഴിയുന്ന വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കണം.

# കുടിവെള്ളം പൊതുജനാരോഗ്യം പരിസരശുചിത്വം



ജലമാണ് ജീവൻ. പ്രകൃതിയുടെ ഏറ്റവും വലിയ വരദാനങ്ങളിലൊന്നാണ് ജലം. കുടിവെള്ളക്ഷാമം അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളേതാണ്ട് പൂർണ്ണമായും കുടിനീരിന് ആശ്രയിക്കുന്നത് കിണറുകളെ തന്നെയാണ്. പഞ്ചായത്തിൽ കുടിവെള്ളത്തിന് പ്രായേണ ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ആയിത്തറയിലെ ഉയർന്ന സ്ഥലങ്ങൾ, കോയിലോട്, വട്ടിപ്രം എന്നിവിടങ്ങളിലാണ്. മൊത്തത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഒന്നാണ് നമ്മുടെ പഞ്ചായത്ത്. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥാലങ്ങളിൽ കുടിവെള്ളം എത്തിക്കേണ്ടത് അനിവാര്യമാണെങ്കിലും ആ മേഖലയിലെ യഥാർത്ഥ പരിഹാര നടപടി അതതു പ്രദേശങ്ങളിൽ ജലം ലഭ്യമാകുന്നുവെന്നു ഉറപ്പു വരുത്തലാണ്. നീർമറികളുടെ പരിപാലനത്തിലൂടെയും തൽസ്ഥല ജലപരിപാലനത്തിലൂടെയും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനാണ് നാം ശ്രമിക്കേണ്ടത്. തോടുകളിലും നീർച്ചാലുകളിലും തടയണകൾ കെട്ടിയും ക്രോസ്ബാറുകൾ നിർമ്മിച്ചും നീർമറികൾ സംരക്ഷിക്കാനാകും. പറമ്പുകളിൽ കുഴികൾ കുഴിച്ചും ഇടകളിലേക്ക് വെള്ളം ഒഴുക്കി വിടാതെയും മറ്റും മഴവെള്ളം ഭൂമിയിൽ കിനിഞ്ഞിറങ്ങാൻ അനുവദിക്കേണ്ടതാണ്. മാങ്ങാട്ടിടം പഞ്ചായത്തിൽ കൂടി ഒഴുകുന്ന അഞ്ചരക്കണ്ടിപ്പുഴയിൽ ഇടവിട്ടു പത്തോളം ഭാഗങ്ങളിൽ തടയണ നിർമ്മിക്കുന്നത് വേനൽക്കാലത്ത് പുഴയിൽ വെള്ളം നിൽക്കുന്നതിനും തദ്ദാര സമീപ പ്രദേശങ്ങളിലെ കിണറുകൾ വറ്റാതിരിക്കുന്നതിനും സഹായകമാണ്. പഞ്ചായത്തിലെ ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മുഴുവൻ കുടിവെള്ളം എത്തിക്കാൻ കഴിയുന്ന 3 പദ്ധതികൾ പഞ്ചായത്തിൽ പുരോഗമിച്ചു വരുന്നു. ശങ്കരനെല്ലൂരിന് സമീപം അയ്യപ്പൻ തോട്ടിൽ കിണറു കുഴിച്ച് വെള്ളം ശേഖരിച്ച് വിതരണം ചെയ്യുവാനുദ്ദേശിക്കുന്ന ഒരു പദ്ധതിയും അഞ്ചരക്കണ്ടി പുഴയിൽ കിണർ കുഴിച്ച് വെള്ളം വിതരണം ചെയ്യാനുദ്ദേശിക്കുന്ന മറ്റൊരു പദ്ധിതയുമാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. കണ്ടൻകുന്നിൽ അഞ്ചരക്കണ്ടി പുഴയിൽ കിണർ കുഴിച്ച് വെള്ളം എത്തിക്കേണ്ട മൂന്നാമത്തെ കിണറിന്റെ പണി തുടങ്ങിയിട്ടില്ലെങ്കിലും ടാങ്ക് പൂർത്തിയായിക്കഴിഞ്ഞു. 1997ൽ പണിപൂർത്തിയാക്കാൻ കഴിയുമെന്നാണ് വാട്ടർ അതോറിറ്റി ഭാരവാഹികൾ പദ്ധതി അവലോകന സമയത്ത് അറിയിച്ചിട്ടുള്ളത്.

പഞ്ചായത്തിലെ സ്വകാര്യ കിണറുകളിൽ നല്ലൊരു പങ്കും വേനൽക്കാലത്ത് വറ്റുന്നതാണ്. സാമ്പത്തികസഹായം ലഭിക്കാത്തതു കാരണം പലപ്പോഴും കിണറുകളുടെ ആഴം വീണ്ടും വർദ്ധിപ്പിക്കാൻ കഴിയാതെ വരുന്നു.

ജലസേചനത്തിനു വേണ്ടി നിർമ്മിച്ച പഴശ്ശി ജലസേചനപദ്ധതിയുടെ കനാലിൽ "ഹൈകട്ടിങ്ങ്" ഉണ്ടായിട്ടുള്ള ഭൂഭാഗങ്ങളിലെ കിണറുകൾ വേഗം വറ്റി പോകുന്നുണ്ട്. അതേ പോലെ വട്ടിപ്രം കരിങ്കൽ ക്വാറി പ്രദേശങ്ങളിലും ഈ പ്രവണത ദൃശ്യമാണ്.

പ്രശ്നങ്ങൾ

1. ആയിത്തറയിലെ ഉയർന്ന കുന്നിൻപ്രദേശം, കോയിലോട്, വട്ടിപ്രം ക്വാറിസൈറ്റ് എന്നിവിടങ്ങളിൽ ജനക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ മറ്റു ചില വാർഡുകളിൽ ഉയർന്ന ഭൂഭാഗങ്ങളും അധികവേനലിൽ കിണറ്റിലെ വെള്ളം വറ്റി പോകുറുണ്ട്.

2. പഞ്ചായത്തിലെ കുഴൽകിണർ പലതും കേടായിക്കിടക്കുകയാണ്.

3. പഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനം നടക്കുന്നില്ല.

4. കിണറ്റിലെ വെള്ളം ക്ലോറിനേറ്റ് ചെയ്യുന്ന പതിവില്ല. ഇത് ജലജന്യ രോഗങ്ങൾക്ക് കാരണമാകുന്നു.

5. വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തി മന്ദഗതിയിലാണ് നടക്കുന്നത്.

6. പൊതു കിണറുകൾ കാലാകാലങ്ങളിൽ വൃത്തിയാക്കുന്നില്ല.

7. ജലസ്രോതസ്സുകളായ തോട്, പുഴ എന്നിവയിൽ മലിനജലം ഒഴുക്കിവിടുന്നു.

**സാധ്യതകൾ.**

1. പഞ്ചായത്തിൽ നീർതട പദ്ധതിക നടപ്പിലാക്കുക.

2. നിലവിലുള്ള കിണറുകളും കുളങ്ങളും ആവശ്യമുള്ളിടത്തു റിപ്പേർ ചെയ്യുക. ആഴം വർദ്ധിപ്പിക്കുക.

3. വാട്ടർ അതോറിറ്റിയുടെ കീഴിൽ നട്ക്കുന്ന പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ എത്രയും പെട്ടെന്നു പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. നാടു മുഴുവൻ പൈപ്പ് ഇടുന്നതിനു മുമ്പ് ഭാഗികമായി പദ്ധതി കമ്മീഷൻ ചെയ്തു പദ്ധതിയുടെ വിജയം ഉറപ്പുവരുത്തുക.

4. പഞ്ചായത്തിലെ കുഴൽകിണർ പ്രവർത്തനക്ഷമമാക്കുക.

5. ജലസ്രോതസ്സുകൾ സംരക്ഷിക്കുക.

6. വേനൽക്കാലങ്ങളിൽ ജലജന്യരോഗ നിവാരണത്തിന് ക്ലോറിനേഷൻ നിർബന്ധമാക്കുക.

7. പഞ്ചായത്തിലുള്ള പൊതുകിണറുകളുടെ സംരക്ഷണം ജനകീ. സമിതികൾക്കു നൽകുക.

8. ലക്ഷം വീടു കോളനികളിൽ കിണറ്റിനു ചുറ്റും അഴുക്ക് വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. കോളനിയിൽ ഡ്രെയിനേജ് സൗകര്യം വർദ്ധിപ്പിക്കുക.

പൊതുജനാരോഗ്യം. കേരളം ആരോഗ്യരംഗത്തു മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ശിശു മരണ നിരക്കു, ആയുർദൈർഘ്യം ഇവ കണക്കിലെടുത്ത് ഏതാണ്ട് വികസിത രാജ്യങ്ങൾക്കു തുല്യമായ സൂചികയാണ് കേരളത്തിനുള്ളത്. പ്രതിശീർഷ വരുമാനം താണിരിക്കുമ്പോൾ തന്നെ ആരോഗ്യരംഗത്തു കേരളം കൈവരിച്ച ഉജ്ജ്വലമായ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിൽ "കേരളമാതൃകയെ" ലോകമെമ്പാടും ചർച്ച ചെയ്യപ്പെടാറുണ്ട്.

എന്നാൽ മരണനിരക്കു കുറഞ്ഞു കൊണ്ടിരിക്കുമ്പോൾ തന്നെ കേരളത്തിൽ രോഗമുള്ളവരുടെ എണ്ണം (രോഗാതുരത) കൂടിവരുന്നതായാണ് കണ്ക്കുകൾ സൂചിപ്പിക്കുന്നത്. കൂടാതെ മഞ്ഞപ്പിത്തം, വയറിളക്കം, ക്ഷയം തുടങ്ങിയ ദരിദ്ര രോഗങ്ങളും രക്തസമ്മർദ്ദം, പ്രമേഹം, കാൻസർ, ഹൃദ്രോഗം തുടങ്ങിയ സമ്പന്നരുടേത് എന്ന് വിശേഷിക്കപ്പെടുന്ന രോഗ്ങ്ങളും അടുത്തകാലത്തു കൂടുതലായിക്കാണുന്നു. അപ്രത്യക്ഷമായി എന്നു കരുതിയ മലമ്പനിയും കോളറയും വീണ്ടും തിരിച്ചുവന്നിരിക്കുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് കേരളീയരുടെ ആരോഗ്യസ്ഥിതി വളരെ ദുർബ്ബലമാണെന്നാണ്.

പഞ്ചായത്ത് രാജ് സംവിധാനത്തിൽ ആരോഗ്യ സംവിധാനത്തിന്റെ ചുമതല പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. പൊതുജനാരോഗ്യ സംരക്ഷണത്തിനായുള്ള സ്ഥാപനങ്ങൾ നോക്കുകുത്തികളായിത്തീരുന്ന ഒരവസ്ഥയാണിന്ന്. ആരോഗ്യ സേവന സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജനകീയമാക്കുകയും ചെയ്യേണ്ട ചുമതല പ്രാദേശിക ഭരണകൂടങ്ങൾക്കുണ്ട്.

പ്രസിദ്ധരായ പാരമ്പര്യ വൈദ്യന്മാർ മുമ്പ് പഞ്ചായത്തിലുണ്ടായിരുന്നു. പല രോഗങ്ങൾക്കും "ഒറ്റമൂലി" പ്രയോഗങ്ങൾ ഇവർക്ക് വശമായിരുന്നു. നാടൻ പേറ്റിച്ചിമാരായിരുന്നു അന്ന് സൂതി കർമ്മിണികൾ. അലോപ്പതി വൈദ്യസമ്പ്രദായത്തിന്റെ അതിപ്രസരത്തിൽ ഈ സമ്പ്രദായം കുറ്റിയറ്റു പോയി.

പൊതുപ്രശ്നങ്ങളും നിവാരണ മാർഗ്ഗങ്ങളും. പഞ്ചായത്തിൽ നിലവിൽ ഒരു പ്രൈമറി ഹെൽത്ത്സെന്ററും ഒരു ഉപകേന്ദ്രവുമാണുള്ളത്. ഹെൽത്ത് സെന്റർ നാലാം വാർഡിലും ഉപകേന്ദ്രം രണ്ടാം വാർഡിലുമാണുള്ളത്. ഹെൽത്ത് സെന്ററിൽ ഫർണ്ണിച്ചറിന്റെയും ശുദ്ധജലത്തിന്റെയും അപര്യാപ്തതയുണ്ട്. രണ്ടാം വാർഡിലെ ഉപസെന്ററിലെ കെട്ടിടം താമസയോഗ്യമല്ലാത്തതിനാൽ ജനങ്ങൾക്ക് സേവനം ഫലത്തിൽ ലഭ്യമല്ലാതായിത്തീരുന്നു.

പഞ്ചായത്തിൽ 3 ഫാമിലി വെൽഫെയർ സെന്ററുകളുണ്ട്. അവ 6, 7, 8 വാർഡുകളിലാണുള്ളത്. ഇവയിൽ നാലാം വാർഡിന്റെ കേന്ദ്രത്തിൽ വെള്ളവും വെളിച്ചവും ലഭ്യമല്ല. എട്ടാം വാർഡിലെ കെട്ടിടം ചോർന്നൊലിക്കുകയും ചെയ്യുന്നു.

പഞ്ചായത്തിൽ പത്താം വാർഡിൽ ഒരു ICDC സെന്ററുമുണ്ട്. എന്നാൽ കെട്ടിടം താമസയോഗ്യമല്ലാതെ ഉപയോഗശൂന്യമായതിനാൽ 2 വർഷത്തിലധികമായി ഇതിന്റെ സേവനം ഫലത്തിൽ ഇല്ല.

പഞ്ചായത്തിൽ ഒന്നാം വാർഡിൽ ഒരു ആയൂർവ്വേദ ഡിസ്പെൻസറി ഉണ്ട്. മറ്റു വാർഡുകൾ നിലവിൽ യാതൊരു ആരോഗ്യകേന്ദ്ര സംവിധാനങ്ങൾ ഇല്ലാത്ത നിലയിലാണ്. പഞ്ചായത്തി പുതുതായി ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും ഒരു ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കാനായി അടിയന്തിര ആവശ്യവും അതിന് സാഹചര്യവുമുണ്ട്.

പഞ്ചായത്തിൽ പകുതിയോളം വീടുകളിൽ കക്കൂസുകൾ നിലവിലില്ല. ഏറ്റവും ചുരുങ്ങിയത് 1500-ഓളം വീടുകളിൽ ഈ പദ്ധതി കാലത്ത് കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം നൽകേണ്ടതുണ്ട്.

പഞ്ചായത്ത് തലത്തിൽ കൊതുക് നിവാരണത്തിന് പരിപാടികൾ ആസൂത്രണം ചെയ്യണം.

അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നായ്ക്കൾ മൂലം പേപ്പട്ടി വിഷബാധ ഏൽക്കുന്നത് വലിയ ആരോഗ്യ പ്രശ്നമായതിനാൽ പട്ടി വളർത്തുന്നവരെക്കൊണ്ട് നിർബന്ധമായും ലൈസൻസ് എടുപ്പിക്കുകയും സൗജന്യമായി പട്ടികളെ പേ വിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് നടത്തിക്കുകയും വേണം.

പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി വിവിധ തരം പച്ചക്കറികളും ഇലക്കറികളും ഓരോ വീടുകളിലും കൃഷി ചെയ്യുന്നതിനായി വിത്തും മറ്റ് സഹായങ്ങളും കൃഷിവകുപ്പുമായി ചേർന്ന് ചെയ്ത് കൊടുക്കേണ്ടതുണ്ട്. കുടുംബത്തിൽ ഒരളവു വരെ പ്രോട്ടീൻ പോഷകാഹാരക്കുറവ് പരിഹരിക്കാൻ ചുരുങ്ങിയത് 5 വീതമെങ്കിലും മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വ്യാജമദ്യം പ്രചരിക്കുന്നതിനാൽ അത് ജനങ്ങളുടെ ആരോഗ്യത്തിന് പ്രശ്നമാവുന്നുണ്ട്. ഇതിനെതിരായി ജനങ്ങളെ ബോധവൽക്കരിക്കുകയും അവയുടെ ഉൽപാദന വിതരണ കേന്ദ്രങ്ങൾ കണ്ടുപിടിച്ച് അധികൃതരെക്കൊണ്ട് നടപടി എടുപ്പിക്കാൻ വേണ്ടത് ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും 6 മാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധനമാ ക്യാമ്പ് സംഘടിപ്പിക്കുന്നത് ക്യാൻസർ പോലുള്ള രോഗങ്ങൾ ആരംഭകാലത്ത് തന്നെ കണ്ടെത്തി പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാവുന്നതാണ്.

പഞ്ചായത്തിൽ ദീർഘകാലമായി രോഗത്താൽ വലയുന്നവരും, ചികിത്സാ സൗകര്യങ്ങൾക്ക് സാമ്പത്തികമായി കഴിവില്ലാത്തവരുമായവരെ സഹായിക്കാൻ ഒരു സ്ഥിരം ചികിത്സാ സഹായനിധി രൂപീകരിച്ച് അതിൽ നിന്ന് സഹായം നൽകേണ്ടതാണ്.

### പ്രശ്നങ്ങൾ

1. പി.എച്ച്.സി. കളുടെ ഭൗതികസൈഹതര്യം മെച്ചപ്പെട്ടതല്ല. അവിടെ രോഗികളെ ചികിത്സിക്കാൻ യാതൊരു സൗകര്യവുമില്ല. രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിലില്ല.

2. പി.എച്ച്.സി. യോടു ബന്ധപ്പെട്ട ഉപകേന്ദ്രങ്ങളിലും ഭൗതികസാഹചര്യം വളരെ ദയനീയമാണ്.

3. ഒന്നാം വാർഡിലെ ആയൂർവ്വേ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സിപ്പിക്കാൻ സംവിധാനമില്ല. മരുന്നുകളുടെ അഭാവമുണ്ട്.

4. പഞ്ചായത്തിൽ ഹോമിയോ ചികിത്സാകേന്ദ്രങ്ങളില്ല.

5. എല്ലാ വീടുകൾക്കും കക്കൂസില്ല. 6. പഞ്ചായത്തിൽ കൊതുകു ശല്യം കൂടി വരുന്നു. ഇത് മലമ്പനി

പടരാൻ കാരണമായേക്കാം.

7. അലഞ്ഞുനടക്കുന്ന പട്ടികളുടെ ശല്യം രൂക്ഷമാണ്. പേപ്പട്ടിവിഷബാധയ്ക്ക് ഇത് കാരണമായിത്തീരാം.

8. കുട്ടികളിൽ പോഷകാഹാരക്കുറവ് ദൃശ്യമാണ്.

9. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വ്യാജമദ്യം പ്രചരിക്കുന്നുണ്ട്.

10. കിണറ്റിലെ ജലം ക്ലോറിനേറ്റ് ചെയ്യുന്നില്ല. ഇത് ജലജന്യ രോഗങ്ങൾ വരാൻ കാരണമായിത്തീരുന്നു.

11. മൂന്നാം പീടിക ഭാഗത്ത് ഓടകൾ പരിസര മലിനീകരണം സൃഷ്ടിക്കുന്നു.

### സാധ്യതകൾ

1. പി.എച്ച്.സി. യിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

2. പി.എച്ച്.സി. കിടത്തി ചികിത്സിപ്പിക്കാവുന്ന കേന്ദ്രമാക്കി ഉയർത്തുക.

3. പി.എച്ച്.സി. ഉപകേന്ദ്രങ്ങൾ പ്രവർത്തന യോഗ്യമാക്കണം.

4. ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുക.

5. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി സ്വീകരിക്കുക.

6. കൊതുകു നിവാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7. വ്യാജമദ്യവിൽപ്പനക്കെതിരെ ജനകീയ സമതികൾ രൂപീകരിക്കണം.

8. പേപ്പട്ടി വിഷബാധയ്ക്കെതിരെ ബോധവൽക്കരണം നടത്തുക. വളർത്തു പട്ടികൾക്കു കുത്തിവയ്പ്പു നിർബന്ധമാക്കുക. പട്ടി വളർത്തുവരെക്കൊണ്ട് നിർബന്ധമായും പഞ്ചായത്തു ലൈസൻസ് എടുപ്പിക്കുക. അലഞ്ഞു തിരിയുന്ന പട്ടികളെ നശിപ്പിക്കുക.

9. ദീർഘകാലമായി രോഗത്താൽ വലയുന്ന നിർദ്ധനരെ സഹായിക്കാൻ ഒരു സ്ഥിരം നിധി രൂപീകരിച്ചു സഹായിക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സമിതി രൂപീകരിക്കുക.

# ഗതാഗതം



കൃഷിയിൽ നിന്നും സംസ്കാരം ആരംഭിച്ചു എന്നു പറയുന്നതുപോലെ ഗതാഗതവും കൃഷിയിൽ നിന്നുണ്ടായി എന്നു വേണം അനുമാനിക്കാൻ. കൃഷി ആരംഭിച്ച മനുഷ്യന് സഞ്ചാരവും ആവശ്യമായി വന്നു. മനുഷ്യന്റെ ആദ്യത്തെ വാഹനം മൃഗങ്ങളായിരുന്നു. ചക്രങ്ങളുടെ കണ്ടുപിടുത്തത്തോടെ ചക്രമുരുളാനുള്ള പാതകളും ആവശ്യമായി വന്നു. ചക്രവും പാതയും മനുഷ്യ പുരോഗതിയിൽ പുതിയൊരു പാതപണിതു.

കാളവണ്ടികളായിരുന്നു നമ്മുടെ പഞ്ചായത്തിലേയും ആദ്യകാല വാഹനങ്ങൾ കാളവണ്ടകൾക്കുവേണ്ടിയാണ് നമ്മുടെ ആദ്യത്തെ പാതകൾ നിർമ്മിക്കപ്പെട്ടത് (ചെത്തുവഴികൾ വീതികൂട്ടയതാണ് ആദ്യകാലത്തെ മൺപാതകൾ) രണ്ടു സമൂഹത്തിലെ മേലാളർക്കുവേണ്ടിയുള്ളതാണ്. വിദേശികളുടെ വരവോടെയാണ് ഗതാഗതത്തിന്റെ മുഖം തെളിയുന്നത്. ഇവിടുത്തെ സുഗന്ധദ്രവ്യങ്ങളും മറ്റും കടത്തികൊണ്ടുപോവുക വിദേശികളുടെ ലക്ഷ്യമായിരുന്നു. അതിന് ജലഗതാഗതവും റോഡ് ഗതാഗതവും ആവശ്യമായിവന്നു.

ഇതിൽ റെയിൽ ഗതാഗതം നമ്മുടെ പഞ്ചായത്തിലില്ല. ജലഗതാഗതവും മാങ്ങാട്ടിടം പഞ്ചായത്തിനന്യമാണ് പഞ്ചായത്തിലൂടെ ഒഴുകുന്ന അഞ്ചരക്കണ്ടിപ്പുഴ തൊട്ടടുത്ത ഗ്രാമമായ വേങ്ങാട്ടു വരെ മാത്രമെ ജലഗതാഗതത്തിന്നു വഴങ്ങുന്നുള്ളു. പിന്നെ ഗതാഗതത്തിനുള്ള ഒരേ ഒരാശ്രയം റോഡുകളാണ്. നമ്മുടെ പഞ്ചായത്തിലൂടെ കടന്നു പോകുന്ന തലശ്ശേരി കൂർഗ് റോഡും, തലശ്ശേരി മാനന്തവാടി റോഡും സൈനികാവശ്യത്തിനും സുഗന്ധദ്രവ്യങ്ങൾ കടത്തുന്നതിനും ബ്രിട്ടീഷുകാർ വികസിപ്പിച്ചെടുത്തതാണ്. ഇന്നത്തെ കിണവക്കൽ ചാമ്പാട് റോഡ്, പഴയ ചെത്തുവഴി വികസിപ്പിച്ചെടുത്തതാണ് കിണവക്കൽ - വേങ്ങാട്, ആയിത്തരഗോശാല, കൈതേരി - രാമപുരം, എന്നീ റോഡുകൾ പഴയ വണ്ടിപെരിയകളുടെ പരിണാമമാണ്.

ഇന്നുപഞ്ചായത്തിൽ 99.5കിലോമീറ്റർ നീളത്തിൽ റോഡുകളുണ്ടു. അതായത് ചതുരശ്ര കിലോമീറ്ററിന്നു 3 കിലോ മീറ്റർ റോഡ്വീതം ഇതിൽ 83.5 കിലോ മീറ്റർ പഞ്ചായത്ത് റോഡും 16 കിലോ മീറ്റർ PWD റോഡുമാണ് പഞ്ചായത്ത് റോഡിൽ പക്കാറോഡും കയ്യാറോഡും പെടും.


1 പഞ്ചായത്ത് ഓഫീസ്
2 പി. എച്ച്. സി
3 ആയുർവേദ ഡിസ്പെൻസറി
4 നിർമ്മല ഹയർ സെക്കന്റ
5 ജി. എച്ച്. എസ്. മണലൂർ
6 മാണാമ്പിള്ളി യു.പി
7 വടുതല "
8 മൈനർ സെമിനാരി "
9 നിർമ്മലഗിരി യു.പി
10 അസീസിയോ സ്കൂൾ എൽ.പി
11 അന്തരപ്പിള്ളി "
12 മിഡുസ്കൂൾ "
13 രാമപുരം "
14 മിഡുസ്കൂൾ പാലിയേ "
15 ശരണ. എൽ.പി. മണലിപ്പാടം
16 നിർമ്മലഗിരി "
18 ആലിങ്കര നോർത്ത് "
19 മൈനർ സെമിനാരി എൽപിസ്കൂൾ "
20 മൈനർ സെമിനാരി സെന്റർ "
21 വിശുദ്ധ ഗീവർഗീസ് മിഷൻ പി.
22 " മണ്ണംതുരുത്ത്
23 ട്രിബിറൽ
24 മൈനർ പി.പി
25 ഇ.പി.എച്ച്.സി. ഉപകേന്ദ്രം
26 എസ്. പബ്ലിക് ലൈബ്രറി
27 "
28 "
29 ഐ.സി.പി.സി.
പഞ്ചായത്ത് അതിർത്തി
റോഡ്. ടാർ റോഡ്
മിൺ റോഡ്
റെയിൽ അതിരായി.
വാടാനപ്പള്ളി പഞ്ചായത്ത്
പ്രധാന റോഡുകളും കലാപരമായിട്ടുള്ള.

പഞ്ചായത്തിലെ നിലവിലുള്ള റോഡുകൾ

പഞ്ചായത്ത് രേഖകൾ, വാർഡ്മെമ്പർമാർ, പ്രധാനപ്രവർത്തകർ ഗ്രാമസഭാറിപ്പോർട്ടുകൾ എന നിവയുടെ അടിസ്ഥാനത്തിൽ തെയ്യാറാക്കിയത്.

| ക്രമനമ്പർ | വാർഡ്നമ്പർ | റോഡിന്റെപേര് | ദൂരം. കിലോമീറർ | വീതി, മീറ്റർ ടാർചെയ്തവീതം | റോഡിന്റെ തരം തിരിവ് | | | |
|---|---|---|---|---|---|---|---|---|
| | | | | | (ആകെ വീതി) | ടാർ ചെയ്ത ദൂരം | ഗ്മെറ്റൽ ചെയ് തദൂരം | ട്രാവൽ റോഡ് ദൂരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 6<br>7<br>8<br>9 | ഹിൽവെ PWD<br>തലശ്ശേരി കുർഗ് റോഡ് | | | | 3.0<br>km | | |
| 2 | 10<br>11<br>12 | തലശ്ശേരി മാനന്തവാടിറോഡ് | | | | 3.0<br>kM | | |
| | | മറ്റു P.W.D റോഡുകൾ | | | | | | |
| 3 | 2<br>4<br>5 | കിണവക്കൽ - വേങ്ങാട് | | | | 4 | | |
| 4 | 1<br>2 | കപ്പാറ - ചാമ്പാട് | | | | 3<br>km | | |
| 5 | 11<br>10 | കൈതേരി - ഗോശാല - മമ്പറം | | | | | | |
| 6 | 1 | പാലെന്റെകീഴിൽ - കോയിലോട് | 2.400 | 4 | 6 | 1.40<br>kM | | |
| 7 | 1<br>2 | വെള്ളപ്പന്തൽ - കൈതച്ചാൽ | 2.400 | 3 | 8 | 2.5<br>Km | | |
| 8 | 4 | കിണറിന്റെവിട - ആമ്പിലാട് | 0.750 | 3 | 8 | 0.7<br>Km | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 1 | ശങ്കരനെല്ലൂർ കൊയിലോഡ് ബോർഡ് റോഡ് | 0.26 | 3.00 | 5.00 | 0.26 | | |
| 10 | | അയ്യപ്പൻതോട് - വട്ടിപ്രം | 2.400 | 4 | 8 മീ | 1.20 | | |
| 11 | | വട്ടിപ്രം മാണിക്കോത്ത് വയൽ | 2.955 | | 6.00 | | | |
| 12 | | മൂന്നാം പീടിക വട്ടിപ്രം | 1.700 | 4 | 8 | | | |
| 13 | | | | | | | | |
| 14 | | നീർവേലി - ആയിത്തര | 4.138 | 4 | 8 മീ | | | |
| 15 | | കൈതച്ചാൽ - ഇന്ദിരാ അവാസ് | 0.860 | 3 | 5 | | | |
| 16 | | വെള്ളപ്പന്തൽ പാച്ചപൊയ്ക | 0.200 | 3 | 5 | | | |
| 17 | | പാലേന്റെകീഴിൽ - ശങ്കരസ്കൂ ൾ | 1.600 | 4 മീ | 6 മീ | | | |
| 18 | | | | 4 | 4 | | | |
| 19 | | മെരുവമ്പായി കണ്ടാ കുന്ന് | 1.800 | 3 | 5 | | | |
| 20 | | രാമപുരം - ആറങ്ങാട്ടേരി | 1.032 | 4 | 6 | | | |
| 21 | | ആറങ്ങാട്ടേരി - കണ്ടാ കുന്ന്. | 1.093 | 4 | 6 | | | |
| 22 | II, III | മാങ്ങാട്ടിടാ - ആമ്പിലാട് സൗത്ത് | 1.600 | - | 5 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 23 | V | വട്ടപ്ര118 - വട്ടിപ്രം പുളിൻെറകിഴിൽ | 1.600 | - | 4 | | | |
| 24 | II | തണ്ണീർ പന്തൽ - മാങ്ങാട്ടാം വയൽ | 0.600 | | 6 | | | |
| 25 | I | പള്ളിക്കാട് - കോയിലോട് | 0.430 | | 5 | | | |
| 26 | II, III | കിണവക്കൽ റോഡ് - ആമ്പിലാട് വയ ൽ | 1.020 | | 5 | | | |
| 27 | I | ശങ്കനല്ലൂർ - മാമ്പ്രമൂല | 0.350 | | 5 | | | |
| 28 | II, I | തണ്ണീർപന്തൽ കൈതച്ചാൽ റോഡ് ശങ്കരനല്ലൂർ വയൽ | 0.200 | | 4 | | | |
| 29 | VI | പുല്ലാച്ചിഇടവഴി | 0.390 | | 2 | | | |
| 30 | I | കോയിലോട് വയൽ - ശങ്കരനല്ലൂർ | 0.625 | | 4 | | | |
| 31 | I | ശങ്കരനല്ലൂർ - കോയിലോട് വയൽ | 1.245 | | 4 | | | |
| 32 | V | കുട്ടപ്പുന്ന - വട്ടിപ്രംവയൽ | 0.450 | | 4 | | | |
| 33 | V | വട്ടിപ്രം - ചിറക്കാത്ത് താഴെ | 0.290 | | 5 | | | |
| 34 | III | കുട്ടിക്കുന്ന് - മൊടോംപൊയിൽ | 0.520 | | 6 | | | |
| 35 | VI | കരിയിൽപീടിക - പുല്ലാച്ചി - മാണി ക്കോത്ത് - വയൽ | 2.094 | | 6 | | | |
| 36 | VI | മാണിക്കോത്ത് വയൽ - കണ്ടത്തി പൊയിൽ | 0.480 | | 5 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 37 | III | ആമ്പിലാട് സകൂൾ - കോട്ടയം | 0.563 | | 5 | | | |
| 38 | V | ആരുക്കാവ് - പണിക്കണ്ടി | 0.600 | | 5 | | | |
| 39 | III, II | മാങ്ങാട്ടിടം - ആമ്പിലാട് | 0.750 | | 4 | | | |
| 40 | VI | പഞ്ചായത്ത് ഓഫീസ് - കുറുമ്പുക്കൽ വയൽ | 0.775 | | 4 | | | |
| 41 | V | പുതുക്കുടിതാഴെ - വെള്ളാനപൊയിൽ | 0.490 | | 5 | | | |
| 42 | V | വട്ടിപ്രം - വണ്ണാത്തിക്കടവ് | 2.00 | | 4 | | | |
| 43 | VI | കുന്നിന്റെകീഴിൽ - കണ്ടേരി | 1.823 | | 7 | | | |
| 44 | VII | രാമപുരം കൈതേരി | 1.900 | | 7 | | | |
| 45 | XI, X | കൈതേരി - മമ്പറംHS | 1.950 | | 6 | | | |
| 46 | XII, X | ആർങ്ങാട്ടേരി - മമ്പറം | 0.936 | | 4 | | | |
| 47 | XII | കൈതേരി - പാലാപ്പറമ്പ് | 0.795 | | 5 | | | |
| 48 | I | കോയിലോട് - മുട്ടുചിറ | 0.550 | | 5 | | | |
| 49 | IV | ഗുരിക്കൾക്കണ്ടി - ഫുട്പാത്ത് | 0.130 | | | | | |
| 50 | XI | തോട്ടക്കനിലം - കൈതേരി ഫുട്പാത്ത് | 0.122 | | 2.15 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 51 | II | ശങ്കരനല്ലൂർ മൊട്ട - മാങ്ങാട്ടിടം വയൽ | 0.169 | | 4 | | | |
| 52 | XII | കപ്പണലക്ഷം വീട - പാലയി | 0.498 | | 4 | | | |
| 53 | VII | രാമപുരം - നിർമ്മലഗിരി കോളനി | 0.380 | | 4.50 | | | |
| 54 | V | പുളിന്റെകീൽ - കാറുമ്പള്ള | 0.950 | | 5 | | | |
| 55 | I | പാലന്റെകീഴിൽ ശങ്കരനല്ലൂർ-PVS കമ്പനി | 0.579 | | 6 | | | |
| 56 | X | പന്ന്യോടം രാമൻ നമ്പ്യാരുടെ പീടികമുതൽ മമ്പറം വയൽ | 0.540 | | 5 | | | |
| 57 | XI | കൈതേരി -കട്ടച്ചേരി ഹരിജൻ കോളനി | 0.685 | | 6 | | | |
| 58 | IX | നിർവേലചട്ടരിറോഡ്മുതൽ ആയിത്തറ പുഴവരേ | 0.300 | | 6 | | | |
| 59 | I | ശങ്കരനല്ലൂർ മുതൽചലിൽ പറമ്പ് വരെ | 0.700 | | 6 | | | |
| 60 | I | മേനയിൽ മണിക്കോത്ത് - ശങ്കരനല്ലൂർ | 0.700 | | 7 | | | |
| 61 | II,III | കോറോത്തുള്ളിമെട്ട - ആമ്പിലാട് | 0.752 | | 5½ | | | |
| 62 | V | വട്ടിപ്രം - കുറുമ്പുക്കൽ | 0.540 | | 4 | | | |
| 63 | I | പാലെണ്ട കീയൽ ശങ്കരനല്ലൂർ റോഡിൽ നിന്ന് PVSറോഡ് ദീർഘിപ്പിച്ചത് | 0.200 | | 6 | | | |
| 64 | IV | കിരാച്ചിപാറോളിനാണുവിന്റെ പീടിക മുതൽ മുട്ടുചിറവരെ | 0.470 | | 4 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 65 | V,VI | വട്ടിപ്രം മാണിക്കോത്ത് വയൽ | 0.055 | | 6 | | | |
| 66 | IV | കൈതച്ചാൽ വട്ടിപ്രം റോഡിൽ നിന്ന് ഇന്ദിരാആവാസ് കോളനിവരെ | 0.215 | | 6 | | | |
| 67 | X | മമ്പറംവയൽ - മമ്പറം HS | 0.450 | | 6 | | | |
| 68 | III,IV | നിർമ്മലഗിരി അയ്യപ്പൻ റോഡിൽ നിന്ന് അയ്യപ്പൻതോട് കനാൽരരെ | 1.800 | | 5 | | | |
| 69 | VI | കുളിക്കടവ് - മാണിക്കോത്ത് വയൽ | 1.160 | | 5 | | | |
| 70 | II | വെള്ളപന്തൽ - ശങ്കരനല്ലൂർമെട്ട | 0.410 | | 5മീ | | | |
| 71 | II | മാങ്ങാട്ടിടം യു.പി.സ്കൂൾ | 0.230 | | 6മീ | | | |
| 72 | IX | നിർവേലിഅമ്പലം - ആയിത്തറപുഴ | 0.400 | | 4 | | | |
| 73 | X | കമ്പനിക്കുന്ന് - ആയിത്തറ | 0.820 | | 6 | | | |
| 74 | III | കുറുമ്പുക്കൽ - വട്ടിപ്രം | 0.450 | | 5 | | | |
| 75 | X | ആയിത്തറ - കാഞ്ഞിലേരി | 0.270 | | 4 | | | |
| 76 | X | ആയിത്തറ - കൊന്നരികുന്ന് | 0.250 | | 4 | | | |
| 77 | X | ആയിത്തറപാറ - മുടപ്പത്തീർ റോഡ് വരെ | 0.890 | | 8 | | | |
| 78 | V | കുണ്ടുംചാൽ - വട്ടിപ്രം | 0.500 | | 3.30 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 79 | X | മമ്പറം വായനശാല | 0.570 | | 5 | | | |
| 80 | II | ശങ്കരനല്ലൂർ ചാത്തോത്ത് - മാങ്ങാട്ടിടം വയൽ | 0.900 | | 8 | | | |
| 81 | III | നിർമ്മലഗിരി - ആമ്പിലാട്ട് - മൊട്ടാം പൊയിൽ | 0.857 | | 5 | | | |
| 82 | III | നിർമ്മലഗിരി മുതൽ കുറുമ്പുക്കൽ വയൽ | 0.265 | | 5 | | | |
| 83 | X | ആയിരത്തറമമ്പറം - തേൻപുളി | 0.516 | | 5 | | | |
| 84 | VIII | കണ്ടം കുന്ന് വയൽ - മുണ്ടുത്ത് വയൽ | 0.550 | | 5 | | | |
| 85 | X | പട്ടാരി - ആയിത്തറപ്പുഴ | 0.780 | | 5 | | | |
| 86 | VIII | കണ്ടംകുന്ന് - കൈതേരുറോഡിൽനിന്ന് GLPS വരെ | 0.489 | | 5 | | | |
| 87 | VI | പഞ്ചായത്ത് ഓഫീസ് - കുറുമ്പുക്കൽ വയൽ | 0.100 | | 4 | | | |
| 89 | IV, III | മാങ്ങാട്ടിടം മുല്ലപ്പള്ളി - പാറെക്കണ്ടി | 0.520 | | 4 | | | |
| 90 | II | കമ്പിത്തുൺ - പോതിയാൽകാവ് | 0.900 | | 6 | | | |
| 91 | III | മൊട്ടം പൊയിൽ - ചോരക്കുളം | 1.200 | | 6 | | | |
| 92 | XI, X | കൈതേരിപ്പാലം - മ്പുളി | 0.850 | | 6 | | | |
| 93 | XI | കൈതേരി 12 - അംഗൻവാടി | 0.850 | | 6 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 94 | VI | കണ്ടേരിവയൽ - മാണിക്കോത്ത്വയൽ | 0.420 | | 6 | | | |
| 95 | VI | മൂന്നാം പീടിക - കണ്ടേരിറോഡിൽനിന്ന് കണ്ടേരി വയൽ വരെ റോഡ് | 0.160 | | 6 | | | |
| 96 | II | മാങ്ങാട്ടിടം - കിണറ്റിന്റെവിട - ശങ്കമനക്കുംറോഡ്. | 0.700 | | 8 | | | |

വികസനമെന്നാൽറോഡുകളും പാലങ്ങളും നിർമ്മിക്കലാണെന്ന വികലമായ കാഴ്ചപ്പാടിന്റെ ഫലമായി ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും റോഡുകൾക്കുവേണ്ടി ചെലവഴിച്ചു വിവാദം സൃഷ്ടിക്കാറുണ്ടു. എന്നാൽ റോഡുകളെ സംബന്ധിച്ചധാരണകൾ പലപ്പോഴും വസ്തുനിഷ്ഠമല്ല. ഗ്രാമസഭകളിലെ ഏറ്റവും സജീവ ചർച്ചനടന്ന ഗ്രൂപ്പ് റോഡുമായി ബന്ധപ്പെട്ടതായിരുന്നു. റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾക്കായി പ്രധാനമായും ആശ്രയിക്കാവുന്നത് പഞ്ചായത്തിലെ റോഡ് രജിസ്റ്ററാണ്. പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ അശാസ്ത്രീയമായ ഘടനയിലും കാര്യക്ഷമമായി സൂക്ഷിക്കാത്തതിനാലും അടിസ്ഥാന രേഖയായി പരിഗണിക്കാൻ കഴിയുന്നില്ല.

ചുരുങ്ങിയത് 10 അടി (3.0 മീറ്റർ) വീതിയെങ്കിലും ഉള്ള (ഓവുചാലുകളുടെ വീതികൂടാതെ) വഴികളെയാണ് റോഡുകൾ എന്നുവിളിക്കുക. ഇവയെത്തന്നെ ടാർറോഡ്, മെറ്റൽറോഡ്, മൺറോഡ് എന്നും തരം തിരിക്കാം. റോഡുകളെ അവയുടെ ഉടമസ്ഥതയുടേയും പ്രധാന്യത്തിന്റെയുംഅടിസ്ഥാനത്തിൽ നേഷനൽ ഹൈവേ, പി.ഡബ്ല്യു.ഡി റോഡുകൾ പഞ്ചായത്ത് റോഡ് എന്നും വഴിനം നടത്താറുണ്ട് നേഷനൽഹൈവേ ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നില്ല. PWD യുടെ അധീനതയിലുള്ള രണ്ടു ഹിൽ റോഡുകളാണ് തലശ്ശേരി കൂർഗ് റോഡും തലശ്ശേരി മാന്തവാടി റോഡും പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന റോഡുകളിൽ നല്ല നിലയിൽ സംരക്ഷിക്കപ്പെടുന്ന റോഡുകളാണ് ഇത്, വാഹനങ്ങളുടെ ആധിക്യം കാരണം റോഡപകടങ്ങൾ ഉണ്ടാവുന്നുണ്ട്. റോഡുകളിലെ അശാസ്ത്രീയ വളവുകൾ, റോഡ് പാർശ്വങ്ങളിലെ വീതികുറവ്, ടാർ ചെയ്ത ഭാഗത്തോടുചേർന്നുള്ള ടേലഫോൺ, ഇലക്ട്രിക്ക് പോസ്റ്റുകൾ വാഹനങ്ങളുടെ അമിത വേഗത ഇവയാണ് അപകട കാരണം.

കിണവക്കൽ - വേങ്ങാട്, കപ്പാറ - ചാമ്പാട്, കൈതേരി, ഗോശാല - മമ്പറം എന്നീ റോഡുകൾ PWD യുടെ ഉടമസ്ഥതയിലുള്ളതും ബസ്സ് ഗതാഗതം ഉള്ളവയുമാണ് എന്നിവയുമാണ് മഴവെള്ളം ഒഴിഞ്ഞുപോകാനുള്ള ഡ്രയിനേജ് സൗകര്യങ്ങളുടെ, അഭാവത്താൽ ഓരോ മഴക്കാലം കഴിയുമ്പോഴേയ്ക്കും റോഡുകൾ കുണ്ടും കുഴിയുമായി വാഹനഗതാഗതത്തിനു തടസ്സം സൃഷ്ടിക്കുന്നു. ഈ റോഡുകളിൽ ചില സ്ഥലങ്ങളിൽ പാർശ്വങ്ങളുടെ വീതികുറവ് അപകട സാധ്യതയുള്ളതാണ് കലുങ്കുകളുടെ അഭാവം മൂലം മഴക്കാലത്തു നീർകെട്ടു അനുഭവപ്പെടുന്നു.

പഞ്ചായത്ത് റോഡുകളിൽ ബസ്ഗതാഗതമുള്ളത് അയ്യപ്പൻ തോട് - വട്ടിപ്രം - മാണിക്കോത്ത് വയൽറോഡിൽ മാത്രമാണ് - മുമ്പു ബസ് ഗതാഗതമുണ്ടായിരുന്നതും വിവിധകാരണങ്ങളാൽ ഇപ്പോൾ ബസ് ഓട്ടം നിലച്ചതുമായ റോഡുകൾ പഞ്ചായത്തിലുണ്ട്. അവതാഴെ പറയുന്നവയാണ്

1. കിണറ്റെവിടെ - ആമ്പിലാട് റോഡ്.
2. പാലേന്റെ കീഴിൽ - തോയിലോട് റോഡ് .
3. മൂന്നാം പീടിക - വട്ടിപ്രം റോഡ്.
4. നീർവേലി - ആയിത്തരറോഡ്.

കിണവക്കൽ വേങ്ങാട് റോഡിൽ വാഹനക്കുരുക്ക് അനുഭവപ്പെടുമ്പോൾ ലിങ്ക് റോഡായി ഉപയോഗപ്പെടുത്തുന്നു

വെള്ളപ്പൊക്കത്തിൽ കൈതച്ചാൽ റോഡ് ടാർ ചെയ്തതും ബസ് റൂട്ട് അനുവദിക്കേണ്ട രൂട്ടുമാണ്.

ടാർചെയ്ത പഞ്ചായത്തു റോഡുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്തു മിക്ക റോഡുകളിലും വെള്ളക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവമാണ് ഇതിനൊരു കാരണം. കൂടാതെ ആവശ്യത്തിനു ഫണ്ടില്ലായ്മ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കു വിലങ്ങുതടിയാകുന്നു.

സാധാരണ നമ്മുടെ നാട്ടിൽ പറമ്പുകളുടെ ഇടവഴികൾ കുറച്ചു വീതികൂട്ടിയാണ് മൺറോഡുകൾ നിർമ്മിക്കുന്നത് - സ്ഥലം സൗജന്യമായി തദ്ദേശവാസികൾ സംഭാവ ചെയ്യുകയാണ് പതിവ്. മിക്ക മൺറോഡ് നിർമ്മാണത്തിനു പന്നിലും ജനകീയ സമിതി ഉണ്ടായിരിക്കും. ശ്രമദാനം വഴി റോഡുകൾ നിർമ്മിച്ച പഞ്ചായത്തിന്ന് കൈമാറുന്നതോടെ അവ പഞ്ചായത്ത് റോഡായി മാറുന്നു. ഇത്തരം റോഡുകൾ അധികവും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അനുസരിച്ചു നിർമ്മിച്ചതാവില്ല. പീന്നീട് ഈ റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികളും ഭാവി വികസനവും പഞ്ചായത്തിന്റെ ചുമതലയിലാവുന്നു - ഫണ്ടിന്റെ അഭാവം കൊണ്ടു അറ്റകുറ്റപ്പണികൾ യഥാവസരം നിർവ്വഹിക്കാൻ കഴിയാതെ, ഒരോ മഴക്കാലം കഴിയുംതോറും റോഡുകൾ ചാലുകളായും കുണ്ടുകളായും മാറി റോഡ് ഉപയോഗശൂന്യമാവുന്ന അവസ്ഥ നിലവിലുണ്ട് സന്നദ്ധ പ്രവർത്തനത്തിലൂടെ ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ സംഘടിപ്പിക്കുവാൻ കഴിയുമോ എന്ന കാര്യം പരഗണിക്കുന്നതുനന്നായിരിക്കും, പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിൽ നിന്നും പുതിയ റോഡുകൾ നിർമ്മിക്കാൻ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട് - അവയിൽ പലതും ഗൗരവശ്രദ്ധ പതിയേണ്ടതും ആണ്.

## പ്രശ്നങ്ങൾ

1. റോഡുകളുടെ പൊതു സ്ഥിതി മോശമാണ് - മഴവെള്ളം ഒഴിഞ്ഞുപോകാനുള്ള ഡ്രൈനേജ്കളുടേയും ഓവുചാലുകളുടേയും അഭാവം റോഡുകളിൽ കുണ്ടും കുഴയും വീണ് ഗതാഗത സൗകര്യത്തിന്നു തടസ്സം സൃഷ്ടിക്കുന്നു.

2. റോഡിലെ അശാസ്ത്രീയമായ വളവുതിരിവുകൾ, റോഡ് പാർശ്വങ്ങളിലെ നടപ്പാതയുടെ വീതിക്കുറവു, ടാർ ചെയ്ത റോഡ് ഭാഗത്തോടു ചേർന്നുള്ള ടെലഫോൺ ഇലക്ട്രിക്ക് പോസ്റ്റുകൾ, വാഹനങ്ങളുടെ അമിത വേഗത എന്നീകാരണങ്ങളാൽ, റോഡപകടങ്ങൾ, ഗതാഗതം കൂടുതലുള്ള റോഡുകളിൽ, നിത്യ സംഭവമായി മാറുന്നു.

3. യഥാസമയത്തു അറ്റകുറ്റ പണികൾ ചെയ്യാതിരിക്കുന്നതുമൂലം മഴക്കാലത്തു റോഡുകൾ ചളിക്കുണ്ടുകളായിമാറുന്നു.

4. റോഡിന്റെ നിർമ്മാണത്തിലും അറ്റകുറ്റ പണിയിലും ശാസ്ത്രീയ രീതി അവലംബിക്കാത്തതിനാൽ, നീർകെട്ടു മണ്ണൊലിപ്പ് എന്നീ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

5. പ്രാദേശികമായ ജനകീയ ഇടപെടലുകൾ ഇല്ലായ്മ മൂലം അനുവദിക്കപ്പെടുന്നഫണ്ടുകളിൽ ചോർച്ച റോഡുകളുടെ ശോച്യാവസ്ഥക്കു കാരണമാകുന്നു.

## സാധ്യതകളും നിർദ്ദേശങ്ങളും.

1. ഗതാഗതത്തിരക്കുള്ള റോഡുകളിലെ വളവുതിരിവുകൾശാസ്ത്രീയമായി ക്രമീകരിക്കുക.

2. ഗതാഗതത്തിരക്കുള്ള റോഡരുകുകളിൽ ഉടനീളം ചുരുങ്ങിയത് 1 മീറ്റർ വീതിയെങ്കിലുമുള്ള നടപ്പാത ഉണ്ടെന്ന് ഉറപ്പുവരുത്തുക.

3. ടാർചെയ്ത റോഡിനോടടുത്തുള്ള ടെലഫോൺ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുക.

4. റോഡിന്റെ ഇരുവശത്തും ഓവുചാലുകൾ ഉണ്ടെന്നുറപ്പുവരുത്തുക. - റോഡിന്റെ ആരോഗ്യ പരിപാലനത്തിനും സംരക്ഷണത്തിനും റോഡരുകുകളിലുള്ള ഓവുചാലുകൾ ദുരുപയോഗം ചെയ്യുന്നതും കർശനമായി നിരോധിക്കുക.

5. റോഡിലെ അറ്റകുറ്റപ്പണികൾ അതാതവസരം തന്നെ ചെയ്തു റോഡ് സുരക്ഷിതത്വം ഉറപ്പാക്കുക.

6. ബസ് യാത്രക്കാരുടെ സൗകര്യാർത്ഥം പ്രധാന ബസ്സ്റ്റോപ്പിൽ ബസ്സ്ഷെൽട്ടറുകൾ നിർമ്മിക്കുക.

7. റോഡ് പകടങ്ങൾ ഒഴിവാക്കാൻ പ്രധാനകവലകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

8. ബസ് സർവീസ് ഉണ്ടായിരുന്നതും പിന്നീടു നിലച്ചു പോയതുമായ റൂട്ടുകൾ ഉൾപ്പെടുത്തി പുതിയ ബസ് റൂട്ടുകൾ അനുവദിക്കുക.

9. ബഹുജന സഹകരണത്തോടെ റോഡുകളുടെ റ്റകുറ്റപണി (ഓവുചാലുകൾ ഉണ്ടാക്കൽ അടക്കം) നടന്നാൻ പരിപാടികൾ ആസൂത്രണം ചെയ്യുക - പ്രദേശികതലത്തിൽ റോഡുസംരക്ഷണത്തിന്നു ജനകീയ സമിതികൾ നിർമ്മിക്കുക.

10. ഗ്രാസഭകളിൽ നിന്ന് പുതിയ റോഡുകൾ നിർമ്മിക്കാൻ വന്ന നിർദേശങ്ങളുടെ മൻഗണനാക്രമം നിശ്ചയിച്ചു നിർമ്മിക്കുക.

11. പുതുതായി ടാർചെയ്യാനുള്ള റോഡുകളെ തെരഞ്ഞെടുക്കുന്നത് അംഗീകൃത യോഗ്യതയുടെഅടിസ്ഥാനത്തിലാവണം.

# ഊർജ്ജം

കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ രണ്ടു വെല്ലുവിളികളാണ് ഉൽപ്പാദനമേഖലയിലെ മുരടിപ്പും സേവന തുറയിലെ നിലവാരത്തകർച്ചയും, കൃഷി, വ്യവസായം തുടങ്ങിയ മേഖലകളിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുന്നതിനു പശ്ചാത്തലമൊരുക്കാൻ വേണ്ട നിർണ്ണായ ഘടകം വൈദ്യുതിയാണ്. വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ഊർജ്ജത്തിന്റെ കാര്യത്തിൽ വൈദ്യുതി ഊർജ്ജത്തിനാണ് പ്രാധാന്യം. എന്തു മാത്രം വൈദ്യുതി ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ഇന്ന് സമൂഹത്തിന്റെ ഭൗതിക നിലവാരത്തിന്റെ മേന്മ കണക്കാക്കുന്നത്. അതായത് ഗാർഹിക രംഗത്തെ വൈദ്യുതിയുടെ ഉപഭോഗം ജീവിത സൗകര്യങ്ങളെ കുറിക്കുന്നു, വ്യവസായ രംഗത്തെ വൈദ്യുതിയുടെ ഉപഭോഗം തൊഴിലവസരങ്ങളുടെ ലഭ്യതയെ സൂചിപ്പിക്കുന്നു എന്നു സാരം.

വടക്കൻ കേരളം കഴിഞ്ഞ കുറേ വർഷങ്ങളായി രൂക്ഷമായ വൈദ്യുതിക്ഷാമം അനുഭവിക്കുകയാണ്. പവർകട്ടും ലോഡ്ഷെഡ്ഡിങ്ങും നിത്യസംഭവമായി മാറിയിരിക്കുന്നു. ഇതിനും പുറമെയാണ് അപ്രഖ്യാപിത വൈദ്യുതി കട്ടും, വോൾട്ടതക്കുറവും, ഫ്രീക്വൻസി തകരാറുകളും വൈദ്യുതി ബോർഡിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത പൂർണ്ണമായും തകർന്നിരിക്കുന്നു.

33.31 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം നിർവ്വഹിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ കൂത്തുപറമ്പ് മേജർ സെക്ഷനാണ്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും മുഴുവൻ വീടുകളും ഇനിയും വൈദ്യതീകരിച്ചിട്ടില്ല. പഞ്ചായത്തിലെ ആകെ വീടുകൾ 4739 എണ്ണമാണ്. അതിൽ വൈദ്യുതീകരിക്കപ്പെട്ടത് ..... ആണ്. ഇതു കൂടാതെ 187 വ്യാപാര സ്ഥാപനങ്ങൾക്കും 53 വ്യവസായ സ്ഥാപനങ്ങൾക്കും 87 കാർഷികാവശ്യങ്ങൾക്കും വൈദ്യുതി എത്തിച്ചിട്ടുണ്ടെന്ന് വൈദ്യുതി വകുപ്പിലെ കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത് പ്രദേശത്തെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും താഴെ കൊടുക്കുന്നു. ഇതിൽ തന്നെ പല ട്രാൻസ്ഫോർമറുകളിൽ നിന്നും മറ്റു പഞ്ചായത്തുകളിലേക്കും ലൈനുകൾ പോകുന്നുണ്ട്.

| ക്രമ നമ്പർ | കപ്പാസിറ്റി | ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | 100 KVA. | കരിയിൽ |
| 2 | 100 KVA. | നിർമ്മല ടിമ്പർ |
| 3 | 100 KVA. | മൂന്നാം പീടിക |
| 4 | 100 KVA. | പാല |
| 5 | 63 KVA. | വെസ്റ്റേൺ ഇന്ത്യാ കാനിംഗ് |
| 6 | 100 KVA. | വട്ടപ്പാറ |
| 7 | 100 KVA. | കണ്ടം കുന്ന് |
| 8 | 160 KVA. | കോട്ടയം |
| 9 | 160 KVA. | അയ്യപ്പൻ തോട് |
| 10 | 160 KVA. | ശങ്കരനെല്ലൂർ |
| 11 | 160 KVA. | കൈതേരി |

*അവലംബം സെക്കന്ററി ഡേറ്റ*

ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ കുറിച്ച് പരാതിയുള്ളവരാണ്. അത് കൊണ്ട് തന്നെ മിക്ക ഗ്രാമസഭകളിലും ട്രാൻസ്ഫോർമറുകൾ വേണമെന്നും പ്രസരണ നഷ്ടം ഒഴിവാക്കണമെന്നും ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. പദ്ധതി തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും ദേശബന്ധു വായനശാലയ്ക്കു സമീപമുള്ള ട്രാൻസ്ഫോർമർ ഇനിയും പ്രവർത്തനക്ഷമമായിട്ടില്ല. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും 18 വോൾട്ട് മുതൽ 50 വോൾട്ടു വരെ അളവിലേ ഗാർഹികാവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നുള്ളൂ. പലരും സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നു. നിലവിലുള്ള മീറ്ററുകളിൽ പലതും കേടായവയാണ്. പഞ്ചായത്തിൽ നിന്നും ഓരോ വർഷം 22440 രൂപ സ്ട്രീറ്റ് ലൈറ്റിങ്ങിന് വൈദ്യുതി ബോർഡിനു നൽകുന്നുണ്ടെങ്കിലും ബൾബുകൾ പലതും പ്രകാശിക്കാറില്ല.

വൈദ്യുതി കണക്ഷന് അപേക്ഷിച്ച പലർക്കും ഇനിയും കണക്ഷൻ ലഭിക്കാനുണ്ട്. വൈദ്യുതി ബോർഡിന്റെ കണക്കു പ്രകാരം കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ പട്ടിക താഴെ കൊടുക്കുന്നു.

ഓർഡിനറി..... 258

OTP ..... 47

OYEC ..... 15

കണക്ഷൻ ലഭിക്കാത്തവരുടെ എണ്ണം ഇതിലും കൂടുതലാണെന്നാണ് ഗ്രാമസഭാ ചർച്ചകളിൽ നിന്നും മനസ്സിലാവുന്നത്.

കൂത്തുപറമ്പിൽ മേജർ ഇലക്ട്രിക്കൽ സെക്ഷനായതുകൊണ്ടും ട്രാൻസ്ഫോർമറുകളിൽ ചിലതിൽ നിന്ന് പഞ്ചായത്തിനു പുറത്തും ലൈനുകൾ പോകുന്നതുകൊണ്ടും പഞ്ചായത്തിലെ മൊത്തം കറന്റ് ഉപയോഗമെത്രയെന്നും മറ്റുമുള്ള വിശദമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്ത് അടിസ്ഥാനത്തിൽ സമഗ്രമായി വൈദ്യുതി മേപ്പിങ്ങ് (Power mapping survey) നടത്തി ഇന്ന് നേരിടുന്ന വൈദ്യുതി പ്രശ്നത്തിനു താൽക്കാലികമായെങ്കിലും പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളുലും വിറകടുപ്പാണ് പ്രചാരത്തിലുള്ളത്. അതു കൊണ്ടു തന്നെ വിറക് അടുപ്പിനെ മാറ്റി നിർത്തിക്കൊണ്ടുള്ള ഒരു ഊർജ്ജാസൂത്രണവും നമുക്ക് ചിന്തിക്കാൻ സാധ്യമല്ല. പണ്ടുകാലങ്ങളൽ പഞ്ചായത്തിൽ വിറകിനു ഇഷ്ടാനുസരണം മുറിക്കാൻ മരങ്ങളും തെങ്ങിന്റെ ഓല, മട്ടൽ, ചകിരി, ചിരട്ട മറ്റു ഉണങ്ങിയ വസ്തുക്കൾ എന്നിവ സുലഭമായിരുന്നു. അന്ന് പാചക ഇന്ധനം ഒരു പ്രശ്നമായിരുന്നില്ല. അണുകുടുംബങ്ങൾ നിലവിൽ വന്നതോടെ ഭൂമി തുണ്ടുകളാക്കപ്പെടുകയും പാചക ഇന്ധനം (വിറകു) ലഭിക്കാത്ത അവസ്ഥ സംജാതമാവുകയും ചെയ്തിട്ടുണ്ട്. മണ്ണെണ്ണ സ്റ്റൗവും, ഗ്യാസ് അടുപ്പും നാട്ടിൽ പ്രചാരത്തിൽ വന്നു കഴിഞ്ഞു. പാചകവാതകത്തിന്റെ ഉയർന്ന ഇന്ധനമൂല്യവും, (വിറകിന്റ മൂന്നിരട്ടി) ഗ്യാസ് സ്റ്റൗവിന്റെ ഉയർന്ന ഊർജ്ജക്ഷമതയും (വിറകടുപ്പിന്റെ അഞ്ചിരട്ടി) കാരണം വിറക് വിലകൊടുത്ത് വാങ്ങുന്നതിനേക്കാൾ ആദായകരമാണ് ഗ്യാസടുപ്പും, മണ്ണെണ്ണ സ്റ്റൗവും. എന്നാൽ ഇവയുടെ ഇന്ധന ലഭ്യത പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ദക്ഷതകൂടിയ പരിഷത്ത് അടുപ്പിന്റെയും, ബയോഗ്യാസിന്റെയും പ്രസക്തി ഇവിടെയാണ്. വിറക് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്ന വീടുകളിൽ മെച്ചപ്പെട്ട മേൽപറഞ്ഞ അടുപ്പുകൾ സ്ഥാപിക്കുക എന്നതാവണം നമ്മുടെ ആസൂത്രണ ലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിനും, അമ്മമാരുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനും ഇത് സഹായകമാവുകയും ചെയ്യും.

നമ്മുടെ ആവശ്യങ്ങൾ മുഴുക്കെ നിറവേറ്റിക്കൊണ്ട്തന്നെ ഊർജ്ജ ഉപഭോഗം എന്തുമാത്രം കുറയ്ക്കാൻ കഴിയും എന്നതും ഊർജ്ജാസൂത്രണത്തിന്റെ ഭാഗമാണ്. പാചക ഊർജ്ജം ലാഭിക്കുന്നതിന് സഹായിക്കുന്ന ഉപകരണങ്ങളാണ് പ്രഷർ കുക്കറും, കച്ചിപ്പെട്ടിയും. ഒരു വലിയ അളവിൽ ഇന്ധനവും സമയവും ലാഭിക്കാൻ ഇതുമൂലം സാധിക്കും. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ നൂതൻ സ്റ്റൗപോലുള്ള ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ മണ്ണെണ്ണ ചിലവ് കുറയ്ക്കുവാൻ സഹായിക്കുന്നതാണ്. ഉയർന്ന വിലയാണ് ഇവ വാങ്ങിക്കാൻ തടസ്സം. അനർട്ടിന്റെ IREP ഓഫീസുമായി ബന്ധപ്പെട്ടു സൗജന്യ നിരക്കിൽ ഇത് പഞ്ചായത്തിൽ നടപ്പിലാക്കാവുന്നതാണ്.

പമ്പിങ്ങിന്റെ ഊർജ്ജം ഗണ്യമായി കുറക്കാൻ പമ്പുസെറ്റുകളിൽ ഘടിപ്പിക്കുന്ന ഫ്രിക്ഷൻലസ്സ് ഫുട്ട് വാൽവുകൾക്ക് കഴിയും. ഇതിന് അനേർട്ട് സബ്സിഡി നൽകുന്നുണ്ട്. സൗരോർജ്ജവിളക്കുകൾക്കും സൗജന്യം ലഭ്യമാണ്.

സാധാരണ നാം ഉപയോഗിക്കുന്ന ബൾബുകളുടെ നാലിരട്ടി പ്രകാശക്ഷമതയുണ്ട് ട്യൂബ് ലൈറ്റുകൾക്ക്. എന്നാൽ ഇത് വോൾട്ടത കുറഞ്ഞാൽ കത്തുകയില്ല. ഈ ന്യൂനതകളൊക്കെ പരിഹരിക്കുന്ന ഉപകരണമാണ് കോംപാക്റ്റ് ഫ്ളൂറസന്റ് ലാമ്പ് അഥവാ "ങ്ഞന്ത". നാലഞ്ചു മണിക്കൂർ വിളക്കു കത്തുന്ന ഒരു മുറിയിൽ 40 വാട്ട് ബൾബിനു പകരം അതിലേറെ പ്രകാശം തരുന്ന ഒരു 9 വാട്ട് "ങ്ഞന്ത" (CFL) ഇട്ടാൽ ഒരു വർഷം കൊണ്ട് 50 യൂണിറ്റിലേറെ വൈദ്യുതി ലാഭിക്കാൻ കഴിയും. 350 കയിലേറെയാണ് ഇതിനു വില. വ്യക്തിഗതമായ നേട്ടങ്ങൾക്കുപരി സാമൂഹ്യ ഊർജ്ജസംരക്ഷണം എന്ന നിലയിൽ സബ്സിഡിയുടെ ഈ സാമൂഹ്യ പ്രസക്തി കാണുകയും ഇതു പ്രോത്സാഹിപ്പിക്കാൻ ഗവർമേണ്ടും ഇല്കട്രിസിറ്റി ബോർഡും തയ്യാറാവുകയും ചെയ്യേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയെങ്കിലും എല്ലാ വീടുകൾക്കും വൈദ്യുതി ലഭ്യമല്ല. കൊല്ലങ്ങളായി വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയവർക്ക് ഇനിയും ലഭിച്ചിട്ടില്ല.

2. വോൾട്ടേജ് കുറവ്. പല ഭാഗങ്ങളിലും 18 വോൾട്ട് മുതൽ 50 വോൾട്ട് വരെയേ ലഭിക്കുന്നുള്ളു.

3. സ്റ്റെപ്പപ്പിന്റെ ഉപയോഗക്കുടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

4. എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനിയും വൈദ്യുതീകരിച്ചിട്ടില്ല.

5. മീറ്ററുകൾ പലതും കേടായവയാണ്.

6. പ്രസരണ നഷ്ടം സംഭവിക്കുന്ന ഇലക്ട്രിക്ക് ലൈനുകൾ സുരക്ഷിതമല്ല. അറ്റകുറ്റ പണികൾ കൃത്യമായി നടക്കുന്നില്ല.

7. നിലവിലുള്ള വൈദ്യുതികണക്ഷനുകൽ ശാസ്ത്രീയമായി വിഭജിച്ചല്ല നൽകിയിട്ടുള്ളത്.

8. ലൈനിൽ പ്രശ്നങ്ങളുണ്ടായാൽ അത് പരിഹരിക്കാൻ കാലതാമസം വരുന്നു.

9. വിറകിന് ക്ഷാമം അനുഭവപ്പെടുന്നു. വീട്ടാവശ്യത്തിന് മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നില്ല.

## സാധ്യതകൾ

1. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ ലഭ്യമാക്കാനുള്ള ശ്രമം സംഘടിതമായി ആലോചിച്ച് ബോർഡിന്റെ സഹായത്തോടെ നിർവ്വഹിക്കുക.

2. നിലവിലുള്ള വൈദ്യുതി കണക്ഷനുകൾ ശാസ്ത്രീയമായി വിഭജിച്ച് വോൾട്ടേജ് പ്രശ്നം നേരിയതോതിലെങ്കിലും പരിഹരിക്കുക.

3. വിതരണ രംഗത്തെ പ്രേഷണനഷ്ടം പരമാവധി കുറക്കുക. കേടുവന്ന പോസ്റ്റുകൾ മാറ്റുക. അപകട സാധ്യതയുള്ള ലൈനുകൾ പുനക്രമീകരിക്കുക. വാർഷിക അറ്റകുറ്റ പണികൾ നടത്തുക.

4. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിൽ മുൻഗണന നൽകുക.

5. ഊർജ്ജോപഭോഗം കുറക്കാൻ സാധിക്കുന്ന പ്രഷർകുക്കർ, ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ, ഫ്രിക്ഷൻലെസ്സ് ഫുട്ട് വാൽവ്, കോംപാക്റ്റ് ഫ്ളൂറസെന്റ് ലാമ്പ് എന്നിവ സബ്സിഡി നിരക്കിൽ ലഭിക്കാനുള്ള സാഹചര്യം പഞ്ചായത്ത് സൃഷ്ടിക്കുക. ഇവയെ കുറിച്ച് ബോധവൽക്കരണം നടത്തുക.

6. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പ് വ്യാപിപ്പിക്കുക. കച്ചിപ്പെട്ടി സമ്പ്രദായം പ്രചരിപ്പിക്കുക.

7. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. കമ്മ്യൂണിറ്റി അടുപ്പുകൾ വ്യാപകമാക്കുക.

9. സൗരോർജ്ജവിളക്കിന്റെ പ്രചാരണം.

10. പഞ്ചായത്തിലെ മൊത്തത്തിലുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ (വോൾട്ടേജ് ക്ഷാമം) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. മാങ്ങാട്ടിടം പഞ്ചായത്തിന് ഒരു ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കുക.

11. മാങ്ങാട്ടിടം പഞ്ചായത്തിൽ വിദ്യുച്ഛക്തി വിതരണം നടത്തുന്ന 66 KVA സബ്സ്റ്റേഷൻ 110 KV സബ്സ്റ്റേഷനായി ഉയർത്തുക.

12. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നുവെന്ന് ഉറപ്പ് വരുത്തുക. സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി ഗ്രാമസഭയിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിക്കുക.

13. പഞ്ചായത്തിൽ പവർ മാപ്പിങ്ങ് സർവ്വെ സംഘടിപ്പിക്കുക.

# മാർക്കറ്റ്

സ്വന്തം ആവശ്യത്തിൽ കവിഞ്ഞുള്ള കാർഷി കോൽപന്നങ്ങൾ വിറ്റഴിക്കാനും മറ്റുള്ളവർക്കു സൊ കര്യപ്രദമായി വാങ്ങി ഉപയോഗിക്കാനുമാണ് മാർക്ക റ്റിനെ ആശ്രയിക്കുന്നത്. ഇതിന്റെ ആദ്യ രൂപം ആഴ്ച ചന്തയായിരുന്നു. ഇന്നും ആഴ്ചചന്തകൾ അപൂർവ്വമല്ല. വ്യവസായവൽക്കരണത്തോടെ ചന്ത യുടെ കെട്ടും മട്ടും മാറി. ഉൽപന്നങ്ങളുടെ വില നി യന്ത്രിക്കുന്നത് മാർക്കറ്റാണ്. ഉൽപാദകർക്കും ഉപഭോ ക്താക്കൾക്കും അക്കാര്യത്തിൽ യാതൊരു പങ്കുമില്ല. കമ്പോളവൽക്കരണത്തിന്റെ അതിപ്രസരത്തോടെ വില നിലവാരമെന്നതിലുപരി സമൂഹത്തിന്റെ ഗതി വിഗതികൾ കമ്പോളം നേരിട്ടു നിയന്ത്രിക്കുന്ന അവ സ്ഥയിലേക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു.

മാങ്ങാട്ടിടം പഞ്ചായത്തിലെ ആളുകൾ അടുത്ത ടൗൺ ആയ കൂത്തുപറമ്പിലെ മർക്കറ്റിലാണ് കാർഷികോൽപന്നങ്ങൾ വിപണനം നടത്തുന്നത്. ഇതിനു പ്രധാനകാരണം മാങ്ങാട്ടിടം പഞ്ചായത്തിൽ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ അഭാവമാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽനിന്നും അഞ്ചും ആറും കിലോമീറ്റർ സഞ്ചരിച്ചാൽ മാത്രമേ കൂത്തുപറമ്പു മാർക്കറ്റിൽ എ ത്തുകയുള്ളൂ.

ഗ്രാമങ്ങൾ നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരി ക്കുകയാണ്. മൂന്നാം പീടിക- നീർവേലി റൂട്ടിൽ, അടുത്ത കാലത്തായി വിപണന കേന്ദ്രങ്ങൾ ഉയർന്നു വരുന്നു.

ദേശബന്ധു-കൈതച്ചാൽ (വേങ്ങാട് റൂട്ട്) കൈ തേരി, മെരുവമ്പായി എന്നീ ഭാഗങ്ങളിൽ കച്ചവടസ്ഥാ പനങ്ങൾ ഉയർന്നു വരാനുള്ള സാധ്യതകളുണ്ട്. നഗ രപ്രദേശങ്ങളിലേക്കാൾ ഗ്രാമങ്ങളിൽ ഭൂമിയുടെ വി ലക്കുറവാണിതിന് കാരണം. സഹകരണാടിസ്ഥാന ത്തിൽ സാമൂഹ്യ അർപ്പണബോധത്തോടെ പൊതു മാർക്കറ്റ് രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കു ന്നത് നന്നായിരിക്കും. ആഴ്ചചന്തകൾ തുടങ്ങാനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നി ട്ടുണ്ട്. ഇത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

സാധ്യത

1. ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ ചില പ്രത്യേക കേന്ദ്രങ്ങളിൽ ഷോപ്പിങ്ങ് കോംപ്ലക്സ് (Shopping Complex) തുടങ്ങുക.

2. മാർക്കറ്റിങ്ങ് സൊസൈറ്റി രൂപീകരിച്ചു കാർഷികോൽപന്നങ്ങൾ സംഭരിക്കാനും വിൽപന ന ടത്താനും സംവിധാനം സൃഷ്ടിക്കുക.

3. ആഴ്ചചന്തകൾ നടത്തുക.



# പാർപ്പിടം ക്ഷേമപ്രവർത്തനങ്ങൾ

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളാണ് ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ. പാർപ്പിടം സംബന്ധിച്ച ഒരു സമൂഹത്തിന്റെ സങ്കൽപം അവരുടെ സംസ്ക്കാരവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. കേരളീയ ഭവനങ്ങളുടെ കെട്ടുംമട്ടും ആകൃതിയും പ്രകൃതിയുമൊക്കെ നമ്മുടെ സംസ്ക്കാരത്തിന്റെ കണ്ണാടിയാണ്. നാലുകെട്ടും പടിപ്പുരയുമൊക്കെ ഒരു കാലത്ത് നാം കൊണ്ടാടിയിരുന്ന ഫ്യൂഡൽ സംസ്ക്കാരത്തിന്റെ പ്രതിബിംബങ്ങളാണല്ലോ. കാലത്തിന്റെ ഒഴുക്കിൽ നമ്മുടെ പാർപ്പിട സംസ്ക്കാരത്തിൽ മാറ്റം വന്നിരിക്കുന്നു. പഴയ നാലുകെട്ടുകളുടെ പ്രതാപം കോൺക്രീറ്റ് സൗധങ്ങൾക്കു വഴിമാറിക്കൊടുത്തിരിക്കുന്നു.

എല്ലാവർക്കും പാർപ്പിടം എന്നത് ഒരു സമൂഹത്തിന്റെ ക്ഷേമ സങ്കൽപമാണ്. കിടപ്പാടം എന്നു പറയുമ്പോഴാണ് പാർപ്പിടമെന്ന ആവശ്യത്തിന്റെ മൗലികത കൂടുതൽ വെളിവാകുന്നത്. ഒരുവന്റെ ഭൗതിക സാഹചര്യങ്ങൾക്ക് അനുസൃതമായി ഒരു പാർപ്പിട മുണ്ടാകുക എന്നത് ഓരോ ജനതയുടേതും അവകാശമാണെന്ന് ആധുനിക സമൂഹം വിലയിരുത്തുന്നു. മലബാറിലെ കൂട്ടുകുടുംബസമ്പ്രദായങ്ങൾ; അപ്രത്യക്ഷമാവുകയും പകരം ചെറിയകുടുംബം-അണുകുടുംബം- എന്ന ആശയം വ്യാപകമായി നിലവിൽ വരുകയും ചെയ്തതോടെ പാർപ്പിടം ഒരു സാമൂഹ്യ പ്രശ്നമായി മാറി. ഇത് ജനസംഖ്യാ വർദ്ധനവ് പ്രശ്നത്തെ അതിരൂക്ഷമാക്കി.

29766 പേർ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ 7314 കെട്ടിടമുള്ളതിൽ 4739 ഭവനങ്ങളാണുള്ളത്. അതായത് ശരാശരി 6-7 ആളുകൾ ഒരു ഭവനത്തിൽ താമസിക്കുന്നു. ആകെ ഭവനങ്ങളിൽ 70 ശതമാനവും ഓടിട്ടതും 10 ശതമാനം ഓലമേഞ്ഞതുമാണ്. ബാക്കി 20 ശതമാനം ഭവനങ്ങളുടെ മേൽക്കൂര കോൺക്രീറ്റാണ്. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ തരംതിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

## പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | |
| | | | കോൺക്രീറ്റ് | ഓട് | ഓല |
| 1 | 751 | 200 | 300 | 200 | 57 |
| 2 | 640 | 150 | 125 | 300 | 65 |
| 3 | 563 | 125 | 100 | 305 | 33 |
| 4 | 632 | 175 | 150 | 275 | 32 |
| 5 | 574 | 130 | 100 | 300 | 44 |

## പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | |
| | | | കോൺക്രീറ്റ് | ഓട് | ഓല |
| 6 | 494 | 90 | 95 | 280 | 29 |
| 7 | 654 | 150 | 100 | 350 | 54 |
| 8 | 742 | 250 | 200 | 250 | 42 |
| 9 | 481 | 100 | 75 | 260 | 26 |
| 10 | 612 | 150 | 120 | 300 | 42 |
| 11 | 679 | 175 | 150 | 330 | 24 |
| 12 | 492 | 100 | 100 | 280 | 12 |
| **ആകെ** | 7314 | **1795** | **1635** | **3430** | **454** |

*അവലംബം സെക്കന്ററി ഡേറ്റ*

കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് പഞ്ചായത്തിൽ പുതുതായി നിർമ്മിച്ചതുൾപ്പെടെ കെട്ടിടങ്ങളുടെ മൊത്തം കണക്കു താഴെ കൊടുക്കുന്നു.

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|
| | 1991-92 | 92-93 | 93-94 | 94-95 | 95-96 |
| | 6428 | 6594 | 7143 | 7259 | 7314 |

| | | |
|---|---|---|
| ആകെ ആൾ താമസമുള്ള വീടുകൾ | = | 4739 |
| ആകെ ജനസംഖ്യ | = | 29766 |
| പുരുഷന്മാർ | = | 14492 |
| സ്ത്രീകൾ | = | 15274 |

## പഞ്ചായത്തിലെ കോളനികളുടെ വിവരം

| വാർഡ് നമ്പർ | സ്ഥലം | ഇനം |
|---|---|---|
| 1 | കോയിലോട് | ലക്ഷം വീട് |
| 1 | ശങ്കരനെല്ലൂർ | ലക്ഷം വീട് |
| 4 | കൈതച്ചാൽ | ഇന്ദിര ആവാസ് യോജന |

| | | |
|---|---|---|
| 4 | വട്ടിപ്രം | ലക്ഷംവീട് |
| 8 | കണ്ടംകുന്ന് | ലക്ഷംവീട് |
| 10 | ആയിത്തര | രാജീവ്ഗാന്ധി ദശലക്ഷം ഭവനനിർമ്മാണ പദ്ധതി |
| 11 | കട്ടച്ചേരി | ഹരിജൻ കോളനി |
| 12 | കപ്പണ | ലക്ഷംവീട് |

***മാങ്ങാട്ടിടം പഞ്ചായത്തിലെ ഭവനങ്ങളുടെ പൊതുതരം തിരിവു.***




**പഞ്ചായത്തിലെ മൊത്തം ഭവനങ്ങളുടെ കണക്കു**

| വില്ലേജ് | ഭവനങ്ങളുടെ എണ്ണം | ആകെ |
|---|---|---|
| മാങ്ങാട്ടിടം | 2625 | 4739 |
| കുണ്ടംകുന്ന് | 214 | 4739 |

**ദാരിദ്യരേഖക്കുതാഴെ ജീവിക്കുന്ന ഭവനരഹിതരുടെ വിവരം**

| വാർഡ് | ഭവന രഹിതരായ കുടുംബങ്ങളുടെ എണ്ണം |
|---|---|
| 1 | 29 |
| 2 | 25 |
| 3 | 23 |
| 4 | 17 |
| 5 | 19 |

## ദാരിദ്യരേഖക്കുതാഴെ ജീവിക്കുന്ന ഭവനരഹിതരുടെ വിവരം

| വാർഡ് | ഭവന രഹിതരായ കുടുംബങ്ങളുടെ എണ്ണം |
|---|---|
| 6 | 23 |
| 7 | 17 |
| 8 | 20 |
| 9 | 26 |
| 10 | 29 |
| 11 | 23 |
| 12 | 19 |
| **ആകെ** | **270** |

പഞ്ചായത്തിലെ ഗൃഹനിർമ്മാണ മേഖല നിയന്ത്രിക്കുന്നത് ഗൾഫ് പണമാണ്. എല്ലാ സാമ്പത്തിക വിഭാഗത്തിൽ പെട്ടവരും പരമാവധി ധൂർത്തു ചെയ്യുന്ന ഒരു മേഖലയാണ് ഭവനനിർമ്മാണത്തിന്റേത്. തടിയുടെ ദൗർലഭ്യവും അമിതമായ വിലയും ഈ രംഗത്തെ പ്രശ്നങ്ങളാണ്. വിദഗ്ധ തൊഴിലാളികളുടെ അഭാവവും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളിൽ ഒന്നാണ്.

സമൂഹത്തിൽ വർദ്ധിച്ചു വരുന്ന സ്വകാര്യ ഉടമസ്ഥതയുടെ കൂടപ്പിറപ്പായ സ്വകാര്യതയേയും സുരക്ഷിതത്വത്തേയും പറ്റിയുള്ള മാറിയ ബോധത്തിനു നിരക്കുന്ന വിധം വീടുകൾ മതിലു കെട്ടി വേർതിരിക്കുന്ന രീതി പഞ്ചായത്തിൽ വ്യാപകമായി വന്നിരിക്കുന്നു. ഇത് തുടർന്നാൽ ഭാവിയിൽ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്കു വഴി തെളിയിക്കാൻ സാധ്യതയുണ്ട്. റോഡരികിലുള്ള മിക്ക ഭവനങ്ങളും ജൈവവേലിക്കു പകരം കനത്ത മതിലുകളാൽ ബന്ധിതമാണ്.

കെട്ടിടനിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ തീരെയില്ല. ഈ രംഗത്തു സ്വകാര്യ കോൺട്രാക്ട് ഏർപ്പാട് നിലവിലുണ്ട്. സ്ത്രീ തൊഴിലാളിക്കു 60 മുതൽ 80 രൂപ വരെയും പുരുഷനു 100 മുതൽ 150 രൂപവരെയും കൂലി ലഭിക്കുന്നു. ആശാരിപ്പണിയിൽ പുരുഷന്മാർ മാത്രമേയുള്ളൂ. സ്ത്രീകൾ ഈ മേഖലയിലേക്ക് ആകർഷിക്കപ്പെട്ടിട്ടില്ല.

സ്വന്തമായി സ്ഥലമുള്ളവർക്ക് ഭവനനിർമ്മാണ വായ്പ നൽകുന്ന പല സ്ഥാപനങ്ങളും പദ്ധതികളും നിലവിലുണ്ട്. എന്നാൽ വായ്പ കിട്ടണമെങ്കിൽ ഓഫീസുകളിലെ തിണ്ണകൾ ഒരുപാട് കയറി ഇറങ്ങേണ്ട സ്ഥിതിയാണിന്നുള്ളത്. ഈ നില മാറേണ്ടിയിരിക്കുന്നു. ഭൂരഹിതർക്കും ദുർബല വിഭാഗങ്ങൾക്കും ദാരിദ്ര്യ രേഖക്കു താഴെ വരുന്നവർക്കും ഇനിയും ഭവനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നിലവിലുള്ള പാർപ്പിടങ്ങളുടെ സ്ഥിതി പൊതുവെ മെച്ചപ്പെട്ടതാണെങ്കിലും പശ്ചാത്തല സൗകര്യങ്ങൾ (വൈദ്യുതി, പ്രാഥമിക സൗകര്യങ്ങൾ) ഇനിയും മെച്ചപ്പെടേണ്ടിയിരിക്കുന്നു. I-.R-.D.P പദ്ധതികളിലൂടെ 50 ഓളം വീടുകൾ മാത്രമാണ് ഇതുവരെ പണിതിട്ടുള്ളത്. ഈ രംഗത്തെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഔദ്യോഗിക സംവിധാനങ്ങൾക്കാവില്ല എന്നത് വളരെ വ്യക്തമാണ്. ഇതിനായി കൂടുതൽ ഫലപ്രദമായ ജനകീയ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

### പ്രശ്നങ്ങൾ

1. ഭൂരിഭാഗം വീടുകളിലെയും പ്രാഥമിക സൗകര്യങ്ങളുടെ അഭാവം.
2. വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
3. കോളനികളിലെ പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്.
4. ഓലമേഞ്ഞ വീടുകളുടെ സുരക്ഷിതത്വമി

ല്ലായ്മ.

5. ഓലമേഞ്ഞതും, ഓടുമേഞ്ഞതുമായ വീടുകളുടെ നവീകരണം.

6. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യം.

7. മതിലുകളുടെ ആധിക്യം.

8. വയലുകൾ നികത്തി വീടു വെക്കുന്നതു മൂല മുണ്ടാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

**സാധ്യതകൾ**

1. ധനസഹായമേർപ്പെടുത്തൽ, നടപടിക്രമങ്ങൾലഘൂകരിക്കൽ

2. നിർമ്മാണത്തൊഴിലാളികളുടെ വൈദഗ്ദ്യം ഉയർത്താനുള്ള സാങ്കേതിക പരിശീലനം നൽകൽ.

3. ചെലവു കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചരണം.

4. ഭവന നിർമ്മാണത്തിലെ ദുർവ്യയം നിരുത്സാഹപ്പെടുത്താനുതകുന്ന നികുതി നിർമ്മാണം.

5. പുതിയ ആസൂത്രിത കോളനികൾ

6. ജൈവവേലിയുടെ പ്രചാരണം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമപദ്ധതികൾ ഏർപ്പെടുത്തുന്നതിൽ എന്നും മുൻപന്തിയിലായിരുന്നു നമ്മുടെ സംസ്ഥാനം എന്നാൽ പഞ്ചായത്തിന്റെ ക്ഷേമ പദ്ധതികളുടെ ചരിത്രം പരിശോധിച്ചാൽ ഇതിനു കടകവിരുദ്ധമായ, ദയനീയമായ ഒരുചിത്രമാണ് നമുക്ക് ലഭിക്കുക.

രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷൻ സഹായ പദ്ധതികളും. അപകടങ്ങളിൽ പ്പെടുന്നവർക്കും അവരുടെ കുടംബാംഗങ്ങൾക്കുമുള്ള ധന സഹായവും ഇപ്പോൾ പ്രചാരത്തിലുണ്ട്. 1992 ലെ I.R-.D.P സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ള കടുംബങ്ങളുടെ എണ്ണം 2444 ആണ്. ഇതിൽ 257 കുടുംബങ്ങൾക്ക് മാത്രമാണ് I.R-.D.P പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കൊണ്ട് ദാരിദ്ര്യരേഖക്ക് മുകളിലെത്താൻ കഴിഞ്ഞത്. താഴെക്കൊടുത്ത പട്ടിക നോക്കുക. Table അർഹരായവരിൽ വളരെ ചെറിയ ഒരു വിഭാഗം കുടുംബങ്ങൾക്ക് മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളു എന്നത് ഇതിൽനിന്ന് വ്യക്തമാണ്. RAP (റൂറൽ ആർട്ടിസൻസ് പ്രോഗ്രാം) അനുസരിച്ചു ഗ്രാമീണ കൈത്തൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിരുന്നു. I-.R-.D.P സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ കൈത്തൊഴിൽക്കാരുടെ എണ്ണം 214 ആയിരുന്നു. വാർഡ്ു തലത്തിൽ സഹായം ലഭിച്ചവരുടെ എണ്ണം താഴെ കൊടുക്കുന്നു.

**പട്ടിക II**

| വാർഡ് നമ്പർ | സർവ്വെ പ്രകാരം ആകെ കുടുംബം | അതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭച്ചവർ | അതിൽ SC/ST | സഹായം ലഭിച്ച വഴി ദാരിദ്രരേഖക്ക് മുകളിലെത്തിയ വർ. | . ദാരിദ്രരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 228 | 3 | 24 | 3 | 10 | 218 |
| 2 | 154 | 4 | 31 | 4 | 16 | 138 |
| 3 | 105 | 4 | 37 | 4 | 18 | 87 |
| 4 | 151 | 3 | 45 | 3 | 22 | 129 |
| 5 | 182 | 5 | 54 | 5 | 26 | 156 |
| 6 | 216 | 5 | 38 | 5 | 18 | 198 |
| 7 | 280 | 6 | 54 | 6 | 20 | 260 |
| 8 | 195 | 5 | 38 | 5 | 32 | 163 |
| 9 | 243 | 6 | 54 | 4 | 30 | 213 |

| വാർഡ് നമ്പർ | സർവ്വെ പ്രകാരം ആകെ കുടുംബം | അതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭച്ചവർ | അതിൽ SC/ST | സഹായം ലഭിച്ച വഴി ദാരിദ്രരേഖക്ക് മുകളിലെത്തിയ വർ. | ദാരിദ്രരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 10 | 255 | 8 | 82 | 8 | 25 | 230 |
| 11 | 259 | 6 | 56 | 6 | 21 | 238 |
| 12 | 176 | 2 | 57 | 3 | 19 | 157 |
| **ആകെ** | **2444** | **55** | **570** | **55** | **257** | **2187** |

*അവലംബം സെക്കന്ററി ഡേറ്റ*

അർഹരായവരിൽ വളരെ ചെറിയ ഒരു വിഭാഗം കുടുംബങ്ങൾക്കു മാത്രമെ ദാരിദ്ര്യനിർമ്മാണ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ എന്ന കാര്യം ഇതിൽ നിന്നു വ്യക്തമാണ്.

RAP (റൂറൽ ആർട്ടിസൻസ് പ്രോഗ്രാം) അനുസരിച്ച് ഗ്രാമീണ കൈത്തൊഴിലുകാർക്കു തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിരുന്നു. I. R. D. P. സർവെ പ്രകാരം ഈ പഞ്ചായത്തിൽ ഗ്രാമീണ കൈത്തൊഴിൽകാരുടെ എണ്ണം 214 ആയിരുന്നു. വാർഡുതലത്തിൽ ലഭിച്ചവരുടെ എണ്ണം താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | I. R. D. P. സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിൽകുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിനും അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | 18 | 3 | 15 |
| 2 | 17 | 2 | 15 |
| 3 | 25 | 2 | 23 |
| 4 | 17 | 4 | 13 |
| 5 | 18 | 4 | 14 |
| 6 | 15 | 5 | 10 |
| 7 | 18 | 4 | 14 |
| 8 | 19 | 8 | 11 |
| 9 | 16 | 8 | 8 |
| 10 | 16 | 5 | 11 |
| 11 | 17 | 5 | 12 |
| 12 | 18 | 5 | 13 |
| **ആകെ** | **214** | **55** | **159** |

*അവലംബം സെക്കന്ററി ഡേറ്റ*

1995ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചവരുടെ വില്ലേജ് തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.

| പെൻഷൻ | മാങ്ങാട്ടിടം | കണ്ടം കുന്ന് | ആകെ |
|---|---|---|---|
| 1. വാർദ്ധക്യകാല പെൻഷൻ | 18 | -- | 18 |
| 2. വികലാംഗ പെൻഷൻ | 47 | 12 | 59 |
| 3. വിധവാ പെൻഷൻ | 48 | 5 | 53 |
| 4. ക്ഷയരോഗ പെൻഷൻ | 1 | — | 1 |
| 5. കാൻസർരോഗ പെൻഷൻ | — | 1 | 1 |
| 6. കർഷകത്തൊഴിലാളി പെൻഷൻ | 190 | 111 | 301 |

നിലവിൽ ധനസഹായം ലഭിച്ചവരെല്ലാം അതി നർഹരായവർ തന്നെയാണെങ്കിലും അർഹതയുള്ള നല്ലൊരു ശതമാനം അപേക്ഷകർക്കും ധന സഹായം ലഭിക്കുന്നില്ല എന്ന് പ്രാഥമിക പരിശോധനകൾ ബോധ്യപ്പെടുത്തുന്നു. ജീവിത ചെലവു സൂചിക ഉയരുന്ന തനുസരിച്ച് ഈ പദ്ധതികൾപ്രകാരം നൽകപ്പെടുന്ന തുകയുടെ നിരക്കു വർദ്ധിക്കുന്നില്ല. ഇതു മാറേണ്ടിയിരിക്കുന്നു. നിലവിലുള്ള എല്ലാ ക്ഷേമ പദ്ധതികളുടെയും വ്യാപ്തി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യക്ഷേമം വകുപ്പുവഴി നടപ്പിലാക്കിവരുന്ന വിവിധ സ്കീമുകളിലൂടെ സഹായം ലഭിച്ചവരുടെ എണ്ണം പ്രായേണ കുറവാണ്. തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നവർ മാങ്ങാട്ടിടം വില്ലേജിൽ 75ഉം കണ്ടാം കുന്ന് വില്ലേജിൽ 47ഉം ആണ്. സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക്, പുതിയ സാധ്യതകളുള്ള മേഖലകളെക്കുറിച്ച് അവബോധം നൽകേണ്ടിയിരിക്കുന്നു. സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട പരിശീലനവും വായ്പാ സഹായങ്ങളും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 14 അംഗൻ വാടികളുണ്ട്. ഓരോ അംഗൻവാടിക്കും ഓരോ മഹിളാ സമാജം എന്ന ക്രമത്തിൽ ഇവിടെ 14 മഹിളാ സമാജങ്ങൾ ഉണ്ട്. എന്നാൽ പലതും കടലാസിൽ മാത്രം ഒതുങ്ങിക്കഴിയുന്നു. പ്രവർത്തനക്ഷമല്ല അധികവും. എല്ലാ അംഗൻ വാടികൾക്കും സ്വന്തമായ കെട്ടിടമോ ഭൗതിക സാഹചര്യങ്ങളോ ഇല്ല. അംഗൻവാടികളിൽനിന്ന് പ്രൈമറി ക്ലാസിൽ എത്തുന്ന കുട്ടികളുടെ ബോധന നിലവാരം മറ്റു കുട്ടികളെ അപേക്ഷിച്ച് ഉയർന്നതാണ്. അംഗൻവാടികളുടെ കാര്യത്തിൽ സമൂഹശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. കൂടാതെ അംഗൻവാടി ജീവനക്കാരുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാവേണ്ടതാണ്.

## പ്രശ്നങ്ങൾ

1. ദുർബല വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പല പദ്ധതികളെ പറ്റിയും കുറച്ചു പേരേ അറിയുന്നുള്ളു. അതുകൊണ്ട് യഥാർത്ഥ അവകാശികൾക്ക് ലഭിക്കുന്നില്ല.

2. നൽകി വരുന്ന ആനുകൂല്യങ്ങൾ നാമ മാത്രമാണ്.

3. യഥാ സമയം ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

4. അംഗൻവാടികളിൽ നാമ മാത്രമായ കളിപ്പാട്ടങ്ങളെയുള്ളു.

5. മിക്ക അംഗൻവാടികളിലും കക്കൂസ് സൗകര്യമില്ല.

6. കുട്ടികൾക്ക് ഇരിക്കാനും കളിക്കാനും കിടന്നുറങ്ങാനുമുള്ള സൗകര്യങ്ങൾ അംഗൻവാടികളിൽ ആവശ്യത്തിനില്ല.

7. അംഗൻവാടി ജീവനക്കാരുടെ സേവന വേതന ഘടന തൃപ്തികരമല്ല.

8. അർഹരായ പലർക്കും പെൻഷൻ ലഭിക്കാതെ പോകുന്ന സ്ഥിതി ഇന്നുണ്ട്.

## സാധ്യതകൾ

1. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിക്കപ്പെട്ട ക്ഷേമ പദ്ധതികൾ യഥാർത്ഥ ഗുണഭോക്താവിന്ന് എത്തിച്ചു കൊടുക്കുവാൻ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരുടെ സഹായം ലഭ്യമാക്കണം.

2. പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാനുള്ള അധികാരം പഞ്ചായത്ത് സമിതികൾക്ക് നൽകി കാലതാമസം ഒഴിവാക്കണം.

3. വിവിധതരം ക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് ബോധവൽക്കരണം.

4. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ആവശ്യമായ സാമൂഹ്യ പിന്തുണ വേണം.

5. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

6. അംഗൻവാടി ജീവനക്കാരുടെ സേവന വേതന ഘടന മെച്ചപ്പെടുത്തണം.



# സംസ്ക്കാരം

നമുക്ക് മുമ്പ് ജീവിച്ച് പോയ നമ്മുടെ പിതാമഹന്മാർ അവരുടെ ജീവിത രീതികളിലൂടെയും സമ്പ്രദായങ്ങളിലൂടെയും വിശ്വാസ അനുഷ്ഠാനങ്ങളിലൂടെയും സമൂഹത്തിന് പകർന്നു കൊടുത്ത ജീവിതദർശനങ്ങളുടെ സത്തയാണ് നമ്മുടെ സംസ്ക്കാരം. തലമുറകളിലൂടെ നാം ആർജ്ജിച്ചെടുത്ത അഥവാ നമുക്ക് ദാനമായി കിട്ടിയ സംസ്ക്കാരം പൂർവ്വാധികം മികവുറ്റതാക്കി വർത്തമാനകാലത്തിന്റെ സുഗന്ധം പകർന്ന് വരും തലമുറയ്ക്ക് കൈമാറേണ്ടുന്ന ബാധ്യത നമ്മിൽ അർപ്പിതമാണ്. നാം ഓരോ വ്യക്തിയും സമൂഹത്തിന് പകർന്നു കൊടുക്കുന്ന പല തുള്ളികൾ ചേർന്ന പെരുവെള്ളമായിരിക്കണം അടുത്ത തലമുറ അഭിമാനത്തോടെ കയ്യേൽക്കുന്ന അവരുടെ പൂർവ്വ സംസ്ക്കാരം.

കോട്ടയം താലൂക്കിലെ പടുവിലായി അംശത്തിൽ പെട്ട ഒരു ഗ്രാമമായിരുന്നു മാങ്ങാട്ടിടം. കേരളചരിത്രത്തിൽ മലബാറിന്റെ സവിശേഷതകൾ വേറിട്ട് നിൽക്കുന്നു. നാടിന്റെ മൊത്തം സാംസ്ക്കാരിക മുന്നേറ്റങ്ങളും ധാരാളമായി സംഭാവന ചെയ്യാൻ മാങ്ങാട്ടിടത്തിന് ഭാഗ്യമുണ്ടായിട്ടില്ലെങ്കിലും രാജ്യത്തിന്റെ വികാസ പരിണാമ പ്രക്രിയയിൽ നാഴികക്കല്ലുകളായിരുന്ന സ്വാതന്ത്ര്യ സമരത്തിലും ദേശീയ പ്രസ്ഥാനത്തിലും മാങ്ങാട്ടിടത്തെ ദേശാഭിമാനികൾ പങ്കെടുത്തിട്ടുണ്ട്. പടുവിലായി അംശത്തിന്റെ ഭാഗമായിരുന്ന മാങ്ങാട്ടിടം 1930 ൽ വില്ലേജ് പുനർനിർണ്ണയം നടന്നതോടെ ഒരു സ്വതന്ത്ര വില്ലേജായി രൂപംകൊണ്ടു. മാങ്ങാട്ടിടത്തിനോട് ചേർന്ന് കിടന്ന കണ്ടംകുന്ന് ആരംഭം മുതൽ സ്വതന്ത്രമായ വില്ലേജായിരുന്നു. 1954ൽ പഞ്ചായത്തുകൾ നിലവിൽ വന്നപ്പോൾ മാങ്ങാട്ടിടവും കണ്ടംകുന്നും പ്രത്യേക പഞ്ചായത്തുകളായിരുന്നു. 1963ലാണ് കണ്ടംകുന്നിനേയും മാങ്ങാട്ടിടത്തെയും സംയോജിപ്പിച്ചു കൊണ്ട് മാങ്ങാട്ടിടം പഞ്ചാത്ത് രൂപം കൊണ്ടത്. കൊച്ചുകൊച്ചു കുന്നുകളും അവയ്ക്കിടയിലെ താഴ്വാരങ്ങളിൽ നെൽവയലുകളുമുള്ള ഒരു സമ്മിശ്ര ഭൂപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. മൊത്തത്തിൽ കാർഷികപ്രധാനമാണ് മാങ്ങാട്ടിടം പഞ്ചായത്ത്.

മുൻകാലത്ത് രണ്ട് വില്ലേജുകളായും രണ്ടു പഞ്ചായത്തുകളായും സ്ഥിതി ചെയ്തിരുന്നുവെങ്കിലും ഇന്നത്തെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകം ഐക രൂപ്യമുള്ളതാണ്. പഞ്ചായത്തിലെ ആദ്യകാല ജനതയെ അടിസ്ഥാനപരമായി രണ്ടായി തരംതിരിക്കാം. ജൻമികളായ കുറേ സവർണ്ണകുടുംബങ്ങളും കാർഷിക വൃത്തിയും മറ്റു കൈത്തൊഴിലുകളും ഉപജീവനമായി സ്വീകരിച്ച പിന്നോക്ക വിഭാഗങ്ങളും ചേർന്നതായിരുന്നു മൊത്തം ജനസംഖ്യ. നാടൻ കലാരൂപങ്ങളും തെയ്യങ്ങളും കെട്ടിയാടി ഉപജീവനം നടത്തിവന്ന അടിയാളരും സമൂഹത്തിന്റെ ഒരു ഘടകമായിരുന്നു. അങ്ങിങ്ങായി കാണുന്ന ക്ഷേത്രങ്ങളും കാവുകളും സമൂഹത്തിൽ ഐക്യം ഊട്ടിയുറപ്പിക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നു. നമ്പൂതിരി ഇല്ലങ്ങൾ

ധാരാളമായി നിലനിന്നിരുന്ന ചിലപ്രദേശങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു.

അമ്പും വില്ലുമേന്തി തനിക്ക് അകമ്പടി സേവിച്ച കുറിച്ച്യപ്പടയുടെ പിൻബലത്തോടെ ആത്മാഭിമാനത്തിന്റെ കൊടിക്കൂറ പറത്തിക്കൊണ്ട് നൂതന വെടിക്കോപ്പുകളണിഞ്ഞ് യുദ്ധതന്ത്രങ്ങൾ മെനഞ്ഞ ബ്രിട്ടീഷ് പാളയത്തിൽ വിള്ളലുകൾ ഉണ്ടാക്കിയ പഴശ്ശിരാജാവിന്റെ വീരകഥകൾ നമുക്കെന്നും രോമാഞ്ചജനകമാണ്. പഴശ്ശിരാജാവിന്റെ സേനാനായകന്മാരിൽ പ്രധാനികളായിരുന്നു എടച്ചേരി കുങ്കനും കൈതേരി അമ്പുവും. അമ്പുവിന്റെ സഹോദരിയും പഴശ്ശിരാജാവിന്റെ കാമുകിയുമായിരുന്ന കൈതേരി മാക്കത്തെക്കുറിച്ചുള്ള പാട്ടുകൾ നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്. പഴശ്ശിരാജാവ് തന്റെ കാമുകിയായ മാക്കവുമായി കൈതേരിയിൽ ഒളിവിൽ കഴിഞ്ഞതിനേക്കുറിച്ചുള്ള നിറംപിടിപ്പിച്ച വർണ്ണനകൾ സർദാർ കെ. പണിക്കരുടെ പഴശ്ശിരാജാ എന്ന ചരിത്ര നോവലിൽ കാണുന്നുണ്ട്. കുറ്റ വിചാരണയും ശിക്ഷാവിധിയും കൈതേരിയിൽ വച്ച് നടന്നിരുന്നുവത്രേ. വധശിക്ഷക്ക് വിധിക്കപ്പെട്ട കുറ്റവാളികളെ കഴുതപ്പുറത്തേറ്റി ഉരുവച്ചാലിൽ കൊണ്ടുവന്ന് ശിക്ഷ നടപ്പാക്കിയിരുന്നു. വിധി നടത്തുന്നിടത്ത് എത്തുന്നതിനു മുമ്പ് കുറ്റവാളികൾ ഉരുകിച്ചാകും എന്ന അർത്ഥത്തിൽ വിധി നടത്തുന്ന സ്ഥലത്തിനെ ഉരുകിച്ചാവൽ എന്നു പറഞ്ഞിരുന്നു. ആ ഉരുകിച്ചാവലാണത്രേ പിൽക്കാലത്ത് ഉരുവച്ചാൽ ആയി മാറിയത്. പഴശ്ശിരാജാ തന്നെയെഴുതിയ

"ജാതി, ജാതാനുകമ്പാഭവ, ശരണമയേ
മല്ലികേ, കുപ്പുകൈതേ
കൈതേ, കൈതേരിമാക്കം കബരിയിലണിവാൻ
കൈയുയർത്തും ദശായാം
ഏതാനേതാൻ മദീനനലർശര പരിതാ–
പോതയാ നാശു നീതാൻ.
നീതാൻ നീതാനുണർത്തിടുക, ചടുലകയാൽ–
കണ്ണിതൻ കർണ്ണമൂലേ"

എന്ന ശ്ലോകത്തിന്റെ വരികളിൽ ഉള്ള കൈതേരി പരാമർശം പഴശ്ശിയുടെ ഇവിടുത്തെ ആത്മബന്ധം ഒന്നു കൂടി ഉറപ്പിക്കുന്നു.

എ.കെ. ഗോപാലന്റെ നേതൃത്വത്തിൽ സ്വദേശി പ്രസ്ഥാനത്തിന്റെ പ്രചരണ പ്രവർത്തനത്തിന്റെ ഭാഗമായി തക്ലിയിൽ നൂൽ നൂറ്റു കൊണ്ടുള്ള യാത്രയും, വറുതിയുടെ ഭീകരരൂപം വിളിച്ചോതിക്കൊണ്ടുള്ള പട്ടിണി ജാഥയുടെ പ്രചരണ പര്യടനവും മാങ്ങാട്ടിടത്തിനെ ദേശീയപ്രസ്ഥാനത്തിന്റെ ധാരയിലേക്ക് കൊണ്ടു വന്ന സംഭവങ്ങളായിരുന്നു.

ഇൻഡ്യയെ മനസ്സിലാക്കാനുള്ള ഹിന്ദി ഭാഷാപഠനവും ഗ്രന്ഥശാലാ പ്രവർത്തനങ്ങളും വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും അയിത്തോച്ചാടന പ്രവർത്തനങ്ങളും മദ്യനിരോധന ത്തോടനുബന്ധിച്ചുള്ള കള്ളുഷാപ്പ് പിക്കറ്റിങ്ങും ഇവിടെ നടന്നിട്ടുണ്ട്.

1991ലെ സെൻസസ് പ്രകാരം 14492 പുരുഷനാമാരും 15274സ്ത്രീകളും ഉൾപ്പെട്ടതാണ് ഈ പഞ്ചായത്തിലെ ജനസംഖ്യ. ഹിന്ദു, മുസ്ലീം, ക്രിസ്ത്യാനി എന്നീ മതവിഭാഗങ്ങളാണ് ഇവിടെയുള്ളത്. മതവിഭാഗങ്ങളിലേതാണ്ട് 85 ശതമാനം ഹിന്ദുക്കളാണുള്ളത്. അവരുടേതായ 25 ആരാധനാലയങ്ങളുണ്ട്. ഏതാണ്ട് 10 ശതമാനം വരുന്ന മുസ്ലീം മതക്കാരുടെ 10 ആരാധനാലയങ്ങളുണ്ട്. ക്രിസ്ത്യാനി തുടങ്ങി ഏതാണ്ട് 5 ശതമാനം വരുന്ന മറ്റു മതക്കാരാണിവിടെയുള്ളത്. ക്രിസ്തുമതക്കാരുടെ ആരാധനാലയങ്ങളൊന്നും ഇവിടെയില്ലെന്ന് പറയാം.

ഒരു കുടിയേറ്റ മേഖലയല്ലെങ്കിലും 1965ൽ നിർമ്മലഗിരി കോളേജ് സ്ഥാപിച്ചതുമുതൽ ക്രിസ്തുമതവിശ്വാസികളിൽ ചെറിയ ഒരു വിഭാഗം കോളേജിന്റെ പരിസരങ്ങളിൽ താമസിച്ചുവരുന്നുണ്ട്.

മതവിഭാഗങ്ങൾ തമ്മിൽ പരസ്പരവിശ്വാസത്തിലും ധാരണയിലുമാണ് കഴിഞ്ഞു വരുന്നതെങ്കിലും മത സൗഹാർദ്ദത്തിന് പോറലേൽപ്പിക്കുന്ന ചില സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. മനുഷ്യ സാഹോദര്യം ഉയർത്തിപ്പിടിക്കാൻ വേണ്ടി ജീവത്യാഗം ചെയ്ത യു.കെ. കുഞ്ഞിരാമന്റെ ആത്മബലി മതസൗഹാർദ്ദത്തിനു മേൽ ചോരത്തുള്ളികൾ വീഴ്ത്തിയ സംഭവമാണ്.

ഹിന്ദുക്കളിൽ ബ്രാഹ്മണർ, നമ്പ്യാർ, തീയ്യർ, കാവുതീയ്യർ, വാണിയ, ശാലിയ, വെളുത്തേടൻ, വിശ്വകർമ്മാവ് തുടങ്ങിയ വിഭാഗങ്ങളും മുസ്ലീംമതത്തിൽ സുന്നി, ഷിയാസ് വിഭാഗങ്ങളും ക്രൈ

സ്തവമതത്തിലെ പല വിഭാഗക്കാരുമാണിവിടെയുള്ളത്. പട്ടികജാതി വിഭാഗത്തിൽ 209 പുരുഷന്മാരും 212 സ്ത്രീകളും പട്ടികവർഗ്ഗത്തിൽ 5 പുരുഷന്മാരും 3 സ്ത്രീകളുമുണ്ടെന്നാണ് 1991ലെ സെൻസസ് പ്രകാരമുള്ള കണക്കുകൾ കാണിക്കുന്നത്.

സാമ്പത്തിക ധ്രുവീകരണത്തിന്റെ ഭാഗമായി ഉയർന്നു വന്ന സമ്പന്ന വിഭാഗങ്ങളും ഗൾഫ് പണത്തിന്റെ അതിപ്രസരവും ഇവിടുത്തെ സാമ്പത്തിക തുലനാവസ്ഥയിൽ വ്യതിയാനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗവും ഇന്നും തൊഴിൽ രഹിതരും ദാരിദ്ര്യം അനുഭവിക്കുന്നവരുമാണ്.

ഓണം, വിഷു, ക്രിസ്തുമസ്സ്, ബക്രീദ് തുടങ്ങിയ ആഘോഷങ്ങൾ പൊതുവെ മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നു. കല്ല്യാണം പോലുള്ള ആഘോഷങ്ങൾ പണക്കൊഴുപ്പ് പ്രദർശിപ്പിക്കാനുള്ള വേദിയായി സമ്പന്ന വിഭാഗങ്ങൾ ഉപയോഗിക്കുന്ന പ്രവണത കാണപ്പെടുന്നു. വ്യത്യസ്ത മതവിഭാഗങ്ങൾ അവരുടെ ആചാരങ്ങൾ വച്ചു പുലർത്തുന്നുണ്ട്. എന്നാൽ പരിഷ്കൃത വേഷവിധാനങ്ങൾ സ്വീകരിക്കുന്നതിന് യുവജനങ്ങൾക്കിടയിൽ ഐകരൂപ്യം കാണപ്പെടുന്നു.

വിസ്തൃതമായിക്കിടക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ അംഗനവാടികളും പ്രീപ്രൈമറി സ്ഥാപനങ്ങളും ഉൾപ്പെടെ പ്രൈമറി തലം മുതൽ കേളേജ് തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. വായനശാലകൾ 37 എണ്ണമുണ്ട്. ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിലുള്ള ഒണക്കൻ ഗുരിക്കൾ സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം, സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ട ദേശബന്ധു വായനശാല, കൈതച്ചാൽ അജയ വായനശാല ആന്റ് ഗ്രന്ഥാലയം, രചന വായനശാല ആന്റ് ഗ്രന്ഥാലയം, മമ്പ്രം ഗ്രാമദീപം വായനശാല, ആയിത്തറ അച്ചുതൻ സ്മാരക വായനശാല, കൈതേരി യുവജന വായനശാല എന്നിവ ഈ രംഗത്തെ പ്രധാന സ്ഥാപനങ്ങളാണ്. ഇപ്പോൾ പുനർനിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന മഹാത്മജി വായനശാല പഞ്ചായത്തിന്റെ കീഴിലുള്ളതാണ്, പഴയ വായനശാലകളിലൊന്നാണ്. (പട്ടിക കാണുക.)

ഇന്ന് പ്രചാരത്തിലുള്ള ഏതാണ്ട് എല്ലാ പ്രസിദ്ധീകരണങ്ങളും വായനശാലകളിൽ ലഭിക്കുന്നുണ്ട്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ഒരു വലിയ വിഭാഗം വാരികകളുടെ വായനക്കാരാണെങ്കിലും അവർ തെരഞ്ഞെടുത്ത് വായിക്കുന്ന പ്രസിദ്ധികരണങ്ങൾ പലതും ഗുണനിലവാരം പുലർത്തുന്നുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്.

മുൻകാലങ്ങളിൽ പഞ്ചായത്തിലെ വായനശാലകളും ക്ലബ്ബുകളും കലാസമിതികളുമായിരുന്നു കലാകായിക രംഗത്ത് സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചു വന്നത്. വായനശാലകളുടെയും ക്ലബ്ബുകളുടെയും വാർഷികയോഗങ്ങൾ വിവിധ കലാകായിക പരിപാടികളോടെ നടത്തപ്പെട്ടിരുന്നു. അമ്പലപ്പറമ്പുകളിലും തെയ്യം, തിറ നടക്കുന്ന സ്ഥലങ്ങളിലും ഒഴിച്ചുകൂടാൻ പറ്റാത്ത ഇനമായിരുന്നു കലാപരിപാടികൾ. ജനപങ്കാളിത്തത്തോടെയാണ് ഇത്തരം കലാപരിപാടികൾ സംഘടിപ്പിച്ചിരുന്നത്. നാടൻ കലാസങ്കേതങ്ങളിലൂടെ സാമൂഹ്യ പ്രശ്നങ്ങൾ രംഗത്തവതരിപ്പിക്കുന്ന നാടകരൂപങ്ങളും നൃത്തനൃത്യങ്ങളും, പൂരക്കളി, കോൽക്കളി മുതലായവയും ആയിരുന്നു പ്രധാന ഇനങ്ങൾ. 20 കൊല്ലക്കാലം തുടർച്ചയായി മാങ്ങാട്ടിടം ദേശബന്ധു വായനശാലയുടെ പേരിൽ നടത്തിയിരുന്ന ബാലകലോത്സവം പഞ്ചായത്തിലെ മികച്ച കലാകായിക പ്രവർത്തനമായിരുന്നു. പല ക്ലബ്ബുകളും നൃത്തം, സംഗീതം, സംഗീത ഉപകരണ പഠനം എന്നിവയിൽ പരിശീലനം നൽകിയിരുന്നു. ഇന്നിതിന് മാറ്റം വന്നിരിക്കുന്നു. പ്രൊഫഷണൽ ട്രൂപ്പുകാരെ ഇറക്കുമതി ചെയ്ത് പരിപാടികൾ അവതരിപ്പിക്കുന്ന രീതിയാണ് ഇപ്പോൾ കണ്ട് വരുന്നത്. ഇതു മൂലം നാട്ടിലെ കലാകാരന്മാർക്ക് വളരാനുള്ള അവസരം നഷ്ടപ്പെടുന്നു, പുതിയ പ്രതിഭകളെ കണ്ടെത്താനാവുന്നുമില്ല.

കായികരംഗത്തും സ്ഥിതി ഇതു തന്നെയാണ്. മുമ്പ് രണ്ടാം വിള കൊയ്ത പാടത്ത് വോളിബോളും ഫുട്ബോളും ഷട്ടിലും കളിക്കുക സാധാരണയായിരുന്നു. പല ക്ലബ്ബുകളും കായിക രംഗത്ത് വിദ്ഗ്ദ്ധരെ കൊണ്ടു വന്ന് പരിശീലനം നൽകാറുണ്ടായിരുന്നു. അച്ചുതൻ സ്മാരക വായ

നശാലയും മറ്റും ഇതിന് ഉദാഹരണമാണ്. ആയിത്തറ മമ്പറം, മാങ്ങാട്ടിടം എന്നിവിടങ്ങളിൽ കളരിപരിശീലനം എന്നിവയും ഉണ്ടായിരുന്നു. ഇപ്പോൾ മൊത്തത്തിൽ കലാകായിക രംഗത്ത് മാന്ദ്യം പഞ്ചായത്തിലുടനീളം ദർശിക്കാനാവുന്നു.

റേഡിയോ പഞ്ചായത്തിൽ സർവ്വസാധാരണമായിരിക്കുന്നു. ടെലിവിഷൻ അതിവേഗത്തിൽ വ്യാപിച്ചു കൊണ്ടിരിക്കുന്നു. തപാൽ സൗകര്യങ്ങൾ ഗ്രാമങ്ങളിൽ കുറവാണ്. യാത്രാ സൗകര്യവും വാർത്താവിനിമയ മാർഗ്ഗങ്ങളും വളരെ പരിമിതമാണ്. വൈദ്യുതി എത്തപ്പെടാത്ത പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ മൊത്തം വികസനത്തിന് വൈദ്യുതിക്ഷാമം ഒരു പ്രധാന തടസ്സമായി നിൽക്കുന്നു.

വേടൻ പാട്ടും, ആടിപ്പാട്ടും, കോതാമൂരിപ്പാട്ടും ഓർമ്മകളുടെ ചെപ്പിലൊതുങ്ങുന്നു. അനുഷ്ഠാന കലാരൂപങ്ങളായ തെയ്യങ്ങൾ നഗരങ്ങളിലെ ആഘോഷ പരിപാടികൾക്ക് കൊഴുപ്പും മേളവും വർദ്ധിപ്പിക്കാനുള്ള ചരക്കുകളായി മാറിയിരിക്കുന്നു. നാട്ടിൻ പുറങ്ങളിലെ കാവുകളിൽ തെയ്യ കോലങ്ങൾ കെട്ടാൻ ആളുകൾ കുറഞ്ഞു വരുന്നു.

### പ്രശ്നങ്ങൾ

1. സ്ത്രീകളുടെ സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിലുള്ള പങ്കാളിത്തം പൊതുവെ കുറവാണ്. അവരെ സാമൂഹ്യമായി വളർത്തിയെടുക്കാനുള്ള ശ്രമം നടക്കുന്നില്ല.

2. വിവാഹം പോലുള്ള ആചാരങ്ങളിൽ ധൂർത്തും ദുർവ്യയവും വർദ്ധിച്ചിരിക്കുന്നു.

3. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരം വായനശാലകളുടെ സുഗമമായ പ്രവർത്തനങ്ങളെ വിഘാതപ്പെടുത്തുന്നു. പുസ്തകവായനശാല കുറഞ്ഞു വരുന്നു. വലിയൊരു ഭാഗം വായിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഗുണനിലവാരം ഉള്ളവയല്ല.

4. കലാകായികരംഗത്ത് സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വെച്ചിരുന്ന കലാസമിതികളുടെയും സ്പോർട്സ് ക്ലബ്ബുകളുടെയും പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു.

5. പൂരക്കളി, കോൽക്കളി എന്നീ കലാരൂപങ്ങൾ ശിക്ഷണം ലഭിക്കാതെ നശിച്ചു വരുന്നു.

6. പ്രീ-പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങളായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

7. വിദ്യാലയത്തിലെ പഠനനിലവാരം മൊത്തത്തിൽ മെച്ചമല്ല.

8. സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

9. പഞ്ചായത്തിൽ കല, കായിക, സാംസ്കാരിക രംഗങ്ങളിൽ കോർഡിനേഷൻ ഇല്ല.

### സാധ്യതകൾ

1. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. അതിനാവശ്യമായ ബോധവൽക്കരണം നടത്തുക. സാമൂഹ്യ സാംസ്കാരിക കലാകായിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സംഘടനകൾ ശ്രദ്ധിക്കുക. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

2. വിവാഹം പോലുള്ള ആചാരങ്ങളിലെ ധൂർത്തും ദുർവ്യയവും ഒഴിവാക്കാൻ സാമൂഹ്യ വിവാഹങ്ങളുടെ പ്രസക്തി കണ്ടെത്തുക.

3. വിദ്യർത്ഥികളിലും യുവജനങ്ങളിലും ബോധവൽക്കരണം നടത്തുവാൻ തനതായ പദ്ധതികൾക്ക് വായനശാലകളും കലാസമിതികളും മുന്നിട്ടിറങ്ങുക.

4. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ സാമൂഹ്യ പ്രസക്തി മനസ്സിലാക്കി അവ എങ്ങിനെ സാമൂഹ്യ നന്മക്കായി തിരിച്ചു വിടാം എന്ന കാര്യത്തെക്കുറിച്ച് പഠനവും ചർച്ചയും സംഘടിപ്പിക്കുക.

5. ഒരു വാർഡിൽ ഒരു ഗ്രന്ഥാലയം എന്ന നിലയിൽ പ്രവർത്തനം ആസൂത്രണം ചെയ്യുക. വായനാശീലം വർദ്ധിപ്പിക്കാൻ ചർച്ചാക്ലാസ്സുകളും പഠന ശിബിരങ്ങളും സംഘടിപ്പിക്കുക.

6. വായനശാലകളുമായി തുടർ സാക്ഷരതാ പ്രവർത്തനം ബന്ധപ്പെടുത്തുക.

7. ഗ്രാമീണ കലോത്സവങ്ങൾ കലാസമിതികളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക. കഴി

വതും ഓരോ വാർഡിലും.

8. നൃത്തം, സംഗീതം, ചിത്രരചന മുതലായ സുകുമാര കലകളെ പരിപോഷിപ്പിക്കാൻ പഠന ക്ലാസ്സുകൾ നടത്തുക.

9. വിവിധ കായിക രംഗങ്ങളിൽ പരിശീലനം നൽകുവാൻ സ്പോർട്സ് ക്ലബ്ബുകൾ മുന്നിട്ടിറങ്ങുക. വൈകുന്നേരങ്ങളിൽ വിദ്യാലയങ്ങളുടെ കളിസ്ഥലങ്ങൾ അവർക്കു ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

10. നാടൻ പാട്ടുകൾ, തോറ്റം പാട്ടുകൾ മുതലായവ ശേഖരിക്കാനുള്ള സജ്ജീകരണങ്ങൾ ഉണ്ടാക്കുക. അനുഷ്ഠാന കലകളെ പരിപോഷിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

## പഞ്ചായത്തിലെ വായനശാലകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേരും വിലാസവും | കെട്ടിടത്തിന്റെ വിവരം |
|---|---|---|---|
| 1 | 1 | നവോദയ വായനശാല കോയിലോട് | |
| 2 | | ഓറിയന്റൽ ഹെറോൾഡ് വായനശാല, ശങ്കരനെല്ലൂർ | |
| 3 | | രചന വായനശാല & ഗ്രന്ഥാലയം ശങ്കരനെല്ലൂർ | സ്വന്തം കെട്ടിടം |
| 4 | | എ. കെ. ജി. വായനശാല ശങ്കരനെല്ലൂർ | സ്വന്തം കെട്ടിടം |
| 5 | | ഗ്രാമോദ്ധാരണ വായനശാല ശങ്കരനെല്ലൂർ | |
| 6 | 2 | ദേശബന്ധു വായനശാല മാങ്ങാട്ടിടം | സ്വന്തം കെട്ടിടം |
| 7 | | ത്രീസ്റ്റാർ വായനശാല വെള്ളപ്പന്തൽ | സ്വന്തം കെട്ടിടം |
| 8 | 3 | ഗ്രാമദീപം വായനശാല ആമ്പിലാട് | സ്വന്തം കെട്ടിടം |
| 9 | 4 | യുവധാര വായനശാല കിണന്റവിട മാങ്ങാട്ടിടം | |
| 10 | | സുരേന്ദ്രൻ സ്മാരക വായനശാല കുറുമ്പക്കൽ | |
| 11 | | പൊതുജന വായനശാല കുറുമ്പക്കൽ | |
| 12 | | മഹാത്മാ ഗാന്ധി സ്മാരക വായനശാല അയ്യപ്പൻതോട് | |
| 13 | | അജയ വായനശാല കൈതച്ചാൽ | സ്വന്തം കെട്ടിടം |
| 14 | 5 | നവകേരള വായനശാല, കിരാച്ചി | |
| 15 | | ബ്രദേഴ്സ് ക്ലബ്ബ്, കനാൽക്കര | സ്വന്തം കെട്ടിടം |
| 16 | | പൊതുജന വായനശാല കിരാച്ചി | |
| 17 | | എ. കെ. ജി. സ്മാരക വായനശാല മാണിക്കോത്ത്വയൽ | സ്വന്തം കെട്ടിടം |
| 18 | | ഗ്രാമോദയം വായനശാല വട്ടിപ്രം | |
| 19 | 6 | യുവജന വായനശാല മാണിക്കോത്ത് വയൽ | സ്വന്തം കെട്ടിടം |
| 20 | 7 | കൈരളി വായനശാല കണ്ടേരി | സ്വന്തം കെട്ടിടം |
| 21 | 6 | ഗ്രാമീണ വായനശാല കരിയിൽ | |

# പഞ്ചായത്തിലെ വായനശാലകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേരും വിലാസവും | കെട്ടിടത്തിന്റെ വിവരം |
|---|---|---|---|
| 22 | 6 | യു. കെ. സ്മാരക വായനശാല കരിയൽ | സ്വന്തം കെട്ടിടം |
| 23 | 8 | യംഗ് ഫ്രൻസ് വായനശാല മെരുവമ്പായി | |
| 24 | | യു. കെ. സ്മാരക വായനശാല മെരുവമ്പായി | |
| 25 | 9 | എ. കെ. ജി. വായനശാല നീർവേലി | |
| 26 | | അർച്ചന വായനശാല നീർവേലി | |
| 27 | 10 | ആയിത്തര വായനശാല ആയിത്തര | |
| 28 | 10 | ഗ്രാമദീപം വായനശാല ആയിത്തര മമ്പറം | സ്വന്തം കെട്ടിടം |
| 29 | | കവിതാ വായനശാല ആയിത്തര മമ്പറം | |
| 30 | | അച്ചുതൻ സ്മാരക വായനശാല ആയിത്തര | |
| 31 | 11 | യുവജന വായനശാല. കൈതേരി | |
| 32 | | എ. കെ. ജി. വായനശാല, കൈതേരിപ്പാലം | |
| 33 | | കൈതേരി ഇടം വായനശാല | |
| 34 | 12 | പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം കുന്നീന്റെ കീഴിൽ | |
| 35 | 1 | ഒണക്കൻ സ്മാരക വായനശാല & ഗ്രന്ഥാലയം. വെള്ളപന്തൽ | L L A. |

# വനിത

പുരാണേതിഹാസങ്ങളിലും ചരിത്രത്തിന്റെ ഏടുകളിലും സ്ത്രീ സംപൂജ്യയാണ്-ദേവതയാണ്. പുരാണങ്ങളിലേയും ഇതിഹാസങ്ങളിലേയും മായികലോകത്തു നിന്നിറങ്ങി ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിൽ ചവിട്ടി നിൽക്കുന്ന സ്ത്രീകൾ സമൂഹത്തിൽ എന്നും രണ്ടാം നിരയിലായിരുന്നു. ചൂഷണം ആചാരത്തിന്റെയും അനുഷ്ഠാനത്തിന്റെയും വിശ്വാസങ്ങളുടെയുമൊക്കെ രൂപത്തിൽ എന്നും സ്ത്രീയുടെ മേലൽ പതിച്ചിരുന്നു. സ്ഥാവരജംഗമ സ്വത്തുക്കൾ പോലെ ഉടമസ്ഥന്മാരാൽ സൂക്ഷിക്കപ്പെടേണ്ട ഒരു സ്വകാര്യ സ്വത്താണ് സ്ത്രീയെന്ന ബോധം നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നു എന്നത് നാം കൃതഘ്നതയോടെ ഓർമ്മിക്കുന്നു. പഴയ സമ്പ്രദായങ്ങളുടെയും ചിട്ടകളുടെയും പിടിയിൽ നിന്നും നമ്മുടെ ഗ്രാമം മാത്രം വിമുക്തമായിരുന്നു എന്നു വിശ്വസിക്കാൻ കഴിയില്ലല്ലോ. പക്ഷേ സാമൂഹ്യ മാറ്റങ്ങളുടെയും പരിഷ്ക്കാരത്തിന്റെയും രഥചക്രങ്ങൾ നമ്മുടെ ഗ്രാമത്തിൽ അതിവേഗം പുരോഗതിയുടെ ചാലുകൾ സൃഷ്ടിച്ചു. അര നൂറ്റാണ്ടു കൊണ്ടുണ്ടായ മാറ്റം അവിശ്വസനീയമാണ്.

ഇന്നത്തെ മാങ്ങാട്ടിടം പഞ്ചായത്തിന്റെ പരിധിയലൊതുങ്ങുന്ന ഗ്രാമപ്രദേശങ്ങളിൽ ചരിത്രസ്മൃതികൾ ഉറങ്ങുന്നു. നമ്മുടെ ഗ്രാമത്തിലെ സ്ത്രീകൾ തനതായ സാംസ്ക്കാരിക പൈതൃകത്തിന് ഉടമകളാണ്. ആയിത്തറ കുന്നും കടന്ന് വയനാടൻ ചുരങ്ങളിലേക്ക് പോയ കാറ്റിന്റെ കൈകളിൽ കൈതേരിമാക്കത്തെ പറ്റിയും പഴശ്ശിരാജയെക്കുറിച്ചുമുള്ള പാട്ടിന്റെ ഈണമുണ്ടായിരുന്നു. പഴശ്ശിരാജാവിന്റെ മാതാവ് പ്രശസ്തയായ സംസ്കൃത പണ്ഡിതയായിരുന്നത്രേ ! ഇങ്ങിനെ ഓർമ്മിക്കാനും ഉദാഹരിക്കാനും കഥകളേറെയുണ്ടെങ്കിലും ഫ്യൂഡൽ ദന്തഗോപുരങ്ങളുടെ അകത്തളങ്ങളിലും വെയിലത്തു പൊരിയുന്ന പണിയിടങ്ങളിലും സ്ത്രീകൾ ചൂഷണത്തിനു വിധേയരായിരുന്നു.

കാലം മാറി. ജനാധിപത്യബോധവും മനുഷ്യാവകാശ സങ്കൽപ്പങ്ങളും സമൂഹത്തിന്റെ ബാഹ്യവും ആന്തരികവുമായ ഘടനയെ ഉടച്ചുവാർത്തു. എങ്കിലും സ്ത്രീകളുടെ സാമൂഹ്യ പദവി അഭിലഷണീയമാം വിധം ഉയർന്നിട്ടില്ല. പൊതുരംഗത്ത് സ്ത്രീ അദൃശ്യയായി തുടരുന്നു. പല കാരണങ്ങൾ കൊണ്ടും സ്വയം ഉൾവലിയുന്നു. തൊഴിൽ രംഗത്ത് നിലവിലുള്ള അസമത്വങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതാണെന്ന അവബോധം പോലും ഇനിയും വളർന്നു വരേണ്ടിയിരിക്കുന്നു.

സ്ത്രീയുടെ സാമൂഹിക സാമ്പത്തിക പദവിയെ പറ്റി നാം പഠിക്കുമ്പോൾ തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. ജനസംഖ്യാപരമായി നമ്മുടെ പഞ്ചായത്തിലെ 29766 പേരിൽ 15274 പേരും സ്ത്രീകളാണ്. ഇവരിൽ 2464 പേരാണ് തൊഴിലെടുക്കുന്നത്. 108 അദ്ധ്യാപികമാരുണ്ട്. 16 സ്ക്കൂളുകളിലായി 2249 പെൺകുട്ടികൾ വിദ്യഭ്യാസം ചെയ്യുന്നു (1996ലെ കണക്ക്.). പഞ്ചായത്തിലെ സാക്ഷരരായ സ്ത്രീകൾ 6444? ആണെന്ന് കണക്കുകൾ കാണിക്കുന്നു.

| മൊത്തം ജനസംഖ്യ | 29766 |
|---|---|
| സ്ത്രീകൾ | 15274 |
| പട്ടിക ജാതി | 212 |
| പട്ടിക വർഗ്ഗം | 3 |
| തൊഴിലെടുക്കുന്നവർ | 2464 |
| അദ്ധ്യാപികമാർ | 108 |
| വിദ്യാർത്ഥിനികൾ | 2249 |
| സാക്ഷരത നേടിയവർ | 6444 |
| കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നവർ | 227 |
| വിധവാ പെൻഷൻ വാങ്ങുന്നവർ | 53 |

സ്ത്രീകളിൽ ഭൂരിഭാഗം പേരും തൊഴിലെടുത്തിരുന്നത് കാർഷിക മേഖലയിലായിരുന്നു. സ്ത്രീകൾ പൊതുവെ പണിയിടങ്ങളിൽ പുരുഷന്മാരോളമോ അതിനെക്കാളോ അധ്വാനിച്ചിരുന്നു. പണ്ടും ഇപ്പോഴും പല മേഖലകളിലും പുരുഷന്മാരേക്കാൾ താഴ്ന്ന വേതനമേ സ്ത്രീകൾക്ക് ലഭിക്കുന്നുള്ളൂ. കുടുംബത്തിലെ പ്രധാന വരുമാനമാർഗ്ഗം സ്ത്രീയുടെ അധ്വാനമാണെങ്കിലും കുടുംബത്തിന്റെ നാഥൻ വരുമാനമില്ലാത്ത പുരുഷനാണെന്ന് നാം അംഗീകരിക്കുന്നു. അത് സ്ത്രീയോടുള്ള അവഗണനയോ? പുരുഷന്റെ മേധാവിത്തമോ? കുടുംബത്തിന്റെ സാമ്പത്തിക ക്രമീകരണം, കുട്ടികളെ വളർത്തൽ, വീട്ടുമൃഗങ്ങളുടെ സംരക്ഷണം, ശുചീകരണം എന്നിവ സ്ത്രീകളുടെ വർഗ്ഗപരമായ - ലിംഗപരമായ ബാധ്യതയായി അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുന്നതിൽ നിന്നും സ്ത്രീകളെ പിന്നോക്കം വലിക്കുന്ന പ്രധാന ഘടകം സ്ത്രീകളെ അടുക്കളയിൽ തളച്ചിടുന്ന കാണാച്ചങ്ങലയാണ്. വിദ്യാഭ്യാസം ഇടക്കുവെച്ച് നിർത്തി അടുക്കളക്കുള്ളിലേക്ക് ചുരുങ്ങിക്കൂടിയ യുവതികൾ നമ്മുടെ പഞ്ചായത്തിൽ വളരെ അധികമാണ്. വിദ്യാഭ്യാസം തടസ്സപ്പെടുന്നതിന് സാമ്പത്തികമായ കാരണങ്ങൾ ചൂണ്ടിക്കാണിക്കുമെങ്കിലും "പെണ്ണല്ലേ അതുമതി" എന്ന് സമൂഹം ചിന്തിക്കുന്നു.

ചികിത്സക്ക് നമ്മുടെ സ്ത്രീകളിൽ ഭൂരിപക്ഷം പേരും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ഏക പ്രാഥമിക ആരോഗ്യ കേന്ദ്രം എല്ലാവർക്കും എത്തിപ്പെടാവുന്നിടത്തല്ല സ്ഥിതി ചെയ്യുന്നത്. അവിടുത്തെ സൗകര്യങ്ങളും അപര്യാപ്തമാണ്.

പുരുഷൻമാരുടെ മദ്യപാനം സ്ത്രീകളുടെ - അതുവഴി സമൂഹത്തിന്റെ ശാപമാണെന്ന് പരക്കെ പരിഗണിക്കപ്പെടുന്നു. സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളുടെ പ്രധാന കാരണങ്ങളിലൊന്നായി മദ്യപാനം ചൂണ്ടിക്കാണിക്കപ്പെടുന്നു. മദ്യം പരിപൂർണ്ണമായി വർജ്ജിക്കപ്പെടേണ്ടതാണെന്ന അഭിപ്രായം വളരെ ശക്തമായി ഏതാണ്ട് എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നിരുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ പൊതുപ്രവർത്തന രംഗത്തേക്ക് സ്ത്രീകൾ കടന്നു വരുന്നത് അപൂർവ്വമാണെങ്കിലും കേരളത്തിലാകെ നടന്ന സാക്ഷരതാസംരഭങ്ങളിൽ നമ്മുടെ സ്ത്രീകളും സജീവമായി പങ്കെടുക്കുകയും ആവശ്യമായ രംഗങ്ങളിൽ പ്രവർത്തിക്കാനുള്ള കഴിവും ആത്മവിശ്വാസവും തങ്ങൾക്കുണ്ടെന്നു തെളിയിക്കുകയും ചെയ്തിട്ടുണ്ട്. സംഘടിത മേഖലകളിലും നമ്മുടെ സ്ത്രീകൾ അവരുടെ സാന്നിദ്ധ്യം അറിയിക്കുന്നുണ്ട്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും അവയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നതാണ് അനുഭവം. ഇപ്പോൾ സ്ത്രീകൾ സജീവമായി പ്രവർത്തിക്കുന്ന ഒരു പൊതുവേദി ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ മൂന്നാം പീടിക കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വനിതാവേദി മാത്രമാണ് സ്ത്രീകളെ മുന്നോട്ട് ആനയിക്കേണ്ട ബാധ്യത സമൂഹം മൊത്തത്തിൽ ഏറ്റെടുക്കേണ്ടതുണ്ട്. നീർവേലി കേന്ദ്രമാക്കി ഒരു വനിതാ സഹകരണ സംഘം 1994 കാലത്ത് നിലവിൽ വന്നുവെങ്കിലും പിന്നീടങ്ങോട്ടുള്ള അതിന്റെ പ്രവർത്തനം സജീവമല്ലെന്ന് അനുഭവങ്ങൾ പറയുന്നു. സ്ത്രീകൾക്ക് പ്രവർത്തിക്കാനും അവരുടെ മാനസികവും സാംസ്ക്കാരികവുമായ വളർച്ചക്ക് രംഗമൊരുക്കാനും ഉതകുന്ന പൊതുവേദികൾ അപൂർവ്വമാണ്. മൊത്തത്തിൽ രാജ്യത്ത് പൊതുവെ എന്ന പോലെ നമ്മുടെ ഗ്രാമ പഞ്ചായത്തിലും സാമൂഹ്യ സാംസ്ക്കാരിക വളർച്ച കാത്തുകഴിയുന്ന ഒരു മേഖലയാണ് വനിതകളുടേത്.

## പഞ്ചായത്തിലെ വനിതാക്ഷേമ രംഗത്ത് അനുഭവപ്പെടുന്ന പൊതു പ്രശ്നങ്ങൾ.

1. തൊഴിൽ രംഗത്തുള്ള സുരക്ഷിതത്വമില്ലായ്മ.

ഉദാ:- കരിങ്കൽക്വാറികളുമായി ബന്ധപ്പെട്ട ജെല്ലി ഉടയ്ക്കൽ മേഖലല.

2. വേതനത്തിന്റെ കാരര്യത്തിൽ അനുഭവപ്പെടുന്ന നീതിരാഹിത്യം.

ഉദാ:- താരതമ്യേന അധ്വാനഭാരമേറിയ ജോലി സ്ത്രീകളൾ ചെയതാലും പുരുഷനു കൊടുക്കുന്നതിനേക്കാൾ കുറഞ്ഞ കൂലിയേ സ്ത്രീകൾക്കു ലഭഭിക്കുന്നുള്ളൂ.

3. സ്ക്കൂളുകളിൽ പെൺകുട്ടികളൾക്കായുള്ള മൂത്രപ്പുരകളില്ല.

4. സ്ത്രീകൾക്കൊത്തുചേരാനും പ്രവർത്തിക്കാനുമുതകുന്ന പൊതു- സാമൂഹ്യ-സാസ്ക്കാരിക വേദികളുടെ അഭാവം.

5. മഹിളാസമാജങ്ങളുടെ അപര്യാപ്തത.

6. അർഹരായ സ്ത്രീകൾക്കു വിവിധ പെൻഷനുകൾ ലഭിക്കുന്നില്ല.

7. മദ്യവർജ്ജന സമിതികൾ ഉണ്ടാകണം. പുരുഷന്മാരു സ്ത്രീകളും ആ രംഗത്ത് പ്രവർത്തിക്കാനുള്ള സൗകര്യങ്ങളില്ല.

8. സ്വയം തൊഴിൽ കണ്ടെത്താനുള്ള സാധ്യതകളെക്കുറിച്ച് സ്ത്രീകൾ പൊതുവെ അജ്ഞരാണ്.

9. സ്ത്രീകളുടേതായ പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനും കഴിയുന്ന ഒരു വേദിയുടെ അഭാവം അനുഭവപ്പെടുന്നു.

**ശ്രദ്ധിക്കപ്പെട്ട സാധ്യതകൾ.**

1. സ്ത്രീകൾ തൊഴിലെടുക്കുന്ന മേഖലകളിൽ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് സ്ത്രീകളുടെ ക്ഷേമപ്രവരർത്തനം നടത്താൻ കഴിയും.

2. വേതനരീതികളിൽ അഴിച്ചുപണിനടത്തുകയും സ്ത്രീപുരഷ വിവേചനം ഇല്ലാതാക്കുകയും ചെയ്യുക.

3. സ്ക്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രത്യേകമായി മൂത്രപ്പുരകളുണ്ടാവണം.

4. സന്നദ്ധ സംഘടനകളൾ സ്ത്രീകളെ സംഘടിപ്പിക്കുകയും അവരുടെ സാമൂഹ്യ ഉന്നമനം ലാക്കാക്കിയുള്ള പ്രവർത്തനപരിപാടികളൾ നടപ്പിലാക്കുകയും വേണം.

5. നിലവിലുള്ള മഹിളാസമാജങ്ങൾ സജീവമാകുകയും സാധ്യതയുള്ളിടത്ത് പുതിയവരൂപീകരിക്കുകയും ചെയ്യുക.

6. മദ്യവർജ്ജന പ്രവർത്തനം സമൂഹത്തിന്റെ പൊതുബാധ്യതയായി ഏറ്റെടുക്കുകയും കൂടുതൽ കൂടുതൽ മദ്യവർജ്ജന സമിതികൾ രൂപീകരിച്ച് പുരുഷന്മാരുടെയും സ്ത്രീകളുടെയും കൂട്ടായ സഹകരണത്തോടെ പ്രവർത്തിക്കുകയും ചെയ്യുക.

7. അർഹരായ സ്ത്രീകൾക്ക് പെൻഷനുകൾ കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

8. സ്ത്രീകൾക്ക് ഒറ്റക്കും കൂട്ടായും ഏറ്റെടുത്ത് നടപ്പിൽ വരുത്താൻ കഴിയുന്ന തൊഴിൽ പദ്ധതികളെകുറിച്ചും അവയുടെ നടത്തിപ്പിനെ- സാമ്പത്തിക മാനേജ്മെന്റ് അടക്കം -കുറിച്ചും സ്ത്രീകളിൽ ബോധമുണ്ടാക്കണം.

9. സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും കഴിയുന്ന കഴിവും സന്നദ്ധതയുമുള്ള ഒരു വനിതാസെൽ രൂപീകരിക്കുക.

10. പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പങ്ക് അതിപ്രധാനമാണ്. നമ്മുടെ ഗ്രാമങ്ങളിൽ പ്രീപ്രൈമറി വിദ്യാഭ്യാസം നടക്കുന്നത് ഏതാണ്ട് പൂർണ്ണമായും സാമൂ

ഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികളിലൂടെയാണ്. ഇത് വ്യവ സ്ഥാപിതമായി അംഗീകരിക്കുകയും അംഗനവാടികളുടെ പ്രവർത്തനം കുറേക്കൂടി വ്യാ പകമാക്കുകയും സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രമായ വികസനം സാധ്യമാക്കു കയുയും ചെയ്യാവുന്നതാണ്. അംഗനവാടികളെ പ്രീപ്രൈമറി വിദ്യാലയങ്ങളാക്കി പരി വർത്തിപ്പിക്കാനും അംഗനവാടി അദ്ധ്യാപികമാരുടെ സാമൂഹ്യ പദവി ഉയർത്താനും നട പടി ഉണ്ടാകണം.



# സഹകരണമേഖല

ഒരുവൻ പലർക്കുവേണ്ടിയും പലരും ഒരുവനുവേണ്ടിയും എന്ന സിദ്ധാന്തത്തിന്റെ പ്രായോഗിക രൂപമായ സഹകരണ പ്രസ്ഥാനത്തിന്റെ പ്രാഗ്രൂപമായ തറയോഗങ്ങൾ മലബാറിൽ വ്യാപകമായി നിലനിന്നിരുന്നു. മാങ്ങാട്ടിടം പഞ്ചായത്തിലെ സഹകരണ പ്രസ്ഥാന ചരിത്രത്തിന്റെ ആദ്യ ഏടുകളിൽ ഇന്നത്തെ മാങ്ങാട്ടിടം സർവീസ് കോ.ഓപ്പറേറ്റീവ് ബേങ്കിന്റെ ആദ്യകാല പ്രവർത്തനങ്ങൾ കാണാൻ കഴിയും.

1922 ഫെബ്രുവരി മാസത്തിൽ പരസ്പര സഹായ സംഘം എന്ന നിലയിൽ റജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനമാണ് മാങ്ങാട്ടിടം പഞ്ചായത്തിലെ പ്രഥമ സഹകരണ സ്ഥാപനം. അക്കൊല്ലം ഏപ്രിൽ മാസത്തിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന്റെ ആരംഭകാല പ്രവർത്തനം ഇന്നത്തെ മാങ്ങാട്ടിടം യു. പി. സ്കൂളിനെ കേന്ദ്രീകരിച്ചായിരുന്നു. കിണറ്റിൻവിട എന്ന സ്ഥലത്ത് കെട്ടിടം വാടകക്കെടുത്ത് മാങ്ങാട്ടിടം ഐക്യനാണയ സംഘം എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുന്നതോടെയാണ് ഈ സ്ഥാപനം വികാസത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുന്നത്. ബേങ്കിംഗ് വ്യവസായമാണ് സഹകരണമേഖലയെ പുഷ്ടിപ്പെടുത്തിയ ഒരു ഘടകം. 1975ൽ മാങ്ങാട്ടിടം ഐക്യനാണയ സംഘം ബേങ്കിംഗ് വ്യവസായത്തിലേക്ക് പ്രവേശിക്കുകയും മാങ്ങാട്ടിടം സർവ്വീസ് കോ.ഓപ്പറേറ്റീവ് ബേങ്ക് എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. അതോടുകൂടി തന്നെ അയ്യപ്പൻതോട് എന്ന സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിച്ചു പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ ബേങ്കിന്റെ ചരിത്രത്തിലെ അനിഷ്ടകരമായ ഒരേടാണ്, ബേങ്കിന്റെ നിലനിൽപിനെ അപകടപ്പെടുത്തുമാറുണ്ടായ ധനാപഹരണ സംഭവം പ്രസ്തുത സംഭവം ഏൽപിച്ച ആഘാതത്തിൽനിന്നും പരിക്കുകളിൽ നിന്നും സ്ഥാപനം രക്ഷപ്പെടുകയും പിന്നീട് സ്ഥാപനത്തിന്റെ സാരഥ്യം ഏറ്റെടുത്ത ഭരണ സമിതിയുടെയും സ്ഥാപനത്തിലെ ജീവനക്കാരുടെയും അർപ്പണബോധവും ശുഷ്കാന്തിയും സ്ഥാപനത്തെ അനുദിനം ഉയർച്ചയിലേക്ക് നയിക്കുകയും ചെയ്തു. ഈ സ്ഥാപനവുമായി ബന്ധപ്പെടുന്ന നാട്ടുകാരുടെ നിർലോഭമായ സഹകരണവും സ്ഥാനപത്തിന്റെ ഉയർച്ചയ്ക്ക് നിദാനമാണ്.

സഹകരണ രംഗത്തു ഈ പഞ്ചയത്തിൽ ഉണ്ടായ രണ്ടാമത്തെ സംരംഭമാണ് 1952ൽ പ്രവർത്തനമാരംഭിച്ച കണ്ടംകുന്നു സർവീസ് സഹകരണ ബേങ്ക് ഇതും പ്രവർത്തനമാരംഭിച്ചത് കണ്ടംകുന്നു ഐക്യനാണയ സംഘം എന്നപേരിലാണ്. പിന്നിട്ട വർഷങ്ങളിൽ കണ്ടംകുന്നു സർവീസ് സഹകരണ സൊസൈറ്റിയായും ഒടുവിൽ കണ്ടംകുന്നു സർവീസ് സഹകരണ ബേങ്കായും വളർന്നു വികസിച്ചു ഇന്നത്തെ നിലയിൽ എത്തി. സർവീസ് സഹകരണ സൊസൈറ്റിയായിരിക്കെ 1980ൽ സ്ഥാപനം അതികഠിനമായ അരിഷ്ടതകളെ നേരിടേണ്ടിവന്നുവേങ്കിലും സഹകാരികളുടെ നിർവ്യാജമായ അർപ്പണബോധവും പ്രയത്നവും സ്ഥാപനത്തെ രക്ഷിച്ചു ഉയർച്ചയിലേയ്ക്ക് നയിക്കാൻ സാധിച്ചു.

മേൽപറഞ്ഞ രണ്ടു സ്ഥാപനങ്ങളും പേര് കൊണ്ട് സൂചിപ്പിക്കുന്നത് പോലെ യഥാക്രമം മാങ്ങാട്ടിടം വില്ലേജിലും കണ്ടംകുന്നു വില്ലേജിലും പ്രവർത്തിക്കുന്നു. കൂത്തുപറമ്പ് കോ.ഓപ്പറേറ്റവ് റൂറൽ ബേങ്കിന്റെ ഒരു ശാഖ ഈ പഞ്ചായത്തിലെ മെരുവമ്പായിൽ 1983ൽ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചത് സഹകരണ മേഖലയിൽ ഉണ്ടായ മറ്റൊരുകാൽവെപ്പാണ് ഈ ബ്രാഞ്ചിൽ നിന്നും

കാർഷിക വായ്പകൾ അനുവദിക്കുന്നതല്ല. കാർഷികേതര വായ്പകളാണ് കൊടുക്കുന്നത്. നിക്ഷേപകരെ ആകർഷിക്കാൻ ഈ ശാഖക്കു ഏറെക്കുറെ സാധിച്ചിട്ടുണ്ടെന്നു കണക്കുകൾ വ്യക്തമാക്കുന്നു. സ്ഥിരം നിക്ഷേപമായി 39, 19, 828 കയും ഹ്രസ്വകാല നിക്ഷേപമായി 13, 19, 052കയും ഈ റിപ്പോർട്ട് തയ്യാറാക്കുന്നകാലത്ത് ബേങ്ക് ജനങ്ങളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. കാർഷിക വായ്പ അനുവദിക്കുന്നില്ല എങ്കിലും ഈ സ്ഥാപനം ജനങ്ങളുടെ സഹായത്തിനെത്തുന്നുവെന്നു കണക്കുകൾ കാണിക്കുന്നു.

ബേങ്കുകളിൽ നിന്നും കൊടുത്ത വായ്പാ വിവരങ്ങൾ :-

## 1. മാങ്ങാട്ടിടം സർവീസ് കോ.ഓപ്പറേറ്റീവ് ബേങ്ക്.

| ക്രമ നമ്പർ | വായ്പകളുടെ ഇനം. | വായ്പാ സംഖ്യ | കാലാവധികഴിഞ്ഞിട്ടും തിരിച്ചു കിട്ടാത്തത് |
|---|---|---|---|
| 1 | ദീർഘകാല കാർഷിക വായ്പ. | 5,17300 | 18700 |
| 2 | ദീർഘകാല കാർഷികേതര വായ്പ | 18000 | .... |
| 3 | മദ്ധ്യകാല കാർഷിക വായ്പ | 32000 | .... |
| 4 | മദ്ധ്യകാല കാർഷികേതര വായ്പ | 2591000 | 164000 |
| 5 | ഹ്രസ്വകാല കാർഷിക വായ്പ | 1595500 | 365000 |
| 6 | ഹ്രസ്വകാല കാർഷികേതര വായ്പ | 895000 | 560000 |
| 7 | സ്വർണ്ണ പണയ വായ്പ. | 2411000 | 165000 |
| 8 | IRDP വായ്പകൾ | 601000 | .... |
| 9 | സ്വയം തൊഴിൽ വായ്പ. | 96000 | .... |
| **ആകെ** | | **8756800** | **1272700** |

## 2. കണ്ടം കുന്നു സർവീസ് സഹകരണ ബേങ്ക്

| ക്രമ നമ്പർ | വായ്പകളുടെ ഇനം. | വായ്പാ സംഖ്യ | കാലാവധികഴിഞ്ഞിട്ടും തിരിച്ചു കിട്ടാത്തത് |
|---|---|---|---|
| 1 | നിക്ഷേപങ്ങൾ | 94960 | |
| 2 | ദീർഘകാല കർഷിക വായ്പ | 1303611 | 182782 |
| 3 | ദീർഘകാല കാർഷികേതര വായ്പ | 10729 | |
| 4 | മദ്ധ്യകാല കാർഷിക വായ്പ | 237473 | |
| 5 | മദ്ധ്യകാല കാർഷികേതര വായ്പ | 1868121 | 806003 |
| 6 | ഹ്രസ്വകാല കാർഷിക വായ്പ | 2031320 | 908403 |
| 7 | ഹ്രസ്വകാല കാർഷികേതര വായ്പ | 431745 | |
| 8 | സ്വർണ്ണ പണയ വായ്പ | 131196 | |
| **ആകെ** | | **6109155** | **1897188** |

## 3. കൂത്തുപറമ്പ് റൂറൽ ബേങ്കിന്റെ മെരുവമ്പായി ശാഖ.

| ക്രമ നമ്പർ | വായ്പകളുടെ ഇനം. | വായ്പാ സംഖ്യ | കാലാവധികഴിഞ്ഞിട്ടും തിരിച്ചു കിട്ടാത്തത് |
|---|---|---|---|
| 1 | സ്വർണ്ണ പണയവായ്പ | 6481395 | 691125 |
| 2 | ആൾ ജാമ്യം | 1254982 | 543709 |
| 3 | സ്വത്ത് ജാമ്യം | 547930 | |
| 4 | വിദ്യാഭ്യാസ ആവശ്യം | 17423 | 474 |
| 5 | നിക്ഷേപത്തിന്റെ ഈടിൽ | 621076 | |
| 6 | കച്ചവടാവശ്യം | 242665 | 39865 |
| | **ആകെ** | **9165471** | **1275173** |

പഞ്ചായത്തിൽ പലകാലഘട്ടങ്ങളിലായി ആരംഭിച്ച മറ്റുചില സഹകരണ പ്രസ്ഥാനങ്ങളുമുണ്ട്; ശങ്കരനെല്ലൂരിലും വട്ടിപ്രത്തും അവയുടെ പ്രവർത്തനം ഏതാണ്ടുനിലച്ചിരിക്കയാണ് ഇപ്പോൾ. വളരെക്കാലം മുമ്പുതന്നെ വട്ടിപ്രം കേന്ദ്രമായി മാങ്ങാട്ടിടം തെങ്ങു ചക്കര ഉല്പാദക വിതരണ സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. ഇന്നത് ലിക്വഡേഷനെ അഭിമുഖീകരിക്കുകയാണ്. മാങ്ങാട്ടിടം സെറികൾച്ചർ കോ. ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഒരു സ്ഥാപനം വട്ടിപ്രത്തു ആരംഭിച്ചെങ്കിലും വിവിധ കാരണങ്ങൾ അത് പ്രവർത്തനക്ഷമമായില്ല. 1994 കാലഘട്ടത്തിൽ ആരംഭിച്ച കൺസ്യൂമർ കോ. ഓപ്പറേറ്റീവ് സൊസൈറ്റി കുറച്ചു നാളുകൾ പ്രവർത്തിച്ചെങ്കിലും പിന്നീട് പ്രവർത്തനം ഇല്ലാതാവുകയും സ്ഥാപനംതന്നെ നാമാവശേഷമായിത്തീരുകയും ചെയ്തു. അതുപോലെ 1996ൽ സ്ഥാപിക്കപ്പെട്ട നീർവേലി വനിതാ സഹകരണ സൊസൈറ്റി നിലവിലുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. തൊഴിലെടുക്കുന്നവരും, തൊഴിൽ അന്വേഷിക്കുന്നവരും ആയ സ്ത്രീ ജനങ്ങൾ ധാരാളമുണ്ടായിട്ടും അവരുടെ ആവശ്യങ്ങളേയും പ്രതീക്ഷകളേയും തൃപ്തിപ്പെടുത്തുന്ന വിധത്തിൽ മേൽപറഞ്ഞ വനിതാ, സഹകരണ സൊസൈറ്റിയുടെ പ്രവർത്തന മേഖല വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരാനും അതുവഴി നാട്ടിന്റെ വികസന പ്രക്രിയയിൽ അവരെ പങ്കാളിയാക്കാനും ഇതുപോലുള്ള സഹകരണ സംരംഭങ്ങൾക്കു സാധിക്കേണ്ടതുണ്ട്. മാങ്ങാട്ടിടം വീവേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചിരുന്നു. ഇത് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്.

സഹകരണ രംഗത്ത് പഞ്ചായത്തിൽ നിർണ്ണായക സ്ഥാനം വഹിക്കുന്നത് മാങ്ങാട്ടിടം സർവീസ് കോ.ഓപ്പറേറ്റീവ് ബേങ്കും, കണ്ടംകുന്നു സർവീസ് കോ. ഓപ്പറേറ്റീവ് ബേങ്കും, കൂത്തുപറമ്പ് റൂറൽ ബേങ്കിന്റെ മെരുവമ്പായി ശാഖയും ആണ്. നോർത്ത് മലബാർ ഗ്രാമീൺ ബേങ്കിന്റെ വേങ്ങാട്, പാതിരിയാട് ശാഖകളിൽ നിന്നും വായ്പകൾ ലഭിക്കുന്നുണ്ട്. സ്ഥിതി വിവരങ്ങളുടെ അഭാവംകാരണം അവയുടെ വ്യാപ്തി ലഭ്യമല്ല. പഞ്ചായത്തിലെ ബഹു ഭൂരിപക്ഷം വരാത്ത കർഷകർ അവരുടെ കാർഷികാവശ്യങ്ങൾക്കും, കാർഷികേതര ആവശ്യങ്ങൾക്കും ആശ്രയിക്കുന്നത് മേൽപറഞ്ഞ മൂന്നു സഹകരണ സ്ഥാപനങ്ങളെയാണ് പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ ഒറ്റനോട്ടത്തിൽ.

നിയമ വിധേയമല്ലാതെ: പല സ്ഥാപനങ്ങളും നടത്തുന്ന ഓണഫണ്ട്, നാടൻ കുറികൾ എന്നിവയും പഞ്ചായത്തിൽ വ്യാപകമായുണ്ട്. ജനങ്ങളുടെ അടിയന്തിര സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിൽ ഇവയും ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്.

## സഹകരണ സ്ഥാപനങ്ങൾ:

| ക്രമ നമ്പർ | വിവരണം | മാങ്ങാട്ടിടം, സർവീസ് സഹകരണ ബേങ്ക് | കണ്ടംകുന്നു സർവീസ് ബേങ്ക് | കുത്തുപറമ്പ് റൂറൽ ബേങ്ക് മെരുവമ്പായി ശാഖ. |
|---|---|---|---|---|
| 1 | പ്രവർത്തന പരിധി. | മാങ്ങാട്ടിടം വില്ലേജ് | കണ്ടംകുന്ന് വില്ലേജ് | |
| 2 | ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് | ക്രെഡിറ്റ് | ക്രെഡിറ്റ് | ക്രെഡിറ്റ് |
| 3 | പ്രവർത്തനം ആരംഭിച്ച വർഷം | 1922 | 1952 | 1983 |
| 4 | ആകെ അംഗങ്ങൾ | 4350 | 3916 | |
| 5 | ഒരു ഓഹരിയുടെ വില | 5 രൂപ | 5രൂപ | 21 |
| 6 | അംഗീകൃത ഓഹരി മൂലധനം | 710000 | 410000 | |
| 7 | പരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 390000 | 408540 | |
| 8 | സർക്കാർ ഓഹരി | 100000 | 128750 | |
| 9 | സ്ഥിരം നിക്ഷേപങ്ങൾ | 3996300 | 1039593 | 3919829 |
| 10 | ഹ്രസ്വകാല നിക്ഷേപങ്ങൾ | 2449700 | 1298042 | 1319052 |
| 11 | കാർഷിക വായ്പ | 2144800 | 3572404 | |
| 12 | കാർഷികേതര വായ്പ | 5915000 | 2310595 | 9165471 |
| 13 | പ്രത്യേക വായ്പകൾ | 69700 | 226156 | |
| 14 | മറ്റു സ്ഥാപനങ്ങളിൽ നിന്നു സ്വീകരിച്ച വായ്പകൾ | 3898200 | 5381202 | |
| 15 | കാലാവധി കഴിഞ്ഞു തിരിച്ചു കിട്ടാനുള്ള തുക | 1272700 | 1897188 | 1275173 |
| 16 | സ്ഥാപനത്തിന്റെ വാർഷിക ചിലവ് | 175000 | 158493 | 263288 |

## പ്രവർത്തനം നിലച്ച സൊസൈറ്റികൾ

| ക്രമ നമ്പർ | സ്ഥാപിതം | വായ്പകളുടെ ഇനം. | റിമാർക്സ് |
|---|---|---|---|
| 1 | | മാങ്ങാട്ടിടം തെങ്ങുചക്കര ഉല്പാദന വിതരണ സഹകരണ സംഘം | |
| 2 | | മാങ്ങാട്ടിടം വീവേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി. | |
| 3 | | മാങ്ങാട്ടിടം സെറികൾച്ചർ കോ. ഓപ്പറേറ്റീവ് സൊസൈറ്റി ശങ്കരനെല്ലൂർ | |
| 4 | 1994 | കൺസ്യൂമർ കോ.ഓപ്പറേറ്റീവ് സൊസൈറ്റി ശങ്കരനെല്ല | |
| 5 | 1994 | കൺസ്യൂമർ കോ.ഓപ്പറേറ്റീവ് സൊസൈറ്റി വട്ടിപ്രം | |
| 6 | 1996 | നീർവേലി വനിതാ സഹകരണ സൊസൈറ്റി. | |

## പ്രശ്നങ്ങൾ

1. കാർഷിക, കാർഷികേതര വായ്പാ നിബന്ധന പലതും കാലോചിതമായി പൊരുത്തപ്പെടാത്തതും, ഇന്നത്തെ വിലക്കയറ്റവുമായി തട്ടിച്ചു നോക്കുമ്പോൾ അനുവദിക്കപ്പെടുന്ന തുക, ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ അപര്യാപ്തവുമാണ്.

2. കാർഷിക, കാർഷികേതര വായ്പകൾ തക്ക സമയത്തു കൃഷിക്കാർക്കു ലഭ്യമാകാതെപോവുന്നു.

3. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലയിടിവു കേരകർഷകരെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇതിന് ഒരു താല്കാലിക ആശ്വാസം എന്ന നിലക്കാണ് ഗവർമെണ്ട് തറ വിലനിശ്ചയിച്ചു കൊപ്രശേഖരണം നടത്തുന്നത്. പഞ്ചായത്തിന് കൊപ്രസംഭരണത്തിന്ന വേണ്ട സൗകര്യങ്ങൾ കേരഫെഡ് പോലുള്ള സ്ഥാപനങ്ങൾ നൽകിട്ടും പഞ്ചായത്തിലെ ഒരൊറ്റ സഹകരണ ബേങ്കും ഈ രംഗത്തു കടന്നുവന്നിട്ടില്ല. ഇതു കേരകർഷകർക്കു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കീട്ടുണ്ട്. പുതിയ പ്രവർത്തന മേഖലകളിലേയ്ക്ക് കടന്നുകയറാനുള്ള ആത്മധൈര്യം ഇല്ലായ്മയാണ് ഇത് സൂചിപ്പിക്കുന്നത്.

4. കൃഷിക്കാവശ്യമായ വളങ്ങളും അത്യാവശ്യ കീടനാശിനികളും മുമ്പു സഹകരണ ബേങ്കുകൾ വഴി കൃഷിക്കാരനു ലഭിച്ചിരുന്നു ഇന്ന് ആ സബ്രദായം ബേങ്കുകൾ

5. നമ്മുടെ പഞ്ചായത്തിൽ 1995 ലെ സെൻസസ് പ്രകാരം 1815കറവു പശുക്കളാണുള്ളത്. ഇതിൽ 1641 ഉം സങ്കരഇനത്തിൽ പെട്ടതാണ്. ഇവയിൽ നിന്നും മൊത്തം 8500 ലിറ്റർ പാൽ ലഭിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവിടെ നിന്നും, മറ്റു പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ വഴി പാൽശേഖരിച്ചു വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ക്ഷീര വികസന വകുപ്പുമുഖാന്തിരമുള്ള യാതൊരാനുകൂല്യങ്ങളും ഈ പഞ്ചായത്തിലെ ക്ഷീര കർഷകർക്കു ലഭിക്കുന്നില്ല. കൂടാതെ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന മൃഗസംരക്ഷണ പദ്ധതിയുടേയും കാലിത്തീറ്റയുടേയും ആനുകൂല്യങ്ങളും അത്തരം സൊസൈറ്റിയുടെ പരിധിയിൽ നമ്മുടെ പഞ്ചായത്ത് ഉൾപ്പെടാത്തതിനാൽ ലഭിക്കാനും അർഹതയില്ല. നമ്മുടെ പഞ്ചായത്തിലെ ക്ഷീര കർഷകർ ഇത്തരം ഓരു പ്രതിസന്ധിയിലാണ്.

6. നമ്മുടെ പഞ്ചായത്തിൽ ടെയിലറിംഗും എംബ്രോയിഡറിയും പഠിച്ച ധാരാളം പെൺകുട്ടികൾ ഉണ്ട്. അവരിൽ പലരും ഗാർമെന്റു നിർമ്മാണ മേഖലയിൽ ചില സ്വകാര്യ വ്യക്തികളുടെ കീഴിൽ ജോലി ചെയ്യുന്നുണ്ട്. വളരെ നിസ്സാരമായ വേതനമാണ് ഇവർക്ക് ലഭിക്കുന്നത്. ഗാർമെന്റു നിർമ്മാണം, കുടനിർമ്മാണം, ബേഗ് നിർമ്മാണം എന്നിവ ഇന്നു വളരെ തൊഴിൽ സാധ്യതയുള്ള രംഗമാണ്. സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നു വനിതകളെ മോചിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

7. കൊട്ട, വട്ടി, പായ എന്നിവ നിർമ്മിക്കുന്ന പരമ്പരാഗത തൊഴിലിലേർപ്പെട്ടിരിക്കുന്നവർക്ക് ഇന്നും ന്യായമായ വേതനം അന്യമാണ്. ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കേണ്ടതാണ്.

8. നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം കർഷകരും തെങ്ങു കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. തേങ്ങ നേരിട്ടു വില്ക്കുകയോ ഉണക്കി കൊപ്രയാക്കി വില്ക്കുകയോ ആണ് സാധാരണ പതിവ്. തേങ്ങ സംഭരണം മുതൽ അതുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണെങ്കിൽ ഇന്നു കേരകർഷകർ അനുഭവിക്കുന്ന സാമ്പത്തിക പരാധീനതകൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

9. പഞ്ചായത്തിൽ ചിലഭാഗങ്ങളിൽ സുലഭമായി കരിങ്കൽ ഉപയോഗിച്ചു 3, 4, 5, 6 വാർഡുകളിൽ സ്ത്രീകൾ ഒരു കുടിൽ വ്യവസായമെന്ന നിലയിൽ കരിങ്കൽ ജില്ലി ഉണ്ടാക്കുന്നുണ്ട്. അവർ അധികം പേരും അസംഘടിതരാണ്. അളവിലും വിലയിലും മദ്ധ്യവർത്തികളാൽ ഇവർ ചൂഷണത്തിന്നു വിധേയരാകുന്നു.

## സാധ്യതകൾ :

1. വായ്പാ നിബന്ധനകൾ കാലോചിതമായി പരീഷ്കരിക്കുക.

2. കാർഷിക, കാർഷികേതര വായ്പകൾ യഥാകാലം കൃഷിക്കാർക്ക് ലഭ്യമാക്കുക.

3. കേരഫെഡ് നൽകുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കൊപ്രവിലയിടിവു അനുഭവപ്പെടുമ്പോൾ തറവിലക്ക് കൊപ്രസംഭരണം നടത്തുവാൻ സഹകരണ ബേങ്കുകൾ തയ്യാറാവുക. പുതിയ പ്രവർത്തന മേഖലയിലേയ്ക്കു കടന്നുവരാനുള്ള ആത്മധൈര്യം സഹകരണ ബേങ്കുൾ ആർജ്ജിക്കുക.

4. സഹകരണ ബേങ്കുകൾ വളം, കീടനാശിനികൾ എന്നിവ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

5. സഹകരണ മേഖലയിൽ മാങ്ങാട്ടിടത്തും കണ്ടംകുന്നിലും ഓരോ ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

6. ഗാർമെൻസ്, കുട നിർമ്മാണം, ബേഗ് നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനുള്ള വനിതാ സഹകരണ സംഘം ആരംഭിക്കുക.

7. പരമ്പരാഗത കൈത്തൊഴിൽ സംരക്ഷിക്കുന്നതിന്നു സഹകരണ മേഖലയിൽ ഒരു നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

8. കൊപ്ര സംഭരണം, കൊപ്ര സംസ്കരണം, അതോടനുബന്ധിച്ചുള്ള മറ്റു വ്യവസായങ്ങൾ എന്നിവ നടത്തുവാൻ, സഹകരണ മേഖലയിൽ വ്യവസായ യൂണിറ്റ് ആരംഭിക്കുക.

9. മൂന്നു മുതൽ ആറ് വരെയുള്ള വാർഡുകളെ കേന്ദ്രീകരിച്ചു വനിതാ കരിങ്കൽ ജില്ലി യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

10. സഹകരണ കൃഷി ആരംഭിക്കാം.

11. സഹകരണാടിസ്ഥാനത്തിൽ സ്റ്റോറുകൾ, സഹകരണ സംഭരണം എന്നിവ ശ്രമിച്ചു നോക്കണം.

# പട്ടിക ജാതി പട്ടികവർഗ്ഗം

ജാതിവ്യവസ്ഥയും ചരിത്രപരമായ മറ്റു കാരണങ്ങളാലും അടിമത്തത്തിലും അവഗണനയിലും ആണ്ടുകിടന്ന ഒരു ജനവിഭാഗം സ്വാതന്ത്ര്യലബ്ദിക്കു മുമ്പു രാജ്യത്തുണ്ടായിരുന്നു സ്വാതന്ത്ര്യാനന്തരം ഭരണ ഘടനാ രൂപീകരണ വേളയിലാണ് ഈ ജനവിഭാഗം പട്ടികപ്പെടുത്തി തരം തിരിക്കപ്പെടുന്നത്, ഈ ജനവിഭഗത്തെ പിന്നീട് പട്ടിക ജാതി പട്ടിക വർഗ്ഗം എന്നു വിളിച്ചു വരുന്നു.

സാമ്പത്തിക സ്ഥിതിയും വിദ്യാഭ്യാസ നിലവാരവുമാണ് സമൂഹത്തിൽ പദവി നിർണ്ണയിക്കുന്ന മുഖ്യഘടകങ്ങൾ. അതിനാൽ മാമൂലുകൾ അടിച്ചേല്പിച്ച സാമൂഹ്യപരാധീനതകളിൽനിന്നും ഈ ജനവിഭാഗത്തെ മോചിപ്പിച്ചു പൊതുധാരയിൽ എത്തിക്കാൻ, സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്. ഒരു പരിഷ്കൃത സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വമെന്ന നിലയ്ക്കു ഇതിന് സഹായകമാവുംവിധം ഭരണഘടനയിൽ തന്നെ പ്രത്യേക പരിരക്ഷയും പഞ്ചവത്സര പദ്ധതികളിൽ പരിഗണനയും നൽകീട്ടുണ്ട്. ഉദ്യോഗനിയമനത്തിലും വിദ്യാഭ്യാസപരിശീലന രംഗങ്ങളിലും പ്രാതിനിധ്യ നിയമങ്ങളിലും തെരഞ്ഞെടുപ്പിലും ഈ ജനവിഭാഗത്തിന്നു സംവരണം ഏർപ്പെടുത്തുകയും, അയിത്തവും വർണ്ണവിവേചനവും നിയമം മൂലം നിരോധിക്കുകയും ചെയ്തു.

പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിന്നു ഇതൊക്കെകുറെയേറെ സഹായകമായിട്ടുണ്ട്. എന്നാൽ പഞ്ചവത്സര പദ്ധതികളിലൂടെ കോടിക്കണക്കിന്നു രൂപ ഇവരുടെ സമഗ്രമായ അഭിവൃദ്ധിക്കുവേണ്ടി വിനിയോഗിക്കപ്പെട്ടെങ്കിലും അവരിൽ വലിയൊരു വിഭാഗം ഇന്നും ദാരിദ്യരേഖക്കു താഴെ ജീവിതം നയിക്കുന്നവരാണെന്ന സത്യം ഇന്ത്യൻ സമൂഹത്തിന്നു നേരെയുള്ള വെല്ലുവിളിയാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 421 പട്ടിക ജാതിക്കാരും 8പട്ടിക വർഗ്ഗക്കാരുമാണുള്ളത്. പട്ടിക ജാതിക്കാരിൽ 209പേർ പുരുഷന്മാരും 212 പേർ സ്ത്രീകളുമാണ്. 5 പുരുഷന്മാരും 3 സ്ത്രീകളുമാണ് പട്ടിക വർഗത്തിൽ ഉള്ളത്. ഇവർ മാങ്ങാട്ടിടം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 1. 41% വരും. ഇവരിൽ 55 കുടുംബങ്ങളുടെ ജീവിത നിലവാരം ഇപ്പോഴും ദാരിദ്രരേഖക്കുതാഴെയാണ്.

ഇതര ജന്വിഭാഗങ്ങളെ അപേക്ഷിച്ച് ഇവർ വളരെ പിന്നിലാണെന്നു പറയുക വയ്യ. പട്ടികജാതി വർഗ്ഗങ്ങളുടെ മൊത്തം ജനസംഖ്യയുടെ 14.1% വിദ്യാർത്ഥികൾ 1996-97ലെ കണക്കുപ്രകാരം വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം നേടുന്നവരും വിരളമായെങ്കിലും ഉണ്ട്. എങ്കിലും പൊതുവെ എസ്. എസ്. എൽ. സിക്കു ശേഷം അധികം പേരും തുടർന്നു പഠിക്കുന്നില്ല എന്നതാണ് വാസ്തവം. രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധ

ചെലുത്താത്തതും കുടുംബ ബാധ്യതകൾ ഏറ്റെടുക്കേണ്ടിവരുന്നതും ഇതിന്കാരണങ്ങളാണ്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതാണ്.

പരമ്പരാഗത തൊഴിലിൽ നിന്നും അകന്നു ഇപ്പോൾ അധികം പേരും മറ്റു തൊഴിലുകളാണ് അന്വേഷിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, മാർക്കറ്റില്ലായ്മ, ന്യായമായ വില ലഭിക്കായ്മ എന്നിവയാണ് ഇവർ പരമ്പരാഗത തൊഴിലുകൾ വിട്ടു മറ്റുമേഖലയിലേയ്ക്കു തിരിയാൻ കാരണം. തെയ്യക്കോലങ്ങൾ കെട്ടിയാടുന്ന പ്രമുഖരായ പലരും ഇവരുടെ ഇടയിലുണ്ട്. എന്നാൽ ചെറുപ്പക്കാർ ഈ രംഗത്ത് വരാൻ ഇഷ്ടപ്പെടുന്നില്ല. അനുഷ്ഠാന കലകളിൽ പ്രാവീണ്യമുള്ള ഒട്ടേറെ കലാകാരന്മാർ ഇവരുടെ ഇടയിലുണ്ടെങ്കിലും, അവരെ ആദരിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള സംവിധാനം നമ്മുടെ പഞ്ചായത്തിലില്ല.

പട്ടികജാതി വർഗ്ഗത്തിൽപെട്ടവർ ബഹു ഭൂരിഭാഗവും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഭൂപരിഷ്കരണം വഴി ലഭിച്ച തുണ്ടുഭൂമികളിലും മറ്റും ഒതുങ്ങിക്കഴിയുകയാണ്. പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതിക്കാരുടെ മൂന്നു കോളനികളാണ് പഞ്ചായത്തിലുള്ളത്. 4-ാം വാർഡിലെ ഇന്ദിരാ ആവാസ് കോളനിയാണ് അംഗീകൃതമായിട്ടുള്ളത്. അവിടെ 15 കുടുംബങ്ങൾ താമസിക്കുന്നു. മറ്റു രണ്ടു കോളനികൾ യഥാക്രമം 10 ഉം 11 ഉം വാർഡുകളിലെ കരിമ്പാലൻ കോളനിയിലും കട്ടച്ചേരി കോളനിയിലുമാണ്. നിർദ്ദിഷ്ട എണ്ണം കുടുംബങ്ങൾ ഈ കോളനികളിൽ ഇല്ലാത്തതുകൊണ്ടാണ് ഇതു റജിസ്റ്റർ ചെയ്യാൻ കഴിയാത്തത്. അതുകൊണ്ട്തന്നെ പല ആനുകൂല്യങ്ങൾക്കും ഇവർ അർഹരാവുന്നില്ല. ഇതിന്നു പ്രതിവിധി കണ്ടെത്തേണ്ടതുണ്ട്.

മേൽപറഞ്ഞ കോളനികളിൽ നിരവധി പ്രശ്നങ്ങൾ ഉണ്ട്. കോളനിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ജലം, റോഡ്, വൈദ്യുതി എന്നിവ ഇന്ദിരാ ആവാസ് കോളനിയൊഴിച്ചു മറ്റു കോളനികളിൽ ലഭ്യമല്ല. കക്കൂസുകളുടെ അഭാവമാണ് കോളനികളിലെ മറ്റൊരു പ്രശ്നം.

സാമൂഹ്യപദവിയിൽ ഈ ജനവിഭാഗങ്ങൾ ഇതരജനവിഭാഗങ്ങളോടൊപ്പം എത്തി എന്നു അവകാശപ്പെടാറായിട്ടില്ല. പഠിച്ചവർക്ക് ലഭിക്കുന്നത്ര, സാമൂഹ്യപദവിമറ്റുള്ളവർക്കു ലഭിക്കുന്നില്ല. എന്നാൽ ആരാധന പൊതു ജനസേവനതുറകൾ, വിവാഹം, മറ്റു സാമൂഹ്യചടങ്ങുകൾ എന്നിവയിൽ യാതൊരു വിധ വിവേചനവും പഞ്ചായത്തിൽ നിലനിൽക്കുന്നില്ല. രാഷ്ട്രീയരംഗത്തും യുവജനരംഗത്തും ധാരാളം പ്രവർത്തകർ ഈ വിഭാഗങ്ങളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം ഇവരുടെ ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തീട്ടുണ്ട്.

പാർപ്പിട പ്രശ്നമാണ് ഇന്നിവരെ നേരിടുന്ന മുഖ്യപ്രശ്നം. മുമ്പത്തെ ചെറിയ കുടിലുകളിൽ നിന്നും കുതറിമാറാൻ ശ്രമിക്കുന്നവരാണ് യുവതലമുറ; വിവിധ ഏജൻസികൾ മുഖാന്തരം നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ് നമ്മുടെ ഭൂപ്രകൃതിക്കും ജീവിത രീതിക്കും അനുയോജ്യമായ ഭവനങ്ങൾക്കാണ് ഭവന നിർമ്മാണത്തിൽ മുൻഗണന നൽകേണ്ടത്. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം ആയിത്തരയിൽ നിർമ്മിച്ച വീടുകൾ ഏറെ വിമർശന വിധേയമായിട്ടുണ്ട്.

വിവിധ ഡിപ്പാർട്ടുമെന്റ് ഏജൻസികൾ വഴി പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു അനുവദിക്കുന്ന ആനുകൂല്യങ്ങൾ അതെ അളവിലും തോതിലും ലഭ്യമാകുന്നുണ്ടോ എന്നും ലഭിച്ച ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നുണ്ടോ എന്നും മോണിറ്റിംങ്ങിന് വിധേയമാക്കേണ്ടതുണ്ട്. ഗവർമെണ്ടു നൽകുന്ന ആനുകൂല്യങ്ങളുടെയും സൂക്ഷ്മാംശങ്ങൾ, താഴെതട്ടിൽ എത്തിച്ചേരുന്നില്ല. ഗുണകരമായ പലപദ്ധതികളുടെയും ഗുണം ലഭിക്കാതെ പോകുന്നുണ്ട്. വിപുലമായ ബോധവൽക്കരണം അതാതവസരങ്ങളിൽ ഉണ്ടാവേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ :

1. വിദ്യാഭ്യാസ പുരോഗതി തൃപ്തികരമല്ല.
2. വിദ്യാലയങ്ങളിൽ കൊഴിഞ്ഞുപോക്ക് തുടരുന്നു.

3. പരമ്പരാഗത തൊഴിലിൽ താല്പര്യമുള്ള വർക്ക് അതിന്നുവേണ്ട വിഭവങ്ങളും മാർക്കറ്റിംഗ് സൗകര്യവും ലഭിക്കുണം. മദ്ധ്യവർത്തികളുടെ ചൂഷണത്തിന്നു ഇവർ വിധേയരാവുന്നു.

4. എസ്. എസ്സ്. എൽ. സിക്കു ശേഷം അധികം പേരും തുടർന്നു പഠിക്കുന്നില്ല.

5. അനുഷ്ഠാന കലകളിൽ പ്രാവീണ്യമുള്ള കലാകാരന്മാരുടെ ജീവിത സാഹചര്യങ്ങൾ തൃപ്തികരമാം വിധം മെച്ചപ്പെട്ടതല്ല.

6. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.

7. കോളനികളിലെ ആരോഗ്യ സംരക്ഷണ പ്രവർത്തനം തൃപ്തികരമല്ല.

8. വീടില്ലാത്ത കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം അപര്യാപ്തമാണ്.

9. വീടു പുനരുദ്ധരിക്കുന്നതിന്നുവേണ്ട ധനസഹായം ലഭിക്കുന്നില്ല.

10. എല്ലാ പട്ടിക ജാതി കോളനികളും റജിസ്റ്റർ ചെയ്തിട്ടില്ല. അതുകൊണ്ട് തന്നെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.

11. ഗവർമെണ്ടു അനുവദിക്കുന്ന ആനുകൂല്യങ്ങൾ അതേ അളവിലും യഥാവസരവും ലഭിക്കുന്നില്ല.

12. ക്ഷേമ പ്രവർത്തനത്തെ കുറിച്ചു അവരുടെ ഇടയിൽ ബോധവൽക്കരണം നടക്കുന്നില്ല.

## സാധ്യതകൾ :

1. പട്ടികജാതി പട്ടിക വർഗത്തിൽപ്പെടുന്ന കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തണം.

2. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾ ശ്രദ്ധിക്കുന്ന സാഹചര്യം ഉണ്ടാവണം. മിനിമം നിലവാരം പുലർത്താത്ത കുട്ടികളുടെ മേൽ പ്രത്യേക ശ്രദ്ധവേണം.

3. കുടുംബപരവും സാമൂഹ്യവും ആയ കാരണങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനെ തടസ്സപ്പെടുത്തുന്നില്ല എന്ന ഉറപ്പ് വരുത്തണം.

4. പരമ്പരാഗത വ്യവസായങ്ങളിൽ താല്പര്യമുള്ളവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

5. അനുഷ്ഠാന കലകളിൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക. അനുഷ്ഠാന കലാപഠനത്തിന്നു സൗകര്യമേർപ്പെടുത്തി ഈ കലാമൂല്യത്തെ സംരക്ഷിക്കുക.

6. കോളനികളിൽ, കുടിവെള്ളം, വൈദ്യുതി റോഡ് എന്നി അടിസ്ഥാന സൗകര്യങ്ങൾ ആരോഗ്യസംരക്ഷണം എന്നിവ ഉറപ്പുവരുത്തുക.

7. പട്ടികജാതി വികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക. നിലവിൽ സ്ഥലവും വീടും ഇല്ലാത്തവരെ സഹായിക്കുക.

8. വീടു നിർമ്മാണത്തിന്നും വീടു പുതുക്കിപ്പണിയുന്നതിന്നുമുള്ള ധനസഹായത്തുക കാലോചിതമായി വർദ്ധിപ്പിക്കുക. നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുക. ദാർദ്ര്യരേഖക്കു താഴെ കിടക്കുന്ന കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിൽ മുൻഗണന നൽകുക.

9. പട്ടികജാതി സഹകരണ സംഘങ്ങൾ രൂപീകരിക്കുക. പെൺക്കുട്ടികൾ തൊഴിൽ പരിശീലനം നൽകുക.

10. ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം.

11. മുഴുവൻ പട്ടികജാതികോളനികളും റജിസ്റ്റർ ചെയ്യാൻ കഴിയുമാറു ചട്ടങ്ങളിൽ, വേണ്ട മാറ്റങ്ങൾ വരുത്തുക.

# ഗ്രാമസഭാപരിഷത്ത്

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് മുമ്പുള്ളതിനേക്കാൾ കൂടുതൽ അധികാരങ്ങളും ചുമതലകളും നൽകപ്പെടുകയാണ്. പഞ്ചായത്തുകൾ പ്രാദേശിക ഗവണ്മെന്റായി പ്രവർത്തിക്കണം എന്നു തന്നെയാണ് 73ാം ഭരണഘടനാ ഭേദഗതിയിലൂടെ നിർദ്ദേശിക്കപ്പെടുന്നത്. ശക്തമായ ഒരു സാമ്പത്തിക അടിത്തറയിൽ നിന്ന് കൊണ്ടു മാത്രമേ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെക്കാൻ കഴിയൂ. ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ തുകയുടെ 30ശതമാനം പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് നീക്കിവെക്കപ്പെടും എന്നാണ് ഗവണ്മെന്റും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡും പ്രസ്താവിച്ചിട്ടുള്ളത്. ഈ തുക കാർഷിക വ്യവസായ രംഗത്ത് ഇന്നനുഭവപ്പെടുന്ന മുരടിപ്പ് പരിഹരിക്കാനാവണം ഉപയോഗിക്കേണ്ടത്. വ്യത്യസ്തമായ മറ്റു മേഖലകൾക്കും വർദ്ധിച്ചുവരുന്ന മറ്റ് ആവശ്യങ്ങൾക്കും കൂടുതൽ തുക കണ്ടെത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ ജനകീയാസൂത്രണത്തോടനുബന്ധിച്ച് ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങളുടെ ആശയാഭിലാഷങ്ങൾ ഒരു പരിധി വരെയെങ്കിലും തൃപ്തിപ്പെടുത്താൻ പഞ്ചായത്തുകൾക്ക് കഴിയൂ. അത്തരം ആവശ്യങ്ങളേയും പ്രശ്നങ്ങളേയും നേരിടാൻ നാം സ്വയം തയ്യാറാവേണ്ടിയിരിക്കുന്നു.

1995-96 ലെ പഞ്ചായത്തിന്റെ വരുമാനം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വരവിനം | ധനാഭ്യർത്ഥന | | പിരിച്ചത് | |
|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 217188 | 95 | 217188 | 95 |
| 2 | ലൈബ്രറി സൈസ് | 10719 | 95 | 10719 | 95 |
| 3 | തൊഴിൽ നികുതി | 179135 | 00 | 173855 | 00 |
| 4 | ലൈസൻസ് ഫീസ് | 8152 | 50 | 8152 | 50 |
| 5 | വസ്തുകൈമാറ്റ നികുതി | 206069 | 00 | 206069 | 00 |
| 6 | സർക്കാർ ഗ്രാന്റും മറ്റും | | | | |
| | ഒഴികെയുള്ള മറ്റു വരവുകൾ | 31379 | 00 | 31379 | 00 |
| 7 | ഡെപ്പോസിറ്റ് | 41555 | 15 | 41555 | 15 |
| | | **694199** | **55** | **688919** | **55** |

മേൽ കൊടുത്ത പട്ടികയിൽ നിന്നു പഞ്ചായത്തിന്റെ പ്രധാന വരുമാന ഇനം കെട്ടിടനികുതിയാണെന്ന് മനസ്സിലാക്കാം. പഞ്ചായത്തിൽ ഇന്ന് 7314 കെട്ടിടങ്ങളാണുള്ളത്. അതിൽ ഭവനങ്ങൾ 4739 ആണ്. ബാക്കിയുള്ള 2575 കെട്ടിടങ്ങളിൽ, കടകൾ, വ്യവസായ സ്ഥാപനങ്ങൾ, പമ്പുഹൗസുകൾ, മുതലായവയാണ്. കെട്ടിടങ്ങളുടെ നികുതി ഇപ്പോൾ നിശ്ചയിക്കുന്നത് ശാസ്ത്രീയമായ രീതിയിലല്ല. മുമ്പെങ്ങോ നിശ്ചയിച്ചിരുന്ന കെട്ടിടനികുതിയുടെ ഒരു നിശ്ചിത ശതമാനമാണ് കാലാകാലങ്ങളിൽ വർദ്ധിപ്പിക്കാറ്. പുതിയ കെട്ടിടങ്ങൾക്കു നികുതി ചുമത്തുമ്പോൾ ആഡംബരവും വില കൂടുതലുമുള്ള കെട്ടിട സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കിയാൽ ഇന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. അതു പോലെ പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിതാലും നിലവിലുള്ള കെട്ടിടനികുതിക്കു മാറ്റം വരുത്താവുന്നതാണ്. ഇത് കെട്ടിടനിർമ്മാണത്തിന് ധൂർത്ത് ഒഴിവാക്കാൻ സഹായിക്കും. പ്രത്യുൽപാദനപരമായ മേഖലകളിലേക്ക് ഈ പണം തിരിച്ചുവിടാനാകും. തൊഴിൽനികുതിയാണ് പഞ്ചായത്തിന്റെ മറ്റൊരു പ്രധാന ധനാഗമമാർഗ്ഗം. ഇപ്പോൾ മാസശമ്പളക്കാരിൽ നിന്നാണ് പ്രധാനമായും തൊഴിൽ നികുതി ഈടാക്കുന്നത്. കച്ചവടക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നത് തുച്ഛമാണ്.

നമ്മുടെ പഞ്ചായത്തിൽ എല്ലാ മേഖലകളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് ന്യായവും യുക്തവുമാണ്. ഒരു ക്ലാസ് ഫോർ ജീവനക്കാരനേക്കാൾ മാസവരുമാനം കാർഷിക തൊഴിലാളിക്കും കെട്ടിട നിർമ്മാണ തൊഴിലാളിക്കും ലഭിക്കുന്നുണ്ട്. മുഴുലൻ ദിവസവും ജോലിലഭ്യമല്ല എന്ന വസ്തുത കണക്കാലെടുത്തുകൊണ്ടുതെന്നയാവണം ഈ വിഭാഗത്തിന്നു തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്.

കൂടാതെ പഞ്ചായത്തിൽ ഹോൾട്ട്ചെയ്യുന്ന വാഹനങ്ങളുടെ ഉടമകളിൽ നിന്നും കാർഷികോൽപന്നങ്ങൾ ക്രയവിക്രയം ചെയ്യുന്നവരിൽ നിന്നും ചെങ്കല്ല്, കരിങ്കല്ല് മുതലായവ ഘനനം നടത്തുന്നവരിൽനിന്നും ക്രയവിക്രയം ചെയ്യുന്നവരിൽനിന്നും ചെങ്കല്ല്, കരിങ്കല്ല് മുതലായവ ഘനനം നടത്തുന്നവരിൽ നിന്നും നികുതി ഇടാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## പഞ്ചായത്തിലെ പ്രധാന ചെലവിനങ്ങൾ

| | | |
|---|---|---|
| 1 | ഭരണം | 400617 .00 |
| 2 | പൊതുമരാമത്ത് | 244471 .00 |
| 3 | വിദ്യാഭ്യാസം | 13205 .00 |
| 4 | തെരുവു വിളക്കുകൾ | 22 440 .00 |
| 5 | മറ്റുള്ളവ | 578179 80 |
| | **ആകെ** | **1258913 80** |

പഞ്ചായത്തിന്റെ വരുമാനത്തിൽ വലിയ ഒരു ഭാഗം തുക ഉപയോഗിക്കുന്നത് പൊതുമരാമത്ത് പണികൾക്കാണ്. ഇതിൽ പല ജോലികളും കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നടത്തി വരുന്നത്. അതു കൊണ്ടുതന്നെ പദ്ധതിച്ചെലവിന്റെ നല്ലൊരു ശതമാനം സ്വാഭാവീകമായും ഇടത്തട്ടുകാരുടെ ഇടയിലേക്ക് പോകുന്നു. ഭാവിയിൽ ഇത്തരം പൊതുമരാമത്തു പണികൾ ജനകീയ സമിതികളെ എൽപിച്ചാൽ ഒരു പരിധിവരെ ചോർച്ച ഒഴിവാക്കാനാവും.

അതാതു പ്രദേശത്തെ പഞ്ചായത്തുറോഡുകളുടെ സംരക്ഷണചുമതല അതാതിടത്തെ, റോഡു

കൾ സാധാരണ ഉപയോഗപ്പെടുത്തുന്നവർക്ക് എൽപ്പിച്ചു കൊടുക്കാവുന്നതാണ്. മഴക്കാലം തുടങ്ങുന്നതിനുമുമ്പെ റോഡുകളുടെ ഓടകൾ നന്നാക്കുന്നതും, മഴക്കാലത്ത് റോഡിലൂടെ വെള്ളം ഒഴുകാതെ ഓടയിലേക്ക് തിരിച്ചു വിടാനും റോഡിലെ മണ്ണൊലിപ്പ് തടയാനും ഈ സംവിധാനം ഉപയോഗപ്പെടുത്താൻ കഴിയും. ജനകീയാസൂത്രണത്തിൽകൂടി വളർന്നുവരേണ്ട വികസന സംസ്കാരത്തിന് ഇത് നല്ലൊരു മാതൃകയാവും.

ഉൽപാദനപരമായ മേഖലയിലേക്ക് പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട് വളരേണ്ടിയിരിക്കുന്നു. വിവിധ ധനകാര്യസ്ഥാപനങ്ങളുടെ സഹകരണത്തോടെ ഷോപ്പിങ്ങ് കോപ്ലക്സ് നിർമ്മാണം, നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലില്ലാത്ത മാർക്കറ്റിന് തുടക്കം കുറിക്കും.

വിനോദ നികുതിയിൽ നിന്നു യാതൊരു വരുമാനവും നമ്മുടെ പഞ്ചായത്തിനില്ല. ഒരു സിനിമാ ടാക്കീസ് പോലും പഞ്ചായത്തിലില്ല. സ്വകാര്യ സംരംഭകരെ കണ്ടെത്തിയോ, സഹകരണാടിസ്ഥാനത്തിലോ ഇത്തരം സ്ഥാപനങ്ങൾ നിർമ്മിക്കാൻ കഴിയും. സാമൂഹ്യ ആവശ്യങ്ങൾക്കുവേണ്ടി മനുഷ്യാധ്വാനം സംഭാവന നടത്തുന്നത് നമ്മുടെ നാട്ടിൽ സാധാരണ കണ്ടുവരാറുണ്ട്. സാക്ഷരതാപ്രവർത്തനം ഇതിനൊരു നല്ല ഉദാഹരണമാണ്. ജനകീയ ആസൂത്രണ പ്രക്രിയയിലും മനുഷ്യാധ്വാനം വിഭവമാക്കിമാറ്റാൻ കഴിയും.

### പ്രശ്നങ്ങൾ

1. വീട്ടു നികുതി പിരിവ് സമ്പ്രദായം ശാസ്ത്രീയമല്ല.

2. തൊഴിൽ നികുതിയിൽ എല്ലാ വിഭാഗം ജീവനക്കാരും ഉൽപ്പെടുത്തീട്ടില്ല.

3. പദ്ധതി ചെലവിന്റെ നല്ലൊരുഭാഗം ഇടത്തട്ടുകാരാട്ടെ കൈകളിലേയ്ക്ക് എത്തിച്ചേരുന്നു.

4. ജനകീയ സമിതികളുടെ സന്നദ്ധ സേവനം ഉപയോഗപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നില്ല.

5. മനുഷ്യാധ്വാനം സന്നദ്ധ പ്രവർത്തനത്തിന്നു തിരിച്ചുവിടാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നില്ല.

### സാധ്യതകൾ

1. കെട്ടിടനികുതി പിരിവ് ശാസ്ത്രീയമായി പരിഷ്കരിക്കുക. ആഡംബരമുള്ള കെട്ടിടങ്ങൾക്ക് പ്രത്യേകം നികുതി ഏർപ്പെടുത്തുക.

2. തൊഴിൽ നികുതിയിൽ എല്ലാവിഭാഗം ജീവനക്കാരും ഉൾപ്പെടുത്തീട്ടില്ല.

3. ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിച്ച് മാർക്കറ്റിംഗ് സമ്പ്രദായം സൃഷ്ടിക്കുക.

4. ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ ഉപയോഗിച്ചു പ്രത്യുല്പാദന പരമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ പഞ്ചായത്ത് നേതൃത്വം നൽകുക.

5. മനുഷ്യാധ്വാനം സന്നദ്ധ പ്രവർത്തനത്തിന്നു തിരിച്ചുവിടുവാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നില്ല.

5. കോൺട്രാക്ട് സമ്പ്രദായം അവസാനിപ്പിച്ചു പദ്ധതിച്ചിലവിന്റെ ചേർച്ചു തടയും. മരാമത്ത് പദ്ധതികൾ ജനകീയ സമിതികളിലൂടെ നിർവ്വഹിക്കുക.

6. പഞ്ചായത്തിൽ ഒരു സിനിമാശാല ഉണ്ടാക്കാൻ ശ്രമം നടത്തുക.

7. മനുഷ്യാധ്വാനം സാമൂഹികാവശ്യങ്ങൾക്ക് വിഭവമാക്കി മാറ്റാൻ ബോധവൽക്കരണം നടത്തുക.

8. പഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ സർക്കാർ ഭൂമിയും അളന്നു തിട്ടപ്പെടുത്തി കൈവശമില്ലാത്തവ കൈവശപ്പെടുത്തി കൃഷിഭൂമിയായി ഉപയോഗിക്കുക. അങ്ങിനെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

# വികസന രേഖ തെയ്യാറാക്കിയ
## കോർഗ്രൂപ്പ്

**ബാലൻ ടി.** ചെയർമാൻ
**ഗോവിന്ദൻ കെ.** കൺവീനർ

### കൃഷി - ജലസേചനം
ദിവാകരൻ പി. സി.
ദിനേശൻ എ.
ബാലൻ നമ്പ്യാർ പി.
രജനി സി. കെ.
രവീന്ദ്രൻ ആർ.

### വ്യവസായം
ശ്രീല എ. എൻ.
ലക്ഷ്മണൻ
ഭാസ്കരൻ നമ്പ്യാർ എ.
ഉത്തമൻ എൻ.
രജിത്ത്കുമാർ
ഗംഗാധരൻ മാസ്റ്റർ സി.

### മൃഗസംരക്ഷണം, മത്സ്യബന്ധനം
ഗോവിന്ദൻ കെ.
അനന്തൻ കെ.
രവീന്ദ്രൻ ടി.
ആനന്ദ് എൻ.
പ്രസന്നകുമാരി പി. വി.
ശ്രീധരൻ എൻ.

### ഗതാഗതം ഊർജ്ജം
വേലായുധൻ മാസ്റ്റർ വി
ഷീബ
രമേശൻ ഇ. എ.
പത്മനാഭൻ കെ.
കൃഷ്ണൻ എം.
പ്രേമലത എൻ. പി.

### വിദ്യാഭ്യാസം
ശ്രീധരൻ മാസ്റ്റർ എം.
മാധവൻ മാസ്റ്റർ പി.
ശ്രീമതി വി.
ഗംഗാധരൻ പി. സി
കമല സി. കെ.

### ഭവനനിർമ്മാണം ക്ഷേമപ്രവർത്തനങ്ങൾ
പ്രവീൺകുമാർ കെ. ടി.
ബാബു ആർ.
ബാലൻ ടി.
ഗോവിന്ദൻ വി. പി.
അബൂട്ടി കെ. പി.

### ആരോഗ്യം കുടിവെള്ളം
രാമചന്ദ്രൻ നായർ പി.
രമേശൻ കെ.
ശശിധരൻ ജി.
പ്രകാശൻ കെ.
ബാലൻ എ. ടി.

### സംസ്കാരം
നാണുമാസ്റ്റർ പി.
രാജേഷ് എൻ.
ഉണ്ണികൃഷ്ണൻ കെ. സി.
നന്ദകുമാർ പി. കെ.
ശാരദ സി.

# വികസന രേഖ തെയ്യാറാക്കിയ
## കോർഗ്രൂപ്പ്

**വനിത**

ശാന്തമ്മ കെ.
പുഷ്പ യു.
അജിത സി.
വത്സല
റീത വിശ്വനാഥ്
സുവർണ്ണനി എം. വി

**സഹകരണ മേഖല**

രഘുനാഥ് ടി.
വിനോദൻ കെ.
പ്രഭാകരൻ എ. കെ.
രമേശൻ വി.
മോഹനൻ പി.
സുധീർ കുമാർ എം. കെ.

**പട്ടിക ജാതി പട്ടിക വർഗ്ഗം**

ഗോപി മാസ്റ്റർ എൻ.
വിനോദ് സി.
വിനീഷ് കുമാർ വി.
ബാബു വി.
മൊയ്തു കോമത്ത്

**വിഭവസമാഹരണം**

ബാലൻ ടി.
സുധീർ കുമാർ എം. കെ.
ഗംഗാധരൻ മാസ്റ്റർ സി.
നാരായണൻ

**ചരിത്രം**

ആർ. സതീഷ്ബാബു

**1996 നവമ്പർ 21ന്നു ചേർന്ന മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി പഞ്ചായത്ത് വികസന റിപ്പോർട്ടിന്റെ കരട്രേഖ ചർച്ച ചെയ്തു അംഗീകരിച്ചു.**

Type setting and Layout : Divine D T P
Printed at Divine Offset Printers, Kannur-1., Phone : 503058

# അനുബന്ധം
## ഗ്രാമസഭാ റിപ്പോർട്ടിന്റെ സംക്ഷിപ്തം

### കൃഷി, ജലസേചനം.

1. ആമ്പിലാട്ട് നീർപ്പാലം മുതൽ പടുവിലായി കാവു വരെയുള്ള അയ്യപ്പൻ തോടിന്റെ ഇരുപുറത്തുമുള്ള നെൽപാടങ്ങളിലെ ഒന്നാം വിള, വെള്ളകെട്ടുമൂലം നശിക്കുന്നു. ഇതിനു പരിഹാരമായി തോടു വീതികൂട്ടി ഇരു വശങ്ങളിലും കരിങ്കല്ലുകൊണ്ടു കെട്ടി (ബാക്കിയുള്ള ഭാഗം) ജലനിർഗമനം സുഗമമാക്കുക.

2. അയ്യപ്പൻ തോടിനു ഇടവിട്ടു തടയണ നിർമ്മിച്ചു ജലസംരക്ഷണം നടത്തുക.

3. അയ്യപ്പൻ തോടിലും, കുറുമ്പക്കൽ തോട്ടിലും, കൈതേരിതോട്ടിലും ഉള്ള വി.സി.ബി.യുടെ അറ്റകുറ്റ പണികൾ തീർത്തും ഷട്ടറിട്ടു വെള്ളം സംരക്ഷിക്കുക. വി.സി.ബി യുടെ സംരക്ഷണ ചുമതല പ്രാദേശിക ജ നകീയ സമിതികളെ ഏല്പിക്കുക.

4. ശങ്കരനെല്ലൂർ വയലിന്റെയും കോയിലോട് വയലിന്റെയും മദ്ധ്യത്തിലൂടെ ചെറിയ തോട് നിർമ്മിച്ച് ജലനിർഗമന സൗകര്യം വർദ്ധിപ്പിക്കുക.

5. കുന്നത്ത് താഴെതോട് അയ്യപ്പൻ തോടുവരെ വീതി കൂട്ടി സൈഡ് കെട്ടി മഴക്കാലത്തെ വെള്ളകെട്ട് ഒഴിവാക്കുക.

6. ആമ്പിലാട്ട് നെയ്ച്ചേരിക്കണ്ടിയുടെ മുൻവശത്തുകൂടി ഒഴുകുന്ന തോട് ആമ്പിലാട്ട് നീർപ്പാലംവരെ മണ്ണു മാറ്റി വീതികൂട്ടി നന്നാക്കുക.

7. ആമ്പിലാട്ട് അകവഡക്ട് മുതൽഅയ്യപ്പൻ തോടു പാലം വരെ വയലിൽ നടുനാട്ടി ആണി (ചെറിയ ഡ്രെയിൻ) കൊടുത്താൽ രണ്ടാം വിള നെൽകൃഷിക്ക് വെള്ളം ലഭ്യമാകും.

8. ആമ്പിലാട്ട് അകവഡിന്റെ താഴെയുള്ള തോട്ടിന്റെ സൈഡ് കരിങ്കല്ലു കൊണ്ട് കെട്ടി ഇവിടെ അനുഭവ പ്പെടുന്ന നീർക്കെട്ടു ഒഴിവാക്കുക.

9. അയ്യാൾപ്പിലെ നീർപ്പാലത്തിന്റെ (supper passage) ന്റെ ചോർച്ച തടഞ്ഞു സൂപ്പർ പേസേജിന്റെ താ ഴെയുള്ള വയലുകൾക്ക് വെള്ളം ലഭ്യമാക്കുക. നിലവിലുള്ള തോട് വീതികൂട്ടുക.

10. ആമ്പിലാട്ട് പഴശ്ശി കനാലിൽ (നീർപ്പാലത്തിനടുത്ത്) ഉറവ് വെള്ളം തോട്ടിലേക്ക് ഒഴുകിപ്പോവുന്നത് തടയുക. മഴക്കാലത്തു കനാലിലെ വെള്ളം നീർപ്പാലത്തിനടുത്ത് സർപ്പസ് എസ്കെയ്പിൽ കൂടി (Suplus Escape) തോട്ടിലേക്കു ഒഴുകുന്നത് നീർക്കെട്ടു പാടങ്ങളിൽ വർദ്ധിക്കാൻ ഇടയാക്കുന്നു. ഇത് തടയുക.

11. വേനൽ കാലത്ത് വറ്റാത്ത താഴെപറയുന്ന കുളങ്ങൾ ചളിയെടുത്ത് വൃത്തിയാക്കി ജലസേചന യോ ഗ്യമാക്കുക. ഇത് മൂലം രണ്ടാം വിളക്ക് വെള്ളം കൊടുക്കാനും രണ്ടാം വിളയെടുപ്പ് ശേഷം പച്ചക്കറിക്കു ജ ലസേചനം നടത്താനും സാധിക്കും.

11. ശങ്കരനെല്ലൂർ അമ്പലകുളം, ശങ്കരനെല്ലൂർ വടക്കേടത്തു കുളം, കോയിലോട് കിഴക്കേടത്ത കുളം, പഴയേടത്ത കുളം, മാങ്ങാട്ടിടത്തെ പാട്ടക്ക വലിയ കുളം, ചാത്തൻ കുളം, കുഞ്ഞല്ലൂർ കുളം, മേലേടത്തു കുളം, കല്ലോറത്തെ കുളം, രയരോത്ത് കുളം, എട്ടാം വാർഡിലെ മുക്കണ്ണി പ്രദേശത്തെ നീലിയത്ത് പാർവ്വതി ആർ. കെ. മുകുന്ദൻ ബാലൻ ഇവരുടെ കുളങ്ങൾ, കാരക്കുളം, നിട്ടൂർ കണ്ടിപറമ്പിലെ കുളം.

12. കൈതച്ചാലിൽ നിർമ്മിച്ച പുതിയ വി.സി.ബി. അടുത്തുള്ള കോൺഗ്രീറ്റ് നീർച്ചാലിന്റെ പ്രവൃത്തി പൂർത്തിയാക്കുക.

13. പഞ്ചായത്തിലെ എല്ലാ വാർഡുകളിലെ ഗ്രാമസഭയിൽ നിന്നും പഞ്ചായത്തിലെ എല്ലാ വാർഡുക ളിലും ശാസ്ത്രീയമണ്ണ് പരിശോധന നടത്താനുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട് ശാസ്ത്രീയമായ കൃഷിക്ക് ഇത് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. അതനുസരിച്ചുള്ള വളപ്രയോഗം നടത്തിയാൽ ഉൽപാദനക്ഷമത വർദ്ധിക്കും ഇതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

14. നെൽകൃഷിക്കാവശ്യമായ അത്യുൽപാദന ശേഷിയുള്ള നല്ലയിനം വിത്തുകൾ, വളം, കീടനാശിനി കൾ എന്നിവ യാഥാസമയം ലഭ്യമാക്കാൻ കൃഷിഭവൻ മുൻകൈയ്യെടുക്കണം. കീടനാശിനികൾ തളിക്കുവാൻ സ്പ്രെയർ (കുറ്റി പമ്പും റോക്കർ സ്പ്രെയറും) സബ്സിഡി നൽകി കൃഷിക്കാർക്കു ലഭ്യമാക്കുക.

15. കൃഷി വകുപ്പ് കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ എല്ലാ വാർഡു കളിലേയും കർഷകർ യഥാവസരം അറിയുന്നില്ല. അത്കൊണ്ടുതന്നെ അർഹതപ്പെട്ട പല ആനുകൂല്യങ്ങളും ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. കൃഷിഭവനും കർഷകനും തമ്മിലുള്ള ബന്ധം കുറവാണ്. കൃഷിഭവ നിൽ കൂടി കൃഷിവകപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ കൃഷിക്കാരിൽ എത്തിക്കാൻ കൃഷിഭവ നിലെ ഉദ്യോഗസ്ഥൻമാർ ശ്രദ്ധിക്കണം. എല്ലാ വാർഡിലും കൃഷിഭവന്റെ അറിയിപ്പ് നോട്ടീസുകൾ എത്തി ക്കാനും അവ നിശ്ചിത സ്ഥലത്തു പതിക്കാനും സംവിധാനം ഉണ്ടാകണം.

16. കൃഷിഭവന്റെ ശോചനീയാവസ്ഥ പരിഗണിച്ചു സൗകര്യമുള്ളിടത്ത് ഒരു പുതിയ കെട്ടിടം പണിയണം.

17. താഴെ പറയുന്ന പാടങ്ങളിലെ തോടുകൾ വീതികൂട്ടി നന്നാക്കി വെള്ളക്കെട്ടിൽ നിന്ന് കൃഷി സംര ക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം.

i) കിരാച്ചി നടുപ്പാലം മുതൽ മലയന്റെ താഴെ വരെയുള്ള നാടുവാണി.

ii) കിരാച്ചി വയലിലെ നടുതോട്

iii) വട്ടിപ്രം താഴെ വയലിലെ നടുതോട്.

iv) കണ്ടേരി വയലിൽ കൂടി പോകുന്ന തോട്. (ഇതിൽ 5സ്ഥലങ്ങളിൽ തടയണ നിർമ്മിക്കണം.)

v) വട്ടിപ്രം കണ്ണിപ്പൊയിൽ താഴെ വയലിൽ നടുതോട്.

18. കൈതേരിത്തോടിന്റെ ഇരുവശവും കരിങ്കൽ കൊണ്ട് കെട്ടുക. നികന്നു പോയ സ്ഥലങ്ങളിലെ മണ്ണ് നീക്കം ചെയ്ത് ആഴംകൂട്ടുക.

19. കൈതേരി പാറത്തോട്ടിൽ തടയണ നിർമ്മിക്കണം.

20. കൈതേരി ഇടത്തിനടുത്തുള്ള പഞ്ചായത്തു കുളത്തിൽ മോട്ടോർ വച്ചു ജലസേചനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

21. വട്ടിപ്രം പാടശേഖര സമിതി നിർമ്മിച്ച കുളത്തിൽനിന്നും വെള്ളം പമ്പു ചെയ്യാൻ വൈദ്യുതി ലഭ്യമാക്കണം. എന്നാൽ ഇവിടങ്ങളിൽ മൂന്നാം വിളക്ക് സാധ്യതയുണ്ട്. കുളത്തിലെ വെള്ളം വയലേലയിലേത്തിക്കാൻ നടുവിലൂടെ ചെറുതോട് നിർമ്മിക്കണം.

22. വണ്ണാത്തിക്കടവിൽ നിന്നും വെള്ളം പമ്പുചെയ്തു മൂന്നാം വിളക്കു സൗകര്യമുണ്ടാക്കണം.

23. നെൽകൃഷി ആദായകരമല്ലാത്തതിനാൽ വാഴയും മരച്ചീനിയും പാടശേഖരങ്ങളിൽ കൃഷി ചെയ്തു വരുന്ന പ്രവണത വർദ്ധിച്ചു വരുന്നു. ഇവിടങ്ങളിൽ പിന്നീട് നാണ്യ വുളകൾ കൃഷിചെയ്യുന്നു. ഈ സമ്പ്രദായം കർശനമായും നിയന്ത്രിക്കണം.

24. പത്താം വാർഡുമുതൽ അഞ്ചാം വാർഡുവരെയുള്ള പുഴയോരങ്ങളിൽ തെങ്ങ്, വാഴ, കവുങ്ങ് എന്നിവക്ക് പുഴയിൽനിന്ന് പമ്പിംഗ് നടത്തിയാണ് ജലസേചനം നടത്തുന്നത്. ഇവിടുത്തെ കൃഷിക്കാർക്ക് ഇന്ധന ലഭ്യത ഉറപ്പുവരുന്ന പദ്ധതികൾ ഉണ്ടാക്കാണം. 300ൽ പരം മണ്ണെണ്ണ മോട്ടോറുകൾക്ക് ആവശ്യമായത്ര മണ്ണെണ്ണ പർമിറ്റ് ലഭിക്കുന്നില്ല.

25. വാഴ കൃഷി വികസനത്തിന് സബ്സിഡി അനുവദിക്കണം.

26. ജൈവവള നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. ജൈവവളത്തേകുറിച്ച് കൃഷിക്കാരിൽ ബോധവൽക്കരണം.

27. ചാത്തൻ കുളം ആഴം വർദ്ധിപ്പിച്ച് നടുത്തൊട്ടിലേക്ക് വെള്ളം പമ്പ് ചെയ്യാൻ സൗകര്യം ഏർപ്പെടുത്തുക. നടുത്തൊട്ടിന്റെ മറി (ബണ്ട്) വീതികൂട്ടി നടപ്പാതമായി പ്രയോജനപ്പെടുത്തുക.

28. പഴശ്ശി കനാലിൽ വെള്ളം തുറന്ന് വിട്ട് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

29. പഴശ്ശി കനാലിന്റെ ഇരുവശങ്ങളിലുമുള്ള ഒഴിഞ്ഞ സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ഒരു ഗ്രീൻ ബൽട്ട് സ്ഥാപിക്കുക.

30. താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിതായി കുളങ്ങളും കിണറുകളും കുഴിച്ച് നെൽകൃഷിക്കും പച്ചക്കറി കൃഷിക്കും ജലസേചന സൗകര്യം ഉണ്ടാക്കുക. 1. രാമപുരത്തെ സുഗ്രീവൻ കുളത്തിനടുത്ത് ഒരു കുളം 2. ഏഴാം വാർഡിൽ കഴകപ്പുരക്കു താഴെ ഒരു കുളം 3. അതേ വാർഡിലെ പുല്ലാച്ചിയിൽ ഒരു കുളം 4. കൈതേരി 11ാാംമൈയിൽ 5. കൈതേരി രാമപുരം റോഡിനടുത്ത് ഒരു കിണർ 6. കാവും മൂലയിൽ ഒരുകുളം

31. അഞ്ചരക്കണ്ടി പുഴയോരങ്ങളിൽ മുളകൾ വച്ച് പിടിപ്പിച്ചാൽ പുഴയോരത്തെ മണ്ണിടിച്ചിൽ ഒഴിവാക്കാം. തൊഴിൽ സാധ്യതയുമുണ്ട്.

32. മണ്ണൊലിപ്പ് തടയാൻ പദ്ധതികൾ ആവശ്യമുണ്ട്

33. പഞ്ചായത്തിന്റെ അധീനതയിലുള്ള "പുഴപുറമ്പോക്ക്" സ്ഥലം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കാർഷിക, കാർഷികത്തൊഴിലാളികൾക്ക് കൃഷി ചെയ്യുവാൻ പാട്ടത്തിന് നൽകണം.

34. 7,8,9 വാർഡുകളിൽ കൈത കൃഷിക്ക് സാധ്യതയുണ്ട്.

35. കാർഷിക മേഖലയിൽ യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽധാന പദ്ധതിയിൽ ഇനിയും അംഗങ്ങളായി ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് അവസരം ലഭിക്കുമാറ് ഉത്തരവ് പുറപ്പെടുവിക്കണം.

36. തെങ്ങ് കൃഷിക്ക് ജലസേചനം നടത്താൻ കിണർ കുഴിക്കാനും പമ്പ് സെറ്റ് വാങ്ങാനും സബ്സീഡി

അനുവദിക്കണം. പഞ്ചായത്തിൽ ഒരു വാർഡിൽ 50 പേർക്കെങ്കിലും ഇത് ലഭിക്കുമാറാകണം.

37. രോഗംവന്ന് നശിച്ചുപോകുന്ന തെങ്ങുകൾക്ക് പ്രകൃതി ക്ഷോഭം വന്നാൽ കൊടുക്കുന്നത് പോലുള്ള ധന സഹായം നൽകണം.

38. തെങ്ങിൻ തോപ്പിൽ ഇടവിളയായി പടുവാഴ കൃഷിചെയ്യുവാൻ നല്ലയിനം കന്നുകൾ ലഭ്യമാക്കണം.

39. മഴക്കാലത്തും നല്ലഇനം കൊപ്ര നിർമ്മിക്കാൻ കൊപ്ര ഡയർ കൃഷിക്കാർക്ക് ലഭ്യമാക്കണം.

40. കേരവികസന സമിതിയിൽ താൽപര്യമുള്ള കേര കർഷകർക്കും അംഗത്വം നൽകണം.

41. രണ്ടാം വിളവെടുപ്പിനു ശേഷം പഞ്ചായത്തിലെ മുഴുവൻ പാടശേഖരങ്ങളിലും പച്ചക്കറി കൃഷി, പയറുകൃഷി എന്നിവക്ക് നല്ല സാധ്യതയുണ്ട്. ഇതിനാവശ്യമായ വിത്ത്, വളം, കീടനാശിനികൾ എന്നിവ യഥാ സമയം ലഭ്യമാക്കി സംഘടിതമായ രീതിയിൽ പച്ചക്കറികൃഷി പദ്ധതി നടപ്പിലാക്കണം. ഇതിനു വേണ്ട ജലസേ ചനം സൗകര്യങ്ങൾ കണ്ടെത്തണം.

42. ഒന്നാം വിളവെടുപ്പിനു ശേഷം കോയിലോട് കപ്പറ്റ താഴവയൽ, അയ്യപ്പൻ തോട് പാലത്തിന്റെ ഇരു വശത്തുമുള്ള വയൽ, വെള്ളാനപ്പൊയിൽ വയലിലന്റെ മേൽ ഭാഗം കൈതേയിടത്തേവയൽ, കൈതേരി പതി നൊന്നാം മൈയിലിന് സമീപത്തെ വയൽ എന്നിവിടങ്ങളിൽ വൻ സാധ്യതയുണ്ട്.

43. 4,6,10 എന്നീ വാർഡുകളിൽ കശുമാവ് കൃഷിക്ക് സാധ്യതയുണ്ട്. അത്യുൽപാദനശേഷിയുള്ള പുതി യതരം ഒട്ടുതൈകൾ കർഷകർക്ക് ലഭ്യമാക്കണം.

44. പഞ്ചായത്തിൽ നഴ്സറി സ്ഥാപിക്കണം.

45. ജൈവവളവും ജൈവകീടനാശിനികളും മാത്രമുപയോഗിച്ചുള്ള പച്ചക്കറി പ്രദർശന തോട്ടമുണ്ടാ ക്കണം.

46. 9ാം വാർഡിൽ ഔഷധ കൃഷിക്ക് സാധ്യതയുണ്ട്.

47. 9ാം വാർഡിൽ കൂൺ കൃഷി നടത്താൻ തെയ്യാറുണ്ട്. ആവശ്യമായ വിത്തും ലഭ്യമാക്കണം.

48. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കാര്യക്ഷമമാക്കുക.

**മൃഗസംരക്ഷണം മത്സ്യബന്ധനം**

1. പഞ്ചായത്തിലെ 9 വാർഡുകളിലെ ഗ്രാമ സഭകളിൽ നിന്നും ക്ഷീര സംഘങ്ങൾ സഹകരണാടിസ്ഥാ നത്തിൽ സ്ഥാപിക്കണം. എന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതികൃതരുമായി ബന്ധപ്പെട്ട അനുമതി ലഭിക്കാൻ നടപടി കൾ സ്വീകരിക്കണം.

2. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കാൻ തയ്യാറുള്ള ധാരാളം പേർ വിവിധ വാർഡുകളിലുണ്ട്. അത് തുടങ്ങാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും ഗവൺമെന്റിൽനിന്നും നൽകുന്ന സബ്സിഡിയും അവർക്കു ലഭ്യമാ കാൻ നടപടികൾ സ്വീകരിക്കണം.

3. തെങ്ങിൻ തടത്തിൽ ഇടവിളയായി പുല്ലുകൃഷി നടത്താൻ വിത്തും വളവും ലഭ്യമാക്കണം.

4. പുതുതായി 15 ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുവാൻ തയ്യാറുള്ള തൊഴിൽ രഹിത രുണ്ട്. തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ വേണ്ട സാങ്കേതിക നിർദ്ദേശ ങ്ങൾ നൽകണം, ധനസഹായം ലഭ്യമാക്കണം.

5. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ആടുകൾ, കോഴികൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ ഉണ്ടാകണം.

6. ഒരു കുടുംബത്തിന് 5 മുട്ടക്കോഴികൾ വീതം നൽകുന്ന ഓരോ പദ്ധതി തുടങ്ങുക.

7. ഏഴാം വാർഡിൽ ഒരു കോഴി ഫാം തുടങ്ങാനുള്ള നിർദ്ദേശം ഉണ്ട്.

8. പശുക്കളെ വാങ്ങിക്കാൻ പലിശ രഹിത വായ്പ അനുവദിക്കുക.

9. പഞ്ചായത്തിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുക. വിവിധ വാർഡുകളിൽ ICD സെന്ററുകൾ സ്ഥാപിക്കുക.

## വ്യവസായം

1. ഒന്നാം വാർഡിൽ 15 വർഷം മുമ്പ് ഐ.വി.നാരായണൻ മാസ്റ്റർ സർവ്വോദയ സംഘത്തിന് കൈമാറിയ സ്ഥലത്ത് ഇതേ വരെ ഒരു പ്രവർത്തനവും നടന്നിട്ടില്ല. പ്രസ്തുത സംഥലത്ത് ഖാദി ബോർഡിന്റെ കീഴിൽ ആധുനിക വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

2. ഒന്നാം വാർഡിൽ ഹോളോബ്രിക്സ് ഫാക്ടറി സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

3. DWCRA യൂണിറ്റിന്റെ കീഴിൽ ഒന്നാം വാർഡിൽ ഒരു കറി പൗഡർ യൂണിറ്റ് ആരംഭിക്കുക.

4. ബി. മധു എന്ന യുവാവ് പവർലൂം സ്ഥാപിക്കാൻ കെട്ടിടം പൂർത്തിയാക്കിയെങ്കിലും ത്രീഫെയ്സ് ലൈൻ നീട്ടാത്തതിനാൽ മില്ലിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതി ലൈൻ കമ്പനി പ്രദേശത്തെത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

5. ഒരു ഫ്ളവർ മില്ല് സ്ഥാപിക്കാൻ സ്വകാര്യ വ്യക്തി മുന്നോട്ടുവന്നിട്ടുണ്ട്.

6. ചിരട്ട ഉപയോഗിച്ച് ചിരട്ടപ്പൊടി നിർമ്മിക്കുന്ന യൂണിറ്റ് തുടങ്ങാൻ സാധ്യതയുണ്ട്.

7. രണ്ടാം വാർഡിൽ പഞ്ചായത്ത് തലത്തിൽ ഒരു മിനി വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

8. തെങ്ങുകൃഷിക്കാരിൽനിന്ന് തേങ്ങ ശേഖരിച്ച് ഉണക്കി കൊപ്രയായി വെളിച്ചെണ്ണയും മറ്റു ആനുബന്ധ ഉൽപന്നങ്ങളും നിർമ്മിക്കുന്ന ഒരു വ്യവസായ ശൃംഖല സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കണം എന്ന നിർദ്ദശം പല ഗ്രാമ സഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്.

9. ഗാർമെന്റ് വ്യവസായ ശൃംഖല (തുന്നൽ പരിശീലനം മുതൽ വിപണനം വരെയുള്ള യൂണിറ്റുകൾ ) സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക. (ഈ നിർദ്ദേശം മിക്ക ഗ്രമ സഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്)

10 സ്വകാര്യ മേഖലയിൽ വാഷിംഗ് സോപ്പ് നിർമ്മിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചവർ ഉണ്ട്. ഇവർക്കാവശ്യമായ ബാങ്ക് ലോണുകളും ലൈസൻസുകളും ലഭ്യമാക്കണം.

11. ബീഡി വ്യവസായത്തിൽ വരാൻ പോകുന്ന മാന്ദ്യംമൂലം തൊഴിൽ നഷ്ടപ്പെടുന്ന സ്ത്രീ തൊഴിലാളികൾക്കു വേണ്ടി പഞ്ചായത്തിൽ സുലഭമായ കായ, കിഴങ്ങ്, മുതലായവ കൊണ്ട് ചിപ്സ് കറിപ്പൊടി മുതലായ യൂണിറ്റുകൾ സംഘടിപ്പിക്കണം.

12. സഹകരണാടിസ്ഥാനത്തിൽ കരിങ്കൽ ജല്ലി യൂണിറ്റ് സ്ഥാപിക്കുക ഈ നിർദ്ദേശം 3,4,5,6,10 എന്നീ വാർഡുകളിലെ ഗ്രാമ സഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്.

13. നാലാം വാർഡിൽ ഒരു കുമ്മായ ചൂള ആവശ്യമുണ്ട്.

14. അഞ്ചാം വാർഡിൽ ഒരു പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കുക.

15. അഞ്ചാം വാർഡിൽ 10 യന്ത്രത്തറിയെങ്കിലുമുള്ള ഒരു ഫാക്ടറി

16. ആറാം വാർഡിൽ നാളികേരത്തിന്റെ വെള്ളവും കശുമാങ്ങ ഉപയോഗിച്ച് കൊണ്ടുള്ള പാനീയമു ണ്ടാക്കുന്ന ഒരു യൂണിറ്റ്

17. നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ്

18. ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിംഗ് യൂണിറ്റ്.

19. പ്ലാസ്റ്റിക്ക് വയർ ഉപയോഗിച്ചുള്ള ഫർണിച്ചർ വ്യവസായം

20. ഏഴാം വാർഡിലെ പുലയർ മട്ട എന്ന സ്ഥലത്തു ഒരു മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.

21. ഫർണിച്ചറും കെട്ടിട നിർമ്മാണത്തിനാവശ്യമായ കട്ടില, ജനൽ, കതക് മുതലായ നിർമ്മിക്കുന്ന ഒരു ഫർണ്ണിച്ചർ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

22. എട്ടാം വാർഡിൽ ഉണ്ടായിരുന്ന ഡീലക്സ് ആയിഷ എന്നീ ബനിയൻ കമ്പനികൾ സഹകരണാടി സ്ഥാനത്തിൽ പുന സംഘടിപ്പിക്കാനുള്ള സാധ്യത

23. എട്ടാം വാർഡിലെ പരമ്പരാഗത കൈ തൊഴിൽക്കാർക്ക വട്ടി, കൊട്ട എന്നിവ നിർമ്മിക്കാനുള്ള സൗ കര്യം ലഭ്യമാക്കുക.

24. എട്ടാം വാർഡിൽ അച്ചാർ നിർമ്മാണ യൂണിറ്റിന് സാധ്യതയുണ്ട്.

25. സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ കേന്ദ്രം സ്ഥാപിക്കുക. ഈ നിർദ്ദേശം പല വാർഡു ഗ്രാമ സഭകളിൽനിന്നും ഉയർന്നിട്ടുണ്ട്. ചിപ്സ്, കറിപ്പൗഡർ, അച്ചാർ, മെഴുകുതിരി മുതലായവ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കാൻ പല വാർഡുകളിലും സാധ്യതയുള്ളതായും സൂചനയുണ്ട്.

26. ചകിരി നാര്, വാഴ നാര്, ചിരട്ട ഇവ കൊണ്ടുള്ള കൗതുക വസ്തു നിർമ്മാണ യൂണിറ്റുകൾ തുട ങ്ങാൻ 7,11 വാർഡുകളിൽനിന്നും നിർദ്ദേശം ഉണ്ട്.

## ഗതാഗതം

I) പഞ്ചായതത്തിലെ താഴെ പറയുന്ന റോഡുകൾ ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കണമെന്ന് ആവശ്യം ഗ്രാമ ലഭകളിൽനിന്ന് ഉയർന്നു വന്നിരിക്കുന്നു.

1. ശങ്കരനെല്ലൂർ ലക്ഷം വീട് കോളനി റോഡിന്റെ ബാക്കിവരുന്ന ഭാഗം

2. പാലേന്റെ കീഴിൽ പടുവിലാക്കാവ് റോഡിൽ ബാക്കിയുള്ള ഭാഗം

3. ജനതാ ഓയിൽമില്ലുമുതൽ ആമ്പിലാട്ട് സൗത്ത് L. P. സ്കൂൾ വരെയുള്ള റോഡ്

4. മൂന്നാം പീടിക, കരിയിൽ വട്ടിപ്രം കൂളിക്കടവ് വരെയുള്ള റോഡ് ബാക്കിയുള്ള ഭാഗം.

5. മൂന്നാം പീടിക – മാണിക്കോത്ത് വയൽ റോഡ്,

6. നീർവ്വേലി ആയിത്തറ റോഡിന്റെ ബാക്കിഭാഗം

7. നിർമ്മലഗിരി പോസ്റ്റ് ഓഫീസിന് അടുത്തുകൂടെ കുറുമ്പക്കൽ ഭാഗത്ത് പോകുന്ന റോഡിന്റെ നിർമ്മല ഭവൻ കഴിഞ്ഞ് ബാക്കിയുള്ള ഭാഗം

II) ഗ്രാമ സഭയിൽ റീടാറിംഗിന് ആവശ്യപ്പെട്ട റോഡുകൾ

1. കൈതേരി അരണാട്ടേരി കണ്ടംകുന്ന് റോഡ്

2. ആയിത്തറ വട്ടപ്പാറ റോഡ് 3. അയ്യപ്പൻ തോട് വട്ടിപ്രം റോഡ്

4. പഞ്ചായത്ത് ഓഫീസ് ആമ്പിലാട്ട് റോഡ്

III) പുതുതായി നിർമ്മിക്കാനുള്ളതോ വീതികൂട്ടുവാനുള്ളതോ ആയ റോഡുകൾ

**വാർഡ് 1**

1. കോയിലോട് നവോദയ വായനശാലക്ക് മുന്നിലൂടെ പോകുന്ന റോഡ് കോയിലോട്ട് റോഡുമായി ബന്ധപ്പെടുത്തുക (വയൽ നികത്തികൊണ്ട്)

2. കൈതച്ചാൽ ഇല്ലം ഭാഗത്തുള്ള റോഡ് മുട്യാറ അകവഡേറ്റ് റോഡും ബന്ധിപ്പിക്കുക.

3. രചന വായനശാലയ്ക്ക് മുമ്പിലുള്ള വയൽ ഭാഗത്തുള്ള റോഡിന്റെ ഇരു വശവും വീതികൂട്ടി ഉയർത്തി ക്കെട്ടി ടാർ ചെയ്യുക.

4. ശങ്കരനെല്ലൂർ പി.വി.എസ് റോഡിന്റെ ശങ്കരനെല്ലൂർ വയൽഭാഗത്ത് സൈഡ് കെട്ടി ഉയർത്തുക.

**വാർഡ് 2**

5. കിണറ്റിൻറവിടെ നിന്ന് ശങ്കരനെല്ലൂർക്കുള്ള റോഡ് നിർമ്മാണം പൂർത്തിയാക്കുക.

6. മാങ്ങാട്ടിടം യു.പി. സ്കൂളിന്റെ വടക്ക് ഭാഗത്തുള്ള റോഡ് വയലിന്റെ പടിഞ്ഞാറ് വശമുള്ള റോഡു മായി ബന്ധിക്കുക. (വയൽ നികത്തിക്കൊണ്ട്)

7. പോതിയാൽ കാവു റോഡും മേൽ പറഞ്ഞ റോഡും ബന്ധിപ്പിക്കുക. (വയൽ നികത്തിക്കൊണ്ട്)

**വാർഡ് 3**

8. ചെറുവളത്ത് ഭാസ്കരന്റെ വീടിനു സമീപത്തുകൂടി പോകുന്ന റോഡ് കനാൽ റോഡുമായി ബന്ധിപ്പി ക്കുക.

9. ആമ്പിലാട്ട് മുതൽ കോട്ടക്കുന്നു വരെയുള്ള റോഡ് വീതികൂട്ടി വികസിപ്പിക്കുക.

10. ചാലപ്പുറം നാണുവിന്റെ വീടുമുതൽ ഒരു പുതിയ റോഡ്. ഗോവിന്ദന്റെ വീട്ടിന്റെ മുൻഭാഗത്തുള്ള റോഡുമായി ബന്ധിപ്പിക്കുക.

11. ആമ്പിലാട്ട് എൽ.പി. സ്കൂളിനു സമീപത്തുകൂടി പോകുന്ന റോഡ് ദേശബന്ധു റോഡുമായി ബന്ധി പ്പിക്കുക. (വയലിൽകൂടി)

**വാർഡ് 4.**

12. കൈതച്ചാലിനെ കോയിലോട് റോഡുമായി ബന്ധിപ്പിക്കുക.

വാർഡ് 5

13. വട്ടിപ്രം കൂളിക്കടവ് റോഡു വീതികൂട്ടി ടാർചെയ്യണം.

14. പുളിന്റെ കീഴിൽ റോഡ് സ്രാമ്പി റോഡിനോടു ബന്ധിപ്പിക്കുക.

15. വട്ടിപ്രം വെള്ളാന പ്പൊയിൽ റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

16. കിരാച്ചി കനാൽ മുതൽ പ്രാഥമിക ആരോഗ്യ കേന്ദ്രം വരെ പുതിയ റോഡ് നിർമ്മിക്കുക.

17. വേങ്ങാടുനിന്ന് കനാൽകര അംഗൻ വാടിയിലേക്കു പുതിയ റോഡ് നിർമ്മിക്കുകക.

വാർഡ് 6

18. കെ.ടി. മുക്കുറോഡ് വട്ടിപ്രം കള്ളുഷാപ്പുവരെ വീതികൂട്ടി ബന്ധിക്കുക.

19. കണ്ണിപ്പൊയിൽനിന്നും കണ്ടേരി റോഡുമായി ബന്ധിപ്പിക്കുന്ന പതിയ റോഡ് നിർമ്മിക്കുക. (വയലിൽ കൂടി)

വാർഡ് 7

20. മൂന്നാം പീടിക കൈതേരി റോഡ് വീതികൂട്ടി ടാർചെയ്യുക.

21. മൂന്നാം പീടിക അറങ്ങാട്ടേരി റോഡ് നിർമ്മിക്കുക.

22. രാമപുരത്തുനിന്നും കോളേജിനടുത്തുകൂടി പോകുന്ന റോഡ് സബ്സ്റ്റേഷൻ വരെ നീട്ടുക.

23. കണ്ടേരി വയലിൽ കൂടി പോകുന്ന റോഡിൽനിന്ന് അരുക്കാവ് ഭാഗത്തേക്ക് പുതിയ റോഡ് നിർമ്മിക്കുക.

വാർഡ് 8

24. ആർങ്ങാട്ടേരി റോഡ് പുത്തൻപുര തോടുവഴി മമ്പറം വായനശാക്ക് പോകുന്ന റോഡുമായി ബന്ധിപ്പിക്കുക.

25. കണ്ടേരി റോഡ് മെരുവമ്പായി ഹെൽത്ത് സെന്റർ റോഡും ബന്ധിപ്പിച്ച് ടാർ ചെയ്യുക.

വാർഡ് 9.

26. നീർവ്വേലി അമ്പലം റോഡ് മമ്പറം റോഡുവരെ വിപുലീകരിക്കുക.

27. തട്ടുപറമ്പ് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് കാഞ്ഞിലേരി റോഡുമായി ബന്ധിപ്പിക്കുക. 28. പൂക്കോട്ട് റോഡ് വീതി കൂട്ടുക.

29. പാലാട്ട് കുന്നിലേക്കുള്ള ഇടുങ്ങിയ വഴി വീതികൂട്ടി ഗതാഗതം യോഗ്യമാക്കുക.

വാർഡ് 10

30. ആയിത്തറ മമ്പറം ഹൈസ്കൂൾ കമ്പിപ്പാലം റോഡും പാലവും നിർമ്മിക്കുക.

31. ആയിത്തറ കലിക്കോട്ട് റോഡ് നിർമ്മിക്കണം. ആയിത്തര നടപ്പാത റോഡ് പാലമാക്കുക.

വാർഡ് 11

32. കൈതേരി ഇടം ആയിത്തര മമ്പറം റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക. 33. കൈതേരി ഇടത്തിൽ നിന്നും 110ം മൈലിലേക്ക് പുതിയ റോഡു നിർമ്മിക്കണം. 34. കൈതേരിപ്പാലത്തിൽനിന്നും ആയിത്തര

മമ്പറം ഹൈസ്കൂളിലേക്ക് പുതിയോരു റോഡ് ഉണ്ടാക്കുക.

35. 11ാംമൈൽ നിന്നും വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിലേക്ക് ഒരു റോഡ് നിർമ്മിക്കുക.

36. കൈതേരി നിന്നും റബ്ബർ എസ്റ്റേറ്റിലേക്ക് റോഡ് നിർമ്മിക്കുക.

**വാർഡ് 12**

37. വലിയടത്തു കുന്നിൽ നിന്നും തലശ്ശേരി മാനന്തവാടി റോഡിലേക്ക് ഒരു പുതിയ റോഡ്

38. കപ്പണ മുതൽ ആറങ്ങാട്ടേരിയുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ്

39. ഇതിനു പുറമെ നിലവിലുള്ള പല പഞ്ചായത്ത് റോഡും ഗതാഗത യോഗ്യമല്ല. ശരിയായ വിധം രണ്ടു ഭാഗങ്ങളും ഡ്രെയിൻ (ഓട) ഇല്ല. പുതിയ നടപ്പാതകൾ, സ്ലേബുകൾ എന്നിവ വേണമെന്ന് ഗ്രാമ സഭകൾ നിർദ്ദേശിച്ചിട്ടുണ്ട്. അഞ്ചരക്കണ്ടി പുഴക്ക് കുറുകെ പാലവും ഫൂട്ട് ബ്രിഡ്ജും വേണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പലസ്ഥലങ്ങളിലും റോഡിൽ ബമ്പ് വേണമെന്നും സിഗ്നൽ ബോർഡ് സ്ഥാപിക്കണമെന്നും നിർദ്ദേശമുണ്ട്.

40. ഇതിനു പുറമെ രണ്ട് പഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടുക്കേണ്ട ചില റോഡുകളെ കുറിച്ചും പഞ്ചായത്തും മുൻസിപ്പാലിറ്റിയെകുറിച്ചും സംയുക്തമായി ഏറ്റെടുത്ത് നടത്തേണ്ട ചില വർക്കുകളെ സംബന്ധിച്ചും ഗ്രമസഭകളിൽനിന്നു നിർദ്ദേശം ഉണ്ട്.

41. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ ബസ്സ് ഷെൽട്ടർ നിർമ്മിക്കണം.

**ഊർജ്ജം**

1. കൊയിലോട്ട് ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കൈതച്ചിൽ വയലിലെ 110 (അയ്യപ്പൻ റോഡിന് സമീപം) സ് ലൈനുമായി ബന്ധിപ്പിച്ച് കൊയിലോട്ട് ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2. ദേശബന്ധു വായനശാലക്ക് സമീപമുള്ള ട്രാൻസ്ഫോർമർ അടിയന്തിരമായി ചാർജ്ജ് ചെയ്യുക.

3. ആമ്പിലാട്ട് ഗ്രാമ ദീപം വായനശാലയ്ക്ക് സമീപം ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

4. വട്ടിപ്രം ബസാറിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

5. കണ്ണാടിപ്പൊയിൽ വട്ടിപ്രം ലൈൻ ത്രീഫെയ്സ് ലൈനാക്കിമാറ്റുക.

6. ഇറിഗേഷൻ ആവശ്യത്തിന് വൈദ്യുതി നൽകുന്നതിന് മുൻഗണന വേണം.

7. കാറ്റാടി യന്ത്രം ഉപയോഗിച്ച് തട്ടുപറമ്പിൽ വൈദ്യുതി ഉൽപാദിപ്പിക്കാനാകും.

8. അറങ്ങട്ടേരിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

9. പഞ്ചായത്തിലെ എല്ലാവാർഡുകളിൽ നിന്നും പുതുതായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനും വെപ്പർ ലാമ്പ് സ്ഥാപിക്കനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക നില വെച്ച് ഈ കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

10. വാർഡിലെ പല സ്ഥലങ്ങളിലേക്കും വൈദ്യുത ലൈൻ ഇനിയും എത്തിയിട്ടില്ല. ആ ഭാഗങ്ങളിലേക്ക് വൈദ്യുത ലൈൻ വലിക്കാനുള്ള നിർദ്ദേശങ്ങൾ ഗ്രാമ സഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. അതുപോലെ കണക്ഷൻ ലഭിക്കാനുള്ള കാലതാമസത്തെ കുറിച്ചും പരാമർശമുണ്ട്.

11. പ്രസരണ നഷ്ടം ഒഴിവാക്കാൻ വൈദ്യുത ലൈനിൽതട്ടിനിൽക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റണമെന്നും കേടായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

12. വാർഡുകളിൽ ദക്ഷത കൂടിയ പൂകയില്ലാത്ത അടിപ്പുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്.

13. ബയോഗ്യാസ് പ്ലാന്റിന്നു സാധ്യതയുള്ള ചില വാർഡുകളിൽ

**വിദ്യാഭ്യാസം**

**വാർഡ് 1**

1. ഒന്നാം വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലില്ല. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിച്ചു തരണം.

2. വാർഡിൽ രണ്ടു അംഗൻവാടികളുണ്ട്. ഭൗതിക സാഹചര്യം തൃപ്തികരമല്ല. രചന വായനശാലയിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്കു കെട്ടിടമില്ല.

3. ഒരു കരിയർ ഗൈഡൻസു സെന്റർ സ്ഥാപിക്കണം.

4. വായനശാലകൾക്ക് ടിവി സെറ്റും, അനുകാലിക പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൽനിന്ന് സഹായമായ് ലഭിക്കണം.

5. ഗുരുകുലം വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനം വാർഡിൽ തീരെ നടക്കുന്നില്ല.

6. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾ പഞ്ചായത്ത് തലത്തിൽ സഹായം നൽകണം.

**വാർഡ് 2**

7. സുകൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കുക.

8. ദേശബന്ധു വായനശാലക്കു സമീപം ഒരംഗൻ വാടി സ്ഥാപിക്കുക.

9. മാങ്ങാട്ടം യു.പി. സ്കൂൾ ഹൈസകൂളായി ഉയർത്തുക

10. സ്കൂളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

11. പ്രൈമറിതലം മുതൽ കായിക പരിശീലനത്തിനു മുൻതൂക്കം നൽകുക.

12. ഗുരുകുലം പദ്ധതി കൂടുതൽ പ്രവർത്തനക്ഷമമാക്കുക.

13. സഹകരണാടിസ്ഥാനത്തിൽ പാരലൽ കോളേജും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും സ്ഥാപിക്കുക.

**വാർഡ് 3**

14. ആമ്പിലാട്ട് സൗത്ത് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ചെയ്യപ്പെടുത്തുക.

15. വാർഡിൽ ഒരംഗൻവാടിയുണ്ട്. മൊടോൻ പ്പൊയ്യിലിൽ ഒരു അംഗൻ വാടികൂടി സ്ഥാപിക്കണം. ഭൗതീക സാഹചര്യം മെച്ചപ്പെടുത്തണം

16. വാർഡിൽ നിലവിൽ ഒരു വായനശാല ഉണ്ട് ഗ്രാമദീപം വായനശാല ഇത് ഗ്രന്ഥാലയമാക്കി

ഉയർത്തണം. ടിവി സെറ്റ് സ്ഥാപിക്കണം. ഈക്കിലിശ്ശേരി അപ്പുക്കുട്ടിയുടെ പീടികക്ക് സമീപം പഞ്ചായത്ത് വക ഭൂമിയിൽ പുതിയ ഒരു വായനശാല ആരംഭിക്കണം

17. വാർഡിലെ L.P. സ്കൂൾ U.P സ്കൂൾ ആയി ഉയർത്തണം. മൊടോൻ പൊയിലിൽ ഒരു L.P സ്കൂൾ സ്ഥാപിക്കണം.

18. ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റ്യൂട്ട്യൂട്ട് സ്ഥാപിക്കണം.

**വാർഡ് 4**

19. കുറുംബക്കൽ L.P. സ്കൂൾ അപ്പ് ഗ്രെയ്ഡ് ചെയ്യണം. ഒരു പ്രീ- പ്രൈമറി സ്കൂളിനോടനുബന്ധിച്ച് കിരാച്ചിയിലും തുടങ്ങണം

20. നാലാം വാർഡിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കണം. വാർഡിൽ ഒരു കംപ്യൂട്ടർ ട്രെയിനിംഗ് സെന്റർ ആരംഭിക്കണം.

21. മഹാത്മാഗാന്ധി വായനശാലയുടെ പണി ഉടനെ പൂർത്തിയാക്കണം. ഇതൊരു റഫറൻസ് വായനശാലയാക്കി ഉയർത്തണം. ടിവി സ്ഥാപിക്കണം.

22. നവകേരളാ വായനശാല ഗ്രന്ഥാലയമാക്കണം.

23. വാർഡിൽ ഒരംഗൻവാടിയാണ് ഉള്ളത്. ഭൗതികസാഹചര്യം ഉണ്ടാക്കണം. ചുറ്റുമതിൽ സ്ഥാപിക്കണം.

**വാർഡ് 5**

24. വട്ടിപ്രം യു.പി. സ്കൂൾ അഫ് ഗ്രേയ്ഡ് ചെയ്യുകയോ, വാർഡിൽ ഒരു ഗവ ഹൈസ്കൂൾ സ്ഥാപിക്കുകയോ വേണം.

25. വട്ടിപ്രം സ്കൂളിനു സമീപം ഒരു മലയാളം മീഡിയം നഴ്സറി സ്കൂൾ / അംഗൻവാടി സ്ഥാപിക്കണം.

**വാർഡ് 6.**

26. വാർഡിൽ സ്കൂൾ ഇല്ല. മാണിക്കോത്ത് വയലിൽ ഒരു സ്കൂൾ വേണം

27. കരിയൻ കേന്ദ്രീകരിച്ച് ഒരംഗൻവാടിസ്ഥാപിക്കണം./ നഴ്സറി

28. ഒരു ടൈപ്പ് റൈറ്റിംഗ് സ്കൂളും ഒരു പേരലൽ കേളേജും ഉണ്ടാക്കണം

29. 3 വായനശാലകൾ വാർഡിലുണ്ട്. അതിലേതെങ്കിലും ഒന്ന് ഗ്രന്ഥാലയമാക്കി ഉയർത്തണം.

**വാർഡ് 7.**

30. വാർഡിൽ രാമപുരം അംഗൻവാടി മാത്രമെ ഉള്ളൂ. ഭൗതീക സാഹചര്യം തന്നെ കുറവ്. സ്വന്തം കെട്ടിടമില്ല. കണ്ടേരി ഭാഗത്ത് ഒരു അംഗൻവാടി വേണം.

31. രണ്ട് L.P. സ്കൂളിന്റെയും ഭൗതീക സാഹചര്യം മെച്ചപ്പെടുത്തണം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം.

32. മന്ദബുദ്ധികളായകുട്ടികൾക്ക് പഠന സൗകര്യങ്ങൾക്കു ആധാരമാക്കി സാമ്പത്തിക സഹായം ലഭ്യമാക്കുക.

വാർഡ് 8

33. മെരുവസായി ഹെൽത്ത് സെന്ററിന് സമീപം ഒര് അംഗൻവാടി വേണം.

34. കണ്ടം കുന്ന് അംഗൻവാടിയിൽ കളിക്കോപ്പുകളില്ല

35. ഒരു തയ്യൽ പരിശീലന കേന്ദ്രം ആവശ്യമുണ്ട്.

36. നിലവുലുള്ള വായനശാല ഗ്രന്ഥാലയമാക്കി ഉയർത്തണം. കണ്ടംകുന്ന് ഭാഗത്ത് ഒരു പൊതു വായനശാലയും ഗ്രന്ഥാലയവും സ്ഥാപിക്കണം.

37. മെരുവമ്പായി ഹൈസ്കൂൾ സ്ഥാപിക്കണം.

വാർഡ് 9

38. അൺ എക്കനോമിക്ക് ആയ നീർവേലി സ്കൂളിനെ നിലനിർത്തുന്നതിന് കുട്ടികളുടെ പഠനനിലവാരവും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തണം.

39. യു.പു. തലം വരെ എല്ലാ വിദ്യാർത്ഥികൾക്കും ഉച്ക്കഞ്ഞി നൽകണം

40. നീർവേലിയിൽ ഒരു പൊതു വായനശാല (സാംസ്കാരിക നിലയം) അളകാപുരിയിൽ വേണം

41. സഹകരണ മേഖലയിൽ പാരലൽ കോളേജും പെൺകുട്ടിക്കു മാത്രമായി ഹൈസ്കൂളുവേണം.

42. നിലവിലുള്ള അർച്ചന കൾച്ചർ സെന്ററിന്നു ഇംഗ്ലീഷ് അടക്കമുള്ള പത്രമാസികകൾ അനുവദിക്കണം. ടിവി സെറ്റ് വേണം.

43. നിർദ്ധരരായ കുട്ടികൾക്കു യൂനിഫോറം, പുസ്തകം, പഠനോപകരണങ്ങൾ എന്നിവ അനുവദിക്കണം.

44. നിർവേലി അംഗൻവാടികളുടെ അറ്റകുറ്റപണികൾ നടത്തുക. നിർവ്വേലി പള്ളിക്കു സമീപം. ചോതരയിലും പുതിയ അംഗൻവാടി അനുവദിക്കണം.

വാർഡ് 10

45. മമ്പറം ഹൈസ്കൂളുമായി ബന്ധപ്പെടുത്തി പ്രി-പ്രൈമറി സ്കൂൾ സ്ഥാപിക്കുക.

46. 20 ക്ലാസ്സ് മുറികളുള്ള പുതിയകെട്ടിടം പണിയുക, ചുറ്റുമതിലു നിർമ്മിക്കുക.

47. മമ്പറം ഹൈസ്കൂൾ വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുക.

48. വാർഡിൽ കണ്ടു റൂറൽ ലൈബ്രറി സ്ഥാപിക്കുക.

49. സ്പോർട്സ് വികസനത്തിനു മിനി സ്റ്റേഡിയം

50. ആയിത്തര അംഗൻ വാടിക്ക സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

51. ആയിത്തരയിലും മമ്പറത്തും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

52. വിദ്യാലയങ്ങളിൽ കളരിയോഗ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

വാർഡ് 11

53. കൈതേരി യുവജന വായനശാല, ഗ്രന്ഥാലയമായി ഉയർത്തുക. ഗ്രന്ഥശാലസംഘത്തിൽ റജിസ്റ്റർ

ചെയ്യുക. കൈതേരി ഇടത്തിൽ പുതിയൊരു വായനശാല സ്ഥാപിക്കുക.

54. സാംസ്കാരിക നിലയത്തെ ഗ്രന്ഥാലയമാക്കി ഉയർത്തുക.

55. കൈതേരി എൽ.പി. സ്കൂളിനോടനുബന്ധിച്ച് ഒരു നഴ്സറി സ്കൂൾ

56. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

57. സമ്പൂർണ്ണ മദ്യനിരോധനം.

**വാർഡ് 12.**

58. നിലവിലുള്ള അംഗൻവാടിക്കു സ്വന്തമായി കെട്ടിടമില്ല. കപ്പണ ഭാഗത്ത് ഒരു പുതിയ അംഗൻവാടി തുടങ്ങണം.

59. വാർഡിൽ സാംസ്കാരിക നിലയം ഇല്ല.

60. പഞ്ചായത്തിലെ സ്കൂളുകളുടെ പഠനനിലവാരം തൃപിതികരമല്ലെന്നു ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പല വിദ്യാലയങ്ങളിലും മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സൗകര്യം, ലൈബ്രറി, കളിസ്ഥലം ഇവയുടെ അഭാവമുണ്ട്. ഗുരുകുലം പദ്ധതി പ്രകാരം പഠന നിലവാരം ഉയർത്താനുള്ള ജനകീയശ്രമങ്ങൾ നല്ല നിലയിൽ നടക്കുന്നില്ല.

61. തുടർ സാക്ഷരതാ പ്രവർത്തനം വേണമെന്നു പല വാർഡുകളിൽനിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

62. അംഗൻവാടികളിലെ ഭൗതിക സാഹചര്യ പരിതാപകരമാണെന്നും ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കളിക്കോപ്പില്ല, കക്കൂസ്, മൂത്രപ്പുര എന്നിവയില്ല. കളിസ്ഥലമില്ല. പരാതികൾ മറ്റേറെയുണ്ട്.

**സംസ്കാരം**

**വാർഡ് 1**

1. ഇപ്പോൾ പഞ്ചായത്ത് തലത്തിൽ നടക്കുന്ന കാലാകായിക മത്സരങ്ങൾ വാർഡു തലത്തിൽ നടത്തണം.

2. തോഴിൽ രഹിതർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന പ്രസിദ്ധീകരണങ്ങൾ പഞ്ചായത്ത് വക സാംസ്കാരിക നിലയങ്ങൾക്ക് നൽകണം.

**വാർഡ് 3**

3. കളിസ്ഥലം അനുവദിക്കുക., വായനശാലകളിൽ ടിവി അനുവദിക്കുക.

4. ദേബന്ധു വായനശാലയെ റഫറൻസ് ലൈബ്രറിയായി ഉയർത്തുക.

5. എല്ലാ വായനകൾക്കും സാമൂഹ്യ ക്ഷേമ കാര്യങ്ങൾ അറിയിക്കാനുള്ള ഗൈഡൻസ് ബ്യൂറോ സ്ഥാപിക്കുക.

**വാർഡ് 5**

6. വിവിധ ട്രെയ്ഡുകളിൽ പിരശീലനം കൊടുക്കുന്ന കമ്മ്യൂണിറ്റി പോളിയോയുടെ ഒരു കേന്ദ്രം സ്ഥാപിക്കാൻ നടപിടി സ്വീകരിക്കണം.

7. ലളിത കലാ അക്കാഡമിയുടെ ഒരു യൂണിറ്റ് സ്ഥാപിച്ച് സുകുമാര കലകളെ പ്രോത്സാഹിപ്പിക്കുക.

8. വടിപ്രം യു.പി. സ്കൂളിനു സമീപത്തുള്ള കള്ളുഷാപ്പ് മാറ്റിസ്ഥാപിക്കുക.

9. കളിസ്ഥലം അനുവദിക്കുക. രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്കു സ്പോർട്സ് ഉപകരണങ്ങൾ പഞ്ചായത്തുവക വിതരണം ചെയ്യുക.

**വാർഡ് 6**

10. മാണിക്കോത്ത് കൂളിക്കടവ് പാലത്തിനടുത്തുള്ള പുറമ്പോക്ക് സ്ഥലത്ത് മിനിസ്റ്റേഡിയം സ്ഥാപിക്കുക.

11. പഞ്ചായത്ത് ഓഫീസിനടുത്ത് കല്യാണ മണ്ഡപം നിർമ്മിക്കുക.

**വാർഡ് 7**

12. മൂന്നാം പീടിക കേന്ദ്രമായി ഒരു മഹിളാ സമാജം

13. മെരുവസായിക്കടവ് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കിമാറ്റുക.

14. സ്കൂൾ കളിസ്ഥലം സ്കൂൾ സമയത്തിനുശേഷം പൊതുജനങ്ങൾക്ക് സ്പോർട്സ് പരിശീലനത്തിന് നൽകുക.

15. പൊതുകക്കൂസും മൂത്രപ്പുരയും മൂന്നാം പീടിക പരിസരത്ത് നിർമ്മിക്കുക.

16. വായനശാലകൾക്ക് ടിവി സെറ്റ് പല ഗ്രാമ സഭകളിലും ആവശ്യപ്പെട്ടിട്ടുണ്ട്. അതിപോലെ കളിസ്ഥലം ആവശ്യപ്പെട്ടുകൊണ്ടും

പല ഗ്രാമസഭകളിലെയും വിദ്യാഭ്യാസത്തിന്റെ റിപ്പോർട്ടിൽ സാംസ്കാരിക രംഗത്തെ കുറിച്ച് സൂചന നൽകിയിട്ടുണ്ട്.

**പൊതു ജനാരോഗ്യം**

1. ആയുർവ്വേദ ഡിസ്പെൻസറി 10 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കുക. ആശുപത്രിയിൽ മരുന്ന് ലഭ്യമാക്കുക.

2. പഞ്ചായത്തിൽ അലഞ്ഞു തിരിയുന്ന പട്ടികളുടെ ശല്യം വർദ്ധിച്ചിരിക്കുന്നു. അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. വളർത്തുപട്ടികളെ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുന്ന സമ്പ്രദായം കർശനമാക്കണം. പേ വിഷബാധക്കെതിരെ പട്ടികളിൽ പ്രതിരോധകുത്തിവെയ്പ് നടത്തണം. പഞ്ചായത്ത് പേ വിമുക്തമാക്കണം.

3. എല്ലാ വീടുകൾക്കും കക്കൂസ് ഇല്ല. സാമ്പത്തിക സഹായങ്ങൾ നൽകി മുഴുവൻ വീടുകൾക്കും കക്കൂസുണ്ടെന്ന് ഉറപ്പു വരുത്തണം.

4. പ്രൈമറി ഹെൽത്ത് സെന്ററിന്റെ ആരോഗ്യ പ്രവർത്തകർ ഗൃഹ സന്ദർശനം നടത്താറില്ല.

5. അലോപതി ചികിത്സാ സൗകര്യം അധികംവാർഡുകളിലുമില്ല.

6. സൗജന്യ നേത്ര ചികിത്സാ കേമ്പ് സംഘടിപ്പിക്കണം.

7. രക്ത ഗ്രൂപ്പു നിർണ്ണയം നടത്തി റേഷൻ കാർഡുകളിൽ ഗ്രൂപ്പ് ചേർക്കുന്ന പരിപാടി ആവിഷ്കരിക്കണം.

8. ആരോഗ്യ പഠന ബോധ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

9. കുട്ടികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകാഹാരക്കുറവ് പരിഹരിക്കാൻ ആസൂത്രണം ചെയ്യണം.

10. കൊതുകുശല്യം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം.

11. ഹെൽത്ത് സെന്ററുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണം. ആഴ്ചയിൽ ഒരു ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കണം. പ്രതിരോധകുത്തിവെപ്പിന് സൗകര്യമുണ്ടാക്കണം.

12. പഞ്ചായത്തിൽ ഒരു വൃദ്ധ ജന പരിപാലന കേന്ദ്രം നിർമ്മിക്കണം.

13. ഭക്ഷണവിതരണ കേന്ദ്രങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന നടത്തണം.

14. കീടനാശിനികളുടെ അമിതവും അശാസ്ത്രീയവുമായ വിപണനവും ഉപയോഗവും ഹാനികരമാണ്. ബോധവൽക്കരണം നടത്തണം.

15. പ്രാഥമീക ആരോഗ്യ കേന്ദ്രം രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സ്ഥാപനമായി ഉയർത്തണം.

16. ഫാക്ടറികളിലെ മാലിന്യങ്ങൾ പുഴയിൽ ഒഴിക്കുന്നത് നിരോധിക്കണം.

17. പല വാർഡുകളിലും ആരോഗ്യ സ്ഥാപനങ്ങൾ പുതുതായി സ്ഥാപിക്കണം. ഗ്രാമ സഭകളിൽനിന്നും നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

**കുടിവെള്ള പ്രശ്നം**

1. അയ്യപ്പൻ തോടിലും അഞ്ചരക്കണ്ടി പുഴയിലും നിർമ്മിക്കുന്ന പഞ്ചായത്തിലെ കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തിയാക്കണം.

2. കമ്പിത്തൂൺ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പൈപ്പ് ലൈൻ സ്ഥാപിക്കുക.

3. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പഴശ്ശി പദ്ധതി ഉപയോഗിക്കാൻ കഴിയുമോ എന്ന് ബന്ധപ്പെട്ടവർ ചർച്ച ചെയ്യുക.

4. ജലാശയങ്ങളിൽ തെങ്ങോല കുതിർക്കുന്നത് തടയുക.

5. വേങ്ങാട് സൊസൈറ്റിയിൽനിന്നും പുറത്ത് വിടുന്ന ചായത്തിന്റെ വെള്ളം കിരാച്ചി ഭാഗത്തെ കിണറുകളെയും തോടുകളെയും മലിനമാക്കുന്നു.

6. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 30 പൊതു കിണർകുഴിക്കാൻ ഗ്രാമ സഭകളിൽനിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. വളരെ ആഴമുള്ള കിണറുകളിൽനിന്നും വെള്ളം പമ്പുചെയ്യാനുള്ള സൗകര്യം ഉണ്ടാവണമെന്ന ആഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പ്രവർത്തി നടന്നുകൊണ്ടിരിക്കുന്ന വാട്ടർ സപ്ലൈ സ്കീം പൂർത്തിയാകുന്നതോടെ മേൽപറഞ്ഞ പല സ്ഥലത്തും പൈപ്പ് വെള്ളം എത്തിക്കാനാവും

7. പഞ്ചായത്തിലെ പൊതുകിണർ വൃത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**ഭവന നിർമ്മാണം.**

1. പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗത്തിൽപെട്ട (ദാരിദ്ര്യ രേ

ഖയ്ക്ക് താഴെയുള്ള) ഉണ്ട്. അവർക്ക് വീട് വെക്കാനും വീട് പുതുക്കിപ്പണിയാനും വിവിധ ഏജൻസികൾ മുഖേനയുള്ള ധന സഹായം ലഭ്യമാക്കണം.

2. വട്ടിപ്രം, താഴെ, വള്ളിൽ എന്ന സ്ഥലത്ത് ഒരു ലക്ഷം വീട് കോളനി സ്ഥാപിക്കാൻ സൗകര്യം ഉണ്ട്. ഈ പദ്ധതി നടപ്പാക്കാൻ പഞ്ചായത്ത് വേണ്ട നടപടികൾ സ്വീകരിക്കണം. ഒന്നാം വാർഡിലും ലക്ഷം വീട് മാതൃകയിലുള്ള ഭവന നിർമ്മാണ പദ്ധതിക്ക് സാധ്യതയുണ്ട്.

3. കുടിലുകൾ ഓടു മേയാൻ വായ്പാ സൗകര്യങ്ങളും സബ്സിഡികളും ലഭ്യമാക്കുക.

4. സ്വന്തമായി സ്ഥലമുള്ള ആളുകൾക്ക് ഭവന നിർമ്മാണ സഹായത്തിന് ആവശ്യമായ ഒരു പദ്ധതി ആവിഷ്കരിക്കണം.

5. സഹകരണ ബാങ്കുകൾ മുഖേന ഭവന നിർമ്മാണ വായ്പാ പദ്ധതി ആവിഷ്കരിക്കുക.

6. രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതിയിൽ 25000 രൂപയാണ് കൊടുക്കുന്നത്. ഇത് കൊണ്ട് വീട് വെക്കാൻ കഴിക്കില്ല. അത്കൊണ്ട് വായ്പാ പരിധി വർദ്ധിപ്പിക്കണം.

7. പഞ്ചായത്തിലെ ഭവന രഹിതരെ കണ്ടെത്താൻ ഒരു സർവ്വെ നടത്തണം.

8. പത്താം വാർഡിൽ രാജീവ് ദശലക്ഷം പദ്ധതിയിൽപ്പെട്ട ഒരു കോളനിയുണ്ട് ആത് പൂർത്തീകരിച്ച് അർഹതപ്പെട്ടവർക്ക് കൊടുക്കാനുള്ള നടപടികൾ എത്രയും പെട്ടെന്ന് ഉണ്ടാകണം.

9. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം

10. പഞ്ചായത്തിൽ വയൽ നികത്തി വീടുവെക്കുന്നവരുണ്ട്. ഈ പ്രവണത തടയണം.

11. ഭവന നിർമ്മാണ വായ്പകൾ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം.

**സാമൂഹ്യക്ഷേമ പ്രവർത്തനം.**

1. പഞ്ചായത്തിൽ നിലവിലുള്ള അംഗൻവാടികളിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുക.

2. എല്ലാ ഗ്രാമ സഭകളിൽനിന്നും പുതുതായി അംഗൻവാടികൾ സ്ഥാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് അവ മുൻ ഗണനാടിസ്ഥാനത്തിൽ പരിഗണിക്കുക.

3. വാർദ്ധക്യ കാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ മുതലായ പെൻഷൻ പദ്ധതികളുടെ ആനുകൂല്യം അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭ്യമാക്കണം. ഈ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകണം. പെൻഷൻ ആനുകൂല്യങ്ങൾ യഥാവസരം ലഭ്യമാക്കണം.

4. പെൻഷൻ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുക.

5. സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ചുള്ള അറിവ് ലഭ്യമാക്കാൻ വായനശാലകളിലും, റേഷൻകടകളിലും നോട്ടീസ് പതിക്കുക.

6. വിവിധ ക്ഷേമ പദ്ധതികളിൽ ഉൾപ്പെടാത്ത നിരവധി പേർ പഞ്ചായത്തിലുണ്ട്. അവരെ ക്ഷേമ പദ്ധതിയിൽ കൊണ്ടു വരണം. ആവശ്യമായ ബോധവൽക്കരണം നടത്തണം.

**സഹകരണം**

1. ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിക്കുക. ഈ ആവശ്യം പല ഗ്രാമ സഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്.

2. വനിതാ സഹകരണ സംഘം രൂപീകരിക്കുക. ഗാർമെന്റ്, കുട, ബാഗ്, നോട്ട്ബുക്ക്, കരിങ്കൽ ജല്ലി എന്നിവ നിർമ്മിക്കുക സഹകരണ സംഘങ്ങളാണ്, അധികം ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുള്ളത്.

3. സഹകരണ സംഘങ്ങൾ ലോൺകൊടുക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുക.

4. ദീർഘ കാല വായ്പകൾ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

5. ചെറുകിട വായ്പകൾ അനുവധിക്കുന്നതിന് ഉദ്യോഗസ്ഥ ജാമ്യം ഒഴിവാക്കുക.

6. വട്ടിപ്രം കേന്ദ്രമായി ഒരു ക്ഷീരോൽപന്നങ്ങൾ നിർമ്മിക്കുന്ന കേന്ദ്രം സഹകരണ മേഖലയിൽ സ്ഥാപിക്കണം.

7. കാർഷിക വായ്പകൾക്കുള്ള സബ്സീഡി ലോൺ തിരിച്ചടക്കുന്ന സമയത്തുതന്നെ ഇത് നൽകാനുള്ള നടപടി സ്വീകരിക്കണം.

8. മാങ്ങാട്ടിടം സഹകരണ ബാങ്കിന്റെ ഒരു ശാഖ മൂന്നാം പീടികയിൽ സ്ഥാപിക്കണം.

9. സഹകരണ മേഖലയിൽ ഡിസ്പെൻസറിയും കൺസ്യൂമർ സ്റ്റോറു വേണം.

10. കല്ല്യാണ ആവശ്യങ്ങൾക്കും മറ്റ് പൊതു ആവശ്യങ്ങൾക്കും വാടക സാധനങ്ങൾ വാടകയ്ക്ക് എടുക്കുന്ന ഒരു സ്ഥാപനം സഹകരണാടിസ്ഥാനത്തിൽ വേണം.

11. കശുമാങ്ങ സംസ്കരണത്തിനായി സഹകരണാടിസ്ഥാനത്തിൽ ഒരു വ്യവസായ സ്ഥാപനം തുടങ്ങണം.

12. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

13. വനിതാ വീവേഴ്സ് സൊസൈറ്റി സ്ഥാപിച്ച് വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുക.

14. നാളികേരവും അതിനോടനുബന്ധിച്ചുള്ള അനുബന്ധവ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

**വനിത.**

1. വനിത ക്ഷേമത്തിനുതകുന്ന കുടിൽ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുക. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുക. സാധ്യതകൾ താഴെ ചേർക്കുന്നു. 1) ഖാദി നൂൽനൂൽപ് കേന്ദ്രം 2) ടെയ്ലറിംഗ് യൂണിറ്റ് 3) കര കൗശല വസ്തു നിർമ്മാണ യൂണിറ്റ് 4) വീടുകളിൽ കോഴിവളർത്തൽ സംരംഭം

2. പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ഒരു ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുക.

3. പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.

4. സ്ത്രീ പുരുഷൻമാരുടെ കൂലിയിലുള്ള അന്തരം കുറക്കാനുള്ള ഒരു പരിപാടി ആവിഷ്കരിക്കുക (തുല്യജോലിക്ക് തുല്യ വേതനം)

5. വിധവാ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടികൾ സ്വീകരിക്കണം. കല്യാണം കഴിച്ച് ആൺമക്കളുള്ളവർക്ക് പെൻഷൻ അനുവദിക്കണം.

6. വിധവകളുടെ മക്കൾക്ക് വിവാഹത്തിന് നൽകുന്ന സഹായം അപര്യാപ്തമാണ്. കാലോചിതമായി ധനസഹായത്തുക ഉയർത്തണം.

7. വനിതകൾക്ക് അടുക്കളത്തോട്ടം ആരംഭിക്കാൻ അത്യുൽപാദന ശേഷിയുള്ള വിത്തും വളവും ലഭ്യമാക്കണം.

8. സ്ത്രീധന സമ്പ്രദായംചിലരുടെ ഇടയിൽ ഉണ്ട്. അതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരുണ്ട്.

9. സാമൂഹ്യ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.

**പട്ടികജാതി പട്ടിക വർഗ്ഗം**

1. 11ാം വാർഡ്, പഞ്ചായത്തിലെ സംവരണ വാർഡാണ്. എങ്കിലും ഇതുവരെ ഹരിജൻകോളനിയിൽ വെള്ളവും വെളിച്ചവും റോഡും എത്തിയിട്ടില്ല. എന്നതാണ് അവസ്ഥ. ഒരു റോഡ് നിർമ്മിച്ചരുന്നുവെങ്കിലും അത് പൂർത്തിയായിട്ടില്ല.

2. മമ്പറത്തുള്ള കരിമ്പാലൻ കോളനിയിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുവാൻ വേണ്ട സഹായം ചെയ്ത് കൊടുക്കണം.

3. പാരമ്പര്യമായി കൊട്ട, വട്ടി എന്നിവ നെയ്തു ഉപജീവനം കഴിക്കുന്ന അനേകം കുടുംബങ്ങൾ 10 വാർഡിലുണ്ട് അവർക്കു വേണ്ട ഭൗതിക സാഹചര്യങ്ങൾചെയ്തുകൊടുക്കുക.

4. തെയ്യം കലാകാരൻമാർക്ക് " കെട്ടിയാട്ടു കോപ്പുകൾ" അനുവദിച്ച് കൊടുക്കണം.

5. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുക

6. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകണം.

7. സ്വന്തമായി വീടില്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. കക്കൂസ് നിർമ്മിച്ച് കൊടുക്കണം.

8. വീടുകൾ പൂർണ്ണമായും ഓട് മേയാനുള്ള സാമ്പത്തിക സഹായം എത്തിച്ച് കൊടുക്കണം.

9. പട്ടികാജാതി പട്ടിക വർഗ്ഗങ്ങളുടെ ഉന്നതിക്കുവേണ്ടി ഗവർമെന്റ് തലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ സ്കീമുകളെ കുറിച്ചു അവരുടെ ഇടയിൽ വ്യാപകമായ രീതിയിൽ പ്രചരണം സംഘടിപ്പിക്കുക. അതിന്റെ ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.


കേരളം
കണ്ണൂർ ജില്ല
കർണാടകം
മാങ്ങാട്ടിടം
അറബിക്കടൽ
തമിഴ്നാട്